(2) പട്ടികജാതി-പട്ടികവർഗ്ഗക്ഷേമസമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ അദ്ധ്യക്ഷനായ ഞാൻ കൊല്ലത്തും തിരുവനന്തപുരത്തും പ്രവർത്തിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച്, സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ് : സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : ഗവർണ്ണറുടെ പ്രസംഗത്തിനു നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച. ശ്രീ. എൻ. അനിരുദ്ധന് പ്രമേയം അവതരിപ്പിക്കാം.

VIII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എൻ. അനിരുദ്ധൻ : സർ, "2001 ഫെബ്രുവരി 15-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. രാഘവൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : നന്ദി പ്രമേയത്തിന്മേൽ മൂന്നു ദിവസത്തെ ചർച്ചയുണ്ട്. സമയത്തിന്റെ കാര്യത്തിൽ ശ്രദ്ധയുണ്ടാകണം. 14 ദിവസം നീണ്ടുനിൽക്കുന്ന ഈ സെഷനിൽ 10 ദിവസവും ചർച്ചയാണ്. അതുകൊണ്ട് ചർച്ചയ്ക്ക് യാതൊരു ബുദ്ധിമുട്ടുമില്ല.

ശ്രീ. എൻ. അനിരുദ്ധൻ : സർ, അത്യന്തം ചാരിതാർത്ഥ്യത്തോടും അനല്പമായ സന്തോഷത്തോടുംകൂടിയാണ് ഞാൻ ഇന്ന് ഈ നന്ദിപ്രമേയം അവതരിപ്പിക്കുന്നത് . കാലാവധി പൂർത്തിയാക്കിയ ഒരു ഗവൺമെന്റിന്റെ കൃതകൃത്യതയുടെ പ്രതിഫലനം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുടനീളം പ്രതിഫലിച്ചു കാണാം. രാഷ്ട്രീയ രംഗത്തെ അഴിമതിയെ സംബന്ധിച്ച് ജനങ്ങളും ഭരണാധികാരികളും അത്യന്തം ഗൗരവമായി ചിന്തിക്കുകയും ഗൗരവമായ ചിന്തയ്ക്കും ചർച്ചയ്ക്കും തീരുമാനത്തിനും വിധേയമാക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിൽ, ഈ കഴിഞ്ഞ നാലര വർഷം കേരളം ഭരിച്ച ഈ ഗവൺമെന്റ് രാഷ്ട്രീയരംഗത്തെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് അടിസ്ഥാനപരമായ സമീപനം

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുകയും അതിനുവേണ്ടി നിയമപരമായ സ്ഥാപനങ്ങളുണ്ടാക്കുകയും ചെയ്തുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളിൽ പ്രധാനമായിട്ടുള്ളത്. യു.ഡി.എഫ്. ഭരണകാലത്ത് അഴിമതിക്കാരെക്കുറിച്ച് ഇടതടവില്ലാതെ ആരോപണങ്ങൾ ഉന്നയിക്കുകയും അതെക്കുറിച്ച് അന്വേഷിക്കാൻ അന്വേഷണ കമ്മീഷനുകളെ നിയമിക്കുകയും റിപ്പോർട്ടുകൾ വരികയും ചെയ്യുക ഒരു സാധാരണ പതിവായിരുന്നു. എന്നാൽ സ്ഥിരമായി രാഷ്ട്രീയ അഴിമതിക്കാരെ ശിക്ഷിക്കുവാനും അവർക്കും മാതൃകാപരമായി ശിക്ഷയുണ്ട് എന്ന് ജനങ്ങളെക്കൂടി ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയുള്ള സംവിധാനം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുണ്ടാക്കി. ലോകായുക്തയും ഓംബുഡ്സ്മാനും ഇതിനുദാഹരണങ്ങളാണ്. ഈ ഗവൺമെന്റിനെതിരെ അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്നതിന് ജാഥ നടത്താൻ ശ്രമിക്കുന്ന പ്രതിപക്ഷ സുഹൃത്തുക്കളോട് അഴിമതിക്ക് എതിരെയുള്ള സംവിധാനമുണ്ടാക്കി, അതിന് പരിഹാരം കാണുന്നതിനുള്ള നടപടികളിലേയ്ക്ക് നീങ്ങുന്നതിനു പകരം വ്യാഥാശ്രമം നടത്തി ഈ ഗവൺമെന്റിനെ ചെളിവാരി എറിയുന്നതിനുള്ള സന്ദർഭമായിട്ടാണ് നിങ്ങൾ ഇതിനെ ഉപയോഗിക്കുന്നത്. അത്യന്തം നിർഭാഗ്യകരമായ ഒരു സ്ഥിതി വിശേഷത്തിലേയ്ക്കാണ് നിങ്ങൾ എത്തിച്ചേർന്നിരിക്കുന്നത്. ഒരു ഹർജി കൊടുത്താൽ നടപടി സ്വീകരിക്കുമെന്നിരിക്കെ അത് ചെയ്യാൻ മടികാണിക്കുന്നവർ തീർച്ചയായും അഴിമതി കലയാക്കി സ്വീകരിക്കുകയും രാഷ്ട്രീയം അഴിമതിക്കുള്ള വേദിയാണെന്ന് വിശ്വസിക്കുകയും നിരന്തരമായി അതു നടപ്പാക്കുകയും ചെയ്യുന്നവരാണ് എന്നുള്ളതുകൊണ്ടാണ് ആ രംഗം അതിന് ഉപയോഗിക്കാതിരിക്കുന്നത് എന്ന് ഞാൻ ആരോപിക്കുന്നു. യു.ഡി.എഫ്.-ലെ പ്രധാനപ്പെട്ട കക്ഷിയായ കോൺഗ്രസ്സിന്റെ നേതാക്കന്മാർ ഒന്നുകിൽ അഴിമതിയാരോപണത്തിന് വിധേയരായി ക്രിമിനൽ കോടതികളിൽ വിധി തേടി നിൽക്കുന്നവരോ അല്ലെങ്കിൽ അഴിമതി കമ്മീഷനു മുമ്പാകെ ഹാജരായി തങ്ങളുടെ ഊഴം കാത്തു നിൽക്കുന്നവരോ ആണെന്നുള്ളതുകൊണ്ട് അഴിമതിയാരോപണങ്ങൾ തെളിയിക്കപ്പെടുന്നതിന്, അവയ്ക്ക് പരിഹാരം കാണുന്നതിന് ഒരു സ്ഥിരം സംവിധാനമുണ്ടാക്കിയാൽ അത് നിങ്ങൾക്ക് ദഹിക്കില്ല എന്നു ഞങ്ങൾക്കറിയാം. പക്ഷേ അഴിമതിയാരോപണങ്ങൾക്ക് വിധേയരാകുന്ന രാഷ്ട്രീയ പ്രവർത്തകർ, ആരോപണങ്ങൾ തെളിയിക്കപ്പെട്ടാൽ ശിക്ഷിക്കപ്പെടണമെന്നുള്ളത് അനിവാര്യമായ ഒരു കാര്യമാണ്. ജനങ്ങൾ അങ്ങനെ ചിന്തിക്കുന്നു; അതു നടപ്പാക്കാൻ തയ്യാറെടുത്ത ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് ശ്ലാഘനീയമായ ഒരു കാര്യം ചെയ്തു എന്ന് പറയാനുള്ള ധാർമ്മികമായ ബാദ്ധ്യത പ്രതിപക്ഷത്തിനുണ്ട്. പക്ഷേ അവർ അതു നിറവേറ്റുന്നില്ല എന്നുള്ളതാണ് പ്രധാനമായ ഒരു പ്രശ്നം. ഞാൻ വെറുതെ ഒരു അഭിപ്രായം പറയുന്നതല്ല. മറിച്ച് അഴിമതിയാരോപണത്തിന് വിധേയമായി ശിക്ഷിക്കപ്പെട്ടവരും കോടതിയിൽ കയറിയിറങ്ങി നടക്കുന്നവരും, ജയിലുകളിൽ പോയിട്ട് വരുന്നവരുമായിട്ടുള്ള യു.ഡി.എഫ്. നേതാക്കന്മാർ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരെ അഴിമതി ആരോപിച്ച് പ്രസംഗിക്കുന്നത് കേൾക്കുമ്പോൾ 'അമ്പേ, നിങ്ങളുടെ തൊലിക്കട്ടി' എന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ. ഞാൻ ആരുടേയും പേരുപറഞ്ഞ് സമയം

LIBRARY ARCHIVES Kerala Legislative Assembly

പാഴാക്കാൻ ഉദ്ദേശിക്കുന്നില്ല. അഴിമതി കേസുകളിൽ ശിക്ഷിക്കപ്പെടുന്ന ആളുകളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ അഴിമതിയെ കുറിച്ച് പറയുന്നത്. കോൺഗ്രസിന്റെ പ്രാമാണികനായ നേതാവ്, എന്റെ മണ്ഡലത്തിന്റെ കൂടി എം.പി. യായി തെരഞ്ഞെടുക്കപ്പെട്ട നേതാവും അദ്ദേഹത്തിന്റെ ഭാര്യയും ഡൽഹിയിൽ പോയി. തിരിച്ചുവന്നത് തീഹാർ ജയിലിൽ കൂടിയാണ്. എന്തിനാണ് തീഹാർ ജയിലിൽ പോയതെന്ന് നിങ്ങൾ ചോദിച്ചിട്ടുണ്ടോ ? കോൺഗ്രസ്സ് പാർട്ടി ഒരു പാർട്ടിയാണെങ്കിൽ നിങ്ങൾ ചോദിച്ചിട്ടുണ്ടോ ? ഒരു വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ? അദ്ദേഹത്തിന്റെ ഭാര്യ എന്തിനാണ് തീഹാർ ജയിലിൽ പോയതെന്ന് ചോദിച്ചിട്ടുണ്ടോ ? അഴിമതി ചോദ്യം ചെയ്യപ്പെടാത്ത ഒരു കാര്യമാണെന്നും അത് രാഷ്ട്രീയത്തിലെ അനിവാര്യമായ ഘടകമാണെന്നും സ്ഥാപിച്ചെടുക്കുന്ന ഒരു പാർട്ടിയാണ് കോൺഗ്രസ്. അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും കുറ്റക്കാർ ശിക്ഷിക്കപ്പെടുന്നതിനും വേണ്ടിയുള്ള സംവിധാനമുണ്ടാക്കിയ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ ശ്ളാഘിക്കേണ്ടത് മനസ്സാക്ഷി നശിച്ചിട്ടില്ലാത്ത രാഷ്ട്രീയ പ്രവർത്തകരുടെ കടമയാണ്. നിങ്ങൾക്ക് അതുണ്ടെങ്കിൽ നിങ്ങൾക്കും ആകാം. കേരളത്തിൽ വർഗ്ഗീയ കലാപങ്ങൾ ഇല്ലാത്ത ഒരന്തരീക്ഷം സൃഷ്ടിച്ചുവെന്നുള്ളത് ഈ ഗവൺമെന്റിന്റെ ശ്ലാഘനീയമായ നേട്ടമാണ്. നാദാപുരത്തുണ്ടായത് വർഗ്ഗീയ കലാപമാണെന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടി, ശ്രീമതി സോണിയാഗാന്ധി പങ്കെടുത്ത മീറ്റിംഗിൽ ശ്രീമാൻ കരുണാകരനും ശ്രീ. എ. കെ. ആന്റണിയും ശ്രീമതി സോണിയാ ഗാന്ധിയെക്കൊണ്ട് പ്രസംഗിപ്പിച്ചു. ഭാഗ്യവശാൽ മുസ്ലീംലീഗിലെ നേതാക്കന്മാർ ആരും, ആ സമ്മേളനത്തിൽ സംസാരിച്ച ഒരാളും ഇതൊരു വർഗ്ഗീയ കലാപമാണെന്ന് പറയാൻ കൂട്ടാക്കിയില്ല, എന്നുമാത്രമല്ല അവർ വിവേകപൂർവ്വം അതിനെ തള്ളിപ്പറയുകയും ചെയ്തു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെപ്പോലെ വർഗ്ഗീയ കലാപം നടക്കുന്ന ഒരു സംസ്ഥാനമാണ് കേരളം എന്ന് വരുത്തിത്തീർക്കാനുള്ള നിങ്ങളുടെ ശ്രമം ഒരു പാഴ് ശ്രമമാണ്, അത് നടക്കില്ല. നിങ്ങൾ ശ്രമിക്കാതിരിക്കുന്നതുകൊണ്ടല്ല, അല്ലെങ്കിൽ ബി.ജെ.പി. ശ്രമിക്കാതിരിക്കുന്നതുകൊണ്ടല്ല. നാദാപുരം പോലുള്ള സംഭവങ്ങൾ വർഗ്ഗീയ വൽക്കരിക്കാൻ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെപ്പോലെ വർഗ്ഗീയ കലാപത്തിന്റെ ഭൂമിയാണ് കേരളം എന്ന് വരുത്തിത്തീർക്കാനുള്ള ആ ശ്രമം അരുത്, അവിവേകമായിരിക്കും എന്ന് താക്കീത് ചെയ്യുകയാണ്. അങ്ങനെ ഒരു കലാപമുണ്ടാക്കാൻ നിങ്ങൾ വർക്കലയിലെ ശിവഗിരിയിൽ ശ്രമിച്ചുനോക്കിയതാണ് ; സെമിത്തേരി പ്രശ്നത്തിൽ നിങ്ങൾ ശ്രമിച്ചു നോക്കിയതാണ്. അതിനെയൊക്കെ നിശ്ചയദാർഢ്യത്തോടും ഇച്ഛാശക്തിയോടുംകൂടി നേരിട്ടും നിങ്ങളുടെ ശ്രമങ്ങൾ നടപ്പാക്കാൻ കഴിയാതെ പോയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം കൊണ്ടാണ്. നിങ്ങൾ ഭരണത്തിലായിരുന്നുവെങ്കിൽ എത്ര ആളുകൾ വെടിയേറ്റ് മരിക്കേണ്ടി വരുമായിരുന്നു ? യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് എത്രയാളുകളെയാണ് കൊന്നിട്ടുള്ളത്. ഞാൻ അതിനെക്കുറിച്ച് അധികം പറയുന്നില്ല. തീർച്ചയായും ധാർമ്മികമായി ചിന്തിക്കുന്ന, നിഷ്പക്ഷമതികളായ ബുദ്ധി നശിക്കാത്ത എല്ലാ മനുഷ്യരും ഇവിടത്തെ ആഭ്യന്തര രംഗത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം അംഗീകരിക്കുകതന്നെ ചെയ്യും. ഞാൻ ഒരു കാര്യം ചോദിക്കട്ടെ പെന്തെക്കോസ്ത് ഉപദേശി ബൈബിളും കക്ഷത്തുവച്ച് കവലയിൽ പ്രസംഗിക്കാൻ പോയാൽ തിരിച്ചുവരുമെന്ന് ഉറപ്പുള്ളത് കേരളത്തിൽ മാത്രമല്ലേയുള്ളൂ? കന്യാസ്ത്രീ മഠത്തിൽ നിന്നും ഇറങ്ങുന്ന കന്യാസ്ത്രീ മാനഭംഗം ചെയ്യപ്പെടാതെ തിരിച്ച് മഠത്തിൽ എത്തുമെന്ന് ഉറപ്പുള്ളത് കേരളത്തിലെ ക്രമസമാധാന നിലയിലല്ലേയുള്ളൂ? ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ സ്ഥിതി ഇതാണോ ? ചിന്തിക്കേണ്ട കാര്യമാണ്. തീർച്ചയായും ഇത് നിങ്ങൾ അംഗീകരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ശ്രീ. കെ. എം. മാണി ഇപ്പോൾ ഇവിടെ ഇല്ല. മലയോര കർഷകരുടെ പട്ടയത്തെക്കുറിച്ച് വാതോരാതെ ഉപദേശപ്രസംഗം നടത്തുന്നു. ശ്രീ. കെ. എം. മാണി ഭരിച്ചിരുന്ന കാലത്ത് കൊടുത്ത പട്ടയം പതിനാലായിരത്തി നാന്നൂറ്റി നാല്പത്തി രണ്ടാണ്. എന്നാൽ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് നാലേമുക്കാൽ വർഷംകൊണ്ട് രണ്ട് ലക്ഷത്തി മുപ്പത്തിയാറായിരത്തി ഇരുപത്തിയാറ് പട്ടയം കൊടുത്തിട്ടുണ്ട്. മലയോര കർഷകരുടെ വക്താവെന്ന് പരക്കെ പ്രഖ്യാപിക്കുകയും അവർക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കുകയും ചെയ്യുന്ന യു.ഡി.എഫ്. നേതാക്കന്മാർ ഭരിച്ചിരുന്ന കാലത്തെടുത്ത നടപടികളിൽനിന്ന് വ്യത്യസ്തമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മലയോര കർഷകരുടെ കൈവശമിരുന്ന ഭൂമിക്ക് പട്ടയം നൽകി അവരുടെ കണ്ണീരൊപ്പാൻ ശ്രമിച്ചുവെന്നുള്ള ഒറ്റ കാരണംകൊണ്ട് ഈ ഗവൺമെന്റിനെ ശ്ളാഘിക്കാതിരിക്കുവാൻ കഴിയുമോ ? മിച്ചഭൂമിയുടെ കാര്യമെടുക്കാം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുതന്നെയാണ് മിച്ചഭൂമി വിതരണം ചെയ്യുന്നകാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. ഭൂമിയില്ലാത്ത, മുകളിൽ ആകാശവും താഴെ കുടിൽ ഇല്ലാതെ ഭൂമിയുമായി മാത്രം കഴിയുന്ന, സ്വന്തമായി ഭൂമിയിൽ ഉടമസ്ഥാവകാശമില്ലാതിരുന്ന 3026 പേർക്ക് ഈ ഗവൺമെന്റ് ഭൂമി കൊടുത്തു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 1405 പേർക്കാണ് ഭൂമി കൊടുത്തത്. അതുപോലെതന്നെ പതിനാലായിരത്തി നാന്നൂറ്റി നാല്പത്തിരണ്ട് ആളുകൾക്ക് ഈ ഗവൺമെന്റിന്റെ കാലത്ത് കൈവശരേഖ കൊടുത്തു. ജനകീയാസൂത്രണ പദ്ധതിപ്രകാരമുള്ള എന്തെങ്കിലും ആനുകൂല്യം കിട്ടുന്നതിനുവേണ്ടി കൈവശരേഖയില്ലാതെ, സ്ഥിരമായി ആ സ്ഥലത്ത് താമസിച്ചുകൊണ്ടിരുന്നവർക്ക് കൈവശരേഖയുണ്ടാക്കാൻ എത്രയോ കടമ്പ കടന്ന് ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിച്ച ആ പദ്ധതി നടപ്പാക്കി. കൃഷി ഒരു ആദിമ തൊഴിലാണ്. കൃഷിക്ക് മാന്യതയുണ്ടാക്കിക്കൊടുക്കുന്നതിനുള്ള നടപടികളെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നവർക്ക്, ഉൽപ്പാദനക്ഷമതയിൽ ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായതുപോലൊരു മാറ്റം മറ്റൊരു ഗവൺമെന്റിന്റെ കാലത്തും ഉണ്ടായിട്ടില്ല. നെല്ലിന്റെ കാര്യത്തിലായാലും ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചു. 1991-92-ൽ 1959 കിലോ ആയിരുന്നു ശരാശരി ഉൽപ്പാദനമെങ്കിൽ 1998-99-ൽ അത് 2061 കിലോ ആയി വർദ്ധിപ്പിച്ചു. 1999-2000-ൽ 3167 കിലോയായി വർദ്ധിച്ചു. നാണ്യവിളകളുടെ നഷ്ടം ആറായിരം കോടി രൂപയായി നിൽക്കെ അത് എന്തുകൊണ്ട് സംഭവിക്കുന്നു എന്ന് ഒറ്റ വാക്ക് ഈ രാജ്യത്തുടനീളം ജാഥ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്ന ശ്രീ. എ. കെ. ആന്റണി പോലും പറഞ്ഞിട്ടില്ല. ഒന്നാം തീയതി ജാഥ തുടങ്ങിയിട്ട് ഇന്നുവരെ നാണ്യവിളകളുടെ വിലയിടിയുന്നതിന്റെ അടിസ്ഥാനപരമായ കാരണമെന്താണെന്ന് ഒരു അക്ഷരം ശ്രീ. ആന്റണി മിണ്ടിയിട്ടില്ല. അതിന് അടിസ്ഥാനമായ കാരണമുണ്ടാക്കിയതിന്റെ ഒന്നാം പ്രതി കോൺഗ്രസ്സും രണ്ടാം പ്രതി ബി.ജെ.പി.യുമാണ്. അതിനെക്കുറിച്ച് ഒരക്ഷരം അദ്ദേഹം മിണ്ടിയിട്ടില്ല. വിലയിടിവിന്റെ കെടുതി അനുഭവിച്ചുകൊണ്ട് നെട്ടോട്ടം ഓടുന്ന കേരളത്തിലെ കൃഷിക്കാരെ നോക്കി, അവരുടെ പ്രശ്നങ്ങളിന്മേൽ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പരിഹാരമുണ്ടാക്കിക്കൊള്ളണം എന്നാണ് പറയുന്നത്. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് എടുക്കുന്ന, ഡബ്ല്യു.റ്റി.ഒ. യുമായിട്ടുള്ള എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലുള്ള ലക്കും ലഗാനുമില്ലാത്ത ഇറക്കുമതി നയത്തിനെതിരായിട്ട് ഒരക്ഷരം പ്രതിപക്ഷ നേതാവ് നാളിതുവരെ മിണ്ടിയിട്ടില്ല. മറിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് ഈ ആഗോള പ്രതിഭാസത്തിന്റെ ഉത്തരവാദിയെന്ന് വരുത്തിത്തീർക്കാനുള്ള ബി.ജെ.പി.ക്കുവേണ്ടിയുള്ള വക്താവായി സംസാരിക്കുന്ന ശ്രീ. എ.കെ.ആന്റണിയുടെ ഓർമ്മ പഴയ വിമോചന സമരത്തിലായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുപോലെതന്നെ നാളികേരത്തിന്റെ നഷ്ടത്തെ സംബന്ധിച്ച്, കേരളത്തിലെ കേരകർഷകന് 2023 കോടി രൂപയുടെ നഷ്ടം നാളികേരത്തിന് മാത്രമുണ്ടായി. ഈ നഷ്ടത്തിനുത്തരവാദി, ഈ നഷ്ടം ഉണ്ടാകുന്നതിനിടയായ സാമ്പത്തിക പ്രതിസന്ധിക്കുള്ള കാരണക്കാർ കോൺഗ്രസ് ആണ്. അതുകൊണ്ടാണ് അവർ ഒന്നാം പ്രതിയെന്ന് പറയുന്നത്. 1991-ൽ ഇന്ത്യൻ പാർലമെന്റിനോടാലോചിക്കാതെ, ഇന്ത്യയിലെ ജനങ്ങളോട് ആലോചിക്കാതെ ഭരണഘടനാപരമായി പ്രധാനമന്ത്രിക്ക് കിട്ടിയ ഒരു അധികാരമുപയോഗിച്ച് അന്തർദേശീയ കരാറുകളിൽ ഒപ്പിട്ടതിന്റെ പരിണത ഫലമായിട്ടാണ് ഇന്ത്യയിലെ കൃഷിക്കാർ പെടലിയൊടിഞ്ഞ്. നിവർന്ന് നിൽക്കാൻ കഴിയാത്ത സ്ഥിതിയിലെത്തിയത് അതിനുത്തരവാദി കോൺഗ്രസ്സും ബി.ജെ.പി. യുമാണ്. അതിനെക്കുറിച്ച് ശ്രീ. ആന്റണിക്ക് എന്തേ മിണ്ടാട്ടമില്ലാത്തത്? ഈ ഗവൺമെന്റിന്റെ ചെയ്തികളെ വിലയിരുത്തുമ്പോൾ, കൃഷിക്കാരന് ആശ്വാസം നൽകുന്നതിനുവേണ്ടിയുള്ള നടപടി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എടുത്തു എന്ന് വ്യക്തമാണ്. വലിയ പ്രതിസന്ധിഘട്ടത്തിലും കൃഷിക്കാരോടൊപ്പം നിന്നും ഇതിനെ അട്ടിമറിക്കുന്നതിനുള്ള ശ്രമമാണ് ശ്രീ. എ. കെ. ആന്റണി ചെയ്യുന്നത്.

12 NOON] ബി.ജെ.പി. ഗവൺമെന്റിന്റെ കാർഷിക നയങ്ങളെ സർവാത്മനാ പിൻതാങ്ങിക്കൊണ്ട് അവർ ചെയ്യുന്നതെല്ലാം ശരിയാണെന്ന് അദ്ദേഹം വ്യാഖ്യാനിക്കുന്നു. സർ, 1940-കളിൽത്തന്നെ ഗാട്ട്കരാർ പോലുള്ള കരാറിന് ലോകത്ത് ആരംഭമിട്ടിരുന്നു. കൊളോണിയൽ വാഴ്ച രണ്ടാം ലോക മഹായുദ്ധത്തോടുകൂടി അവസാനിക്കുന്ന ഘട്ടമായി. കൊളോണിയൽ വാഴ്ച അവസാനിച്ചാൽ തങ്ങളുടെ കമ്പോളം നശിച്ചുപോകും എന്ന് ഈ വൈദേശിക കുത്തക മുതലാളിമാരുടെ ഗവൺമെന്റുകൾക്ക് അറിയാം. അവർ അന്നു മുതൽ ഇതുപോലുള്ള നീക്കങ്ങൾ ആരംഭിച്ചു തുടങ്ങിയതാണ്. യഥാർത്ഥത്തിൽ ശ്രീ. നരസിംഹറാവു ഒരു ബിട്രേയൽ നടത്തിയത് ഇന്ത്യൻ ജനതയോട് കാണിച്ച ഒരു വഞ്ചനയാണ്. ചേരിചേരാ രാഷ്ട്രങ്ങളുടെ നേതാവായിരുന്ന ഇന്ത്യയിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിമാർ ചെയ്തുകൂടാത്തതു ചെയ്തവരാണ്. ചെയ്യരുതാത്തത് ചെയ്ത ഒരു പ്രധാനമന്ത്രിയാണ് ശ്രീ. നരസിംഹറാവു. അതിനുമുമ്പ് ഇന്ത്യോനേഷ്യയിലെ കരാറിൽ ഒപ്പിട്ട് ചേരിചേരാ രാഷ്ട്രങ്ങളിൽ അനൈക്യം ഉണ്ടാക്കി. ഈ കരാറിൽ ഒപ്പിട്ടതോടുകൂടി ഇന്ത്യക്ക് നിവർന്നു നിൽക്കാൻ കഴിയാത്ത നിലയിൽ എത്തിച്ചേർന്നശേഷം അത് കൂടുതൽ ഭംഗിയായി നടപ്പാക്കുന്ന ബി.ജെ.പി. ഗവൺമെൻറിന് അനുകൂലമായ നിലപാട് എടുക്കുവാൻ മാത്രമേ കോൺഗ്രസ്സിനു ഇപ്പോൾ കഴിയുകയുള്ളൂ. ഗതിയില്ലാത്തതുകൊണ്ട് നിങ്ങൾ അവിടെ നിൽക്കുന്നു എന്നാണ് ഞാൻ ആരോപിക്കുന്നത്. സർ, ഇലക്ട്രിസിറ്റി രംഗത്ത് ഈ ഗവൺമെന്റ് എടുത്ത നിലപാടുകൾ, രണ്ടായിരാമാണ്ടിൽ വിദ്യുച്ഛക്തിയിൽ കേരളം സ്വയംപര്യാപ്തമാകുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ ശ്രമിച്ച ഗവൺമെന്റല്ലേ ഈ ഗവൺമെന്റ്? അഞ്ചുവർഷത്തെ ഭരണത്തിൽ 13 മെഗാവാട്ട് മാത്രം വിദ്യുച്ഛക്തി അധികമായി ഉല്പാദിപ്പിച്ചു "വെളിച്ചം ദുഃഖമാണ്, തമസ്സാണ് സുഖപ്രദം" എന്ന രീതിയിൽ ഇരുന്ന യു.ഡി.എഫ്. ഗവൺമെന്റിനു പകരം മനുഷ്യന് വെളിച്ചം എത്തിക്കുന്നതിന് കറണ്ട് കട്ട് ഇല്ലാതാക്കുന്നതിനും ലോഡ് ഷെഡ്ഡിംഗ് നിർത്തലാക്കുന്നതിനും പരിശ്രമിക്കുകയും പ്രതിബദ്ധതയോടുകൂടി അത് നടപ്പാക്കുകയും ചെയ്ത ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ, തീർച്ചയായും അതിന്റെ നയപ്രഖ്യാപനത്തെ, നിങ്ങൾക്ക് അനുകൂലിക്കാതിരിക്കാൻ കഴിയുകയില്ല. ദുർബല ജനവിഭാഗങ്ങൾക്ക് കിട്ടേണ്ടിയിരുന്ന ആനുകൂല്യങ്ങൾ മുക്കാലും നഷ്ടമായിക്കൊണ്ടിരുന്ന ഒരു ഭരണകാലമായിരുന്നു യു.ഡി.എഫ്. ഭരണകാലം. 1998-99-ൽ അതിന്റെ എക്സ് പെന്റിച്ചർ 97.6 ശതമാനമായി. യു. ഡി. എഫ്. ഭരണ കാലത്ത് അത് 74 ശതമാനമായിരുന്നു. അതുപോലെതന്നെ ഓരോ വർഷവും ഈ ദുർബല വിഭാഗങ്ങൾക്കുവേണ്ടിയുള്ള ധനവിനിയോഗത്തിൽ ശുഷ്ക്കാന്തിയോടുകൂടി ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചില്ലേ? അൻപതിനായിരം മുതൽ ഒരു ലക്ഷം വരെയുള്ള പട്ടികജാതിയിൽപ്പെട്ട ആളുകൾക്ക് ഭവനം നിർമ്മിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച ഗവൺമെന്റല്ലേ ഇത്? ഭൂമിയിൽ ഇന്നും അവകാശം പാടില്ലായെന്ന് വിധികൽപ്പിച്ച, പൊതുധാരയിൽ നിന്നും പുറംതള്ളിപ്പോയവരെ കൈപിടിച്ച് ഉയർത്തി, സഖാവേ എന്ന് വിളിച്ചുകൊണ്ട് നടന്ന് വീടുണ്ടാക്കി കൊടുത്ത മുന്നണി ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. ആ മുന്നണിക്ക് അതിന്റെ ആർജവമുണ്ട്. അത് ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. അതിനെ പരിഹസരിക്കുകയല്ലാതെ അതിന്റെ മെരിറ്റിനെ അംഗീകരിക്കാൻ നിങ്ങൾക്ക് കഴിയാത്തത് തീർച്ചയായും ജനാധിപത്യത്തോടുള്ള നിങ്ങളുടെ ആഭിമുഖ്യത്തിന്റെ കുറവാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അന്തർദേശീയ കരാറുകളുടെ അടിസ്ഥാനത്തിൽ, ഗ്ലോബലൈസേഷന്റെ ഫലമായിട്ട് ഭക്ഷ്യ രംഗത്തു ഇന്ന് ഇന്ത്യയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംവിധാനത്തെ ജനാധിപത്യഭാരതം എങ്ങനെ കാണുന്നുവെന്ന് നിങ്ങളും അറിഞ്ഞിരിക്കണ്ടേ? ശ്രീമാൻ എ. കെ. ആന്റണി ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് ഈ സബ്സിഡികൾ എടുത്തു കളയണമെന്ന് തീരുമാനിച്ചത്. ഭക്ഷ്യധാന്യം ചെലവാക്കാൻ കഴിയാതെ സൂക്ഷിക്കാൻ കഴിയാതെ നശിച്ചുപോകുന്ന ഭാരതത്തിൽ ഭക്ഷ്യധാന്യം വാങ്ങികഴിക്കാൻ നിവൃത്തിയില്ലാത്ത 40 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ജീവിക്കുന്ന വിരോധാഭാസം നിലകൊള്ളുന്നു. ഉല്പാദനം വർദ്ധിപ്പിച്ചിട്ടും മനുഷ്യന് കഴിക്കാനുള്ള ഭക്ഷ്യധാന്യം ഇവിടെ കൊടുക്കില്ല എന്ന നിർബന്ധബുദ്ധിയോടുകൂടി നശിപ്പിച്ചുകളയുന്ന മനുഷ്യത്വരഹിതമായ പരിഷ്ക്കാരങ്ങളെ, മാനവികത്വം ഇല്ലാത്ത പരിഷ്ക്കാരങ്ങളെ അംഗീകരിക്കുകയും ഇപ്പോഴും അംഗീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരാണ് കോൺഗ്രസ്സുകാർ. ശ്രീമാൻ എ. കെ. ആന്റണിയോ ശ്രീ. വയലാർ രവിയോ ലേഖനം എഴുതിയതു കൊണ്ട് ഈ രീതി മാറുന്നില്ല. മറിച്ച് FICCI യുടെ സമ്മേളനത്തിനിടയിൽ ശ്രീമതി സോണിയാഗാന്ധി കഴിഞ്ഞ മാസത്തിൽ നടത്തിയ പ്രസംഗത്തിൽ..... അത് എന്റെ കയ്യിലുണ്ട്. അതിന്റെ സെൻസ് ഇതാണ്. ആരുടേയും സർട്ടിഫിക്കറ്റ് സാമ്പത്തിക പരിഷ്ക്കാരത്തിൽ കോൺഗ്രസ്സിന് ആവശ്യമില്ല. തുടർന്നുവന്ന സാമ്പത്തിക പരിഷ്ക്കാരങ്ങൾ യഥേഷ്ഠം നടപ്പാക്കുന്നതിന് കാലാകാലങ്ങളിൽ ഈ ഗവൺമെന്റിനെ ഞങ്ങൾ സഹായിച്ചിട്ടുണ്ട്. ഇനിയും അത് ചെയ്യുമെന്നാണ് ഞങ്ങൾ പറയുന്നത്. കേരളത്തിലെ കോൺഗ്രസ്സ് ഘടകത്തിന് മാത്രം അതിൽനിന്നും മാറി നിന്നുകൊണ്ട് പ്രസംഗിക്കാനും പറയാനും എഴുതാനും കഴിയുമെങ്കിൽപ്പോലും ശ്രീമതി സോണിയാഗാന്ധിയെ കൊണ്ട് അല്ലെങ്കിൽ എ.ഐ.സി.സി.യെ ക്കൊണ്ട് പ്രമേയം പാസ്സാക്കാൻ കഴിയില്ല. മാതൃഭൂമി ഒരു എഡിറ്റോറിയൽ എഴുതി. നയപ്രഖ്യാപന പ്രസംഗത്തിന്റെ ഒരു ഭാഗം ഞാൻ വായിക്കാം. 'ജനകീയാസൂത്രണംകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനംകൊണ്ടും ഉണ്ടായിട്ടുള്ള നേട്ടങ്ങളെപ്പറ്റി ന്യായമായ ചില അവകാശവാദങ്ങൾ സർക്കാരിനുണ്ട്' 'പൊതുവിതരണ സംപ്രദായത്തിൽ കേന്ദ്ര നയങ്ങളുടെ ഫലമായി അടുത്ത കാലത്ത് സർക്കാർ എടുത്ത നടപടി കൊണ്ട് ഉദ്ദേശിച്ച പ്രയോജനം ഉണ്ടോയെന്ന് പറയാൻ വയ്യെങ്കിലും ആ നടപടികൾ പ്രശംസാർഹം തന്നെയാണെന്ന് പറയാതിരിക്കാൻ വയ്യ'. അതിന് സർക്കാരിന് വിശേഷിച്ച് സിവിൽ സപ്ലൈസ് മന്ത്രാലയത്തിനു അഭിമാനിക്കാം. കാര്യക്ഷമമായ പ്രവർത്തനം നടത്തിയിട്ടുള്ള മറ്റൊരു രംഗം പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിന്റേതാണ്. വൈദ്യുതിയുടെ കാര്യത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കി. പവർകട്ടും ലോഡ്ഷെഡ്ഡിംഗും നീക്കി എന്നതാണ് ഈ സർക്കാരിന്റെ അഭിമാനം. തീർച്ചയായും മാതൃഭൂമിപോലുള്ള പത്രം ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തെ ശ്ലാഘിച്ചു എഴുതിയത് ഒരു തവണയെങ്കിലും നിങ്ങൾ വായിച്ചിരിക്കും. ഇന്ന് ഈ കേരളത്തിൽ നടക്കുന്ന പ്രശ്നങ്ങളിൽ ഈ ഗവൺമെന്റ് എടുക്കുന്ന നടപടികളെപ്പറ്റി പറഞ്ഞുകൊണ്ട് ശ്രീമാൻ എ.കെ. ആന്റണി ജാഥനയിച്ചു. തീർച്ചയായും വിമോചന സമരത്തിന്റെ രാഷ്ട്രീയ സന്തതി ശ്രീമാൻ എ. കെ. ആന്റണിയാണെന്നുള്ളതിൽ സംശയമില്ല. വെളുത്തുള്ളിക്കായൽ സമരം നടത്തി രാഷ്ട്രീയ രംഗത്തുവന്ന ശ്രീ. ആന്റണിയുടെ മനസ്സിൽ ഇപ്പോഴും കഴിഞ്ഞ വിമോചന സമരത്തിന്റെ ഓർമ്മകൾ ഓളം തള്ളുകയാണ്. ശ്രീ. വിവേകാനന്ദന്റെ ഒരു വാചകം ഉണ്ട്. കുട്ടി നാളിൽ ഒരു ഉടുപ്പ് തയ്പ്പിച്ചാൽ യൗവ്വനത്തിലും വാർദ്ധക്യത്തിലും അതു തന്നെ ധരിക്കും എന്ന ശാഠ്യം തീർച്ചയായും utter foolishness ആണ് എന്ന്. ശ്രീ. എ. കെ. ആന്റണി രാഷ്ട്രീയ ശൈശവത്തിന്റെ ഉടുപ്പ് തയ്പ്പിച്ച് ഇട്ടുകൊണ്ടാണ് തിരിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം വിമോചനസമരം എന്ന ഉടുപ്പ് ഇട്ടുകൊണ്ടാണ് തിരിച്ചിരിക്കുന്നത്. അദ്ദേഹം പറയുന്നതെന്താണ് ? ഉദ്യോഗസ്ഥൻ ഗവൺമെന്റിനെ അംഗീകരിക്കാൻ പാടില്ല. ഞാൻ പറയുന്നത് ചെയ്യണം. പോലീസുകാർ ഇങ്ങനെ ചെയ്യണം. ഇദ്ദേഹം ആരാണ് ഇതു പറയാൻ ? ജനാധിപത്യത്തോടു ലവലേശം ഒരു കണികയെങ്കിലും വിശ്വാസമുണ്ടായിരുന്നുവെങ്കിൽ ഒരു പ്രതിപക്ഷനേതാവ് എന്നുള്ള നിലയിൽ, നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിന്റെ ഉദ്യോഗസസ്ഥന്മാരോട് നിങ്ങൾ ആ ഗവൺമെന്റിനെതിരായി നിൽക്കണമെന്ന് പറയാനുള്ള ഔചിത്യം കാണിക്കുന്നത് തീർച്ചയായും ഇന്ത്യയിലെ ഒരു നേതാവിനും ഭൂഷണമല്ലെന്ന് നിങ്ങളെങ്കിലും പറഞ്ഞുകൊടുക്കണം. ഈ ലക്കത്തിലെ മലയാളം വീക്കിലിയിൽ ഒരു എഡിറ്റോറിയൽ ഉണ്ട്. 'ആന്റണിയുടെ രഥയാത്ര ആരുടെ മോചനത്തിന്' കേരളത്തിന്റെ മോചനത്തിനല്ല. കേരളത്തിന്റെ മോചനത്തിന് ആന്റണി യാത്ര നടത്തണ്ട. ശ്രീ. അദ്വാനിയുടെ രഥം പിടിച്ച്, അതിന്റെ ചുവടുപിടിച്ച് ശ്രീമാൻ. ആന്റണിക്ക് അദ്വാനി ചലിപ്പിച്ചതുപോലെ കേരളത്തിലെ ജനങ്ങളെ ചലിപ്പിക്കാൻ കഴിയുമെന്ന മിഥ്യാധാരണ വേണ്ട. വിമോചനസമരം നടത്തിയ കാലത്ത് കേന്ദ്രത്തിൽ ഭരിച്ചത് കോൺഗ്രസ്സാണ്. അവരുടെ അംഗീകാരം ഉണ്ടായിരുന്നു. ഇവിടെ ഗവൺമെന്റ് പിരിച്ചുവിടണമെന്ന് പറയുന്നു. മൊയ്നിഹാൻ എന്ന ഇന്ത്യയിലെ അമേരിക്കൻ അംബാസിഡർ ഒരു പത്ര സമ്മേളനത്തിൽ പറഞ്ഞു, കേരളത്തിൽ 1960-ൽ നടത്തിയ വിമോചനസമരത്തിന്റെ മുഴുവൻ ചെലവും സി.ഐ.എ ആണ് വഹിച്ചത് എന്ന് MRA പോലുള്ള സംഘടനകൾ ചെയ്ത വിമോചന സമരത്തിന് സർവ്വാത്മനാ ചെലവാക്കിയെന്ന് ഭംഗ്യന്തരേണ പറഞ്ഞു. അത് മോശമായിപ്പോയി എന്ന് ശ്രീമാൻ ആന്റണിക്ക് തന്നെ ഒരിക്കൽ പറയേണ്ടിവന്നു. പക്ഷേ അതിനുശേഷവും ശ്രീമാൻ ആന്റണി ഉടുപ്പുമാറ്റാൻ തയ്യാറല്ല. ആ സമരവുമായി ഇറങ്ങി തിരിച്ചിരിക്കുകയാണ്. തീർച്ചയായും തന്റെ പാർട്ടിയിലെ തന്നെ എതിർക്കുന്ന ആളുകളിൽനിന്നുള്ള മോചനത്തിനുവേണ്ടിയുള്ള വ്യഗ്രതയാണ് ശ്രീമാൻ ആന്റണി കാണിക്കുന്നത്. ശ്രീ. കരുണാകരൻ പറയുന്നതുകേട്ടൊന്നും ശ്രീമാൻ ആന്റണി ഇങ്ങനെ പോകരുത്. ശ്രീ. കരുണാകരൻ പറയും ചുണയില്ലാത്ത പ്രതിപക്ഷമാണ്. പ്രതിപക്ഷ നേതാവാണ്. നിങ്ങൾ ഇങ്ങനെ ഭരിച്ചാൽ പോരാ, മുഖ്യമന്ത്രിയാവാൻ യോഗ്യനായവർ ഞാനൊഴികെ വേറെയില്ല എന്നൊക്കെ. ഇങ്ങനെയൊക്കെ പറഞ്ഞ് പ്രകോപിപ്പിച്ചാലും ശ്രീ. ആന്റണിയെപ്പോലുള്ള ഒരാൾ ഇങ്ങനെ ചെയ്യാമോ, ഇത്ര ബുദ്ധിമോശം പ്രകടിപ്പിക്കാമോ ? ശ്രീ. കരുണാകരനിൽ നിന്നുള്ള മോചനം അനിവാര്യമാണ്. ഭരണം കയ്യിൽ തന്നാൽ നിങ്ങൾ ഭരിക്കുമോ ? ഭരിക്കുകയില്ലെന്നാണ് രേഖകൾ കാണിക്കുന്നത്. 1997-ൽ ഇപ്പോഴത്തെ സെക്രട്ടറിയായിരിക്കുന്ന ഈ സഭയിലെ എന്റെ പ്രിയപ്പെട്ട ഒരംഗം നടത്തിയ ഒരു പ്രസ്താവനയുണ്ട്. ഭരണം നഷ്ടപ്പെടുത്തിയത് ശ്രീ. ആന്റണിയുടെ മുഖ്യമന്ത്രിസ്ഥാനം. ഇത് ശ്രീമതി ശോഭനാജോർജ് ദേശാഭിമാനി പത്രത്തിൽ പറഞ്ഞതാണ്. "യു. ഡി. എഫ്. തോറ്റത് ശ്രീ. കരുണാകരന്റെ പാരപ്പണികൊണ്ട്" ശ്രീ. ആന്റണി മനോരമ 15-2-1997-ൽ 'ശ്രീ. കരുണാകരന് അണ്ണാന്റെ സ്വഭാവം ' ശ്രീ. ഹസ്സൻ 22-10-1994-ലെ മനോരമ.

LIBRARY ARCHIVES Kerala Legislative Assembly

"ഹൈക്കമാന്റ് തന്നെ കരുണാകരനെ മാറ്റും", ഹസ്സൻ 23-10-1994. "ഇഷ്ട മില്ലാത്തവരെ പുറത്താക്കി അച്ഛനും മകനും വാഴാമെന്ന മോഹം വേണ്ട". ശ്രീ. പി. ബാലൻ, ശ്രീ. ആര്യാടന്റെ കാര്യവും ഇതിനകത്തുണ്ട്. ആനയെ പേടിക്കാം ആനപ്പിണ്ടത്തെ പേടിക്കാൻ പറ്റില്ലെന്ന് കിട്ടു അമ്മാവനും, കിങ്ങിണിക്കുട്ടനും കളിച്ച കഥ ഇതിലുണ്ട്. ഞാൻ വായിക്കുന്നില്ല. ശ്രീമതി ശോഭനയുടെ നേർക്കുള്ള ആക്രമണം ശ്രീ. ആന്റണിയുടെ അറിവോടെ ആണെന്ന് ശ്രീമതി ശോഭന 25-02-1997-ലെ കൗമുദിയിൽ. "പാരവയ്ക്കൽ പാരമ്പര്യം ശ്രീ. മുരളിയ്ക്ക്" എന്ന് ശ്രീ. ഹസ്സൻ 15-10-1994-ലെ മനോരമയിൽ. ഇങ്ങനെ എടുത്തുനോക്കിയാൽ പരസ്പരം കലഹിച്ചും തമ്മിൽത്തല്ലിയും കുതികാൽവെട്ടിയും കട്ടുമുടിച്ചും, കൊള്ളയടിച്ചും, തമ്മിലടിച്ചും പോകുന്ന ഒരു മുന്നണിയായിട്ടല്ലാതെ ഐക്യജനാധിപത്യമുന്നണിയെ നിങ്ങൾക്ക് കൊണ്ടുപോകാൻ കഴിയില്ല. ശ്രീമാൻ ആന്റണിയും, ശ്രീമാൻ മാണിയും, ശ്രീ. ജേക്കബും ഇവിടെ ഇപ്പോൾ ഇല്ല. ശ്രീ. മാണി ഇത്തിൾക്കണ്ണി- ശ്രീ. ജേക്കബ്, പകരം "ജേക്കബ് അക്കേഷ്യ" എന്ന് ശ്രീ. മാണി. ഭരണത്തിൽ ഒന്നിച്ചിരുന്ന് അടുത്തിരുന്ന് പറഞ്ഞതാണ്. പരസ്പരം തമ്മിൽ കളിക്കുന്നതിന് കിട്ടുവമ്മാവനും, കിങ്ങിണിക്കുട്ടനും കളിക്കാൻവേണ്ടി കേരളത്തിലെ ജനങ്ങൾ നിങ്ങളെ അനുവദിക്കും എന്ന് നിങ്ങൾ പ്രതീക്ഷിക്കരുത്. തെറ്റാണ്. നിങ്ങൾ വളരെയധികം തെറ്റിലാണ് ചെന്ന് ചാടിയിരിക്കുന്നത്. തീർച്ചയായിട്ടും ഇന്ത്യയിൽ പൊതുവിൽ വരുന്ന മാറ്റങ്ങൾ കാണുവാനുള്ള ശേഷി കോൺഗ്രസ്സിലെ കേരളത്തിലെ വിവേകശാലികളായ നേതാക്കന്മാർക്ക് നഷ്ടപ്പെട്ടുപോകുന്നു എന്നുള്ളതാണ്. ഇന്ത്യയെ ഫാസിസ്റ്റ് വർഗ്ഗീയ രാജ്യമാക്കി മാറ്റുന്നതിന് വേണ്ടിയുള്ള ശ്രമം നടത്തുന്ന ബി.ജെ.പി., അവർ മനുസ്മൃതികളിലാണ് നിയമം കാണുന്നത്. മനുസ്മൃതികൾ നിയമം ആയിരുന്നു. ഭൂമി പാടില്ല എന്നും, വഴി നടക്കാനുള്ള അവകാശം പാടില്ല എന്നും, ക്ഷേത്രത്തിൽ പ്രവേശിച്ചുകൂടാ എന്നും, ഇത്ര വാര അകലെ നിൽക്കണമെന്നും, ബ്ലൗസ് ധരിച്ചുകൂടാ എന്നും വിധികൽപ്പിച്ച നൂറ്റാണ്ടുകൾ, ചാതുർവണ്ണ്യത്തിന്റെ വലയത്തിനുള്ളിൽ പിന്നോക്കക്കാരേയും പട്ടികജാതിക്കാരേയും വലിച്ചിഴച്ച് മനുഷ്യത്വ രഹിതമായി പ്രവർത്തിച്ച ആ ചാതുർവർണ്ണ്യ വ്യവസ്ഥ പുനഃസ്ഥാപിക്കാൻ ഈ ഭാരതഭൂമിയിൽ ബി.ജെ.പി. എന്നൊരു കക്ഷി നിൽക്കുന്നു എങ്കിൽ അതിനോടൊപ്പം അനുഭാവസൂചകമായി ഒരക്ഷരം പറഞ്ഞാൽ നിങ്ങളോട് ഗാന്ധി ക്ഷമിക്കില്ല. ഈ ഭാരതം ക്ഷമിക്കില്ല. നിങ്ങൾ അവിടെയാണ് എത്തി നിൽക്കുന്നത് എന്ന് ഓർക്കുമ്പോൾ കഷ്ടമെന്നേ എനിക്ക് പറയാനുള്ളൂ. ഈ കേരളത്തിൽതന്നെ എത്രയോ നൂറ്റാണ്ടുകളായി ഉണ്ടായിരുന്ന ഈ അടിമത്ത സ്വഭാവത്തിനെതിരായി നടത്തിയ പോരാട്ടത്തിന്റെ ഫലമായി നേടിയെടുത്ത, സാമൂഹ്യ പരിഷ്ക്കർത്താക്കളുടെ പ്രവർത്തനത്തിന്റെ ഫലമായി നേടിയെടുത്ത ഈ സ്വാതന്ത്ര്യവും, കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയും, ഇന്നു നാം കാണുന്ന വിദ്യാഭ്യാസ, സാംസ്ക്കാരിക, വൈദ്യശാസ്ത്രപരമായ നേട്ടങ്ങളും എല്ലാംതന്നെ അതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കെ ഇതിനെയെല്ലാം തിരിച്ചുപിടിക്കാൻ നിൽക്കുന്ന വർഗ്ഗീയ ഫാസിസ്റ്റു ശക്തിയെ ഒളിഞ്ഞും തെളിഞ്ഞും നിങ്ങൾ സഹായിക്കുകയാണ്. 2001 ജനുവരി 10-ാം തീയതി നടന്ന ഒരു അഖിലേന്ത്യാ

LIBRARY ARCHIVES Kerala Legislative Assembly

പണിമുടക്ക് ഉണ്ട്. ഈ സാമ്പത്തിക നയത്തിനെതിരായി അഖിലേന്ത്യാ പണിമുടക്ക് നടത്തിയ ആളുകൾ, പണിമുടക്കി സെക്രട്ടേറിയറ്റിന്റെ ഗേറ്റിൽ ഇരുന്നവരെ പണിമുടക്കാതെ ആഫീസിൽ കയറിയ ആളുകൾ ഇറങ്ങിവന്നു. ബി.ജെ.പി. ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ നടത്തുന്ന സമരത്തെ പ്രതിരോധിച്ചു. അതിനെ സഹായിച്ചത് ശ്രീമാൻ ആന്റണിയെപ്പോലുള്ള ആളുകളാണ്. തീർച്ചയായും ചെയ്തുകൂടാത്ത കാര്യങ്ങളല്ലേ അവർ ചെയ്തത് ? അത് ബി.ജെ.പി.യെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളാണ്. പത്രറിപ്പോർട്ട് അനുസരിച്ചാണെങ്കിൽ കുംഭമേളയിൽ ശ്രീമതി സോണിയാഗാന്ധി അർദ്ധസ്നാനം നടത്തിയിട്ട് പോയി എന്നാണ്. എന്തൊരു അപഹാസ്യപരമായ ഹാസ്യകലാപ്രകടനമാണ് നടത്തിക്കൊണ്ടിരിക്കുന്നത് ! തീർച്ചയായും ഈ ഞാണിന്മേൽ കളികൊണ്ട് ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിക്കുവാൻ കോൺഗ്രസിന് കഴിയില്ല. ഈ ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികളെ അന്തസായി നിങ്ങൾ പിൻതാങ്ങണം. വിമർശിക്കാം, ഈ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് ഏതൊരു കാലത്തും കേരളം ഭരിച്ച ഗവൺമെന്റുകൾക്ക് ഉണ്ടാക്കാൻ കഴിയാത്ത നേട്ടങ്ങൾ ഉണ്ടാക്കി എന്നാണ്. ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങളെ മറച്ചുപിടിച്ച് എത്രനാൾ നിങ്ങൾ മുന്നോട്ടുപോകും ? ശ്രീമാൻ ആന്റണി കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പ്രസംഗിച്ചു, ജനകീയാസൂത്രണ നടപടികൾ ഞങ്ങൾ അധികാരത്തിൽ വന്നാലും തുടരുമെന്ന് പ്രഖ്യാപിക്കുകയും അതിനെതിരെ പാരപണിയുകയും, അത് ഇല്ലായ്മചെയ്യുവാൻ ശ്രമിക്കുകയും ചെയ്യുന്ന നടപടിയല്ലേ യഥാർത്ഥത്തിൽ യു.ഡിഎഫ്. ന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് ? തീർച്ചയായും ഈ രാജ്യത്തെ ജനങ്ങളെ കബളിപ്പിച്ച് ഒരു പ്രത്യേക ദിശയിലേക്ക് കൊണ്ടുപോകുന്നതിന് ബി.ജെപി. യെ സാമ്പത്തിക നയത്തിൽ പിൻതാങ്ങുന്നതു പോലെതന്നെ രാഷ്ട്രീയ നയത്തിലും ഇന്ന് പ്രതിപക്ഷം പിൻതാങ്ങുകയാണ്. അത് അപകടകരമായ ഒന്നാണ്. നിങ്ങൾ തീക്കൊള്ളികൊണ്ടാണ് തല ചൊറിയുന്നത് എന്ന കാര്യം നിങ്ങൾ അറിയുന്നില്ല. തീർച്ചയായും കേരളത്തിലെ ജനങ്ങൾ നിങ്ങൾക്ക് മാപ്പ് തരും എന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. ഇവിടെ ട്രഷറി പൂട്ടി എന്നു പ്രഖ്യാപിച്ചുകൊണ്ട് പ്രസ്താവന ഇറക്കി. 1993-ൽ ട്രഷറി പൂട്ടി എന്നുപറഞ്ഞു. 1993-ൽ അന്നത്തെ മനോരമ പത്രത്തിൽ പറഞ്ഞിരിക്കുന്നത് കേന്ദ്രം ചതിച്ചു. 1-1-1993-ലെ പത്രത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി. 2-01-1993-ൽ ട്രഷറി പൂട്ടി. മുൻപ് ട്രഷറി പൂട്ടിയ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്ന് സാമ്പത്തിക പ്രതിസന്ധിയുണ്ട്, ഇരുപതിനായിരത്തിൽ ചിലാനം കോടി രൂപയുടെ കടം ഉണ്ട് എന്നുള്ളത് ശരിയാണ്. പക്ഷേ പതിനയ്യായിരം കോടി രൂപയുടെ വികസന പ്രവർത്തനം നടത്തി റിക്കോർഡ് സൃഷ്ടിച്ച ഈ ഗവൺമെന്റാണ് ഇരു പതിനായിരം കോടി രൂപയുടെ കടബാദ്ധ്യത ഉണ്ടാക്കിയത്. അയ്യായിരം കോടി രൂപയുടെ വികസനം നടത്തി പതിനായിരം കോടി രൂപ കടബാദ്ധ്യത ഉണ്ടാക്കിയതാണ് യു.ഡി.എഫ്. ന്റെ ഭരണകാലത്ത്. 116 ശതമാനം കടബാദ്ധ്യത യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടാക്കി എങ്കിൽ 94 ശതമാനം മാത്രം കടബാദ്ധ്യത ഉണ്ടാക്കിയ ഞങ്ങൾ മെച്ചമാണ്. അതുകൊണ്ട് ട്രഷറി പൂട്ടും, ഇപ്പോൾ പൂട്ടും, പിന്നെ പൂട്ടും എന്നുപറഞ്ഞത് നടക്കുന്നതിൽ അർത്ഥമില്ല. ഈ കടബാദ്ധ്യത

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിയതിന്റെ അടിസ്ഥാന കാരണം കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റ് ഒപ്പിട്ട കരാറാണ്. ആ കരാറിൽ ഒപ്പിട്ടതിൽ ഒന്നാംപ്രതി കോൺഗ്രസാണ് രണ്ടാംപ്രതി ബി.ജെ.പി. യാണ്. അതുകൊണ്ട് അത് പരിഹരിക്കുകയല്ലാതെ ഇടതുപക്ഷ ജനാതിപത്യ മുന്നണി ഗവൺമെന്റിനെ കൊണ്ടുമാത്രം, ഒരു നിമിഷംകൊണ്ട് ഇത് കഴിയുന്നില്ല. തീർച്ചയായും ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തെ, നല്ലതിനെ നിങ്ങൾ അംഗീകരിക്കും എന്ന് പ്രതീക്ഷിക്കുന്നു, അതിനുള്ള സൻമനോഭാവംമെങ്കിലും പ്രതിപക്ഷം കാണിക്കണം. അല്ലാതെ ഇലക്ഷൻ-ഓറിയന്റഡ് ആയിപ്പോയാൽ എന്തൊരു കഷ്ടമാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ : നന്ദിപ്രമേയത്തിന്മേൽ അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

(3) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ സംസ്ഥാനത്തെ തൊഴിൽരഹിതർക്കും ദരിദ്രർക്കും വേതനം ലഭിക്കാൻ പര്യാപ്തമായ ഒരു തൊഴിൽദാന പദ്ധതി പ്രഖ്യാപിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. കെ. മുനീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

(5) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ കെ. എസ്. ആർ. ടി. സി. ബസുകൾക്കുവേണ്ടി വാങ്ങിയ ഡീസലിന്റെ വില എണ്ണ കമ്പനികൾക്ക് നൽകാതെ ഭീമമായ കുടിശ്ശിക വരുത്തുകയും കോർപ്പറേഷന്റെ വരുമാനം ദുർവിനിയോഗം ചെയ്യുകയും ചെയ്തവർക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് പറയാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നാലകത്ത് സൂപ്പി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

(7) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ ജനകീയാസൂത്രണ പരിപാടികൾ നടപ്പാക്കിയപ്പോൾ വരുത്തിയതായി പറയപ്പെടുന്ന അഴിമതികളെപ്പറ്റി അന്വേഷിക്കുമെന്നും അഴിമതിക്കാരിൽ നിന്നും പണം ഈടാക്കുമെന്നും അവരെ ക്രിമിനൽ നടപടിക്ക് വിധേയരാക്കുമെന്നും പറയാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. കെ. കെ. ബാവ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

(11) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ സ്വകാര്യ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്ന കാര്യത്തെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

(14) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ പ്രതിപക്ഷ കക്ഷികൾ ഭരിച്ചുകൊണ്ടിരുന്ന സഹകരണ സംഘങ്ങളുടെ പുതിയ ഭരണസമിതി രൂപീകരിക്കുന്നതിന് വേണ്ടി നടത്തുന്ന തെരഞ്ഞെടുപ്പിൽ ഭീകരാവസ്ഥ സൃഷ്ടിച്ച് സംഘം ഭരണം പിടിച്ചെടുക്കുന്നതിനെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(15) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ നഷ്ടംമൂലം വയലുകളിൽ നെൽകൃഷിയിൽനിന്ന് മറ്റു കൃഷികളിലേക്ക് തിരിഞ്ഞ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കർഷകരുടെ കൃഷികളും ഫലവൃക്ഷങ്ങളും മീൻവളർത്തൽ കുളങ്ങളും വെട്ടി നിരത്തി നശിപ്പിച്ചവർ വയൽ നികത്തി മണിമന്ദിരങ്ങളും പാർട്ടി ഓഫീസുകളും നിർമ്മിച്ചപ്പോൾ അവരുടെ വീടുകൾക്ക് യാതൊരു നാശനഷ്ടവും വരുത്താതിരുന്നതായി പറയപ്പെടുന്ന സംഭവത്തെപ്പറ്റി സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

(22) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരോ മരുന്നോ ഇല്ലാത്തതിനേയും, പട്ടിണിക്കാർ പോലും പുറത്തുനിന്ന് മരുന്ന് വാങ്ങേണ്ടതായി വരുന്ന അവസ്ഥയേയുംപറ്റി പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

(23) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ കേന്ദ്രഗവൺമെന്റിൽനിന്നും സംസ്ഥാനത്തിന് നൽകിയ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു എന്നു പറയുന്നതിനെപ്പറ്റി സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. മുരളി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

(26) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ വൈദ്യുതി ചാർജ്, ബസ്ചാർജ്, വാട്ടർ ചാർജ്, ഭൂനികുതി, പ്ലാന്റേഷൻ ടാക്സ്, കോളേജിലെ ഫീസുകൾ, പ്രൊഫഷണൽ ടാക്സ് മുതലായവ ക്രമാതീതമായി വർദ്ധിപ്പിച്ച നടപടിയെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

(54) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ എസ്. എൻ. ഡി. പി. ആസ്ഥാനത്തുള്ള ശ്രീനാരായണ ഗുരുദേവന്റെ വിഗ്രഹത്തെ ധ്വംസിക്കുന്നതിൽ ആരംഭിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിധിപ്രകാരം പ്രതിഷ്ഠിച്ച് പരിരക്ഷിച്ച് ആരാധിച്ചുപോന്നിരുന്ന നിരവധി ശ്രീനാരായണ ഗുരുദേവ വിഗ്രഹങ്ങളെ ഭഞ്ജിച്ചതിനെയും, ശ്രീനാരായണ ഗുരുദേവ മന്ദിരങ്ങൾ തകർത്തതിനെയുംപറ്റി സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

(55) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ സംസ്ഥാനം സാമ്പത്തിക തകർച്ചയുടെ വക്കിലെത്തി നിൽക്കുമ്പോൾ അബ്കാരി കോൺട്രാക്ടർമാർ നൽകാനുണ്ടായിരുന്ന കുടിശ്ശികയിൽനിന്ന് സംസ്ഥാന ഖജനാവിൽ എത്തേണ്ടിയിരുന്ന മുന്നൂറിൽപ്പരം കോടി രൂപ എഴുതിത്തള്ളിയ നടപടിയെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(56) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ ഡൽഹിയിലെ ട്രാവൻകൂർ ഹൗസിന്റെ ഒരുഭാഗം തുച്ഛമായ വാടകയ്ക്ക് സ്വകാര്യ ടി. വി. ചാനലിന് വിട്ടുകൊടുത്തുകൊണ്ട് സംസ്ഥാനത്തിന് വമ്പിച്ച നഷ്ടം. ഉണ്ടാകത്തക്ക വിധത്തിലുള്ള അധികാര ദുർവിനിയോഗവും സ്വജനപക്ഷപാതവും നടത്തിയതായി പറയപ്പെടുന്ന സംഭവത്തെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(57) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ ജപ്പാന്റെ സഹായത്തോടുകൂടി 1600-ൽപ്പരം കോടി രൂപ ചെലവഴിച്ച് നാൽപ്പത് ലക്ഷത്തോളം ആളുകൾക്ക് പ്രയോജനം ലഭിക്കാത്തവിധത്തിൽ ആറ് ശുദ്ധജലവിതരണ പദ്ധതികൾ നിർമ്മിക്കുന്നതിനുള്ള വർക്കിന് കൺസൾട്ടന്റിനെ നിയമിക്കുന്ന കാര്യത്തിൽ അഴിമതിയുണ്ടെന്ന് സി. ബി. ഐ. കണ്ടുപിടിച്ച് കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് നൽകിയതായി ആരോപണമുണ്ടായതിനെത്തുടർന്ന് പ്രസ്തുത സഹായം തന്നെ ലഭിക്കാത്തതിനെപ്പറ്റിയും ആരോപണ വിധേയരായവരുടെമേൽ യാതൊരു നടപടിയും സ്വീകരിക്കാത്തതിനെപ്പറ്റിയും സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

(64) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ ക്രീമിലെയർ പ്രശ്നത്തിൽ സംസ്ഥാനത്തിലെ ബഹുഭൂരിപക്ഷം വരുന്ന പിന്നോക്കവിഭാഗങ്ങൾക്ക് തൃപ്തികരമായ നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന ബോധം പിന്നോക്ക വിഭാഗങ്ങളിലുടലെടുത്തിട്ടുണ്ടെന്നും അതിന് തൃപ്തികരമായ പരിഹാര നടപടികളെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുമുള്ള കാര്യം സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

(65) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ സംസ്ഥാനത്തു നടന്ന വ്യാജമദ്യദുരന്തത്തെത്തുടർന്ന് വ്യാജമദ്യം സംസ്ഥാനത്തേക്കു വരുന്നവിധം കണ്ടെത്തുവാൻ നിയോഗിച്ച പോലീസ് സംഘം അതു കണ്ടുപിടിക്കുന്നതിനേക്കാൾ അക്കാര്യം വെളിച്ചത്തു വരാതിരിക്കാനാണ് ശ്രദ്ധ പതിപ്പിച്ചതെന്നും അതുമൂലം മദ്യം സംസ്ഥാനത്തേക്ക് കടത്തുന്നതും ചില ഭരണകക്ഷി പ്രമുഖർക്ക് അതിൽ ഉണ്ടെന്ന് പറയപ്പെടുന്നതുമായ ബന്ധം തെളിയിക്കാതിരിക്കുവാൻ നടത്തിയതായി പറയപ്പെടുന്ന ശ്രമങ്ങൾ വിജയിച്ചെന്നും പറയാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

(66) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ സംസ്ഥാനമൊട്ടാകെ നിരവധി വ്യാജമദ്യക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവ സംബന്ധിച്ച കേസുകൾ ചാർജ് ചെയ്യാത്തതും പ്രസ്തുത കേസുകളിൻമേൽ പെട്ടെന്ന് തീരുമാനമെടുക്കുന്നതിന് സ്പെഷ്യൽ കോടതികൾ രൂപീകരിക്കുമെന്ന പ്രഖ്യാപനം സാക്ഷാത്ക്കരിക്കാത്തതും സംബന്ധിച്ചകാര്യം സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

(67) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ റവന്യൂ ഭൂമി കയ്യേറി ഭരണ നേതൃത്വത്തിലുള്ളവരുടെ പാർട്ടി ഓഫീസുകൾ പണിയുന്നതിനായും റവന്യൂ പുറമ്പോക്ക് ഭരണ നേതൃത്വത്തിലുള്ള വരുടെ പാർട്ടിക്കാർക്ക് പതിച്ചുകൊടുത്തതായും പറയപ്പെടുന്ന സംഗതിയെപ്പറ്റി സൂചിപ്പിക്കാത്തതിലും ഖേദിക്കുന്നു."

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

(68) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ സംസ്ഥാനത്ത് മദ്യ നിരോധനം ഏർപ്പെടുത്തുന്നതിനോ മദ്യ നിയന്ത്രണം കൈവരുത്തുന്നതിനോ പകരം വിലകുറഞ്ഞ മദ്യം ഒഴുക്കുന്നതിനും ഇൻഡ്യൻ നിർമ്മിത വിദേശ മദ്യ വിൽപ്പന ബിവറേജസ് കോർപ്പറേഷൻ മുഖേന മാത്രം നടത്തുന്നതും കോടികളുടെ കമ്മീഷൻ നേടുന്നതിനാണെന്ന് പറയപ്പെടുന്ന സംഭവത്തെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

(76) നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക: "എന്നാൽ തലശ്ശേരി-പാനൂർ പ്രദേശത്തും നാദാപുരത്തും ചുറ്റുപാടുമുള്ള പ്രദേശങ്ങളിലും നടന്ന കൊലപാതകങ്ങളും മർദ്ദനങ്ങളും കൊള്ളയും കൊള്ളിവയ്പും സി. പി. ഐ (എം) പ്രവർത്തകർ നടത്തുന്നതായി പറയപ്പെടുന്ന സംഗതികളെപ്പറ്റി സൂചിപ്പിക്കാത്തതിലും അത് തടയുമെന്ന് പ്രഖ്യാപിക്കാത്തതിലും ഖേദിക്കുന്നു."

(77) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ രാഷ്ട്രീയ വിദ്വേഷംമൂലം സി. പി. ഐ. (എം) പ്രവർത്തകർ ചെയ്യുന്നതായി പറയപ്പെടുന്ന ആക്രമണംമൂലം മറ്റു രാഷ്ട്രീയ കക്ഷികളിലെ പ്രവർത്തകർക്ക് സബ്സിസ്റ്റൻസ് അലവൻസ് നൽകുന്നതിനെപ്പറ്റി സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

(78) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ സി. പി. ഐ (എം) പ്രവർത്തകർ പ്രതികളായുള്ളതും നിരവധി കോടതികളിൽ വിവിധഘട്ടങ്ങളിൽ കിടന്നിരുന്നതുമായ ഗുരുതരമായ കുറ്റകൃത്യങ്ങൾ ഉൾകൊള്ളുന്നതുമായ അനവധി കേസുകൾ പിൻവലിച്ചതിനെപ്പറ്റി സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

(79) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകളുടെ ഭാഗമായി വർദ്ധിച്ചുവരുന്ന കുടുംബ ആത്മഹത്യകളും കൂട്ടആത്മഹത്യകളും ഫലപ്രദമായി തടയുന്നതിനെപ്പറ്റി സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

(80) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ സംസ്ഥാനത്തിന്റെ നടപ്പു പഞ്ചവത്സര പദ്ധതിയുടെ വിജയകരമായ പരിസമാപ്തിക്ക് ആദ്യവർഷം പദ്ധതിച്ചെലവിന് നിക്ഷേപിക്കുന്ന തുകയെ ആശ്രയിച്ച് 18:20:22:24 എന്ന അടിസ്ഥാനത്തിൽ വർദ്ധിക്കുന്ന തോതിലുള്ള ചെലവ് നിർവഹിക്കണമെന്നിരിക്കെ അപ്രകാരമുള്ള നിക്ഷേപം നടത്താതെയും നിർദ്ദിഷ്ട ചെലവിൽത്തന്നെ വൻ വെട്ടിക്കുറവ് വരുത്തുകയും ചെയ്ത് സംസ്ഥാനത്തിന്റെ വികസനം മുരടിപ്പിച്ചതിനെ സംബന്ധിച്ചും ഒന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(81) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം വിഷമിക്കുന്ന കർഷകർക്ക് ഫലപ്രദമായ വിധത്തിൽ ആശ്വാസമേകുന്നതിനുള്ള നടപടികൾ എടുക്കുന്നതിനെ സംബന്ധിച്ച് ഒന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(82) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ റബ്ബർ, നാളികേരം, അടയ്ക്ക, കുരുമുളക് മുതലായ ഉൽപ്പന്നങ്ങളുടെ വില കുത്തനേ ഇടിയുകയും കർഷകർ ബുദ്ധിമുട്ടിൽപ്പെടുകയും ചെയ്തപ്പോൾ അവയ്ക്കു പ്രഖ്യാപിച്ച താങ്ങുവിലയോ തറവിലയോ ബഞ്ചുമാർക്ക് വിലയോ കിട്ടുന്ന കാര്യത്തിൽ വ്യക്തമായ നടപടികൾ സ്വീകരിച്ച് കർഷകതാൽപ്പര്യം സംരക്ഷിക്കുന്നതിനെ സംബന്ധിച്ച് ഒന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(83) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ നെല്ല് സംഭരിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചെങ്കിലും സംഭരണത്തിനുള്ള തുക സഹകരണ സംഘങ്ങൾക്ക് നൽകാത്തതിനെയും സ്വന്തംഫണ്ട് വിനിയോഗിച്ച് നെല്ലു സംഭരണം നടത്തിയ സംഘങ്ങൾ ഉൽപ്പാദിപ്പിച്ച അരി സിവിൽ സപ്ലൈസ് കോർപ്പറേഷനോ വകുപ്പോ എടുത്ത് അതിന്റെ വില നൽകാതിരുന്നതിനേയും അപ്രകാരം നെല്ലുസംഭരണം തകരാനിടയായതിനെയുംപറ്റി ഒന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

(84) നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക : "എന്നാൽ പച്ചത്തേങ്ങ സംഭരിച്ച് കേരകർഷകരെ സംരക്ഷിക്കുമെന്ന ഗവൺമെന്റ് പ്രഖ്യാപനം നടപ്പാക്കാതിരുന്നതിനെ സംബന്ധിച്ച് ഒന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

മി. സ്പീക്കർ : നന്ദിപ്രമേയത്തിന്മേലുള്ള ചർച്ച. ശ്രീ. പി. പി. തങ്കച്ചൻ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുകയാണ്. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. അനിരുദ്ധൻ വെളിയിൽ പ്രസംഗിച്ചിട്ട് കുറേക്കാലമായി എന്നു തോന്നുന്നു. ഈ അടുത്ത കാലത്തൊന്നും വെളിയിൽ പ്രസംഗിക്കാറില്ല. ആ ക്ഷീണം തീർത്തതാണ്. നാടൻ ഭാഷയിൽ പറഞ്ഞാൽ, അദ്ദേഹം എന്നോടു ക്ഷമിക്കണം, "ചക്കിക്ക് ഒത്ത ചങ്കരൻ" എന്ന് ഞങ്ങളുടെ നാട്ടിൽ പറയാറുണ്ട്. ഗവർണറുടെ പ്രസംഗത്തിന് പറ്റിയ നന്ദിപ്രമേയ പ്രസംഗം. രണ്ടും ഒരുപോലെയാണ്. അകത്ത് ഒന്നുമില്ല. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം ഞാൻ രണ്ടു ദിവസം കുത്തിയിരുന്നു പഠിച്ചു. എന്തെങ്കിലും ഒന്ന് പറയാൻവേണ്ടി ഉണ്ടാകുമോ എന്ന് നോക്കിയിട്ട് അതിനകത്ത് ഒന്നും കാണാത്തതുകൊണ്ടാണ് അനുകൂലിക്കാൻ നിവൃത്തിയില്ല എന്നു ഞാൻ പറഞ്ഞത്. വാർഷിക ജനറൽ ബോഡിയിലൊക്കെ നമ്മൾ അവതരിപ്പിക്കുന്ന ഒരു റിപ്പോർട്ട് എന്നുള്ളതല്ലാതെ ഇത് എങ്ങനെയാണ് നയപ്രഖ്യാപനമാകുന്നത് ? ഞാൻ മനസിലാക്കിയിട്ടുള്ളത് നയപ്രഖ്യാപനമെന്നു പറഞ്ഞാൽ, ഭരണഘടന കൊണ്ട് ഉദ്ദേശിക്കുന്നത്, ഇനി വരാൻപോകുന്ന കാലങ്ങളിൽ ഓരോ മേഖലകളിൽ ഗവൺമെന്റിന്റെ നയം എന്താണ്, എന്തൊക്കെ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നുള്ളത് വിശദമാക്കുന്ന രേഖയാണ്. ദൈവം സഹായിച്ച് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ അത്തരം കാര്യങ്ങൾ ഒന്നും കാണാൻ കഴിഞ്ഞില്ല. ഇത് വെറും ഒരു വാർഷിക റിപ്പോർട്ടാണ്. ഈ ഗവൺമെന്റിന്റെ കഴിഞ്ഞകാല ചെയ്തികളെക്കുറിച്ച് വളരെ തെറ്റായ കുറെ കണക്കുകൾ പെരുപ്പിച്ച്, ഊതി വീർപ്പിച്ച് കുറെ കണക്കുകൾ ഒക്കെ ചേർത്ത് പല നിഗമനങ്ങളിലും ഗവർണർ എത്തിയെന്നുള്ളതല്ലാതെ ഒരു നയമെന്നു പറയുന്നത് ഇതിൽ കാണാൻ കഴിഞ്ഞില്ല. ഗവർണർ വളരെ രസികനാണെന്നും ഒരുപാട് തമാശ പറയുമെന്നും എനിക്ക് ഇപ്പോഴാണ് മനസിലാക്കാൻ കഴിഞ്ഞത്. ഈ പ്രസംഗത്തിൽ എന്തെല്ലാം തമാശയാണ് ! ക്രമസമാധാന പരിപാലന രംഗത്ത് കേരളം ഇൻഡ്യയിൽ ഒന്നാം സ്ഥാനത്താണ് എന്ന് ഗവർണർ ഇവിടെ നിയമസഭയിൽ നിന്നുകൊണ്ടു പറയുകയാണ്. വടക്കേ ഇൻഡ്യയിൽ പോയി പറഞ്ഞാൽ മനസിലാക്കാമായിരുന്നു. കേരളനിയമസഭയിൽ നിന്നിട്ട് കേരളത്തിലെ ജനതയോട് പറയുകയാണ് ക്രമസമാധാന പരിപാലനരംഗത്ത് കേരളത്തിന് ഇൻഡ്യയിൽ ഒന്നാം സ്ഥാനമാണ് എന്ന്. മറ്റൊരു തമാശ, വില വർദ്ധനവ് തടയാൻ സർക്കാരിന് ഫലപ്രദമായി കഴിഞ്ഞു. എന്തൊരു തമാശ. കാർഷികമേഖലയിൽ ഉണർവ് ഉണ്ടായിരിക്കുന്നു. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽപോലും ഇങ്ങനെ പറയില്ല. ഗവർണർ പറഞ്ഞിരിക്കുകയാണ്. നമ്മുടെ ട്രഷറി ഭദ്രമാണ്. കേൾക്കണ്ടേ. എം.എൽ.എ.മാരുടെ ടി. എ. ട്രഷറിയിൽ പണമില്ലാത്തതുകൊണ്ട് തടഞ്ഞിരിക്കുകയാണ്. ഇരുപത് കൊല്ലമായി ഞാൻ എം. എൽ. എ. ആയിട്ട്. ഇത് ആദ്യത്തെ സംഭവമാണ്. ട്രഷറിയിൽ പണമില്ലായെന്നു പറഞ്ഞിട്ട് ടി. എ. ബിൽ തടഞ്ഞത് ആദ്യമാണ്. എന്നിട്ട് അദ്ദേഹം ഇവിടെ വന്നു പറഞ്ഞിരിക്കുകയാണ്, വളരെ ഭദ്രം എന്ന്. തൊഴിലവസരങ്ങൾ വർദ്ധിച്ചിരിക്കുന്നു. എന്തെല്ലാം തമാശകളാണ്! ഏപ്രിൽ മാസം ഒന്നാം തീയതിയായിരുന്നു ഈ പ്രസംഗം നടത്തിയിരുന്നതെങ്കിൽ വളരെ അർത്ഥവത്താകുമായിരുന്നു. ഞാൻ രണ്ടുമൂന്നു പ്രധാനപ്പെട്ട മേഖലകളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുകയാണ്. സർ, ഇവിടെ മുഖ്യമന്ത്രിയും ധനകാര്യവകുപ്പു

മന്ത്രി ശ്രീ. ടി. ശിവദാസമേനോനും ബന്ധപ്പെട്ട മറ്റ് മന്ത്രിമാരും നിയമസഭയിൽ തന്ന ചോദ്യോത്തരങ്ങളുടെ അടിസ്ഥാനത്തിലാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വരുമ്പോൾ തൊഴിൽ രഹിതരുടെ എണ്ണം 32 ലക്ഷം ആയിരുന്നത് അവർ അധികാരം വിട്ടൊഴിയാറായ ഈ സന്ദർഭത്തിൽ 42 ലക്ഷമായി വർദ്ധിച്ചു. നേട്ടം അല്ലേ? പത്തുലക്ഷം വർദ്ധിച്ചു. ആയിരത്തിതൊള്ളായിരത്തി എൺപത്തിയേഴിൽ ഇവർ അധികാരത്തിൽ വരുമ്പോൾ അന്ന് പത്തുലക്ഷം പേർക്ക് തൊഴിൽ നൽകാമെന്ന് വാഗ്ദാനം നൽകിയിരുന്നു. എന്നിട്ട് കുറേക്കാലം കഴിഞ്ഞപ്പോൾ പറഞ്ഞു അതൊരു അച്ചടിപ്പിശകാണെന്ന്. ഇത്തവണ അഞ്ചു വർഷക്കാലത്തെ ഭരണംകൊണ്ട് പത്തു ലക്ഷം തൊഴിൽരഹിതരെ കൂടുതലായി സൃഷ്ടിച്ചു. അതൊരു നേട്ടമാണെങ്കിൽ ആ തൂവൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തൊപ്പിയിൽ ചേർക്കുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. പ്രതിപക്ഷത്തായിരുന്നപ്പോൾ തീവണ്ടി തടയലിനും ജയിൽ നിറയ്ക്കുന്ന സമരങ്ങളിലുമൊക്കെ യുവാക്കളെ വലിച്ചിഴച്ചിട്ട് അവരോട് പറഞ്ഞു, അധികാരത്തിൽ വന്നാൽ അവർക്ക് തൊഴിൽ ഉണ്ടാക്കി കൊടുക്കാമെന്ന്. അങ്ങനെ പറഞ്ഞാണ് നിങ്ങൾ അധികാരത്തിൽ വന്നത്, ഇന്ന് എന്താണ് സ്ഥിതി ? തൊഴിലില്ലായ്മ വേതനംപോലും കൊടുത്തിട്ടില്ല. എന്റെ കയ്യിൽ തന്നിട്ടുള്ള ചോദ്യത്തിന്റെ ഉത്തരം. തൊഴിലില്ലായ്മ വേതനം 60 കോടി രൂപ കുടിശ്ശിക, ഭയങ്കരനേട്ടമല്ലേ! തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാർക്ക് മാസം അമ്പതും അറുപതും രൂപാവീതം കൊടുക്കുന്നത്, അറുപത് കോടിരൂപ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. 1998-ൽ വ്യവസായനയം പ്രഖ്യാപിച്ചപ്പോൾ അടുത്ത രണ്ടര വർഷത്തിനുള്ളിൽ 3250 കോടി രൂപ മുതൽമുടക്കി മൂന്നര ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇപ്പോൾ നിങ്ങളുടെ ഭരണം അവസാനിക്കാറായി. ഇതുവരെ ഇതിനുവേണ്ടിയിട്ട് ഒരു നയാപൈസ മുടക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ ? വ്യവസായ നയത്തിൽ പ്രഖ്യാപിച്ച മൂന്നരലക്ഷം പേർക്ക് തൊഴിൽ കൊടുക്കാൻവേണ്ടി ഒന്നും മുടക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഇതാണ് തൊഴിലില്ലായ്മയെ സംബന്ധിച്ചുള്ള ശരിയായ ഒരു വിലയിരുത്തൽ. കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാൻ ഈ ഗവൺമെന്റ് പരമാവധി ശ്രമിച്ചു എന്നുള്ള അസത്യമായ പ്രസ്താവന എന്തിന് നിങ്ങൾ ഗവർണറെക്കൊണ്ട് ചെയ്യിച്ചു ? നമുക്ക് ഓരോന്നായിട്ട് എടുക്കാം. കാർഷികരംഗം വളരെ ഭദ്രമാണ് എന്നല്ലേ അവകാശവാദം ? ഞാൻ ചോദിക്കട്ടെ, തകർന്ന് തരിപ്പണമായ കാർഷിക മേഖലയെ രക്ഷിക്കാൻ വേണ്ടി എന്തെങ്കിലും ഒരു പുതിയ ശ്രമം തുടങ്ങാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി ഈ നയപ്രഖ്യാപനപ്രസംഗത്തിൽ പറയുന്നുണ്ടോ ? എന്തെങ്കിലും ഒന്ന് പറയാനുണ്ടോ ? ഞാൻ മുഴുവൻ പരിശോധിച്ചു നോക്കി, ഒന്നും പറയുന്നില്ല. എനിക്കുതോന്നുന്നു, സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം നമ്മുടെ സംസ്ഥാനത്ത് ഏറ്റവും വലിയ കാർഷിക പ്രതിസന്ധി ഉണ്ടായത് ഈ കാലഘട്ടത്തിലാണ്. മൊത്തം കാർഷികവിളകളുടെയും വിലയിടിഞ്ഞ ഒരു അവസ്ഥ ഉണ്ടായിട്ടുള്ളതും ഈ കാലഘട്ടത്തിലാണ് എന്ന് എനിക്കു തോന്നുന്നു. മൂന്നുവർഷക്കാലമായി ഉൽപ്പാദനച്ചെലവുപോലും പല ഉൽപ്പന്നങ്ങൾക്കും കിട്ടുന്നില്ല. എല്ലാ ഉൽപ്പന്നങ്ങളുടെയും വിലയിടിഞ്ഞ ഒരു കാലഘട്ടം അര നൂറ്റാണ്ടിനിടയിൽ ഇത് ആദ്യത്തേതായിരിക്കും. കാർഷികരംഗത്തുണ്ടായ ഈ തകർച്ച നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ മൂന്നുകോടി ജനങ്ങളെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ? അതല്ലേ നയപ്രഖ്യാപനത്തിൽ പറയേണ്ടത് ? കാർഷിക മേഖല തകർന്നുവെന്ന് സമ്മതിച്ചു, ആ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കാൻവേണ്ടി ഗവൺമെന്റ് ചില കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട് എന്നല്ലേ ഈ നയപ്രഖ്യാപനത്തിൽ പറയേണ്ടത്? ഒരക്ഷരം പറഞ്ഞിട്ടില്ല. പുത്തൻ സാമ്പത്തിക നയത്തിന്റെ മറപിടിച്ച് കേന്ദ്രസർക്കാരിനെ പഴിചാരി രക്ഷപ്പെടാനാണ് ഇപ്പോൾ നിങ്ങൾ ശ്രമിക്കുന്നത്. ഈ സംസ്ഥാനത്ത് ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില തീരുമാനിച്ച് സഹകരണാടിസ്ഥാനത്തിൽ സംഭരിക്കാൻ എന്തെങ്കിലും പദ്ധതി നിങ്ങൾക്ക് ഉണ്ടോ ? ഈ കാർഷിക വിളകൾ ഉപയോഗിച്ച് ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ നിങ്ങൾക്ക് എന്തെങ്കിലും ഉദ്ദേശമുണ്ടോ ? റബ്ബർ കയറ്റി അയയ്ക്കാൻ എന്തെങ്കിലും പരിപാടിയുണ്ടോ ? മദ്യരാജാക്കന്മാർക്ക് ടാക്സ് ഇളവുചെയ്തു കൊടുത്ത നിങ്ങൾക്ക് കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം ഏർപ്പെടുത്താൻ എന്തെങ്കിലും പരിപാടിയുണ്ടോ ? കൃഷിക്കാരുടെ കടങ്ങൾക്കുമേലുള്ള ജപ്തി നടപടികൾ തൽക്കാലം നിറുത്തിവയ്ക്കാൻ എന്തെങ്കിലും പദ്ധതി നിങ്ങൾക്ക് ഉണ്ടോ ? എന്താണ് ഈ കാര്യത്തിൽ നിങ്ങളുടെ നയം ? ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒന്നും കാണുന്നില്ല, അതുകൊണ്ടാണ് ചോദിക്കുന്നത്. നാളികേരം നേരിട്ട് കൃഷിക്കാരിൽനിന്ന് സംഭരിച്ച് അത് കൊപ്രയാക്കി വിപണിയിലെത്തിക്കാനുള്ള ശ്രമം നടത്തുമെന്ന് പറഞ്ഞു. എന്തെങ്കിലും പദ്ധതി അതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ? അൽപ്പം നഷ്ടം സഹിക്കേണ്ടിവന്നാലും പ്രഖ്യാപിച്ചതുപോലെ അമ്പതിനായിരം ടൺ റബ്ബർ വിദേശത്തേക്ക് കയറ്റി അയയ്ക്കാൻ നിങ്ങൾക്ക് കഴിയുമോ ? മാർക്കറ്റിൽ കെട്ടിക്കിടക്കുന്ന റബ്ബർ പ്രൊക്യുവർ ചെയ്യാൻ നടപടി കൈക്കൊള്ളാൻ നിങ്ങൾക്ക് കഴിയുമോ ? നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 29-7-1998-ൽ നിയമസഭയിൽ ഔദ്യോഗികമായി ഒരു പ്രമേയം അവതരിപ്പിച്ചു. ആ ഔദ്യോഗിക പ്രമേയം സഭ അംഗീകരിച്ചതാണ്. ആ പ്രമേയത്തിൽ പറയുന്നത് കിലോഗ്രാമിന് അൻപത്തിയഞ്ചു രൂപാവച്ച് നാൽപ്പതിനായിരം ടൺ റബ്ബർ ശേഖരിച്ച് വിദേശത്തേക്ക് കയറ്റി അയയ്ക്കാൻ ഈ സഭ ഐക്യകണ്ഠ്യേന തീരുമാനിക്കുന്നു എന്നാണ്. 29-7-1998-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിൽ പറയുന്നത് അനുസരിച്ച് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞോ ? അൻപത്തിയഞ്ചു രൂപ വിലകൊടുത്ത് നാൽപ്പതിനായിരം ടൺ റബ്ബർ കയറ്റി അയയ്ക്കുമെന്നാണ് പറഞ്ഞത്. ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. കാർഷിക കടങ്ങൾ ഈ ബാങ്കുകളെ കൊണ്ട് റീഷെഡ്യൂൾ ചെയ്യിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ ? അതിന് എന്തെങ്കിലും പദ്ധതി ഉണ്ടോ ? ഹ്രസ്വകാല വായ്പകളെ മദ്ധ്യകാല വായ്പകളാക്കി മാറ്റാനും മദ്ധ്യകാല വായ്പകളെ ദീർഘകാല വായ്പകളാക്കി റീ ഷെഡ്യൂൾ ചെയ്യാനും നബാർഡിന് അധികാരമുണ്ടല്ലോ. നബാർഡിനോട് നിങ്ങൾ അക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ടോ ? യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്ന കാലഘട്ടത്തിൽ, ഒരിക്കൽ കാർഷിക വിളകളുടെ വില ഇടിഞ്ഞുവന്ന ഒരു സന്ദർഭത്തിൽ, അങ്ങനെ ചെയ്തതാണ്. അത് ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ ? ഇതൊന്നും തന്നെ ചെയ്യാൻ നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടില്ല. നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നതായി നയപ്രഖ്യാപനത്തിൽ ഒന്നും ഞങ്ങൾക്ക് കാണാനും കഴിഞ്ഞിട്ടില്ല. സർ, ഇവിടെ പറഞ്ഞു, ആഗോളവൽക്കരണം കൊണ്ടാണ് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞതെന്ന്. ഇത് സ്ഥിരമായിട്ട് പറയുന്നതാണ്. ഗാട്ട് കരാർ, ആഗോളവൽക്കരണം, ഉദാരവൽക്കരണം ഇങ്ങനെ സ്ഥിരം പറയുന്നതാണ്. ഇതൊക്കെ സാധാരണ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കാർ നിരന്തരമായി പ്ലാറ്റ്ഫോമുകളിൽ ഉപയോഗിക്കുന്ന വാക്കുകളാണ്. ഞാൻ ഒന്നു ചോദിക്കട്ടെ. 1991-ലാണ് കേന്ദ്രത്തിൽ ശ്രീ. നരസിംഹറാവു ഗവൺമെന്റ് അധികാരത്തിൽ വന്നത്. 1991-ലാണ് ഈ പുത്തൻ സാമ്പത്തികനയം നരസിംഹറാവു ഗവൺമെന്റ് കൊണ്ടുവന്നത്. ഞങ്ങൾ അത് അംഗീകരിക്കുന്നു. 1991-ൽ, പുത്തൻ സാമ്പത്തികനയം കൊണ്ടുവന്ന സന്ദർഭത്തിൽ ഒരു കിലോ റബ്ബറിന് ഇവിടെയുണ്ടായിരുന്ന വില 32 രൂപയാണ്. സർ, 1991-ൽ പുത്തൻ സാമ്പത്തിക നയം കൊണ്ടുവരികയും 1993-ൽ ഗാട്ട് കരാറിൽ ഒപ്പ് വയ്ക്കുകയും ചെയ്തു. ആ ഗവൺമെന്റ് അധികാരം വിട്ടൊഴിയുന്നത് 1996-ലാണ്. 1991-ൽ പുത്തൻ സാമ്പത്തിക നയം കൊണ്ടുവന്നപ്പോൾ ഒരു കിലോ റബ്ബറിന് 32 രൂപ ഉണ്ടായിരുന്നത് ഗാട്ട് കരാറിൽ ഒപ്പിട്ടതിന് ശേഷം അധികാരം വിട്ടൊഴിയുന്ന 1996 ആയപ്പോൾ 70 രൂപയായി വർദ്ധിക്കുകയാണുണ്ടായത്. പുത്തൻ സാമ്പത്തിക നയം കൊണ്ടുവന്നപ്പോൾ ഒരു നാളികേരത്തിന് മൂന്ന് രൂപയായിരുന്നു വിലയെങ്കിൽ 1996-ൽ ഏഴര രൂപയായി വില വർദ്ധിക്കുകയാണ് ഉണ്ടായത്. അടയുടെ വില 1991-ൽ കിലോയ്ക്ക് 9 രൂപയായിരുന്നുവെങ്കിൽ 1996-ൽ ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ അത് 60 രൂപയായി വർദ്ധിക്കുകയാണുണ്ടായത്. റബ്ബറിന് അന്നുണ്ടായിരുന്ന 70 രൂപ ഇപ്പോൾ 23 രൂപയും നാളികേരത്തിന് ഏഴര രൂപയുണ്ടായിരുന്നത് ഇപ്പോൾ 2 രൂപയും അടയ്ക്കയ്ക്ക് 60 രൂപയുണ്ടായിരുന്നത് ഇപ്പോൾ 30 രൂപയും ആയി ചുരുങ്ങുക ആണുണ്ടായത്. അപ്പോൾ പുത്തൻ സാമ്പത്തിക നയത്തിന്റെ തകരാറാണെങ്കിൽ, ഗാട്ട് കരാറിന്റെ തകരാറാണെങ്കിൽ വില കുറയണ്ടേ ? 5 വർഷവും വില കൂടി. കാർഷിക ഉൽപ്പന്നങ്ങൾക്ക് ഏറ്റവും നല്ല വില കിട്ടിയിരുന്നത് 1996-ലാണ്. ഗാട്ട് കരാർ ഒപ്പിട്ടതിനുശേഷം, പുത്തൻ സാമ്പത്തികനയം വന്നതിനുശേഷമുള്ള 5 വർഷക്കാലവും ഏറ്റവും നല്ല വില കാർഷിക വിളകൾക്ക് കിട്ടി എന്നുള്ളതാണ് വസ്തുത. എന്നിട്ട് ഇവിടെ വന്ന് നിന്നുകൊണ്ട് പറയുന്നത് ഇന്നത്തെ വിലയിടിവിന് കാരണം പുത്തൻ സാമ്പത്തിക നയങ്ങളാണ്. ഗാട്ട് കരാറിന്റെ തകരാറാണ് എന്നാണ്. നമ്മുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ഇന്നത്തെ സാമ്പത്തിക സ്ഥിതി എന്താണ് ? 1996-ൽ ഈ ഗവൺമെന്റ് അധികാരം ഏറ്റെടുക്കുമ്പോൾ 481 കോടി രൂപയുടെ മിച്ചം ഖജനാവിൽ ഉണ്ടായിരുന്നു. എന്താണ് ഇന്നത്തെ സ്ഥിതി ? സാമ്പത്തികമായിട്ടുള്ളതിനെ സംബന്ധിച്ച് ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1996-97 -ൽ റവന്യൂ കമ്മി 643 കോടി രൂപയായിരുന്നുവെങ്കിൽ 1997-98 ആയപ്പോഴേക്കും 1123 കോടി രൂപയും 1998-99 ആയപ്പോഴേക്കും 2030 കോടി രൂപയും 1999-2000 ആയപ്പോഴേക്കും 3624 കോടി രൂപയുമായി റവന്യൂ കമ്മി വർദ്ധിച്ചു. വിഭവ സമാഹരണത്തിന്റെ കാര്യം നോക്കാം. ലക്ഷ്യമിട്ടിരുന്നത് 1997-98-ൽ 216 കോടി രൂപയാണെങ്കിൽ പിരിക്കാൻ കഴിഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

113 കോടി രൂപയാണ്. 1998-99-ൽ 317 കോടി രൂപയായിരുന്നു ലക്ഷ്യമിട്ടിരുന്നതെങ്കിൽ പിരിക്കാൻ കഴിഞ്ഞത് 151കോടി രൂപമാത്രമാണ്. 1999-2000 ആണ്ടിൽ 397 കോടി രൂപയാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും പിരിക്കാൻ കഴിഞ്ഞത് 130 കോടി രൂപ മാത്രമാണ്. നികുതി പിരിക്കുന്ന കാര്യത്തിൽ തികഞ്ഞ അനാസ്ഥ കാണിച്ചു എന്നല്ലേ ഇത് വ്യക്തമാക്കുന്നത് ? ഒറ്റ വർഷവും ലക്ഷ്യമിട്ട നികുതി പിരിച്ചെടുക്കാനായില്ല എന്നുള്ളത് വളരെ ക്ലിയറാണ്. അതുപോലെ പലകാര്യങ്ങളിലും കുറവു വന്നിട്ടുണ്ട്. 1999-2000-മാണ്ടിൽ മാത്രമായിട്ട് വിൽപ്പന നികുതിയിനത്തിൽ 1394 കോടി രൂപ കുറഞ്ഞിരിക്കുകയാണ്. കാർഷികാദായ നികുതിയിൽ 22 കോടി രൂപയുടെ കുറവാണ്. രജിസ്ട്രേഷൻ ഫീ ഇനത്തിൽമാത്രം 145 കോടി രൂപയുടെ കുറവാണ്. നികുതി പിരിവിലെ കെടുകാര്യസ്ഥത വികസന പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. അതുപോലെ തന്നെ മറ്റൊരു കാര്യം ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുന്നത് 11-ാം ധനകാര്യ കമ്മീഷൻ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചത് കേരളത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ് എന്നതാണ്. കേരളത്തിന്റെ ആവശ്യങ്ങൾ കമ്മീഷനെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ കഴിയാതെ പോയത് ഈ ഗവൺമെന്റിന്റെ കഴിവു കേടാണ്. ധനകാര്യ കമ്മീഷൻ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചത് പ്രതികൂലമായി ബാധിക്കുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് അത് മാറ്റിയെടുക്കാൻ ശ്രമിക്കണ്ടേ ? അവിടെയാണ് കെടുകാര്യസ്ഥത, അവിടെയാണ് ഈ ഗവൺമെന്റിന്റെ കഴിവുകേട്. നമ്മുടെ സംസ്ഥാനത്തിന്റെ കട ബാദ്ധ്യതയോ ? ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അന്ന് 10,113 കോടി രൂപ ആയിരുന്നു. 40 വർഷക്കാലം മാറിമാറി വന്ന ഗവൺമെന്റുകൾ എടുത്തിട്ടുള്ള മൊത്തം കടമായിരുന്നു അതെങ്കിൽ ഇന്ന് ആ കട ബാദ്ധ്യത 27,000 കോടി രൂപയായി ഉയർന്നിരിക്കുന്നു. അതായത് 40 വർഷം കൊണ്ട് ഉള്ളതിന്റെ ഏതാണ്ട് ഇരട്ടിയോളം ആണ് വർദ്ധനവ്. അന്ന് 10,000 കോടി രൂപ, ഇന്ന് 27,000 കോടി രൂപ അഞ്ചു വർഷത്തിനകം കടബാദ്ധ്യത വരുത്തിവച്ചിരിക്കുകയാണ്. ഏതാണ്ട് ഒരു വർഷം ശരാശരി 3000 കോടി രൂപയിൽ കൂടുതൽ കട ബാദ്ധ്യത വർദ്ധിച്ചിരിക്കുകയാണ്. അടിസ്ഥാന സൗകര്യം വികസിപ്പിക്കാനായി 500 കോടി രൂപ നികുതി സമാഹരിക്കാൻ ഉദ്ദേശിച്ച് ബോണ്ട് ഇഷ്യൂ ചെയ്തു. 507 കോടി രൂപ കിട്ടുകയും ചെയ്തു. അത് എന്തിനുവേണ്ടിയാണ് ചെലവഴിച്ചത് ? അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ വേണ്ടി ചെലവഴിച്ചോ ? ഒരു നയാപൈസ നിങ്ങൾക്ക് അതിനുവേണ്ടി ചെലവഴിക്കാൻ കഴിഞ്ഞോ ? ആ തുക ശമ്പളം കൊടുക്കൽ ഉൾപ്പെടെയുള്ള ദൈനംദിന കാര്യങ്ങൾക്കുവേണ്ടി വകമാറ്റി ചെലവഴിക്കുകയാണ് ചെയ്തത്. എന്താണ് അതിന്റെ പലിശ ? 13.69 ശതമാനം. എന്നുപറഞ്ഞു ഞാൻ, ഒരു ദിവസം 18.41 ലക്ഷം രൂപയാണ് ആ ബോണ്ടിന്റെ പലിശ നമ്മൾ കൊടുക്കേണ്ടി വരുന്നത്. ഏഴുവർഷം കഴിഞ്ഞ് ഈ തുക തിരിച്ചടയ്ക്കുമ്പോൾ ഇതിന്റെ ബാദ്ധ്യത തന്നെ 1000 കോടി രൂപയിൽ അധികമാണ്. നമ്മുടെ റവന്യൂച്ചെലവോ ? അത് 1996-97-ൽ 6788 കോടി രൂപയാണെങ്കിൽ 1999-2000 ആയപ്പോഴേക്കും അത് 11,218 കോടി രൂപയായി വർദ്ധിച്ചു. എന്ത് ധനകാര്യ മാനേജുമെന്റാണ് ഇവിടെ ഉണ്ടെന്നു പറയുന്നത് ? ഇതിനെല്ലാം പുറമേ കരാറുകാരുടെ കുടിശ്ശിക 326 കോടി രൂപ ആയിരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ എന്താണ് സ്ഥിതി ? 2000-ൽ ചിലാനം കോടി രൂപയാണ് ഇറിഗേഷൻ വകുപ്പിലെ കോൺട്രാക്ടർമാർക്കും പി.ഡബ്ല്യു.ഡി.യിലെ കോൺട്രാക്ടർമാർക്കും കൂടി കൊടുത്തു തീർക്കാനുള്ളത്. വേറെയും കടബാദ്ധ്യതകൾ കിടപ്പുണ്ട്. അതുപോലെ മറ്റു കുടിശ്ശികകളോ ? ജീവനക്കാരുടെ മൂന്നു ഗഡു ഡി. എ. കുടിശ്ശിക. പ്രതിമാസം 24 കോടി രൂപ വേണം. കർഷകത്തൊഴിലാളി പെൻഷൻ - 46.64 കോടി രൂപ കുടിശ്ശിക. തൊഴിലില്ലായ്മവേതനം - 60 കോടി രൂപയാണ് കുടിശ്ശിക. അഗതി പെൻഷൻ-4 കോടി രൂപ കുടിശ്ശിക. വികലാംഗപെൻഷൻ - രണ്ടുകോടി രൂപ കുടിശ്ശിക. ക്യാൻസർ രോഗികൾക്കും അതുപോലെ പാവപ്പെട്ടവർക്കുമൊക്കെ ചികിൽസാ സഹായധനമായി ആയിരം രൂപ, 2000 രൂപയൊക്കെ കൊടുക്കുന്ന പദ്ധതിയുണ്ട്. അതനുസരിച്ചുള്ള ഓർഡർ കയ്യിൽ കിട്ടിയിട്ടും, ആളുകൾ ചത്തു തുടങ്ങിയിട്ടും ഒരു നയാപൈസ ട്രഷറിയിൽ നിന്ന് കിട്ടുന്നില്ല. അവർ ഓർഡർ വച്ചുകൊണ്ടിരിക്കുകയാണ്. ആയിരം രൂപ, 1500 രൂപ, 2000 രൂപയൊക്കെയാണ്. നമ്മുടെ സാമ്പത്തികനില ഇതുപോലെ തകർന്നു തരിപ്പണമായിട്ടുള്ള ഒരു കാലഘട്ടം ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ ? ദൈനം ദിന ചെലവുകൾക്കോ ? അത് മുട്ടിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 2000 നവംബർ മാസം വരെ 440 തവണയാണ് വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുള്ളത്. ഒന്നോ രണ്ടോ തവണയല്ല. ഓവർഡ്രാഫ്റ്റോ ? 13 തവണ ഓവർഡ്രാഫ്റ്റ് എടുത്തു. മൊത്തം 588 കോടി രൂപ. ഇന്ന് സഹകരണ മേഖലയുടെ സ്ഥിതി എന്താണ് ? അതും വെട്ടിലാക്കിയിരിക്കുകയാണ്. സഹകരണ മേഖലയിൽ നിന്ന് കടമെടുത്തു എന്ന് വരുത്താതിരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി, സഹകരണ സ്ഥാപനങ്ങളോട് ട്രഷറിയിൽ കൊണ്ടു നിക്ഷേപിക്കാൻ പറഞ്ഞു. അതനുസരിച്ച് ജില്ലാ ബാങ്ക് 718 കോടി രൂപയും സംസ്ഥാന സഹകരണബാങ്ക് 69 കോടി രൂപയും പ്രാഥമിക ബാങ്കുകൾ 264 കോടി രൂപയും അങ്ങനെ 1051 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഇത്തരത്തിൽ നിക്ഷേപിക്കുന്നതിനെ റിസർവ്വ് ബാങ്കും നബാർഡുമൊക്കെ എതിർത്തതാണ്. സഹകരണ മേഖലയിലെ പണം ഗവൺമെന്റ് ആവശ്യത്തിനുവേണ്ടി മറിക്കാൻ വേണ്ടി അങ്ങനെയൊരു അവസരമുണ്ടാക്കിയതാണ്. അതാണ് സഹകരണ മേഖല ഇന്ന് തകർച്ചയിലേക്ക് നീങ്ങാൻ കാരണം. പ്രാഥമിക സഹകരണ ബാങ്കുകൾ സ്മാൾ സേവിംഗ്സ് ഫിക്സഡ് ഡെപ്പോസിറ്റ് , സ്കീം എന്ന പേരിൽ ട്രഷറിയിൽ നിക്ഷേപിച്ച 264 കോടി രൂപ, ആറര വർഷക്കാലത്തെ അവധി കഴിയുമ്പോൾ അതിന്റെ പലിശമാത്രം 550 കോടി രൂപവരും. ഇതൊക്കെ പോകട്ടെ. ഇപ്പോൾ കണക്കിൽ പെടാത്ത ബാദ്ധ്യതകളുണ്ട്. പ്ലസ് ടുവിന്റെ പേരിൽ അടിസ്ഥാന സൗകര്യത്തിനു വേണ്ടിയുള്ള വക, അദ്ധ്യാപകരുടെ ശമ്പളം ഇനത്തിലുള്ള തുക ഇതൊക്കെ കണ്ടെത്തണം. 200-250 കോടി രൂപ അതിനു വേണ്ടിവരും. അങ്ങനെ നോക്കി കഴിഞ്ഞാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില അക്ഷരാർത്ഥത്തിൽ തകർന്നു തരിപ്പണമായിരിക്കുകയാണ്. ട്രഷറി തുറന്നു വയ്ക്കുന്നു എന്നാണ് വലിയൊരു അവകാശവാദം. പൂട്ടിയിട്ടില്ല എന്നാണ്. പൂട്ടുന്നത് എന്തിനാണ് ? അതിനകത്തൊന്നുമില്ലല്ലോ. കള്ളന്മാർക്ക്പോലും ട്രഷറി വേണ്ട എന്നാണ് പറഞ്ഞത്. അവിടെ നിന്നൊന്നും എടുത്തുകൊണ്ടു പോകാനില്ല. നയാപൈസയില്ല.

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ. മാരുടെ ടി. എ. പോലും ലഭിക്കുന്നില്ല. പാവപ്പെട്ട രോഗികൾക്കുള്ള ചികിൽസാ സഹായം പോലും ഒരു രൂപ മാറി കൊടുക്കുന്നില്ല. മന്ത്രിമാരുടെ ടി.എ. കിട്ടുമോയെന്ന് എനിക്കറിയില്ല. ഈ സംസ്ഥാനം ഭരിച്ച് പാപ്പരാക്കി, ഒരു നയാപൈസയെടുക്കാനില്ലാതിരിക്കുന്ന കാലിയായ ഖജനാവ് വച്ചിട്ടാണ് നമ്മുടെ ഗവർണർ സാമ്പത്തികനില ഭദ്രം എന്ന് പറഞ്ഞിരിക്കുന്നത്. കാർഷികമേഖല തകർന്ന് തരിപ്പണമായി. കൃഷിക്കാർ കുത്തുപാളയെടുത്തു. ശ്മശാന മൂകതയാണ് ഈ കേരളത്തിൽ. അപ്പോൾ പറയുന്നു കാർഷികമേഖലയ്ക്ക് നല്ല ഉണർവ് ഉണ്ടായിട്ടുണ്ടെന്ന്. ഒരൊറ്റ പുതിയ വ്യവസായം വന്നില്ല. എത്രയോ തവണ വിദേശത്തുപോയി. മൊട്ടുസൂചി നിർമ്മിക്കുന്ന ഒരു വ്യവസായംപോലും കൊണ്ടുവന്നിട്ടില്ല. എന്നിട്ടും പറയുന്നു 'വ്യവസായ നില ഭദ്രം' എന്ന്. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ കൊടുത്തുവെന്നാണ് പറയുന്നത്. ഇവിടെ ഒരു ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത് 10 ലക്ഷത്തോളം തൊഴിലില്ലാത്ത ചെറുപ്പക്കാർ ഉണ്ടെന്നാണ്. കള്ളവായ പ്രസ്താവനകൾ ചേർത്തിട്ടാണ് ഒരു നയപ്രഖ്യാപനം നടത്തിയിരിക്കുന്നത്. നയപ്രഖ്യാപനത്തിലാണെങ്കിൽ പഴയ കാലത്തെ സംബന്ധിച്ചുള്ള വിലയിരുത്തൽ മാത്രമേയുള്ളൂ. പുതിയതിനെക്കുറിച്ചുള്ള നയമോ, പുതിയതിനെക്കുറിച്ചുള്ള കാഴ്ചപ്പാടോ ഇല്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇത് ഏറ്റവും വലിയ തമാശയായിട്ടാണ് തോന്നുന്നതെന്ന്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഭരണത്തെ സംബന്ധിച്ച് തെറ്റായ കുറെ കണക്കുകളും തെറ്റായ കുറെ പരാമർശനങ്ങളുമല്ലാതെ നയപ്രഖ്യാപന പ്രസംഗത്തിൽ വേണ്ട ഭരണഘടനാപരമായിട്ടുള്ള കാര്യങ്ങളൊന്നും ഇതിനകത്തില്ല. അതുകൊണ്ട് ഈ നയപ്രഖ്യാപന പ്രസംഗത്തേയും അതിനുള്ള നന്ദിപ്രമേയത്തേയും ശക്തമായി എതിർക്കാതിരിക്കാൻ നിർവ്വാഹമില്ല. ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം കഴിഞ്ഞപ്പോൾ ആ പ്രസംഗത്തിൽ ഒന്നുമില്ലായെന്ന് ശ്രീ. കാർത്തികേയനാണ് ആദ്യം പറഞ്ഞത്. ആ പ്രസംഗം കേൾക്കുകയോ വായിക്കുകയോ അദ്ദേഹം ചെയ്തിട്ടില്ല. കാരണം, അത് കേൾക്കാനിരിക്കാതെ അവർ ഇറങ്ങിപ്പോയി. അങ്ങനെ പോയിട്ടാണ് മാദ്ധ്യമങ്ങളോട് പറയുന്നത്, ആ പ്രസംഗത്തിൽ ഒന്നുമില്ലായെന്ന്. ആ പ്രസംഗം കണ്ടില്ല, കേട്ടതുമില്ല, വായിച്ചതുമില്ല. കാർത്തികേയൻ പറഞ്ഞ അതേ പല്ലവി തന്നെ ബഹുമാന്യനായ തങ്കച്ചൻ പറയുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചില്ല. ഇദ്ദേഹവും രണ്ടുദിവസം കുത്തിയിരുന്നു വായിച്ചുവെന്നാണ് പറഞ്ഞത്. അത് വെറുതെ പറഞ്ഞതാണ്. അങ്ങനെ വായിച്ചിരുന്നുവെങ്കിൽ ഭാവിയിൽ ഈ ഗവൺമെന്റ് എന്തൊക്കെ ചെയ്യുമെന്ന് നയ പ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത് കാണുമായിരുന്നു. അത് വായിക്കാതെ കാർത്തികേയൻ പറഞ്ഞതിനെ അനുകരിക്കുകയാണ് ശ്രീ. തങ്കച്ചനും ചെയ്തത്. വായിച്ചിരുന്നുവെങ്കിൽ ഭാവിയിൽ ഓരോ മേഖലയിലും ഈ ഗവൺമെന്റ് എന്ത് ചെയ്യുമെന്ന് സൂചിപ്പിച്ചിരുന്നത് കാണുമായിരുന്നു. ശ്രീ. തങ്കച്ചൻ അവസാനമായി പറഞ്ഞത് നിറുത്തിയത് എം. എൽ. എ. മാരുടെ ടി. എ. കിട്ടുന്നില്ല, സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടാണ്. ട്രഷറിയിൽ പണമില്ല, കള്ളന്മാർ പോലും കയറുന്നില്ല എന്നൊക്കെയാണ്. എം. എൽ. എ. മാർക്ക് ചിലപ്പോൾ ടി. എ. കിട്ടാതെ വരും. എം. എൽ. എ. മാർക്ക് മാത്രമല്ല പലർക്കും കിട്ടാതിരിക്കുന്നു, പക്ഷേ ട്രഷറിയിലെ പണം എന്തിന് വിനിയോഗിച്ചുവെന്നുള്ളത് നമ്മൾ അറിയേണ്ടതുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ പണം എന്തിനാണ് വിനിയോഗിച്ചതെന്ന് പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇന്ത്യയിലെ വ്യാവസായിക വളർച്ച 7.2 ശതമാനമാണ്. കേന്ദ്രത്തിന്റെ കാര്യമെടുത്താൽ നിങ്ങൾക്ക് ഈ സൂചികയിൽ എത്താൻ സാധിച്ചിട്ടുണ്ടോ ? ആ പണം വ്യാവസായിക വളർച്ചയ്ക്ക് വേണ്ടി ഉപയോഗിച്ചു. തൊണ്ണൂറായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിമൂന്ന് എസ്. എസ്. ഐ. യൂണിറ്റുകൾ പുതിയതായി രജിസ്റ്റർ ചെയ്ത് അതിലൂടെ 3.3 ലക്ഷം പേർക്ക് ജോലി കൊടുത്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 17,188 കിലോമീറ്റർ റോഡ് പുതിയതായുണ്ടാക്കി. കേരളത്തിലെ റോഡുകളിൽ 77 ശതമാനവും പഞ്ചായത്ത്-വില്ലേജ് റോഡുകളാണ്. 1725 പാലങ്ങളാണ് ഈ നാല് വർഷംകൊണ്ട് പുതിയതായി ജനകീയാസൂത്രണ പദ്ധതി പ്രകാരം നിർമ്മിച്ചത്. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇൻഡ്യയിലാകെ നിർമ്മിച്ച പി.ഡബ്ലിയു. ഡി. പാലങ്ങളുടെ എണ്ണം 1935 ആണ്. ആ സ്ഥാനത്ത് കേരളത്തിൽ 1725 പാലങ്ങൾ നിർമ്മിച്ചു. മഞ്ചാടി പെറുക്കിക്കൊടുത്താൽ പാലം നിർമ്മിക്കാൻ സാധിക്കുമോ ? കാശ് കൊടുക്കണം. അങ്ങനെയുള്ള കാര്യങ്ങൾക്ക് കാശ് കൊടുക്കുന്നതിനാണ് ട്രഷറിയിലെ പണം വിനിയോഗിച്ചത്. അപ്പോൾ ടി. എ. കിട്ടാൻ വൈകിപ്പോയിയെന്നിരിക്കും. പക്ഷേ നാട്ടുകാർക്ക് സഞ്ചരിക്കാനുള്ള പാലമുണ്ടായി. റോഡുകളുടെ മൊത്തം നീളം 77,356 കിലോമീറ്ററാണ്. അതിൽ 17186 കിലോമീറ്റർ ഇപ്പോൾ നിർമ്മിച്ചുവെന്ന് പറഞ്ഞാൽ അത് ചെറിയ കാര്യമാണോ? ഈ ഗവൺമെന്റിന്റെ കാലത്ത് നിർമ്മിച്ചതാണ്. പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് 1.17 ലക്ഷം വീട് നിർമ്മിച്ചുകൊടുത്തു. അവർക്ക് മാത്രമായി 409 കോടിരൂപയാണ് വീട് നിർമ്മിക്കാൻ ചെലവഴിച്ചത്. അപ്പോൾ ട്രഷറിയിൽ അൽപ്പം ബുദ്ധിമുട്ട് വന്നെന്നിരിക്കും. അഞ്ച് ലക്ഷം വീടുകൾ പൂർത്തിയാക്കി. 1750 കോടിരൂപയാണ് ചെലവഴിച്ചത്. കാശ് എങ്ങോട്ട് പോയിയെന്ന് മനസ്സിലായല്ലോ ? ഇതുപോലെയുള്ള നല്ല കാര്യങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ചില മേഖലകൾ മാത്രമെടുത്തു പറഞ്ഞു വെന്നേയുള്ളൂ. നിങ്ങളോ ഞാനോ കരുതിയിരുന്നതാണോ ഈ കേരളം രണ്ടായിരമാണ്ട് ആകുമ്പോൾ വൈദ്യുതിയിൽ സ്വയംപര്യാപ്തത കൈവരിക്കുമെന്ന്. അഞ്ച് വർഷം നിങ്ങൾ ഭരിച്ചപ്പോൾ 17 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചു. ഇപ്പോൾ 976 മെഗാവാട്ടാണ് ഈ ഗവൺമെന്റ് അധികമായി ഉൽപ്പാദിപ്പിച്ചത്. അതിന് കൊഞ്ഞനം കുത്തിയിട്ട് കാര്യമില്ല. മത്സ്യത്തൊഴിലാളി മേഖലയിൽ വീട് നിർമ്മിച്ചുകൊടുത്തു. ഇപ്പോൾ ഏറ്റവും ഒടുവിലായി കടലിൽ പോയി അപകടം സംഭവിച്ചാൽ വിവരം കരയ്ക്കെത്തിക്കാനുള്ള വാക്കിടോക്കി കൊടുത്തു. ഒരു തൊഴിലാളി കടലിൽ പോയി മരണപ്പെട്ടുപോയാൽ അവന്റെ കുടുംബം അനാഥമാകാതിരിക്കാൻ രണ്ടരലക്ഷം രൂപ കോമ്പൻസേഷൻ കൊടുക്കും. നിങ്ങൾ ഈ കേരളം ഭരിച്ചിരുന്നപ്പോൾ മത്സ്യത്തൊഴിലാളിക്ക് കിട്ടിക്കൊണ്ടിരുന്ന സഹായം, ആണ്ടിൽ 50 രൂപ ഓല കെട്ടാൻ കൊടുക്കും. പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഒരാഴ്ചത്തെ സൗജന്യറേഷൻ, അതിൽ നിന്നും മാറി മത്സ്യത്തൊഴിലാളികളെ തൊഴിലാളികളായി കണ്ട് ആനുകൂല്യം എത്തിച്ചുകൊടുക്കുന്ന ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അതിനുവേണ്ടി ബജനാവിലെ കാശെടുത്ത് ചെലവഴിച്ചിട്ടുണ്ട്. ടൂറിസം രംഗത്തെ പുരോഗതി നേട്ടമായി നിങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. കേരളത്തിലേക്കുള്ള ടൂറിസ്റ്റുകളുടെ കടന്നുവരവ് വളരെ വർദ്ധിച്ചിട്ടുണ്ട്. രണ്ടര ലക്ഷംപേർ, അതായത് 100 ശതമാനം വർദ്ധനവ്, കോൺഗ്രസ്സോ ബി. ജെ. പി.യോ ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്ത് ടൂറിസ്റ്റുകൾ പോകുമോ? പോയാൽ കഴുത്തിനുമുകളിൽ തല കാണുകയില്ല. ഇവിടെ കുഴപ്പമില്ലെന്നുള്ളതുകൊണ്ടാണ് ടൂറിസ്റ്റുകൾ ഇവിടേക്ക് വരുന്നത്. വിനോദ സഞ്ചാരത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാ നത്തിനുള്ള ഭാരത സർക്കാർ ബഹുമതി കഴിഞ്ഞ രണ്ടുപ്രാവശ്യമായി ഈ കേരളം നേടുന്നു. ഒന്നും ചെയ്യാഞ്ഞിട്ടാണോ ? തൊഴിൽരഹിതർക്ക് തൊഴിൽ, ഒരുലക്ഷത്തി എഴുപതിനായിരം പേർക്ക് പി.എസ്.സി. മുഖേന ജോലി കൊടുത്തു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊണ്ണൂറായിരം പേർക്ക് വേറെയും ജോലി കൊടുത്തു. ഇതൊക്കെ ഏത് സാഹചര്യത്തിലെന്ന് അറിയാമോ?

ഇൻഡ്യാ ഗവൺമെന്റ് നിലവിലുള്ള ജീവനക്കാരെ 10 ശതമാനം വെട്ടികുറയ്ക്കുകയാണ്. പുതിയ നിയമനം പാടില്ല എന്ന കർശനമായ വ്യവസ്ഥയോടുകൂടി കേന്ദ്രവും സംസ്ഥാനങ്ങളും എം. ഒ. യു. ഒപ്പിടുകയാണ്. രാജ്യങ്ങൾ തമ്മിൽ എം. ഒ. യു. ഒപ്പിടുന്നുണ്ട്. എന്താണ് എം. ഒ. യു വ്യവസ്ഥകൾ? സംസ്ഥാനങ്ങളോട് പറയുകയാണ് ഒരൊറ്റ വേക്കൻസിയും ഫിൽ ചെയ്യരുത്, ഉള്ളതിൽ 10 ശതമാനം വെട്ടികുറയ്ക്കണം, ട്രാൻസ്പോർട്ട് ചാർജ് കൂട്ടണം, വാട്ടർ ചാർജ് കൂട്ടണം, ഇലക്ട്രിസിറ്റി ചാർജ് കൂട്ടണം, സമ്മതമാണോ? സമ്മതമാണെന്ന് ഒപ്പിട്ടു കൊടുക്കുകയാണ്. പ്ലാൻ എക്സ്പെന്റിച്ചറിന്റെ 40 ശതമാനം കുറയ്ക്കാൻ എം. ഒ. യു. വ്യവസ്ഥകളാണ്. ഡി. എ. വർദ്ധിപ്പിക്കരുത്, ശമ്പള പരിഷ്ക്കരണം പാടില്ല. ഈ വ്യവസ്ഥകളെല്ലാം അംഗീകരിച്ച് ഒപ്പിട്ടു കൊടുത്ത് ഭരണം നടത്തുന്ന പാർട്ടികളുടെ പ്രതിനിധികളാണ് അപ്പുറത്തിരിക്കുന്നവർ. ഞാൻ ചോദിക്കട്ടെ, ഇവിടെ മോചനയാത്ര നടത്തി ശ്രീ. എ. കെ. ആന്റണിയും കൂട്ടരും അധികാരത്തിൽ വരണം എന്നുപറഞ്ഞ് നടക്കുന്നുണ്ടല്ലോ. നിങ്ങൾ വന്നാൽ ഈ വ്യവസ്ഥകൾ അംഗീകരിക്കാതെ ഈ കേരളത്തിൽ ഭരണം നടക്കുമോ ? സർക്കാർ ജീവനക്കാരന് ശമ്പളം ഉണ്ടാകില്ല. ഡി.എ. വെട്ടികുറയ്ക്കും, എല്ലാ നിരക്കുകളും വർദ്ധിപ്പിക്കും. ടാക്സ് വർദ്ധിപ്പിക്കും. ഈ കരാറിൽ എം. ഒ. യു ഒപ്പിടാൻ പറഞ്ഞപ്പോൾ മനസ്സില്ല എന്നു പറഞ്ഞ ഗവൺമെന്റാണ് എൽ. ഡി. എഫ്. ഗവൺമെന്റ്. ആ അവസരത്തിലാണ് ഒരു ലക്ഷത്തി പതിനേഴായിരം പേർക്ക് പുതുതായി നിയമനം നൽകിയത്. കോൺഗ്രസും ബി. ജെ. പി.യും ഭരിക്കുന്ന 10 സംസ്ഥാനങ്ങൾ എം.ഒ.യു. ഒപ്പിട്ടു. ആ 10 സംസ്ഥാനങ്ങളിൽ പല സംസ്ഥാനങ്ങളിലും എല്ലാ ജില്ലകളിലും ഒരേ ദിവസം ശമ്പളമില്ല. ആരു ഭരിക്കുന്നിടത്ത് ? നിങ്ങൾ ഭരിക്കുന്നിടത്ത്. ഈ ആഴ്ച ഒരു ജില്ലക്കാർക്ക് ശമ്പളമെങ്കിൽ അടുത്തയാഴ്ച അടുത്ത ജില്ലക്കാർക്ക്. 4 മാസം 5 മാസം ശമ്പളകുടിശ്ശിക. ഇത് ഇൻഡ്യയിൽ കോൺഗ്രസും ബി.ജെ.പി.യും ഭരിക്കുന്ന സംസ്ഥാനങ്ങളിലെ സ്ഥിതിയാണ്. എം.ഒ.യു. ഒപ്പിട്ട 10 സംസ്ഥാനങ്ങളിലെ സ്ഥിതിയാണ്. ഇതൊക്കെ മനസിലാക്കിയിട്ടുവേണ്ടേ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വന്ന് ഈ ഗവൺമെന്റിനെ വിമർശിക്കാൻ ? ഇവിടെ ശ്രീ. പി. പി. തങ്കച്ചൻ പ്രസംഗിച്ചത് ആഗോളവൽക്കരണമല്ല കുഴപ്പം എന്നാണ്. ആഗോളവൽക്കരണം ദോഷമായിരിക്കുന്നുവെന്നാണ് ശ്രീ. തങ്കച്ചന്റെ പാർട്ടിയുടെ നേതാവായ ശ്രീ. വയലാർരവി പറയുന്നത്. പുതിയ സാമ്പത്തിക നയവും ആഗോളവൽക്കരണവുമാണ് കോൺഗ്രസിനെ ഈ മൂലയിൽ ആക്കിയത് എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നത് ശ്രീ. തങ്കച്ചൻ വായിച്ചിരിക്കില്ല. കോൺഗ്രസിനെ തകർത്തത് ഈ സാമ്പത്തികനയമാണ്. ആ നയം നടപ്പാക്കുന്ന ബി. ജെ. പി.യും തകർച്ചയിലേക്ക് പോകും. അതുകൊണ്ട് ഇതു തിരുത്തിയാലല്ലാതെ തങ്ങൾക്കു രക്ഷയില്ല എന്നാണ് ശ്രീ. വയലാർ രവിയുടെ പ്രസംഗം. ശ്രീ. പി. പി. തങ്കച്ചൻ അത് സൗകര്യപൂർവം മറച്ചുവച്ചു. കഴിഞ്ഞ നിയമസഭാ സമ്മേളനം കൂടിയപ്പോൾ ഇതിന്റെ വെളിയിൽപ്പോയി കിടന്നു. ഇതിനകത്തിരുന്നില്ല. കഴിഞ്ഞ 2 പ്രാവശ്യമായി ഇതിന്റെ പുറത്തേയിരിക്കു. അകത്തിരിക്കാൻ പറഞ്ഞാൽ ഇരിക്കില്ല. ഞാൻ ചോദിക്കട്ടെ, നാളികേരത്തിന് വിലയിടിഞ്ഞതിന്റെ ഉത്തരവാദി ആര് ? ..... നിങ്ങൾ മണിച്ചന്റെ വീട്ടിലും മറ്റുമിരുന്ന് ശീലിച്ചവരും കാശു വാങ്ങിയവരുമാണ്. ആ കാര്യം എന്നെക്കൊണ്ടൊന്നും പറയിപ്പിക്കണ്ട. വീണ്ടും എന്നെകൊണ്ട് പറയിപ്പിക്കണ്ട. നിങ്ങൾ അവന്റെയെല്ലാം അന്തപ്പുരത്തിൽ കഴിഞ്ഞവരാണ്. ഞാൻ ഈ വിഷയം കഴിഞ്ഞിട്ട് വേണമെങ്കിൽ അതിനെക്കുറിച്ച് വാദപ്രതിവാദനം നടത്താം. അപ്പൂപ്പൻ എന്ന് എന്നെ വിളിച്ചില്ല. ശ്രീ. വക്കം പുരുഷോത്തമനെയാണ് വിളിച്ചത്. എന്നെ പിള്ളേരാരും അപ്പൂപ്പൻ എന്ന് വിളിച്ചിട്ടില്ല. വക്കം പുരുഷോത്തമനെയാണ് വിളിച്ചത്. അതൊന്നും എന്നോട് പറയണ്ട. ഞാൻ എന്റെ പ്രസംഗം കഴിഞ്ഞിട്ട് അതിലേക്ക് വരാം. നിങ്ങൾക്ക് അതെല്ലാം പറയുമ്പോൾ വിശ്വാസം വരും. ഏതെന്നറിയാമോ ? വെളിച്ചെണ്ണയുടെയും കൊപ്രയുടെയും നാളികേരത്തിന്റെയും വിലയിടിഞ്ഞു. ആരാണ് ഉത്തരവാദി ? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണോ ? ഇപ്പോൾ നാട്ടുകാരും കൃഷിക്കാരും ബോർഡ് എഴുതി തൂക്കുന്നു. എന്റെ പുരയിടത്തിലെ തേങ്ങ ആർക്കുവേണമെങ്കിലും അടത്തു കൊണ്ടുപോകാം എന്ന്. പ്ലാവിൽ ചക്ക കൂടുതൽ ഉള്ളപ്പോൾ ബോർഡ് എഴുതി തൂക്കുമായിരുന്നു. ആർക്കു വേണമെങ്കിലും ചക്ക അടത്തുകൊണ്ടു പൊയ്ക്കൊള്ളാം എന്ന്. അതുപോലെ നാളികേര കൃഷിക്കാർ ബോർഡ് എഴുതി തൂക്കുകയാണ്. അടത്തുകൊണ്ടുപോകാൻ. വെളിച്ചെണ്ണയില്ലാത്ത നാടാണോ ഈ കേരളം ? തേങ്ങയില്ലാത്ത നാടാണോ? ഇവിടെ എന്തിന് ഇറക്കുമതിക്ക് അനുമതി കൊടുത്തു? റബ്ബർ ഇറക്കുമതി അനുവദിച്ചല്ലോ. ആരാണ് അനുമതി കൊടുത്തത് ? നിങ്ങൾ ഇരിക്കേണ്ടത് ആന്റണിയുടെ വീടിനു മുന്നിലല്ലേ ? റബ്ബറിന്റെ ഇറക്കുമതിക്ക് അനുമതി കൊടുത്തത് ആരാണ്? ശ്രീ. എ. കെ. ആന്റണി ഉൾക്കൊള്ളുന്ന 1991-ലെ നരസിംഹറാവു മന്ത്രിസഭയല്ലേ ? റബ്ബറും സെക്കന്റ് ഹാൻഡ് ടയറും ഇവിടെ ഇറക്കുമതി ചെയ്തതിന്റെ ഫലമായിട്ടല്ലേ കേരളത്തിലെ റബ്ബറിന് വിലയില്ലാതായത് ? അത് ഇറക്കുമതി ചെയ്യാൻ അനുമതി കൊടുത്തിട്ട് ഇവിടെ വന്ന് പറയുകയാണ്, നായനാർ അതിന്റെ വില സംരക്ഷിക്കണം എന്ന്. എന്തിന് നിങ്ങൾ അനുമതി കൊടുത്തു ? നിങ്ങൾ സമരം നടത്തേണ്ടത്, സത്യാഗ്രഹം ഇരിക്കേണ്ടത്, കോൺഗ്രസ് ഓഫീസിനു മുന്നിലാണ് ; ഈ നിയമസഭയുടെ മുന്നിലല്ല. എല്ലാ ഉൽപ്പന്നങ്ങളും ഇറക്കുമതി ചെയ്ത് വ്യാപാര വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയാകെ സ്തംഭിച്ചു കിടക്കുന്നു. ഏതു കച്ചവടക്കാരന്റെ കൈയിൽനിന്നും ടാക്സ് പിരിക്കും? കച്ചവടമുണ്ടോ ? ടാക്സ് പിരിക്കാൻ ഒക്കുമോ ? മരവിപ്പല്ലേ ? ആരാണ് ഉത്തരവാദി ? ഇപ്പുറത്തിരിക്കുന്നവരാണോ ? അതിന്റെ പൂർണമായ ഉത്തരവാദി നിങ്ങളല്ലേ ? റബ്ബറിന്റെ വിലക്കുറവിന് ഉത്തരവാദി ശ്രീ. എ. കെ. ആന്റണിയാണ്. നാളികേരത്തിന്റെ വിലക്കുറവിന് ഉത്തരവാദി ആന്റണിയാണ്. കുരുമുളകിന്റെ വിലക്കുറവിന് ഉത്തരവാദി ആന്റണിയാണ്. ശ്രീ. എ. കെ. ആന്റണി കരാർ ഒപ്പിട്ട മന്ത്രിസഭയിലെ അംഗമായിരുന്നു. ശ്രീ. കെ. കരുണാകരനും ഉണ്ടായിരുന്നു. എന്നിട്ട് രണ്ടാളും ഇപ്പോൾ ജാഥ നടത്തുന്നുണ്ടല്ലോ. ജാഥയിൽ ഒരക്ഷരം മിണ്ടുന്നുണ്ടോ, കൃഷിക്കാരന്റെയോ, ഈ നാടിന്റെയോ പ്രശ്നം ? ഈ സാമ്പത്തിക നയത്തിനെതിരെ ഒരക്ഷരം മിണ്ടുന്നുണ്ടോ ? ബി. ജെ. പി. ക്കെതിരെ ഒരക്ഷരം മിണ്ടുന്നുണ്ടോ ? ഇല്ല. ക്രമസമാധാനത്തിൽ ഈ കേരളം ഒന്നാംസ്ഥാനത്താണ് എന്ന് ഞങ്ങളല്ല പറഞ്ഞത്. ആരാണ് പറഞ്ഞത് ? രാജീവ് ഗാന്ധിയുടെ പേരിലുള്ള ഒരു സ്ഥാപനം. 'രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററിസ്റ്റഡീസ്' എന്ന ഒരു സ്ഥാപനം അടുത്തകാലത്ത് നടത്തിയ പഠനത്തിൽ ക്രമസമാധാനത്തിന്റെ കാര്യത്തിൽ കേരളം ഒന്നാംസ്ഥാനത്താണെന്നു പറയുന്നു. ആ സ്ഥാപനം സോണിയാഗാന്ധി നിയന്ത്രിക്കുന്നു. പക്ഷേ അവർക്കിപ്പോൾ ഗാന്ധിമാരെ അത്ര ഇഷ്ടമില്ല. നിങ്ങൾക്ക് അറിയാമോ, ഇതിനേക്കാൾ മൂത്ത ഗാന്ധിയാണല്ലോ മഹാത്മാഗാന്ധി. ആ മഹാത്മാഗാന്ധിയെ വെടിവച്ചു കൊന്ന നാഥുറാം വിനായക് ഗോഡ്സെയുടെ പാർട്ടിയായ ആർ. എസ്. എസ്. ആണ് താനെന്നു പറയുന്നതിൽ തനിക്ക് അഭിമാനമുണ്ടെന്ന് ഇൻഡ്യയുടെ പ്രധാനമന്ത്രിയായ വാജ്പേയി അമേരിക്കയിൽ പോയി പ്രസംഗിച്ചിട്ട് അതിനെതിരെ ഒരക്ഷരം ഉരിയാടാൻ കഴിയാത്ത ഒരു പാർട്ടിയായി നിങ്ങളുടെ പാർട്ടി അധ:പതിച്ചു പോയില്ലേ ? ഇൻഡ്യയാകെ ഇളകിമറിയണ്ടേ ? വാജ്പേയിക്ക് അമേരിക്കയിൽ പോയി അങ്ങനെ പ്രസംഗിക്കാമോ ? ആർ. എസ്. എസ്. കാരനു പ്രസംഗിക്കാം. വാജ്പേയി ഇൻഡ്യയുടെ പ്രധാനമന്ത്രിയാണ്. ഇൻഡ്യയുടെ രാഷ്ട്രപിതാവിനെ കൊന്ന സംഘടനയിലെ അംഗമാണ് താനെന്നു പറയുന്നതിൽ തനിക്ക് അഭിമാനമുണ്ടെന്ന് അവിടെപ്പോയി പ്രസംഗിച്ചിട്ട്, അതിനെതിരെ ഒരു ചെറുവിരൽ അനക്കാൻ നിങ്ങൾക്കു കഴിഞ്ഞോ ? കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പൊളിറ്റ് ബ്യൂറോ ആണ് ആ പ്രസ്താവനയ്ക്കെതിരെ പ്രതിഷേധ പ്രസ്താവന ഇറക്കിയത്. കോൺഗ്രസ് മിണ്ടിയില്ല. എന്തുകൊണ്ടു മിണ്ടുന്നില്ല ? ഞാൻ അതിലേക്ക് വരാം. ഗാന്ധിജിയെ കൊന്ന വ്യക്തിയുടെ പാർട്ടിക്കാരനാണ് താനെന്നു പറഞ്ഞിട്ട് നിങ്ങൾ മിണ്ടണ്ടേ ? മിണ്ടിയോ ? അതിന്മേൽ പ്രതികരണമില്ല എന്നറിഞ്ഞപ്പോൾ തിരിച്ചുവന്ന് എന്താണ് പറഞ്ഞത് ? ബാബറി മസ്ജിദ് പൊളിച്ചത് ദേശീയ വികാരമാണ്. അമ്പലം പണിയുന്നത് ദേശീയവികാരമാണ് എന്നാണ്. നിങ്ങൾ കുറെപ്പേർ ഇപ്പോൾ മോചനയാത്രയുമായി നടക്കുന്നുണ്ടല്ലോ. നമ്മുടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെയും മറ്റും അന്ത്യയാത്രയായി കൊണ്ടു നടക്കുന്നത്. ദേശീയ വികാരമാണോ ബാബറി മസ്ജിദ് പൊളിച്ചത് ? തിരുവനന്തപുരത്തു വന്നതിനുശേഷം ആർ. എസ്. എസ്.-ന്റെ നേതാവായ കെ. ആർ. സുദർശനൻ പറഞ്ഞത് ഇൻഡ്യയ്ക്ക് 3 ശത്രുക്കളുണ്ട് എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിലെ ഒരു ശത്രു ക്രിസ്ത്യാനി, കത്തോലിക്കനാണ്. റോമനായാലും സുറിയാനിയായാലും തങ്കച്ചന്റെതായാലും ഇൻഡ്യയുടെ ശത്രു. മണ്ടാമത് മുസ്ലീം. 3-ാമത് കമ്മ്യൂണിസ്റ്റുകാർ. ഞങ്ങൾക്കു അവരുടെ ഓശാരം വേണ്ട. അവരുടെ ഓശാരം കൊണ്ടല്ല കമ്മ്യൂണിസ്റ്റുകാർ ജീവിക്കുന്നത്. കോൺഗ്രസിനെ അവരുടെ ശത്രുവായി കണ്ടില്ല. മുസൽമാന്റെയും ക്രിസ്ത്യാനിയുടെയും കൂട്ടത്തിൽ ഞങ്ങളെപ്പെടുത്തി. ഞങ്ങൾക്ക് അതിൽ സന്തോഷമേയുള്ളൂ. എന്തെന്ന് അറിയാമോ ? അത് ഞാൻ പറഞ്ഞിട്ടേ അവസാനിപ്പിക്കൂ. ഇൻഡ്യയിലെ മതന്യൂന പക്ഷങ്ങളെ ആക്രമിക്കണമെങ്കിൽ കമ്മ്യൂണിസ്റ്റുകാരനെ ആക്രമിക്കണം. അതുകൊണ്ടല്ലേ അവരെ ഈ പട്ടികയിൽ ചേർത്തത്. ആ മത ന്യൂനപക്ഷങ്ങളുടെ സംരക്ഷകർ കമ്മ്യൂണിസ്റ്റുകാരാണ്. ഞാൻ ചോദിക്കട്ടെ, അങ്ങനെ ഒരു പ്രസ്താവന നടത്തിയിട്ട്, ശ്രീ. എ. കെ. ആന്റണി ഇവിടെയാണല്ലോ സ്ഥിരതാമസം, ഒരക്ഷരം മിണ്ടിയോ ? തലമുതിർന്ന നേതാവ് ശ്രീ. കെ. കരുണാകരൻ ഇവിടെയാണല്ലോ താമസം. ഒരക്ഷരം മിണ്ടിയോ ? മുസൽമാൻ നാടുവിട്ടു പൊയ്ക്കൊള്ളണം. ക്രിസ്ത്യാനി രാജ്യം വിട്ടുപൊയ്ക്കൊള്ളണം. അവർ ഇൻഡ്യയുടെ ശത്രുക്കളാണ്. ഞങ്ങൾക്കു വേണ്ടി നിങ്ങൾ വാദിക്കണ്ട എന്നുപറഞ്ഞിട്ട് ക്രിസ്ത്യാനിയും മുസൽമാനും രാജ്യംവിട്ടുപോകണമെന്ന് സുദർശനൻ ഇവിടെ പ്രസ്താവന നടത്തിയപ്പോൾ ആ പ്രസ്താവനയ്ക്കെതിരെ ഒരക്ഷരം ഉരിയാടാത്ത നിലപാട് സ്വീകരിച്ച പാർട്ടിയല്ലേ നിങ്ങളുടേത് ? എന്നിട്ട് ഇപ്പോൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നടക്കുകയാണ്. കുഞ്ഞാലിക്കുട്ടിയുടെ ലീഗ് ഇൻഡ്യയിലെ മുസൽമാന്റെ താൽപ്പര്യം സംരക്ഷിക്കുന്നതല്ല എന്നു തെളിയും. നാദാപുരത്തെക്കുറിച്ച് പറഞ്ഞല്ലോ, നാദാപുരത്ത് ഓരോ തെരഞ്ഞെടുപ്പ് കഴിയുമ്പോഴുള്ള സ്ഥിതി എന്താണ് ? അവിടത്തെ സത്യൻ മൊകേരിക്ക് ഭൂരിപക്ഷം കൂടിക്കൊണ്ടേയിരിക്കും. ഇപ്പോൾ പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പു കഴിഞ്ഞു. അവിടെ മുസ്ലീങ്ങൾക്ക് എതിരായിട്ടാണ് കമ്മ്യൂണിസ്റ്റുകാർ നിൽക്കുന്നത് എങ്കിൽ, ആ കമ്മ്യൂണിസ്റ്റുകാർക്ക് വോട്ടു ചെയ്യില്ലല്ലോ. അവിടെ ഏതെങ്കിലും സ്ത്രീയുടെ കാലിൽ പിടിച്ച് ..... മാനഭംഗപ്പെടുത്തി, എന്ന് എന്റെ സ്നേഹിതൻ ശ്രീ. പി. കെ. കെ. ബാവ പോലും പറഞ്ഞില്ല. മാനഭംഗത്തെക്കുറിച്ച് പറഞ്ഞില്ല, ബലാൽസംഗത്തെക്കുറിച്ച് പറഞ്ഞില്ല ഇവിടെ ശ്രീ. പി. കെ. കെ. ബാവ പറയാത്ത കാര്യത്തിന് നിങ്ങൾ എന്തിനാണ് വക്കാലത്ത് പിടിക്കുന്നത് ? അവിടെ ഏതെങ്കിലും സാമൂഹ്യ വിരുദ്ധന്മാർ ഏതെങ്കിലും ഒരുഭാഗത്ത് ആക്രമിച്ചാൽ, അവരുടെ വീട് ആക്രമിച്ചാൽ, സ്ത്രീയെ കടന്നുപിടിക്കാൻ ശ്രമിച്ചാൽ നിങ്ങൾ ഈ രാജ്യം മുഴുവൻ അതും പ്രചരിപ്പിച്ചുകൊണ്ട് നടക്കുകയാണ്. പക്ഷേ അവിടത്തെ മുസ്ലീങ്ങൾ നിങ്ങളോടൊപ്പമില്ല. ഞാൻ ചലഞ്ച് ചെയ്യുന്നു. ഈ വെല്ലുവിളി നടത്തുന്ന നേതാക്കന്മാർ മുസ്ലീം ലീഗിന്റെ നേതാവാകട്ടെ, ശ്രീമാൻ ആന്റണിയാകട്ടെ, നാദാപുരത്തു പോയി മത്സരിക്കാമോ ? നിങ്ങൾ അവിടെ നടത്തുന്ന പ്രചാരവേലയുടെ കള്ളി പൊളിയും. അവിടെ കഴിഞ്ഞ പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പിന് അടക്കം, ഇടതുപക്ഷ പാർട്ടികൾക്കാണ് കൂടുതൽ വോട്ട് കിട്ടിയിട്ടുള്ളത് എന്നുള്ളതു മനസ്സിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

നാദാപുരത്തെ മുസ്ലീങ്ങളെ ആക്രമിക്കുമെന്ന് സംസ്ഥാനത്തുടനീളം പ്രചരണം നടത്തുന്ന കോൺഗ്രസുകാരോട് പറയുകയാണ്, കോൺഗ്രസുകാർക്ക് സ്ത്രീകളെ മാനഭംഗപ്പെടുത്തുന്നവരോട്, എന്തൊരു വിരോധമാണെന്ന് നോക്കൂ.

1 P.M.] മറന്നുപോയോ, സൂര്യനെല്ലി കേസിൽ ശിക്ഷിക്കപ്പെട്ട് കിടക്കുന്നത് ആരാണ്? കോൺഗ്രസുകാരനല്ലേ ? സുപ്രീം കോടതി വിധിവന്നാൽ കോൺഗ്രസിന്റെ സമുന്നതനായ നേതാവടക്കം ജയിലിലടയ്ക്കപ്പെട്ടില്ലേ ? എന്നിട്ട് ഇവിടെവന്ന് നാദാപുരത്തെ പെണ്ണുങ്ങളെ ആരോ പിടിച്ചു എന്നുപറഞ്ഞ് പ്രസംഗമാണ്. പെൺകുട്ടികളെ സ്നേഹിച്ച് കൊണ്ടുനടന്നിട്ട് മറ്റുള്ളവർക്ക് വിറ്റുകാശാക്കി അവറ്റകളെ ചുട്ടുകൊന്ന ഒരു പാർട്ടിക്കാരൻ വന്ന് ഇവിടെനിന്നുകൊണ്ട് പ്രസംഗിക്കുകയാണ്, നാദാപുരമെന്ന്. ആ കാര്യത്തിൽ നിങ്ങൾക്ക് എന്തവകാശമാണുള്ളത് ? സുശീൽ ശർമ്മയെപ്പോലുള്ളവരുടെ പാർട്ടിയല്ലേ നിങ്ങളുടെ പാർട്ടി ? എന്നിട്ടല്ലേ ഇവിടെ വന്നുനിന്ന് പ്രസംഗം ? ഞാൻ ഒരുകാര്യം സൂചിപ്പിക്കുകയാണ്. ശ്രീ. ആന്റണി നടത്തുന്ന മോചനയാത്ര വിമോചനത്തിന്റെ തുടർച്ചയാണ്. അന്ന് കത്തിയെരിഞ്ഞ തിരിക്കുറ്റിയുടെ ബാക്കി വീണ്ടും കത്തിക്കാനാണ് 1959-ഉം 1960-ഉം അല്ല ഇത്. ഇത് 2001 ആണ്. എഴുതിവയ്ക്കുക. അത് പറയാൻ ഞങ്ങൾക്ക് ആത്മധൈര്യം നൽകുന്നത് കേരളത്തിലെ ജനങ്ങളുടെ വിധിയെഴുത്താണ്. ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം നിങ്ങൾ ഇതുപോലുള്ള സകല നുണപ്രചാരവേലയും നടത്തി. നിങ്ങളെ സഹായിക്കാൻ ഈ രാജ്യത്തിലെ മാധ്യമമെല്ലാമുണ്ടായിട്ടും ഇവിടത്തെ ടി. വി. ചാനലുകളൊക്കെ നിങ്ങൾ ഉപയോഗപ്പെടുത്തിയിട്ടും ഈ നാലര വർഷക്കാലത്തെ ഉപതെരഞ്ഞെടുപ്പിലും, നിയമസഭാ തെരഞ്ഞെടുപ്പിലുമൊക്കെ ആരാണ് ജയിച്ചത് ? ഞങ്ങൾ ജയിച്ചു. രണ്ട് പാർലമെന്റ് തെരഞ്ഞെടുപ്പു നടന്നു. ആ രണ്ട് പാർലമെന്റ് തെരഞ്ഞെടുപ്പിലും കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കനുകൂലമായി വിധിയെഴുതി. പഞ്ചായത്ത്-മുനിസിപ്പൽ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോഴുള്ള ചിത്രമെന്താണ് ? നിങ്ങൾക്ക് സകല സഹായികളുമുണ്ടായിട്ടും 1996-ൽ ഞങ്ങൾ 50,000 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ജയിച്ച് അധികാരത്തിൽ വന്നത്. ഇപ്പോൾ എത്രയാണെന്നറിയാമോ ? ഈ പ്രചാരവേലകളെല്ലാം നിങ്ങൾ ഉപയോഗിച്ചിട്ടും നാലുലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ്. ഞങ്ങളും നിങ്ങളും തമ്മിൽ ഉള്ള വ്യത്യാസം ഇതാണ്. ഞങ്ങൾ 80 എം. എൽ. എ. മാർ പിൻതാങ്ങിയാണ് ശ്രീ. നായനാർ മുഖ്യമന്ത്രിയായത്. എന്നാൽ ഇപ്പോൾ മനസിലാക്കിയിരിക്കൂ. നിങ്ങളുടെ നുണപ്രചാരണവേല മുഴുവൻ തള്ളിക്കൊണ്ട് പഞ്ചായത്ത് -മുനിസിപ്പൽ തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ 88 മണ്ഡലങ്ങളിൽ ഇടതുപക്ഷമുന്നണിയ്ക്കാണ് മെജോറിറ്റി. നിങ്ങൾ മദ്യവും കൊണ്ടുനടന്നു. മദ്യംകൊണ്ടു നടന്നിട്ട് ആ മദ്യംകുടിച്ച് കല്ലുവാതുക്കൽ ആളുകൾ മരിച്ചു. അതിനടുത്തുള്ള വാർഡിൽ മദ്യദുരന്തത്തിനുശേഷമുള്ള തെരഞ്ഞെടുപ്പിൽ ആരാണ് ജയിച്ചത് ? സി. പി. എം. ആണ് ജയിച്ചത്.. 272 വോട്ടിനാണ് ജയിച്ചത്. അതിനുശേഷമാണ് മലബാർ മേഖലയിലെ ഉപതെരഞ്ഞെടുപ്പു നടന്നത്. ആ ഉപതെരഞ്ഞെടുപ്പിലെല്ലാം ആരാണ് ജയിച്ചത് ? 'മനോരമ'യടക്കം എഴുതേണ്ടിവന്നു 'മദ്യദുരന്തം വന്നതിനുശേഷവും ഇടതുപക്ഷ മുന്നണിക്കാണ് ആളുകൾ വോട്ടുചെയ്തത്' എന്ന്. എന്തുകൊണ്ടാണ് ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ വോട്ടുചെയ്തത് ? ഈ നാലേമുക്കാൽ വർഷക്കാലത്തെ ഭരണത്തിനിടയിൽ ആനുകൂല്യം ലഭിക്കേണ്ട ഏതെങ്കിലും വിഭാഗത്തിന് അത് ലഭിക്കാതിരിന്നിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാമോ ? ആ ആനുകൂല്യങ്ങൾ ലഭിച്ചതുകൊണ്ടും, കേരളത്തെ അഭിവൃദ്ധിയിലേക്ക് നയിച്ചതുകൊണ്ടും ഇരുട്ടിൽ കിടന്ന കേരളത്തെ വെളിച്ചത്തിലേക്ക് നയിച്ചതുകൊണ്ടും വ്യാവസായിക-കാർഷിക മേഖലകളിൽ പുരോഗതി കൈവരിക്കാൻ സാധിച്ചതുകൊണ്ടുമാണ് കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അനുകൂലമായി വോട്ടുചെയ്തത്. ആന്റണി നടന്ന് കാലിലെ തൊലി പോകുമെന്നുള്ളതല്ലാതെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തോൽപ്പിക്കാൻ നിങ്ങൾക്കാവില്ല. ഇന്ന് കാൽനടയില്ല. വണ്ടിയിലാണ്. ആ രഥവുംകൊണ്ടുനടന്ന് നിങ്ങൾക്ക് ആളുകളെ പറ്റിക്കാൻ ഇനി സാധിക്കുകയില്ല. നിങ്ങൾ ഇവിടെ പണമുപയോഗിക്കുന്നതിന്റെ കാര്യമൊക്കെ പറഞ്ഞു. നിങ്ങളുടെ രഥം വരുന്നുണ്ടല്ലോ. എത്ര കോടിരൂപയാണ് നിങ്ങൾ ചെലവാക്കുന്നത്. കർണാടകയിൽ നിന്ന് ടൺ കണക്കിന് മൂവർണക്കൊടിയാണ് അടിച്ചുവരുന്നത്. ഞങ്ങളും ജാഥ നടത്തി. ഞങ്ങൾ തപസ്സിരുന്നിട്ടും നിങ്ങളോട് ചെലവിന്റെ കാര്യത്തിൽ ഓടിയെത്താൻ സാധിക്കുന്നില്ല. ഇന്ന് ഞങ്ങളുടെ മനുഷ്യച്ചങ്ങല നടക്കുകയാണ്. ഇറക്കുമതി നയത്തിനെതിരെയാണ് അതു നടത്തുന്നത്. ജനങ്ങളുടെ പ്രശ്നങ്ങളെടുത്തു കൊണ്ടാണ് ആ പ്രക്ഷോഭം ഞങ്ങൾ നടത്തുന്നത്. ബാനറെഴുതികെട്ടാനും, പോസ്റ്ററടിക്കാനും ഞങ്ങളുടെ സഖാക്കൾ പാടുപെട്ടിട്ടുണ്ട്. നിങ്ങളുടെ അയലത്ത് ഓടിയെത്താൻ ഞങ്ങൾക്ക് സാധിക്കുന്നില്ല. ആ വിധത്തിൽ പണം വാരി ചെലവഴിച്ചുകൊണ്ടാണ് നിങ്ങൾ ഈ ഘോഷയാത്ര നടത്തുന്നത്. ഇവിടെ ചിലയാളുകൾ ധരിക്കുന്നത് ഈ ഘോഷയാത്ര നടത്തുന്നതോടുകൂടി ഇനി അധികാരത്തിൽ കയറി മന്ത്രിയായി കസേരയിലിരുന്നുകളയാമെന്നാണ്. അതിന് വച്ച വെള്ളം വാങ്ങിവയ്ക്കുകയാണ് നല്ലത്. അതു നടക്കാൻ പോകുന്നില്ല. കേരളത്തെ അഭിവൃദ്ധിയിലേക്ക് നയിച്ച ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരും. അതിന് സഹായകമായി ഇവിടെ ഗവർണർ നടത്തിയ പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ശ്രീ. അനിരുദ്ധൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. നയപ്രഖ്യാപനപ്രസംഗത്തിൽ എന്തുണ്ട് എന്ന ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'ഇംഗ്ലീഷിൽ 31-ഉം മലയാളത്തിൽ 38-ഉം പേജുകളുണ്ടെന്ന്' പറയുകയുണ്ടായി. അദ്ദേഹം വളരെ നർമ്മഭാവനയുള്ള ആളാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. നയപ്രഖ്യാപന രേഖയിൽ പേജുകൾ മാത്രമേയുള്ളൂ ; മറ്റൊന്നുമില്ല. അച്ചടിച്ച കടലാസിന്റെ വിലപോലും നയപ്രഖ്യാപനത്തിലില്ല. പേജുകൾ മാത്രമേയുള്ളൂ, മറ്റൊന്നുമില്ല. നട്ടാൽ മുളയ്ക്കാത്ത നുണകളും പരിഹാസ്യമായ വാചകമടിയും, പൊള്ളയായ അവകാശവാദങ്ങളും നിറഞ്ഞു നിൽക്കുന്ന ഈ നയപ്രഖ്യാപനത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയവൈകല്യവും നയരാഹിത്യവുമാണ് പ്രതിഫലിക്കുന്നത്. വ്യാജപ്രചരണം നടത്താനും

LIBRARY ARCHIVES Kerala Legislative Assembly

വാചകമടിക്കാനും നിങ്ങൾ എന്നും മിടുക്കന്മാരായിരുന്നു. പക്ഷേ വാക്കും പ്രവർത്തനവും തമ്മിൽ ഒരിക്കലും ബന്ധമുണ്ടായിരുന്നില്ല. പറയുന്നതൊന്ന്, പ്രവർത്തിക്കുന്നത് മറ്റൊന്ന്. കഴിഞ്ഞ 5 വർഷം ഈ ഗവൺമെന്റു ചെയ്ത സൽക്കർമ്മങ്ങളുടെയും വീരകൃത്യങ്ങളുടെയും വിവരണങ്ങളും, അതുകൊണ്ട് കേരളത്തിനുണ്ടായ അൽഭുതകരമായ നേട്ടങ്ങളുടെയും കേരളം എത്തിച്ചേർന്ന സ്വർഗ്ഗീയസുന്ദരമായ അവസ്ഥയുടെയും വിസ്മയകരമായ ചിത്രം ഇതിലുണ്ട്. എന്തൊക്കെയാണ് ഇതിൽ പറഞ്ഞിരിക്കുന്നത്! ജനകീയാസൂത്രണത്തിലൂടെ ആഗോളവൽക്കരണത്തെ ചെറുത്തുതോൽപ്പിച്ചു. കേന്ദ്രത്തിന്റെ ജനദ്രോഹനയങ്ങളെ മറികടന്ന് കേരളത്തെ പുരോഗതിയിലേക്ക് എത്തിച്ചു. ഇത്രയും വലിയ വീരകൃത്യങ്ങൾ ഇവർ ചെയ്തോ ? ഞങ്ങൾ അറിഞ്ഞിട്ടില്ല. അങ്ങ് അറിഞ്ഞോ ? ഇത്രയും വലിയ വീരകൃത്യം ഇവർ ചെയ്തോ ? ഇതിൽ വരച്ചുകാണിച്ച അൽഭുതകരമായ കേരളം എവിടെയാണ് ? 5 വർഷമായി സമാധാനമേഖലയായി നിലകൊണ്ട അധികാര വികേന്ദ്രീകരണ നയങ്ങളും, ജനകീയാസൂത്രണ പരിപാടികളും പുതിയ വികസനാന്തരീക്ഷവും സൃഷ്ടിക്കപ്പെട്ട, ഉയരങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന മധുര മനോഹരമായ കേരളം എവിടെയാണ് ? ആ സ്വപ്നഭൂമി എവിടെയാണ് ? കാറ്റും കോളുംമൂലം ഉലയുന്ന കേരളമെന്ന കൊച്ചുവള്ളത്തെ പെടാപ്പാടുപ്പെട്ട് മറുകരയിലെത്തിക്കുകയാണ് താനെന്ന് കൂടെക്കൂടെ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പറയാറുണ്ട്. ഒരു കൊച്ചുവള്ളത്തെ കോളിനേയും കൊടുങ്കാറ്റിനെയും അതിജീവിച്ച് ഒറ്റയ്ക്ക് കരയിലെത്തിക്കുകയല്ലേ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി. എന്തു വീരനാണ് സർ ? അദ്ദേഹത്തെ ഇവിടെ കാണുന്നില്ല. ഒന്ന് അഭിനന്ദിക്കാമായിരുന്നു. മുഖ്യമന്ത്രിപോലുമില്ലാതെയല്ലേ കൊച്ചുകേരളത്തെ സാമ്പത്തികപ്രയാസങ്ങളുടെ നടുക്കടലിലൂടെ മുന്നോട്ടു കൊണ്ടുപോകുന്നത്. ആ വീരനും ധീരനുമായ സകലകലാവല്ലഭന് അഭിനന്ദനമർപ്പിക്കേണ്ടതുണ്ട്. ഇതൊക്കെ കേൾക്കുമ്പോൾ നയപ്രഖ്യാപന പ്രസംഗവും നന്ദിപ്രമേയവുമൊക്കെ കേൾക്കുമ്പോൾ എനിക്ക് ഓർമ്മവരുന്നത് വിശ്വപ്രസിദ്ധമായ ഒരു സ്പാനിഷ് നോവലിലെ കഥാപാത്രമായ ഡോൺ കിക്സോട്ടിനെയാണ്. സാങ്കൽപ്പിക കഥാപാത്രങ്ങളേയും സാഹചര്യങ്ങളേയും എതിർത്തുതോൽപ്പിക്കുന്നതായി സങ്കൽപ്പിച്ച് വീരജേതാവായി ഇരിക്കുന്ന ഡോൺ കിക്സോട്ടിനെപ്പോലെയാണ് നമ്മുടെ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും. അപ്പുറത്തുനിന്ന് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെ വാഴ്ത്തുന്ന എല്ലാവരും. ഇവരെല്ലാം യാഥാർത്ഥ്യങ്ങളുടെ ലോകത്തിനെതിരെ കണ്ണടച്ച് സങ്കൽപ്പലോകത്തിൽ കഴിയുകയാണ്. യാഥാർത്ഥ്യ ബോധമില്ലാതെ സങ്കൽപ്പത്തിൽ കഴിയുന്നത് ഒരു മാനസികരോഗമാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. രാജേന്ദ്രൻ]

അതിൽനിന്ന് അവർ മോചിതരാകട്ടെ എന്നാണ് എനിക്ക് പറയുവാനുള്ളത്. വായനക്കാർക്ക് ഇഷ്ടമാണെങ്കിൽ,

'സങ്കൽപ്പ വായുവിമാനത്തിലേറിയാലും' എന്നുള്ള വള്ളത്തോളിന്റെ വരികൾ നയപ്രഖ്യാപന പ്രസംഗത്തിന്റെ ആദ്യം എഴുതിവയ്ക്കുന്നത് നന്നായിരിക്കും. വെറും സങ്കൽപ്പ ലോകത്താണ് അവർ വിഹരിക്കുന്നത്. ജനങ്ങൾക്ക് ദുരിതങ്ങളും ദുരന്തങ്ങളും മാത്രം നൽകി ഇടതുമുന്നണിയുടെ 57

LIBRARY ARCHIVES Kerala Legislative Assembly

മാസത്തെ ഭരണം കേരളത്തെ പൂർണ്ണമായി തകർത്തുകളഞ്ഞു എന്നതല്ലേ യാഥാർത്ഥ്യം ? ഈ ഗവൺമെന്റിനെ നയിക്കുന്ന കക്ഷികളുടെ സൈദ്ധാന്തിക ദുഃശ്ശാഠ്യങ്ങളും, പ്രത്യയശാസ്ത്രശാഠ്യങ്ങളും കേരളത്തിന്റെ വികസനം സ്തംഭിപ്പിക്കുകയും കേരളത്തെ കലാപഭൂമിയായി മാറ്റുകയും ചെയ്തിരിക്കുകയാണ്. വികസനത്തിന്റെ സമസ്ത മേഖലകളും സ്തംഭിച്ചിരിക്കുകയാണ്. വളർച്ചയുടെ ഒരു പുതുനാമ്പുപോലും കിളിർത്തു വരാനാകാത്തവിധം ഊഷരഭൂമിയായി മാറി കഴിഞ്ഞു കേരളം. കേരളത്തിന്റെ വികസന മാതൃകയുടെ സ്തുതി പാഠകനായിരുന്ന ശ്രീ. അമർത്യാസെന്നും ശ്രീ. സ്വരാജ് പോളും ഇവിടെ വന്ന് പറഞ്ഞത് എന്താണ് ? കേരളം വളർന്നില്ല എന്നുമാത്രമല്ല, നിശ്ചലാവസ്ഥയിലാണ് എന്ന പേടിപ്പിക്കുന്ന സത്യമല്ലേ അവർ പറഞ്ഞത് ; ഈ ഗവൺമെന്റിന്റെ പിടിപ്പുകേടും നയ വൈകല്യവുമല്ലേ ഈ ദു:സ്ഥിതിയിലേക്ക് കേരളത്തെ നയിച്ചത് ? ഇതു നിഷേധിക്കുവാൻ നിങ്ങൾക്ക് ആകുമോ ? ഈ ഗവൺമെന്റിനു വർഗ്ഗീയ അസ്വാസ്ഥ്യങ്ങളുണ്ട്. ഇല്ലെന്നാണ് അപ്പുറത്തുള്ളവർ അവകാശപ്പെടുന്നത്. സ്ഥിരമായി ഈ പല്ലവി അവർ ഉരുവിട്ടുകൊണ്ടിരിക്കുകയാണ്. നയപ്രഖ്യാപന രേഖയിലും അതുണ്ട്. നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ച എന്റെ സുഹൃത്ത് ശ്രീ. എൻ. അനിരുദ്ധനും അതു പറയുകയുണ്ടായി. എന്താണ് യാഥാർത്ഥ്യം? 1992-ലെ ബാബറിമസ്ജിദ് തകർച്ചയ്ക്ക് ശേഷം ഇൻഡ്യയിലാകമാനം വർഗ്ഗീയ അസ്വാസ്ഥ്യങ്ങളുണ്ടായി. എല്ലായിടത്തും ഉയർന്ന നിലയിൽത്തന്നെ വർഗ്ഗീയ ലഹളയുണ്ടായി. എന്നാൽ കേരളത്തിൽ ഒറ്റപ്പെട്ട സംഭവങ്ങളല്ലാതെ ഒരു വർഗ്ഗീയ കലാപത്തിലേക്ക് അതു വളർന്നുവന്നില്ല. അതു തടഞ്ഞത് ആരാണ് ? യു. ഡി. എഫ്. ഗവൺമെന്റാണ്. ബി.ജെ.പി. ഗവൺമെന്റും അവകാശപ്പെടുന്നുണ്ട് തങ്ങളുടെ ഭരണത്തിനിടയിൽ വർഗ്ഗീയ ലഹള ഉണ്ടായിട്ടില്ല എന്ന്. എന്താണ് കാരണം ? പ്രതിപക്ഷത്തിരിക്കുന്നവരാണ് വർഗ്ഗീയ ലഹള ഉണ്ടാക്കുന്നത്. അവർ ഭരണത്തിൽ കയറുമ്പോൾ വർഗ്ഗീയ ലഹള ഉണ്ടാക്കുന്നില്ല. പ്രതിപക്ഷത്തിരിക്കുമ്പോൾ തങ്ങളുടെ രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി വർഗ്ഗീയലഹളക്കുള്ള അന്തരീക്ഷം ഒരുക്കുന്ന മാർക്സിസ്റ്റ് പാർട്ടിയല്ല ഇന്ന് പ്രതിപക്ഷത്തുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയല്ല ഇന്നത്തെ പ്രതിപക്ഷം. ഈ രാജ്യത്ത് നന്മ കാംക്ഷിക്കുന്ന മാതൃകാ പ്രതിപക്ഷമായി എങ്ങനെ പ്രവർത്തിക്കുവാൻ കഴിയുമെന്ന് കാണിച്ചുകൊടുത്ത ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള യു. ഡി. എഫ്. ആണ് ഇന്നത്തെ പ്രതിപക്ഷം. അതുകൊണ്ടാണ് ഇവിടെ വർഗ്ഗീയ ലഹളയുണ്ടാകാത്തത്. അതല്ലാതെ ഈ ഗവൺമെന്റിന്റെ നേട്ടമല്ല. എന്ത് ക്രമസമാധാനമാണ് ഇവിടെയുള്ളത് ? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനു നേതൃത്വം കൊടുക്കുന്ന സി. പി. ഐ. (എം) സ്പോൺസർ ചെയ്യുന്ന അക്രമപ്രവർത്തനങ്ങൾമൂലം കേരളമാകെ കലാപഭൂമിയായി മാറി. വർഗ്ഗീയതയുടെ പേരിൽ പ്രശ്നങ്ങളുണ്ടായി. രാഷ്ട്രീയത്തിന്റെ പേരിൽ സംഘട്ടനങ്ങളുണ്ടായി ; സംഘർഷങ്ങളുണ്ടായി. വിലയേറിയ മനുഷ്യജീവനുകൾ ഇവിടെ നഷ്ടപ്പെട്ടു ; അക്രമംമൂലം നഗരം രക്തരൂക്ഷിതമായി. വിപ്ലവം വഴി ഒരു ആശയവും പ്രചരിപ്പിക്കുവാനാവില്ല. ഒരാദർശവും അടിച്ചേൽപ്പിക്കുവാനാവില്ല. സമാധാനത്തിലൂടെ, സമന്വയത്തിലൂടെ മാത്രമേ ആശയപ്രചരണവും ആദർശപ്രചരണവും സാധ്യമാകൂവെന്ന ചിന്താഗതി വളർന്നുവരുന്ന സാംസ്ക്കാരിക ബോധത്തിന്റെ ഫലമായി എല്ലാ ജനസമൂഹത്തിലും ഉയർന്നു

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുകയാണ്. എന്നാൽ ഇന്ന് സി. പി. ഐ (എം) ..... സി. പി. ഐ കുറച്ച് മെച്ചമാണ്. സി. പി. ഐ. (എം.) പഴയ പ്രാകൃത ചിന്താഗതിയുമായാണ് മുന്നോട്ടു പോകുന്നത് ; എതിരാളികളെ ശാരീരികമായി ഉൻമൂലനം ചെയ്യുക എന്ന പ്രാകൃത സമീപനവുമായാണ് മുന്നോട്ടുപോകുന്നത്. സി. പി. ഐ. (എം)-ന്റെ രാഷ്ട്രീയ പകയും രാഷ്ട്രീയ വൈരവും ഉൻമാദനൃത്തം ചവിട്ടുന്ന കേരളത്തിലെ ഗ്രാമങ്ങളും ചേരികളും നഗരവീഥികളും മരണത്തിന് വിരുന്നൊരുക്കുന്ന ദുരന്തസ്വപ്നം ഇന്ന് കേരളത്തെ ചൂഴ്ന്ന് നിൽക്കുകയാണ്. നമ്മുടെ എല്ലാം പ്രാർത്ഥന,

'അമ്മതൻ മക്കൾ അന്യോന്യം കൊന്നൊടുക്കരുതിനിമേലീ മണ്ണിൽ,
ചോരവീഴുരുതിനിമേൽ'-എന്നാണ്.

ഈ പ്രാർത്ഥന ഓരോരുത്തരും ഹൃദയംകൊണ്ട് പാടുകയാണ്. എന്തുകൊണ്ടാണ് ? സി. പി. ഐ. (എം.) മുൻകൈയെടുത്ത് അക്രമങ്ങളും കലാപങ്ങളും ഉണ്ടാക്കുന്നു. മനുഷ്യരക്തം വീണ് ചുമക്കുകയാണ് ഈ മണ്ണ്. എതിരാളികളെ ആക്രമിക്കുന്ന ആ ശൈലി അവസാനം നാദാപുരത്ത് എത്തിയപ്പോൾ എന്താണ് ഉണ്ടായത് ? എത്ര ആളുകളെ ആക്രമിച്ചു ? ബോംബും മറ്റ് ആയുധങ്ങളുമൊക്കെ ഉപയോഗിച്ച് ധാരാളം പേരുടെ ചോര അവിടെ ഒഴുക്കി. നിരവധിപ്പേരെ കൊന്നൊടുക്കി. ഇവിടെ പറയുന്നത്, മാർക്സിസ്റ്റ് മുസ്ലീംലീഗ് സംഘട്ടനം എന്നാണ്. സത്യത്തിൽ എന്താണ്? ഒരു ജനവിഭാഗത്തിനെതിരെ സി.പി.ഐ. (എം) നടത്തുന്ന അക്രമമല്ലേ ? മുസ്ലീംലീഗിന് എതിരെയുള്ള അക്രമം ആയിരുന്നുവെങ്കിൽ എന്തുകൊണ്ടാണ് ഇന്നത്തെ പുതിയ ബാന്ധവക്കാരായ ഐ.എൻ.എൽ.-ന്റെ പഞ്ചായത്ത് പ്രസിഡന്റിനെ ആക്രമിച്ചത് ; സി. പി.ഐ.യിലെ അംഗങ്ങൾ മുസ്ലീം ആയിപ്പോയി എന്നതിന്റെ പേരിൽ എന്തിന് അവരെ ആക്രമിച്ചു ? ഇതു ആർക്കും നിഷേധിക്കുവാൻ ആകാത്ത സത്യമാണ്. ശ്രീ. സത്യൻ മൊകേരി കുറേ സത്യങ്ങൾ ഇവിടെ വിളിച്ചുപറഞ്ഞു. അതുകൊണ്ടാണ് നാദാപുരത്ത് മറ്റാരെയെങ്കിലും മൽസരിപ്പിക്കണമെന്ന് ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞത് ? ശ്രീ. സത്യൻ മൊകേരി കാര്യം പറഞ്ഞു. അവിടെ വഴിതെറ്റിയ രീതിയിലുള്ള അക്രമപ്രവർത്തനങ്ങൾ നടന്നു എന്നാണ് പറഞ്ഞത്. എന്തൊക്കെയാണ് അവിടെ കാണിച്ചത് ? ഒരു പുരുഷായുസ് മുഴുവൻ ഗൾഫിൽ കഴിഞ്ഞ ആളുകൾ സമ്പാദിച്ച മുഴുവൻ സ്വത്തും കൊള്ളയടിക്കപ്പെട്ടു. നിയമസഭയിലിരിക്കുന്ന എന്റെ സുഹൃത്തുപോലും അതിനുവേണ്ടി ശ്രമിച്ചു ; അതിനു നേതൃത്വം കൊടുത്തു എന്നാണ് പത്രങ്ങൾ എഴുതിയത്.

ശ്രീ. പി. സി. ജോർജ് : ആരാണ് അത് ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ആരാണെന്ന് നിങ്ങൾക്കറിയാം. അവസാനം രാഷ്ട്രീയ വൈരം തീർക്കുവാൻ എന്താണ് ചെയ്തത് ? മുസ്ലീം സഹോദരിയെ ബലാൽസംഗം ചെയ്യുവാൻ ശ്രമിച്ചു. എന്നിട്ട് അതിനെ അനുകൂലിക്കുകയാണ്. സൂര്യനെല്ലിയുടെ പേരിൽ ധാരാളം സമരങ്ങളും സമര പ്രളയങ്ങളും ഉണ്ടാക്കിയവരാണ് നിങ്ങൾ. ആ നിങ്ങൾ ഇപ്പോൾ എന്താണ് ചെയ്യുന്നത് ? പാവപ്പെട്ട സഹോദരിയെ ബലാൽസംഗം ചെയ്യുന്നതിനുവേണ്ടി ശ്രമിച്ചപ്പോൾ, അവരുടെ പ്രായപൂർത്തിയാകാത്ത മകളെപ്പോലും ലൈംഗികമായി പീഡിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ അതിനെതിരെ ഒന്നും പറയുവാനില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : പ്ലീസ്, ... പ്ലീസ്,.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഞാൻ ചുരുക്കാം. മഹിളകളുടെ സ്വാതന്ത്ര്യത്തിനു വേണ്ടി, അവരുടെ രക്ഷയ്ക്കുവേണ്ടി ശ്രമിക്കുന്ന പ്രൊഫ. മീനാക്ഷി തമ്പാനെ ഇവിടെ കാണുന്നില്ല. ഇവിടെ ധാരാളം മഹിളാസംഘടനകളുണ്ട്. ഇപ്പോൾ അവരെയൊന്നും ഇവിടെ കാണാനില്ല. പാവപ്പെട്ട ഒരു പെൺകുട്ടിയെ വളരെ മൃഗീയമായ രീതിയിൽ ബലാൽസംഗം ചെയ്യാനുള്ള ശ്രമത്തിനു വിധേയമാക്കി. എട്ടുവയസിനു താഴെയുള്ള പെൺകുട്ടിയെപ്പോലും ലൈംഗികപീഡനത്തിനു മൃഗീയമായ രീതിയിൽ വിധേയമാക്കിയപ്പോഴും അതിനെതിരെ പറയുവാൻ ആരുമില്ല.

ശ്രീ. സത്യൻ മൊകേരി : വഴങ്ങാമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഇല്ല. ഇവിടെ ചോദ്യത്തിന്റെ ആവശ്യമില്ല. സമയം വളരെ കുറവാണ്. ബഹുമാനപ്പെട്ട ചെയർ പറയുകയാണെങ്കിൽ ഞാൻ വഴങ്ങാം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എം. എൽ. എ. ആയിരുന്ന പ്രൊഫ: എം. കെ. സാനു, ചീഫ് എഡിറ്ററായ ആസാദ്, ഓണററി ചീഫ് എഡിറ്ററായ 'നവകേരളത്തിൽ' ഈ ബലാൽസംഗത്തെപ്പറ്റി ലീലാമേനോനോട് പറഞ്ഞ കാര്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഏതാനും വരികൾ മാത്രമാണ് ഞാൻ വായിക്കുന്നത്. ബലാൽസംഗത്തിനു വിധേയയായ ഹതഭാഗ്യയായ സ്ത്രീ മനസുപൊട്ടി ശ്രീമതി ലീലാമേനോനോട് പറഞ്ഞത് നിങ്ങളുടെ ആൾക്കാർ നടത്തുന്ന വാരികയിൽ എഴുതിയിട്ടുണ്ട്. നാലുപേർ എന്നെ ബലമായി പിടിച്ചു. എന്റെ പർദ്ദയും കുപ്പായവും വലിച്ചുകീറി എന്നെ നഗ്നയാക്കി. അതിനുശേഷം ബലാൽസംഗം ചെയ്യാൻ ശ്രമം ആരംഭിച്ചു.

മി. ചെയർമാൻ : പ്ലീസ്,.....പ്ലീസ്,.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : എട്ടു കൈകൾ എന്നെ പിച്ചിച്ചീന്തി. പലയിടത്തും പിടിക്കുകയും ഞെക്കുകയും പിടിച്ചുവലിക്കുകയും ചെയ്തു. എന്തെല്ലാമാണ് എന്നെ ചെയ്യാൻ ശ്രമിച്ചത് ? ഒരു സ്ത്രീക്കും അത് വിവരിക്കുവാൻ ആവില്ല. അവർ തേങ്ങിക്കരഞ്ഞു. കണ്ണുനീർ വീണ് പർദ നനഞ്ഞു. എന്നെ മാനഭംഗപ്പെടുത്താൻ തുടങ്ങിയപ്പോൾ ഞാൻ കുതിക്കുകയും ബലംപ്രയോഗിച്ച് രക്ഷപ്പെടുവാൻ ശ്രമിക്കുകയും ചെയ്തു. എട്ടു കൈകൾ എന്റെ ശരീരത്തെ ആക്രമിച്ചപ്പോൾ എത്ര വേദനയുണ്ടാകുമെന്ന് ആലോചിക്കുവാൻ അവർ പറഞ്ഞു. രക്ഷയ്ക്ക് ശ്രമിക്കുന്നതിനിടെ ഒരാളുടെ കൈ എന്റെ വായിലെത്തി. കൈയിൽ ഞാൻ ശക്തിയായി കടിച്ചു. അയാൾ വേദനയോടെ കൈകുടഞ്ഞു. അപ്പോൾ മറ്റുള്ളവരും പിടിവിട്ടു. ആ സ്ത്രീ മൂന്നുപേരുടെ പേരുകൾ പറഞ്ഞു. ഞാൻ ആ പേരുകൾ വായിക്കുന്നില്ല. ശ്രീമതി ലീലാമേനോൻ ചോദിച്ചു, ഇരുട്ടായിരുന്നില്ലേ പിന്നെ എങ്ങനെയാണ് ആളുകളെ തിരിച്ചറിഞ്ഞത് എന്ന്. എന്നെ നഗ്നയാക്കിയ ശേഷം കാണാൻവേണ്ടി മുറിയിൽ ഓലകത്തിച്ചു.

മി. ചെയർമാൻ : പ്ലീസ്,.....പ്ലീസ്,.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : തീയുടെ വെട്ടത്തിൽ ഞാൻ അവരുടെ മുഖങ്ങൾ കണ്ടു. നാലുപേരിൽ ഒരാളെ മാത്രം ഞാൻ അറിയില്ല. ഇത് എത്ര മൃഗീയമാണ് സാർ ? രാത്രി ആ സ്ത്രീയുടെ നഗ്നത കാണാൻ ഓല കത്തിക്കുകയാണ്. അങ്ങേയ്ക്ക് മനഃസാക്ഷിയുണ്ടെങ്കിൽ ഇതിനെതിരെയുള്ള വൈരം അങ്ങയുടെ മനസിൽ ഉയരണ്ടേ ? അൽപ്പമെങ്കിലും മനുഷ്യത്വത്തിന്റെ കണികയുള്ള ഏതൊരുത്തനും ഇതിനെതിരെ ശബ്ദിക്കാതിരിക്കുവാൻ സാധിക്കുമോ ?

മി. ചെയർമാൻ : പ്ലീസ്.....പ്ലീസ്.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഇതിനിടെ ആ സ്ത്രീയുടെ എട്ടുവയസ് പ്രായമുള്ള മകളെ ഒരുകൂട്ടം ആളുകൾ പൊക്കിയെടുത്തു. എന്റെ മോളേ ഒന്നും ചെയ്യല്ലേ എന്ന് പറഞ്ഞ് ഞാൻ ഉറക്കെ കരഞ്ഞു. അവർ കേട്ടഭാവംപോലും കാണിച്ചില്ല. അവർ എന്നെ എടുത്തു പുറത്തുകൊണ്ടുപോയി കമ്പിയുടെ മുകളിലാണ് എന്നെ കിടത്തിയത്. നിഷ്കളങ്കയായ വെളുത്തു മെലിഞ്ഞ സുന്ദരിയായ കുട്ടി പറഞ്ഞു. എന്നിട്ടോ പിന്നെ അവർ എന്തു ചെയ്തു?

മി. ചെയർമാൻ : പ്ലീസ്,.....പ്ലീസ്,.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : അവർ തുടർന്നു ; കുട്ടി എന്റെ ദേഹത്തോട് ചേർന്നുനിന്നു. സംരക്ഷണത്തിനെന്നപോലെ എന്നിട്ട് താഴെ നോക്കി മുറിഞ്ഞ വാക്കുകളാൽ മുറിയുന്ന ശ്വാസത്തോടെ പറഞ്ഞു. അവർ എന്റെ ഉടുപ്പ് മുകളിലേക്ക് ഉയർത്തി. എന്നിട്ട് പറഞ്ഞത് അച്ചടിക്കുവാനാകാത്ത വേദനയുള്ള അനുഭവങ്ങളായിരുന്നു. അത്രമേൽ കുലീനമായിരുന്നു അവരുടെ സംസ്ക്കാരം! കുട്ടിക്ക് വേദനകൊണ്ട് മൂത്രം ഒഴിക്കുവാൻ കഴിയാത്ത സാഹചര്യത്തിലായിരുന്നു. വേദനകൊണ്ട് കരഞ്ഞു. ഈ സംഭവം പുറത്തറിയുവാൻ ഇടയായത് കുട്ടിയെ ഡോക്ടറെ കാണിക്കേണ്ടി വന്നു എന്നതുകൊണ്ടാണ്. ഡോക്ടർ കുട്ടിയെ പരിശോധിച്ച് പോലീസിനു സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്തു. അത്രമാത്രം ഭീകരമായ സംഭവം ഉണ്ടായിട്ട്, മൃഗീയമായ ഒരു സംഭവം ഉണ്ടായിട്ട് ഇവിടെ എന്റെ സുഹൃത്ത് ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞത് അവിടെ സാമൂഹ്യവിരുദ്ധർ ചെയ്തതാണ് അതൊക്കെ എന്നാണ്. സർ, അങ്ങനെ സാമൂഹ്യവിരുദ്ധരാണെങ്കിൽ എന്തുകൊണ്ട് പോലീസ് നടപടി എടുത്തില്ല ? ഇതു നിങ്ങൾ സ്പോൺസർ ചെയ്തതാണ്. അതല്ലേ അതിൽ നിന്ന് വ്യക്തമാകുന്നത് ?

മി. ചെയർമാൻ : സമയം കഴിഞ്ഞു.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : കഴിഞ്ഞിട്ടില്ല. ഒരു മിനിറ്റുകൂടിയുണ്ട്. സർ, ഈ കാര്യത്തെക്കുറിച്ച് അവർ അവസാനം പറയുന്നു, 'ഓരോ മലയാളിയും ലജ്ജിക്കണം. വഴി പിഴച്ചുപോയതിൽ. കണ്ണീരിൽ മുങ്ങി മരിക്കുന്ന പെങ്ങൻമാരെ ഓർത്ത് അവർക്ക് സമാധാനം കിട്ടാൻ. ദൈവവിശ്വാസമില്ലെങ്കിൽപോലും ഒരു നിമിഷം കൈകൂപ്പുക. അത്രയെങ്കിലും ചെയ്തില്ലെങ്കിൽ നാം മനുഷ്യരല്ലാതാകും. മനുഷ്യരല്ലാതായിത്തീരുന്ന ആളുകളെ നോക്കി ഞാൻ സഹതപിക്കുകയാണ്. അതിനെതിരെ ഒരു പ്രതിഷേധവും പറയാത്ത ആൾ മനുഷ്യനല്ലാതായിപ്പോകും. അറ്റ്ലീസ്റ്റ്, ഒന്നു കൈ കൂപ്പുകയെങ്കിലും ചെയ്യാത്ത ആളുകൾ മനുഷ്യരല്ലാതായി പോകുമെന്നാണ് എനിക്ക് പറയാനുള്ളത്, ഇത് കേരളത്തിന് തീരാക്കളങ്കമല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ഇത് മായ്ച്ചാലും മായാത്ത, തീരാത്ത കളങ്കമല്ലേ ? സാംസ്ക്കാരികമായി വളർന്നു എന്നു അഭിമാനിക്കുന്ന ഉൽബുദ്ധരായ കേരളത്തിലെ ജനങ്ങൾക്ക് തലയുയർത്തി നിൽക്കാനാകാത്ത ഒരു അവസ്ഥയല്ലേ ഇത് സൃഷ്ടിച്ചത് ? ലോകത്തിന്നോളം ഉണ്ടായിട്ടുള്ള നീതി ശാസ്ത്രങ്ങളുടെ താളിയോലകെട്ടുകൾക്കിടയിൽ ഒന്നും തന്നെ ഒരു നീതീകരണവും ഇതിന് നിങ്ങൾക്ക് കണ്ടെത്താൻ കഴിയുകയില്ല. എന്തുമാത്രം മൃഗീയമായിരിക്കുന്നു നിങ്ങൾ ?

മി. ചെയർമാൻ : പ്ലീസ്.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഇതു പറയുമ്പോൾ നിർത്തണമെന്ന് പറയുന്നതിൽ അർത്ഥമില്ല. ഇഷ്ടമില്ലാത്ത കാര്യങ്ങൾ കേൾക്കുമ്പോൾ നിങ്ങൾക്ക് നിർത്തണം. രാഷ്ട്രീയ വൈരത്തിന്റെ പേരിൽ ഒരു പെണ്ണിനെ ബലാൽസംഗം ചെയ്തശേഷം അതിനെ അനുകൂലിക്കുന്ന ഒരു ഗവൺമെന്റ്, ഇതെന്തു ഗവൺമെന്റാണ് ? ജനാധിപത്യ വ്യവസ്ഥിതിയിൽ ഇങ്ങനെയൊരു ഗവൺമെന്റ് നിലനിൽക്കാൻ പാടില്ല. കേരളത്തിന്റെ നായകൻ, കേരളത്തിന്റെ വിമോചന നായകൻ ശ്രീ. എ. കെ. ആന്റണി വിമോചനയാത്രയുമായി വരുന്നുണ്ട്. നിങ്ങൾ പരിഹസിക്കുന്നു, ശ്രീമാൻ ആന്റണിയെ നിങ്ങൾക്കറിയില്ല. വയലാറിന്റെ സർഗ്ഗസംഗീതമെന്ന കവിതയെ പാഠഭേദം വരുത്തികൊണ്ട് എനിക്ക് പറയാനുണ്ട്. അദ്ദേഹം മാന്ത്രികനല്ല, അദ്ദേഹത്തിന് അൽഭുതകരമായ കഴിവില്ല, മാന്ത്രികനല്ല ആന്റണി. അത്ഭുതകരമായ കഴിവുള്ളയാളല്ല ശ്രീ. ആന്റണി. പക്ഷേ പച്ച മണ്ണിന്റെ മനുഷ്യത്വമാണ്. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേരളത്തെ മോചിപ്പിക്കാനായി ഒരു ജാഥ വരുന്നുണ്ട്. കേരളത്തിന്റെ ആത്മീയ ചൈതന്യമായ മുഹമ്മദാലി ശിഹാബ്തങ്ങളുടെ ആശീർവാദാനുഗ്രഹങ്ങളോടുകൂടിയാണ് കേരളത്തിന്റെ ജനങ്ങൾക്ക് മുഴുവൻ ദുരിതം വിതറിയ, കേരളത്തിലെ ജനങ്ങൾക്ക് തീരാക്കടം നൽകിയ, നിങ്ങളെ ഇവിടെനിന്ന് എടുത്തെറിയും. ജനങ്ങൾ ഒന്നിച്ചാണ് വരുന്നത്. ജനമുന്നേറ്റമാണ്. നിങ്ങൾക്ക് അതിനെ തകർക്കാൻ കഴിയില്ല. ഈ ഗവൺമെന്റിനെ തകർക്കാനായി വരുന്ന ജാഥ, നിങ്ങളുടെ അവസാനം കുറിക്കും. ഇത് ഞങ്ങളുടെ അന്ത്യയാത്രയല്ല, നിങ്ങളുടെ അന്ത്യമാണ് അടുത്തിരിക്കുന്നത്. ഈ നന്ദിപ്രമേയത്തെ എല്ലാ വിധത്തിലും എതിർത്തുകൊണ്ട് ജനങ്ങൾക്ക് ദുരിതം വിതറിയ, കേരളത്തെ ദുരന്തഭൂമിയാക്കി മാറ്റിയ ഈ ഗവൺമെന്റിനെതിരെയുള്ള പ്രതിഷേധം രേഖപ്പെടുത്തികൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണർ സഭയിൽ നടത്തിയ നയപ്രഖ്യാപനപ്രസംഗത്തിൽ ഈ ഗവൺമെന്റ് സംസ്ഥാനത്തെ ജനങ്ങളുടെ പുരോഗതിക്കുവേണ്ടി, ഉയർച്ചയ്ക്കുവേണ്ടി ഈ നാടിന്റെ വികസനത്തിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച്, അതിനു ചെലവഴിച്ചിട്ടുള്ള തുകയെ സംബന്ധിച്ച്, എത്രമാത്രം അതുകൊണ്ട് ജനങ്ങൾക്ക് പ്രയോജനം കിട്ടി എന്നുള്ളതിനെക്കുറിച്ച് എല്ലാം സാമാന്യം വിശദമായി, വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. നയപ്രഖ്യാപനപ്രസംഗം പ്രതിപക്ഷമൊന്നടങ്കം ബഹിഷ്ക്കരിക്കുകയാണുണ്ടായത്. ഇന്ന് നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തു

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ച പ്രതിപക്ഷ കക്ഷികളിലെ നേതാക്കന്മാരും ആ പ്രസംഗത്തെ ബഹിഷ്ക്കരിക്കുന്ന രീതിയിലുള്ള പ്രസംഗമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സംസ്ഥാനത്ത് പ്രതിപക്ഷം കേരളമോചനയാത്ര സംഘടിപ്പിച്ചിരിക്കുകയാണ്. അതിനു നേതൃത്വം കൊടുക്കുന്നത് കോൺഗ്രസ് ആണ്. കോൺഗ്രസ് നേതൃത്വം കൊടുത്തുകൊണ്ട് ഇങ്ങനെയൊരു മോചനയാത്ര നടത്താനുള്ള ധാർമ്മിക അവകാശം അവർക്ക് ഉണ്ടോ എന്ന് ചോദിക്കാൻ ആഗ്രഹിക്കുകയാണ്. നന്ദി പ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. പി. പി. തങ്കച്ചൻ സംസാരിച്ചപ്പോൾ പറയുകയുണ്ടായി. ഈ പ്രസംഗത്തിൽ ഒരു നയവുമില്ലായെന്ന്. 1991-96 കാലഘട്ടത്തിൽ ഈ രാജ്യം ഭരിച്ചത് കോൺഗ്രസ് ആണ്. അതിനുമുമ്പ് 40 വർഷക്കാലം ഈ രാജ്യം അവർ ഭരിച്ചു. 1991-96 കാലഘട്ടം ഈ രാജ്യത്തിലെ ജനങ്ങളുടെ ജീവിത പുരോഗതിക്ക് ഒരു കറുത്ത അധ്യായം വരച്ച കാലഘട്ടമാണ്. അവരുടെ ഭാവി ഇരുളടഞ്ഞതാകാൻ കോൺഗ്രസ് ചെയ്ത ഒരു വലിയ കടുംകൈ ഉണ്ട് ; ഒരു ജനദ്രോഹ പ്രവൃത്തി. അതാണ് പുത്തൻ സാമ്പത്തിക നയം. ആ നയം അവർ ആ വർഷം അംഗീകരിച്ചു, സ്വീകരിച്ചു, അതു നടപ്പിലാക്കി. ആ കോൺഗ്രസ് ഗവൺമെന്റിന്റെ പിന്നാലെ വന്ന ബി. ജെ. പി. ഗവൺമെന്റും പുത്തൻ സാമ്പത്തികനയവും നടപടികളും സ്വീകരിച്ചു മുന്നോട്ടു പോയപ്പോൾ നമ്മുടെ രാജ്യം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നു. അതിന്റെ ഭാഗമായി കേരളവും മറ്റു സംസ്ഥാനങ്ങളും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഈ സാമ്പത്തിക ബുദ്ധിമുട്ട് പ്രത്യേകമായി അനുഭവിക്കേണ്ടി വന്ന ഒരു സാഹചര്യം ഈ രാജ്യത്ത് സൃഷ്ടിച്ചത് പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കിയതുകൊണ്ടു മാത്രമാണ്. ഉദാരവൽക്കരണത്തെക്കുറിച്ചും സ്വകാര്യ വൽക്കരണത്തെകുറിച്ചും ആഗോള വൽക്കരണത്തെക്കുറിച്ചും പറയുമ്പോൾ കോൺഗ്രസ് പാർട്ടിക്ക് ഇപ്പോൾ അലർജി തോന്നുന്നു. ഇതിന്റെ സൃഷ്ടാക്കൾ കോൺഗ്രസ് തന്നെയാണ്. 1991-96 കാലഘട്ടത്തിൽ കോൺഗ്രസ് ഈ നയങ്ങൾ ഈ രാജ്യത്ത് വളരെ ശക്തമായി നടപ്പാക്കിയെന്നുള്ള കാര്യം ഈ രാജ്യത്തെ ജനങ്ങൾക്ക് മറക്കാനാകില്ല. നിങ്ങൾക്ക് മറക്കാൻ കഴിയും. പുത്തൻ സാമ്പത്തിക നയം ഇൻഡ്യയുടെമേൽ അടിച്ചേൽപ്പിച്ച അമേരിക്കൻ സാമ്രാജ്യത്വ ശക്തികൾക്കും ബഹുരാഷ്ട്ര കുത്തകകൾക്കും ഓശാനപാടിയ കോൺഗ്രസിന്റെ 1991-96 കാലഘട്ടത്തിലെ ഭരണം ഈ രാജ്യത്തെ ജനതയെ കുത്തുപാളയെടുപ്പിക്കുന്ന അവസ്ഥയിൽ കൊണ്ടുചെന്നെത്തിച്ചു. ഇറക്കുമതി ഉദാരവൽക്കരിച്ചു. എൽ.പി.ജി.യുടെ അടിസ്ഥാനത്തിൽ. ഇറക്കുമതിയിൽ ആ നയം നടപ്പിലാക്കാൻ തുടങ്ങിയതോടുകൂടി നമ്മുടെ സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിലയിടിയാൻ തുടങ്ങി. കർഷകരെല്ലാവരും സാമ്പത്തികമായി പാപ്പരാകാൻ തുടങ്ങി. ഈ രംഗത്ത് ആറായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതിവർഷം ഈ സംസ്ഥാനത്ത് ഉണ്ടായികൊണ്ടിരിക്കുന്നത് എന്നുള്ള വസ്തുത മറച്ചുവച്ചുകൊണ്ട് കോൺഗ്രസ് പാർട്ടിയിലെ അംഗങ്ങൾ സംസാരിക്കരുത്. അതോടൊപ്പം പുത്തൻ സാമ്പത്തികനയം നടപ്പിലാക്കുന്നതിന്റെ ഫലമായി ഈ സംസ്ഥാനത്തെ ജനങ്ങൾ ആ ഭാരം പേറേണ്ടിവരുമ്പോൾ 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡിന്റെ അടിസ്ഥാനത്തിൽ 3600 കോടി രൂപ കേരളത്തിന് നഷ്ടപ്പെടുന്ന നിലയിലാണ് കാര്യങ്ങൾ നീങ്ങുന്നതെന്ന് നയപ്രഖ്യാപന

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതുകൂടാതെ ഡിസ്ക്രീഷണറി ഗ്രാന്റിന്റെ കാര്യത്തിലും കേരളത്തിന്റെ വിഹിതത്തിന്റെ 50 ശതമാനത്തോളം കുറഞ്ഞിട്ടുണ്ട് എന്നുള്ള വസ്തുതയും കോൺഗ്രസ് മറക്കരുത്. മോചനയാത്ര നടത്തുമ്പോൾ നിങ്ങളെ കാണാൻ, നിങ്ങളുടെ പ്രസംഗം കേൾക്കാൻ കൂടുന്ന ആളുകളോട് നിങ്ങളുടെ തന്നെ ആളുകളോട് ഈ സത്യം തുറന്നു പറയാൻ നിങ്ങൾ വൈമുഖ്യം കാണിക്കുന്നു. വൈമനസ്യം കാണിക്കുന്നു. ഇറക്കുമതിമൂലം നമ്മുടെ സംസ്ഥാനത്തെ നാളികേര കൃഷിക്കാരുടെ നട്ടെല്ല് ഒടിഞ്ഞിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് 30 ലക്ഷം കുടുംബങ്ങളാണ് നാളികേര കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് 60 ലക്ഷത്തോളം കർഷക കുടുംബങ്ങളുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിൽ പകുതി, 30 ലക്ഷം കുടുംബങ്ങൾ നാളികേര കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരായതുകൊണ്ട്, നമ്മുടെ മൂന്നുകോടി ജനങ്ങളിൽ പകുതിയോളം അവർ വരുമെന്നുള്ളതുകൊണ്ട് അവരുടെ തന്നെ ഉപജീവനമാർഗം നാളികേര കൃഷിയാണെന്നുള്ളതുകൊണ്ടുതന്നെ ഗവൺമെന്റ് മുൻഗണന കൊടുത്ത്, മുൻതൂക്കം കൊടുത്ത് ഒരു സമഗ്ര വികസന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുതയും പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. നാളികേര കൃഷിയുടെ വിസ്തീർണം കോൺഗ്രസിന്റെ ഭരണകാലത്ത് 1995-96-ൽ 91,400 ഹെക്ടറായിരുന്നു. 1998-99-ൽ അത് 1,93,036 ഹെക്ടറായി വർദ്ധിച്ചു. ഒരു ലക്ഷത്തിലേറെ ഹെക്ടർ പ്രദേശത്ത് നാളികേര കൃഷി കൂടുതലായി ചെയ്യാൻ സാധിച്ചുവെന്നുള്ളത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. അതിന്റെ ഫലമായി നാളികേര ഉൽപ്പാദനം വർദ്ധിച്ചു. 1995-96-ൽ നാളികേര ഉൽപ്പാദനം 5155 ദശലക്ഷം ആയിരുന്നുവെങ്കിൽ കോൺഗ്രസിന്റെ ഭരണകാലത്ത് 1998-99-ൽ 6672 ദശലക്ഷമായി വർദ്ധിച്ചു. തെങ്ങിന്റെ ഉൽപ്പാദനക്ഷമതയും വർദ്ധിച്ചു. 1995-96-ൽ ഒരു ഹെക്ടറിൽ 5638 നാളികേരം വിളവുണ്ടായിരുന്നുവെങ്കിൽ 1998-99-ൽ ഒരു ഹെക്ടറിൽ 6188 നാളികേരം ലഭിക്കുന്നുണ്ട്. ആ രംഗത്തും വർദ്ധനവുണ്ടായി. എന്നാൽ നാളികേരവും കൊപ്രയും വെളിച്ചെണ്ണയും തുടങ്ങി എല്ലാ നാളികേര ഉൽപ്പന്നങ്ങൾക്കും ഉദാരവൽക്കരണത്തിലൂടെ കേന്ദ്ര ഗവൺമെന്റ് എല്ലാ ഇറക്കുമതി നിയന്ത്രണങ്ങളും എടുത്തുകളഞ്ഞുകൊണ്ട് ഇറക്കുമതി ചെയ്യാൻ തുടങ്ങിയപ്പോൾ ഈ സംസ്ഥാനവും രാജ്യവും ഇറക്കുമതി ചെയ്യുന്ന നാളികേരത്തിന്റെയും കൊപ്രയുടെയും നാളികേര ഉൽപ്പന്നങ്ങളുടെയും ചന്തകളായി. കമ്പോളങ്ങളായി മാറിയപ്പോൾ നാളികേരത്തിന്റെ വിലയിടിയും എന്നുള്ളത് സാമാന്യബോധമുള്ള ആർക്കും മനസ്സിലാകും. അതിന്റെ ഫലമായി ഈ സംസ്ഥാനത്തെ നാളികേര കൃഷിക്കാരുടെ 30 ലക്ഷം കുടുംബങ്ങൾ ഇന്ന് സാമ്പത്തികമായി പാപ്പരാകുന്നുണ്ടെങ്കിൽ, അവർക്ക് വീടുകളിൽ തീ പുകയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നുവെങ്കിൽ അതിന്റെ പ്രധാന ഉത്തരവാദികൾ ഈ പുത്തൻ സാമ്പത്തിക നയം രൂപീകരിച്ചുകൊണ്ട്, അത് പ്രാവർത്തികമാക്കാൻ ശ്രമിച്ച, മുൻകൈ എടുത്ത് അത് നടപ്പിലാക്കിയ കോൺഗ്രസ് തന്നെയാണ് എന്നുള്ള കാര്യം മറക്കണ്ട. ഈ വലിയ പ്രശ്നത്തെത്തുടർന്നുണ്ടായ ജനങ്ങളുടെ രോഷത്തിൽനിന്നും രക്ഷപ്പെടാൻ വേണ്ടി കേരള മോചനയാത്ര എന്നുപേരിട്ട് മുദ്രാവാക്യം മുഴക്കികൊണ്ട് നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ സമരത്തെ നിങ്ങൾ പേരു മാറ്റിയിടണം. കോൺഗ്രസ് മോചനയാത്രയായി അതിനെ മാറ്റണം. 30 ലക്ഷം നാളികേര കൃഷിക്കാരുടെ, കുടുംബങ്ങളുടെ ആ രോഷം കോൺഗ്രസിനുമേൽ പതിക്കുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. തെരഞ്ഞെടുപ്പിൽ വിജയിക്കാൻവേണ്ടി നടത്തുന്ന് ഒരു തെരഞ്ഞെടുപ്പു തന്ത്രമല്ലേ, ഒരു അടവല്ലേ ഈ കേരള മോചനയാത്ര? അല്ലാതെ യാഥാർത്ഥ്യവുമായി ഇതിന് വല്ല ബന്ധവുമുണ്ടോ ? അതുമാത്രമല്ല നമ്മുടെ കേരളത്തിൽ റബ്ബർ കൃഷിയിൽ ഏർപ്പെട്ട 10 ലക്ഷത്തിലേറെ കുടുംബങ്ങളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിലെ റബ്ബറുൽപ്പാദനത്തിൽ 94 ശതമാനവും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബറാണ്. കേന്ദ്ര ഇറക്കുമതി നയത്തെത്തുടർന്ന് റബ്ബറും ഇറക്കുമതി ചെയ്യാൻ തുടങ്ങി. നിങ്ങളുടെ നയമല്ലേ ഉദാരവൽക്കരണനയവും ആഗോളവൽക്കരണനയവും ? അല്ലെന്ന് പറയാൻ പറ്റുമോ ? എന്തേ ശ്രീമാൻ പി. പി. തങ്കച്ചൻ ഇപ്പോൾ മാറ്റിപ്പറയുന്നു? ഈ രാജ്യത്ത് ഇങ്ങനെയൊരു നയം നടപ്പിലാക്കിയത് ഞങ്ങളാണെന്നെങ്കിലും പറയാനുള്ള ഒരു സാമാന്യ മര്യാദ കാണിക്കണം. അദ്ദേഹം അതു പറഞ്ഞില്ല. ഞങ്ങളെയൊക്കെ കബളിപ്പിക്കാൻ. ഈ നാട്ടിലെ ജനങ്ങളെയൊക്കെ കബളിപ്പിക്കാൻ, കഴിയുമെന്ന് വ്യാമോഹിക്കരുത്. ആ ഇറക്കുമതി നയത്തെത്തുടർന്ന് റബ്ബർ ഇറക്കുമതി ചെയ്തു. ആർ. എസ്. എസ്. 4 ഇനത്തിൽപ്പെട്ട റബ്ബറിന് ഒരു കിലോയ്ക്ക് 60 രൂപയുണ്ടായിരുന്നത് ഇപ്പോൾ 29 രൂപയും അതിനുതാഴെയും മാത്രമേ ലഭിക്കുന്നുള്ളു. റബ്ബർ ഇറക്കുമതി വഴി റബ്ബറുൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതു വഴി, റീബട്ടൺ ചെയ്ത ടയർ ഉൾപ്പെടെ ഇറക്കുമതി ചെയ്യുന്നതുവഴി ഉപയോഗിച്ച ടയറും മറ്റും ഇറക്കുമതി ചെയ്യുന്നതുവഴി, ഇന്ത്യയുടെ ആഗോളവൽക്കരണത്തിന്റെ ഭാഗമായി ബഹുരാജ്യ കുത്തകകളായ അമേരിക്കൻ സാമ്രാജ്യത്വ ശക്തികൾ ഇന്ത്യയെ അവരുടെ ഒരു ചന്തയാക്കി മാറ്റുമ്പോൾ നമ്മളുൽപ്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിന്റെ വില 10 രൂപയായി കുറയുമെന്നുള്ള സത്യം ബോധ്യമാകാൻ വലിയ കണക്കുകളൊന്നും പഠിക്കണ്ട. റബ്ബർ കൃഷിക്കാർക്ക് ഇത് നന്നായി ബോധ്യപ്പെട്ടിട്ടുണ്ട്. നിങ്ങളുടെ മോചനയാത്ര ക്ലച്ചുപിടിക്കാത്തത് അതുകൊണ്ടു തന്നെയാണ്. അത് ക്ലച്ച് പിടിക്കില്ല, ഒരു സംശയവും വേണ്ട. റബ്ബർ കൃഷിക്കാരെ ദ്രോഹിച്ചത് നിങ്ങളാണ്. നിങ്ങളുടെ നയം പിന്തുടർന്ന ബി. ജെ. പി. ഗവൺമെന്റാണ്. റബ്ബർ, നാളികേരം, ഏലം, കുരുമുളക്, തേയില, കാപ്പി എന്നു വേണ്ട ഇവിടെ ഉൽപ്പാദിപ്പിക്കുന്ന അതേ നാണ്യവിളകൾ മുഴുവൻ ഇറക്കുമതി ചെയ്യുമ്പോൾ, ഇവിടെയുള്ള ഉൽപ്പന്നങ്ങൾക്ക് വിലയിടിയുമ്പോൾ കേരംകൊണ്ടു തിങ്ങിയ ഈ കേരള സംസ്ഥാനത്തെ കേര കർഷകരും വിവിധ നാണ്യവിളകൾ കൃഷി ചെയ്യുന്നവരുമായ കൃഷിക്കാർ സാമ്പത്തികമായി പാപ്പരാകും. ഈ സംസ്ഥാനത്തിന്റെ സമ്പത്തിൽ തീർച്ചയായും കുറവുണ്ടാകുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്കാർക്കും സംശയമില്ല. ഈ കൃഷിക്കാരെ സഹായിക്കാൻ എന്തുചെയ്തു എന്നുചോദിച്ചു. കൃഷിക്കാരെ സഹായിക്കാൻ സർക്കാർ ഇതിനകം 10,460 ടൺ റബ്ബർ കയറ്റുമതി ചെയ്തുകഴിഞ്ഞു. 25,000 ടൺ ക്രംബ് റബ്ബറും 25,000 ടൺ ഷീറ്റ് റബ്ബറും കയറ്റി അയയ്ക്കാനുള്ള തീരുമാനമെടുത്തുകഴിഞ്ഞു. റബ്ബർ പാർക്കിനു പുറമേ റബ്കോയുടെ ആഭിമുഖ്യത്തിൽ സഹകരണ മേഖലയിൽ റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റുകൾ ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാരെ രക്ഷിക്കുന്നതിനു വേണ്ടി, സഹായിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി കാര്യങ്ങൾ ആത്മാർത്ഥതയോടു കൂടി നടപ്പിലാക്കികൊണ്ടിരിക്കുന്നു. അതിൽ ചിലത് ഞാൻ സൂചിപ്പിച്ചുവെന്നു മാത്രമേയുള്ളൂ. ഞാൻ സമയചുരുക്കംകൊണ്ട് മറ്റു കാര്യങ്ങളിലേക്ക് പോകുന്നില്ല. ഈ ഗവൺമെന്റ് ജനങ്ങൾക്ക് അനുകൂലമായ കാര്യങ്ങളൊന്നും ചെയ്യുന്നില്ല എന്നുപറഞ്ഞുകൊണ്ടാണ് കോൺഗ്രസ് പാർട്ടി എപ്പോഴും ആവർത്തിച്ചാവർത്തിച്ച് ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത്. ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ, അതിന്റെ കണക്കുകൾ അതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ഇതൊക്കെ വായിച്ചു നോക്കിയിട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർ പ്രസംഗിച്ചാൽ ഈ ഗവൺമെന്റ് കഴിഞ്ഞ നാലര വർഷക്കാലമായി നടപ്പിലാക്കിയിട്ടുള്ള ഒട്ടേറെ പദ്ധതികളുടെ ഫലങ്ങൾ ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ബോദ്ധ്യമാകും എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായ വൈദ്യുതിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. 876 മെഗാവാട്ട് വൈദ്യുതി ഇവിടെ അധികമായി ഉൽപ്പാദിപ്പിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞപ്പോൾ മുൻ ഗവൺമെന്റ് വെറും 17 മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ അധികമായി ഉൽപ്പാദിപ്പിച്ചത്. ന്യായമായ വളരെ കുറച്ച് വൈദ്യുതി മാത്രമേ മുൻ ഗവൺമെന്റിന് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞുള്ളൂ എന്നതിന് എല്ലാവർക്കും ബോദ്ധ്യപ്പെടുന്ന എന്തെങ്കിലും ഒരു കാരണം പറയാൻ ഇന്നുവരെ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല എന്നു പറയേണ്ടിരിയിരിക്കുന്നു. പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലകളിലെ തൊഴിലാളികൾക്ക് റെക്കോർഡ് ഭേദിച്ചുകൊണ്ടാണ് തൊഴിൽ കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചത്. കോൺഗ്രസിന്റെ ഭരണകാലത്ത് 10 ദിവസവും 14 ദിവസവും 20 ദിവസവും ജോലി കൊടുത്ത അതേ സ്ഥാനത്താണ് ഒരു വർഷത്തിൽ 200 ദിവസംവരെ ജോലികൊടുക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. പരമ്പരാഗത മേഖലയുൾപ്പെടെ എല്ലാമേഖലകളും പുനരുദ്ധരിക്കാൻ, തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാൻ, അവരുടെ ക്ഷേമത്തിനും വികാസത്തിനും വേണ്ടി പ്രവർത്തിക്കാൻ ഈ സർക്കാർ ആത്മാർത്ഥമായി കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടിയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും വിവിധങ്ങളായ പദ്ധതികൾ പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നു. അവർക്ക് 1,17,000 വീടുകൾ നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞുവെന്നുള്ളത് ഒരു നിസാര കാര്യമല്ല. 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും രണ്ട് ആശ്രമം സ്കൂളുകളും ഉണ്ടാക്കാൻ കഴിഞ്ഞു. വിദ്യാഭ്യാസ കൺസെഷനിൽ 70 % വർദ്ധനവുവരുത്തി. പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരെ സഹായിക്കാൻ 1000 സജീവ സാമൂഹ്യ പ്രവർത്തകരെ ഈ ഗവൺമെന്റ് നിയോഗിച്ചു. അതുപോലെ പട്ടികജാതിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരെ സഹായിക്കുന്നതിനുംവേണ്ടി 1049 കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. കൃഷിഭൂമിയില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 50 സെന്റ് കൃഷിഭൂമിയെങ്കിലും വാങ്ങാൻ 50,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡിയായി നൽകാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു ; അതിന്റെ നടപടികൾ നടന്നുവരുന്നു. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസികളെ പുനരധിവസിപ്പിക്കാനുള്ള സമഗ്രമായ പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുന്നു. പിന്നോക്ക വികസന കോർപ്പറേഷൻ 75 കോടി രൂപ തൊഴിലിനുവേണ്ടി അവർക്ക് ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. ഈ സർക്കാരിന്റെ നടപടികളെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ പൊതു വിതരണരംഗം വളരെ പ്രശംസനീയമായ രീതിയിൽ സമ്പുഷ്ടമാക്കാൻ കഴിഞ്ഞുവെന്നാണ് എന്റെ വിശ്വാസം. ജനങ്ങൾക്ക് വളരെ പ്രയോജനപ്രദമായ രീതിയിൽ പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. മാവേലി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചുകൊണ്ട് നിത്യോപയോഗ സാധനങ്ങളുടെ വിലകുറച്ച്, പാവപ്പെട്ട വർക്കും സാധാരണക്കാർക്കും വിതരണം നടത്താനുള്ള ഒരു നെറ്റ് വർക്ക് പരിപാടി എൽ. ഡി. എഫ്. ഗവൺമെന്റിന്റെ മാത്രം സംഭാവനയാണ്. അത് ഈ നാട്ടിലെ ജനങ്ങൾക്കുണ്ടാക്കികൊടുത്ത നേട്ടം ജനങ്ങൾ അനുഭവിക്കുന്നുണ്ട്. നാലരക്കോടി ടൺ അരി എഫ്. സി. ഐ. യുടെ ഗോഡൗണിൽ കെട്ടികിടക്കുമ്പോൾ, ന്യായവിലയ്ക്ക്, സൗജന്യമായി, 50 ശതമാനത്തിലധികം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളുള്ള ഇന്ത്യയിലും 40 ശതമാനത്തിലധികം വരുന്ന പാവങ്ങളുള്ള കേരളത്തിലും വിതരണം നടത്താൻ ബി. ജെ. പി ഗവൺമെന്റ് ഒരു നടപടിയും എടുത്തില്ല. കോൺഗ്രസ് പാർട്ടിക്ക് ഒരക്ഷരം അതിനെപ്പറ്റി മിണ്ടാനില്ല. കേന്ദ്രഗവൺമെന്റ് സൗജന്യമായി വിതരണം നടത്തുന്നില്ല ; വില കുറച്ചു കൊടുക്കാനുള്ള നടപടിയും എടുത്തില്ല. സ്റ്റോക്കുണ്ടായിരുന്ന അരിയുടെ പകുതിയോളം അറബിക്കടലിൽ കൊണ്ട് തട്ടി എന്നാണ് കേൾക്കുന്നത്. ഇത്തരം ജനവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന, ബി. ജെ. പി. ഗവൺമെന്റിന് കൂട്ടുനിൽക്കുന്ന കോൺഗ്രസിന്റെ ഈ സമരം വെറുമൊരു പ്രഹസനമായി മാത്രമേ ജനങ്ങൾ നോക്കികാണുകയുള്ളു എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെത്തന്നെ ഭരണഘടനയുടെ അടിസ്ഥാനപരമായ മാറ്റങ്ങൾക്കുവേണ്ടി ഇന്ത്യൻ പ്രസിഡന്റുപോലും അതെക്കുറിച്ച് മുന്നറിയിപ്പു നൽകുകയുണ്ടായി. ഈ രാജ്യത്തെ ജനങ്ങൾ അനുഭവിക്കുന്ന പട്ടിണി, ദാരിദ്ര്യം, പാർപ്പിട പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, വിലക്കയറ്റംമൂലം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ, സ്വന്തമായി ഭൂമിയില്ലാത്ത പ്രശ്നങ്ങൾ, ഉടുതുണിക്ക് മറുതുണിയില്ലാത്ത പ്രശ്നങ്ങൾ, അക്ഷരാഭ്യാസം നേടാൻ കഴിയാപ്രശ്നങ്ങൾ തുടങ്ങി ഭൂരിഭാഗം ജനങ്ങളും ഈ രാജ്യത്ത് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ മുതലാളിത്ത സമ്പദ്ഘടനയുടെ പിന്നാലെ ഓടുന്ന ബി. ജെ. പി.ക്കും കോൺഗ്രസിനും സാധ്യമല്ല എന്നാണ്. ഇന്നുവരെയുള്ള ജനങ്ങളുടെ അനുഭവങ്ങളിൽ നിന്നു തെളിഞ്ഞിട്ടുള്ളത്. അതുകൊണ്ടുതന്നെ ജനാധിപത്യത്തിലധിഷ്ഠിതമായ സോഷ്യലിസ്റ്റു ഭരണഘടന ഈ രാജ്യത്ത് അനിവാര്യമാണ്. അല്ലാതെ അതിന്റെ അടിത്തറ പൊളിക്കലല്ല വേണ്ടത്. അതിൽ നിന്നുകൊണ്ട് തീർച്ചയായും ഒരു വലിയ ഗോപുരം പോലെ രാജ്യത്തിന്റെ പുരോഗതി മുന്നിൽ കണ്ടുകൊണ്ട്, രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക സമ്പദ്ഘടന പടുത്തുയർത്തുകയാണ് വേണ്ടത്. അതിനുവേണ്ടിയും ഈ കോൺഗ്രസ് 'കമാ' എന്നൊരു അക്ഷരം മിണ്ടുന്നില്ലല്ലോ ഈ യാത്രയിൽ എന്ന് ഓർക്കുമ്പോൾ ദുഃഖം തോന്നുന്നു. ഈ നന്ദി പ്രമേയത്തെ ഞാൻ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ : സർ, ഈ നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിൽ നയവുമില്ല, പ്രഖ്യാപനവുമില്ല. സർക്കാർ എഴുതി കൊടുത്ത അർദ്ധസത്യങ്ങളും സത്യവിരുദ്ധമായ കാര്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു പ്രസ്താവന 38 പേജുകളിലായി അദ്ദേഹത്തെകൊണ്ട് വായിപ്പിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഇന്ന് 57 മാസം പൂർത്തിയാകുകയാണ്. 1996 മേയ് മാസം 20-ാം തീയതിയാണ് ഇവർ അധികാരത്തിൽ വന്നത്. ഈ 57 മാസത്തെ ഭരണം പൂർത്തിയാകുമ്പോൾ, കഴിഞ്ഞ നാലു പ്രാവശ്യവും ഇതിനുമുമ്പ് ബഹുമാന്യനായ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗങ്ങളിൽ പറഞ്ഞിരുന്ന ഒരു കാര്യംപോലും നടപ്പാക്കുവാൻ ഇവർക്കു കഴിഞ്ഞിട്ടില്ല. പിന്നെയാണോ ഈ വരാൻ പോകുന്ന മൂന്നുമാസംകൊണ്ട് എന്തൊക്കെയോ ചെയ്യാൻ കഴിയുമെന്ന മട്ടിൽ പ്രസംഗം നടത്തുന്നത് ? ഇവിടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കെല്ലാം മറുപടി പറയാൻ സമയമില്ല. എങ്കിലും രണ്ടാം പേജിൽ പറഞ്ഞിരിക്കുന്നു. കേരളം കഴിഞ്ഞ അഞ്ചുവർഷക്കാലമായി ഒരു സമാധാന മേഖലയായി നിലകൊള്ളുന്നു എന്ന്. എങ്ങനെയാണ് അത് പറയാൻ കഴിയുക ! നാദാപുരത്തുണ്ടായ അക്രമപ്രവർത്തനങ്ങൾ, അതിക്രമങ്ങൾ, കാണുമ്പോൾ..... ഇവിടം ഒരു സമാധാന മേഖലയായി തുടരുന്നുവെന്ന് പറയുവാനോ ഗവർണറെ കൊണ്ട് അതു പറയിപ്പിക്കുവാനോ ഇവർക്കല്ലാതെ മറ്റാർക്കും കഴിയുകയില്ല എന്നു പറയാനാണ് തോന്നുന്നത്. ഇന്നിവിടെ ബഹുമാന്യനായ ജയരാമൻ ഒരു സബ്മിഷൻ കൊണ്ടുവരികയുണ്ടായല്ലോ. കണ്ണൂരിലെ എസ്. എഫ്. ഐ. കാരിയായ ഒരു ചെറുപ്പക്കാരിയുടെ കാലിൽ ആർ. എസ്. എസ്. എന്ന് ആയുധം കൊണ്ട് വരച്ചുവച്ച കാര്യം. ഏതാനും ആഴ്ചകൾക്കുമുമ്പ് നിലമേൽ കോളേജിലെ കെ. എസ്. യു. വിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ചു വിജയിച്ച ബിനീഷ് എന്ന വിദ്യാർത്ഥിയെ യൂണിവേഴ്സിറ്റി കോളേജിന്റെ നടുത്തളത്തിലിട്ട് മർദ്ദിച്ച് അവശനാക്കി, ആ വിദ്യാർത്ഥിയുടെ പുറകിൽ എസ്. എഫ്. ഐ. എന്ന് കഠാര കൊണ്ട് മാർക്കു ചെയ്തപ്പോൾ അതിനെതിരെ ശബ്ദമുയർത്തുവാൻ ഇവർക്ക് കഴിഞ്ഞില്ല. അതുപോലെ എത്രയെത്ര അനുഭവങ്ങൾ. അക്രമപ്രവർത്തനങ്ങൾ, ബലാൽസംഗങ്ങൾ ഈ സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നടന്നു! അങ്ങനെയുള്ള ഈ സംസ്ഥാനത്ത് ഇന്ന് ക്രമസമാധാനനില ഭദ്രമാണെന്നു പറയുന്ന ഇവർ, ഗവർണറെക്കൊണ്ട് അതു പറയിപ്പിക്കരുതായിരുന്നു എന്നു മാത്രമാണ് എനിക്ക് അക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. ഇവിടെ കാർഷിക മേഖയെക്കുറിച്ചും വ്യവസായമേഖലയെക്കുറിച്ചും പറയുമ്പോൾ മാറ്റങ്ങളുടെ ലക്ഷണങ്ങൾ കാണുന്നുണ്ട് എന്നാണ് പറയുന്നത്. 20-ാമത്തെ പേജിൽ ഒരു വാചകമുണ്ട്, കാർഷിക മേഖലയെക്കുറിച്ച് കാര്യങ്ങൾ പറയുന്ന കൂട്ടത്തിൽ കേരളത്തിലെ കാർഷിക മേഖല പുരോഗതിയുടെ വ്യക്തമായ ലക്ഷണങ്ങൾ പ്രകടിപ്പിച്ചു തുടങ്ങിയിരിക്കുന്നുവെന്ന്. 60 മാസത്തിൽ 57 മാസവും ഭരിച്ചിട്ട് ഇപ്പോഴും ലക്ഷണങ്ങൾ കാണിക്കുവാൻ മാത്രമേ ഇവർക്ക് കഴിഞ്ഞിട്ടുള്ളുവെന്നു സമ്മതിക്കുന്ന സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. 25-ാമത്തെ പേജിൽ വ്യവസായ മേഖലയെക്കുറിച്ച് പറയുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുകയാണ്.....

എന്നിവയുൾപ്പെടെ വിജയകരമായി പ്രവർത്തിക്കുന്നതിനുള്ള വ്യക്തമായ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾക്കു വേണ്ടത് ലക്ഷണങ്ങളല്ല, ഈ നാടിന്റെ പുരോഗതിക്കുതകുന്ന, നാടിന്റെ വികസനത്തിന് ഉതകുന്ന പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കുവാൻ കഴിയുന്ന ഒരു ഗവൺമെന്റാണ് കേരളത്തിനാവശ്യം. ഇവിടെ ബഹുമാന്യയായ ഭാർഗ്ഗവി തങ്കപ്പനുൾപ്പെടെയുള്ളവർ കാർഷിക മേഖലയിൽ എന്തെക്കെയോ ചെയ്തുകൂട്ടി എന്നു പറഞ്ഞു. കാർഷിക മേഖലയിൽ ഇന്ന് റബ്ബറിന്റെ കാര്യത്തിലായിരുന്നാലും ശരി, നാളികേരത്തിന്റെ കാര്യത്തിലായിരുന്നാലും ശരി, ലക്ഷോപലക്ഷം വരുന്ന കർഷകർ ഇന്ന് അനുഭവിക്കുന്ന ദുരിതങ്ങൾക്ക് അറുതിവരുത്താൻ അവരുടെ കണ്ണീരൊപ്പാൻ ഈ സർക്കാരിന് യാതൊന്നും ചെയ്യുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ള വസ്തുത മനസ്സിലാക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കേരളത്തിലെ കർഷകരുടെ അംഗീകാരം കിട്ടില്ലെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുന്നുള്ളൂ. 1996-ലെ തെരഞ്ഞെടുപ്പിൽ ഇവർ ഇവിടെ പ്രഖ്യാപിച്ചിരുന്നല്ലോ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുവാൻ നടപടികൾ സ്വീകരിക്കുമെന്ന്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുവാൻ നടപടികൾ സ്വീകരിച്ചുവെങ്കിൽ എന്തുകൊണ്ട് നൂറു ശതമാനത്തിലധികം വിലക്കയറ്റം നിത്യോപയോഗ സാധനങ്ങളുടെ കാര്യത്തിൽ കേരളത്തിലുണ്ടായി ? അഖിലേന്ത്യാടിസ്ഥാനത്തിൽ ഇൻഫ്ളേഷൻ നിരക്ക് എട്ടു ശതമാനം വർദ്ധിച്ചു. അഖിലേന്ത്യാടിസ്ഥാനത്തിൽ നിത്യോപയോഗസാധനങ്ങൾക്ക് വിലക്കയറ്റം ഉണ്ടായിട്ടില്ല. അതേസമയം കേരളത്തിലെ നിത്യോപയോഗസാധനങ്ങളുടെ വില നൂറു ശതമാനത്തിലധികം വർദ്ധിക്കുന്ന സാഹചര്യമുണ്ടായിരിക്കുന്നു. വിലക്കയറ്റം തടഞ്ഞു നിർത്തുവാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. കാർഷിക കേരളം തകർന്നടിഞ്ഞിരിക്കുന്നു. ഇവിടെ സൂചിപ്പിച്ചു റബ്ബറിന്റെ കാര്യം-ഒരു ലക്ഷത്തി എഴുപത്തി ഏഴായിരം ടൺ സ്വാഭാവിക റബ്ബർ മിച്ചമായി ഇവിടെ നിലനിൽക്കുമ്പോൾ ഈ സംസ്ഥാന ഗവൺമെന്റ് നാലേമുക്കാൽ വർഷം കൊണ്ട് പ്രഖ്യാപനങ്ങൾ പലതും നടത്തിയിട്ട് അമ്പതിനായിരം ടണ്ണോളം റബ്ബർ സംഭരിച്ചു. അതിൽ പതിനയ്യായിരം ടണ്ണോളം മാത്രം കയറ്റി അയച്ചു. ഇന്നുപറഞ്ഞു, ഇരുപത്തയ്യായിരം ടൺ കയറ്റി അയയ്ക്കുവാൻ നടപടികൾ സ്വീകരിച്ചുവെന്ന്. പ്രഖ്യാപനങ്ങൾ കൊണ്ട് കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാൻ കഴിയുമെന്ന് നിങ്ങൾ കരുതണ്ട ; അതു സാധ്യമല്ല. അതുപോലെ തന്നെ കേരളത്തിലെ നാളികേര കർഷകരെ സംരക്ഷിക്കുവാനോ നാളികേരത്തിന് വിലയിടിഞ്ഞപ്പോൾ കൊപ്ര സംഭരിക്കുവാനോ നാളികേരം സംഭരിക്കുവാൻ പത്തു രൂപ പോലും മാറ്റിവയ്ക്കുവാനോ ഈ സർക്കാരിനു കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള സർക്കാരിനെ ഈ വിധം മുന്നോട്ടു പോകുവാൻ കേരളത്തിലെ ജനങ്ങൾ അനുവദിക്കരുതെന്നു മാത്രമാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. തൊഴിലില്ലായ്മയുടെ കാര്യത്തെക്കുറിച്ച് ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറയുന്നുണ്ട്, മൂന്നുലക്ഷത്തി മുപ്പതിനായിരം പുതിയ തൊഴിലവസരങ്ങളുണ്ടായി എന്ന്. എങ്ങനെയാണ്? ചെറുകിട വ്യവസായ സ്ഥാപനങ്ങൾ 90,000 എണ്ണം രജിസ്റ്റർ ചെയ്ത് മൂന്നുലക്ഷത്തി മുപ്പതിനായിരം പേർക്ക് ജോലി കിട്ടി എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ കേരളത്തിലെ ചെറുപ്പക്കാർ അത് അംഗീകരിക്കുകയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന അവസരത്തിൽ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം മുപ്പത്തിരണ്ടു ലക്ഷമായിരുന്നു എങ്കിൽ ഇന്ന് നാൽപ്പത്തിരണ്ടു ലക്ഷമായി അത് വർദ്ധിച്ചിരിക്കുന്നു. നാലേമുക്കാൽ വർഷം കൊണ്ട് പത്ത് ലക്ഷം തൊഴിലില്ലാത്ത ചെറുപ്പക്കാരെ സൃഷ്ടിക്കാൻ കേരളത്തിൽ ഒരു ഗവൺമെന്റ് ആവശ്യമില്ല. ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നു പി. എം. ആർ. വൈ. വഴി ലോൺ കൊടുത്തുവെന്ന്. നിങ്ങൾക്ക് ഇത് പറയുവാൻ നാണമില്ലേ? പി. എം. ആർ. വൈ. വഴി ലോൺ എന്നു പറയുന്നത് കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണ്. ഒരു ലക്ഷം രൂപവരെ വായ്പ കൊടുക്കാനുള്ള ആ പദ്ധതി ആവിഷ്ക്കരിച്ചത്, അതിനുള്ള സബ്സിഡി കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചത് കേന്ദ്ര ഗവൺമെന്റാണ്. അതും നിങ്ങളുടെ നേട്ടമായി നിങ്ങൾ കാണിക്കാൻ ശ്രമിക്കുന്നുവെങ്കിൽ അതിൽ യാതൊരു അർത്ഥവുമില്ല, അതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന ചെറുപ്പക്കാർ, ഡി. വൈ. എഫ്. ഐ. കാർ സമരം നടത്തിയതല്ലേ ? പത്തുലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്ന് നേരത്തേ പറഞ്ഞു. പിന്നീട് മുഴുവൻ പേർക്കും ജോലികൊടുക്കുമെന്ന് പറഞ്ഞു. ഡി. വൈ. എഫ്. ഐ. കാർ തൊഴിൽ അല്ലെങ്കിൽ ജയിൽ എന്നുപറഞ്ഞ് സമരം നടത്തി. ഇന്ന് യാതൊരു സമരവും ആരുടെ ഭാഗത്തുനിന്നും കാണാനില്ല. അങ്ങനെ കേരളത്തിലെ ചെറുപ്പക്കാരെ വഞ്ചിച്ച, ചെറുപ്പക്കാരുടെ പ്രതീക്ഷ നഷ്ടപ്പെടുത്തിയ ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. ഇവിടെ എന്തിനും ഏതിനും ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും വിദേശ കുത്തകയുമാണ് വലിയ പ്രശ്നമായി പറയുന്നത്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി ഇൻഡ്യയിൽ കഴിഞ്ഞ നാലര വർഷത്തിനിടയിൽ രണ്ടുകോടി പതിനാറായിരം ലക്ഷം രൂപയുടെ ഇൻവെസ്റ്റുമെന്റുണ്ടായി. കേരളത്തിലേക്ക് വന്നത് 0.39 കോടി രൂപയാണ്. രണ്ട് കോടി പതിനാറ് ലക്ഷത്തിന്റെ ഇൻവെസ്റ്റ്മെന്റ് ഇൻഡ്യയിൽ വന്നപ്പോൾ മഹാരാഷ്ട്ര നേടിയെടുത്തത് 15 ശതമാനം. ആന്ധ്രാപ്രദേശ് നേടിയെടുത്തത് എട്ട് ശതമാനം. തമിഴ്നാട് നേടിയെടുത്ത് ഏഴ് ശതമാനം, കർണ്ണാടകയും ഏതാണ്ട് ഏഴ് ശതമാനം നേടിയെടുത്തു. അഞ്ച് വർഷം ഭരിച്ച കേരള സംസ്ഥാനത്തിന് എത്ര തുക വ്യവസായ രംഗത്ത് കിട്ടി ? ബഹുമാന്യയായ വ്യവസായ വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ടല്ലോ, എത്ര തവണ വിദേശത്ത് പോയി ? വ്യവസായ വകുപ്പുമന്ത്രി ആറ് തവണ വിദേശത്ത് പോയി. അതുപോലെ മുഖ്യമന്ത്രി ആറ് തവണ വിദേശത്ത് പോയി. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആറ് തവണ വിദേശത്ത് പോയി. കേരളത്തിലേക്ക് എത്ര ഇൻവെസ്റ്റ്മെന്റ് വിദേശത്തുനിന്നും കൊണ്ടുവരാൻ കഴിഞ്ഞു? വ്യവസായ രംഗത്ത് എത്ര പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞുവെന്ന് പറയണ്ടേ ? വിദേശത്തുനിന്ന് അമേരിക്കൻ പ്രസിഡന്റ് ഇവിടെ വന്നപ്പോൾ ക്ലിന്റൺ ഗോ ബാക്ക് എന്നുവിളിച്ച് ഇവിടെയുള്ള ചുവരിലൊക്കെ എഴുതിവച്ചു. പിറ്റേ ആഴ്ചയിൽ ബിൽഗേറ്റ്സ് ഇവിടെ വന്നപ്പോൾ നമ്മുടെ മന്ത്രിമാർ ഡൽഹിയിൽ പോയി താണുവണങ്ങി നിന്ന് അദ്ദേഹത്തെ സ്വീകരിച്ചു. എന്നിട്ട് അദ്ദേഹത്തിന്റെയടുത്ത് പറഞ്ഞു ഞങ്ങൾ അങ്ങോട്ട് വരുന്നുണ്ട്, അവിടെ

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ കുറെ കമ്പ്യൂട്ടർ ഇങ്ങോട്ട് തരണമെന്ന്. ആ കുറെ കമ്പ്യൂട്ടർ വാങ്ങിക്കാൻ നമ്മുടെ മന്ത്രിമാരല്ലേ പോയത് ? ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് ഞാനൊന്ന് ചോദിക്കട്ടെ മയോ ക്ലിനിക് അല്ലെങ്കിൽ ജോൺഹോപ്കിൻസ് എന്ന ഇൻസ്റ്റിറ്റ്യൂട്ട്, അമേരിക്കയിൽ ഉള്ള ഇൻസ്റ്റിറ്റ്യൂട്ട് 600 കോടി രൂപയുടെ നിക്ഷേപം നടത്തി മൂന്നാറിൽ സ്ഥാപനമാരംഭിക്കാൻ ഇവിടെ തീരുമാനമെടുത്തു. ആ നടപടിയുമായി മുന്നോട്ട് പോയി പിന്നീട് അത് വേണ്ടെന്ന് തീരുമാനമെടുത്തു. ബഹുമാന്യയായ മന്ത്രിക്ക് താൽപ്പര്യമുണ്ടായിരുന്നു. അവർ വേണ്ടെന്ന് പറയാൻ കാരണം സി. ഐ. എ. യുടെ ഏജന്റുമാരാണ് അവിടെ. കേരളത്തിലെ വ്യവസായ വകുപ്പുമന്ത്രി പിന്നീട് ചികിൽസിക്കാൻ പോയത് അതേ ജോൺഹോപ്ക്കിൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മയോ ക്ലിനിക്കിൽ. ബഹുമാന്യനായ ഇടതുപക്ഷമുന്നണിയുടെ കൺവീനർ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചികിൽസയ്ക്ക് പോയത് ലണ്ടനിലാണെങ്കിൽ കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ ചികിൽസയ്ക്ക് പോയത് അമേരിക്കയിലാണ്. ആഗോള വൽക്കരണത്തിന്റെയും ഇറക്കുമതിയുടേയും പേരിൽ കുറ്റമാരോപിച്ചു കൊണ്ട് കേരളത്തിന്റെ വികസനം തടസ്സപ്പെടുത്തുന്ന ഭരണമാണ് കഴിഞ്ഞ നാലേ മുക്കാൽ വർഷം കേരളത്തിൽ നടന്നത്. ഇവിടെ ഒരുപാട് പ്രഖ്യാപനങ്ങൾ വരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി രാവിലെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി പറയുകയുണ്ടായി 32 പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ വരുമെന്ന്. വരുമെന്ന് അദ്ദേഹത്തിന് വലിയ പ്രതീക്ഷയാണ്. വന്നാൽ നല്ലകാര്യം. നമ്മളൊക്കെ അതിനെ സ്വാഗതം ചെയ്യുകയാണ്. കേരളത്തിൽ വിദ്യാഭ്യാസ മംഗത്ത് ഇനി സർക്കാരിന് മുടക്കാൻ പണമുണ്ടോ ? ഇവിടെ നേരത്തേ സൂചിപ്പിച്ചല്ലോ സാമ്പത്തിക രംഗത്തെ സാഹചര്യങ്ങൾ. വണ്ടിച്ചെക്കുകൾ മാത്രം ഇഷ്യൂ ചെയ്യുന്ന ഒരു സർക്കാരായി കേരള സർക്കാർ മാറിയിരിക്കുന്നു. കഴിഞ്ഞയാഴ്ച കോട്ടയം ജില്ലയിൽ 72 ലക്ഷം രൂപയുടെ ടാർ വാങ്ങിക്കുന്നതിനുള്ള ചെക്ക് ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് കൊടുത്തപ്പോൾ കോർപ്പറേഷന്റെ ജനറൽ മാനേജർ പറഞ്ഞു കേരളാ ഗവൺമെന്റിന്റെ ചെക്കാണെങ്കിൽ നമുക്ക് സ്വീകാര്യമല്ല. അതിന്റെ ഡ്രാഫ്റ്റ് എടുത്തു കൊണ്ടുവന്നാൽ ടാർ തരാമെന്ന്. കോട്ടയം ജില്ലയിൽ ഇനിയും ടാർ കൊടുക്കാത്ത സാഹചര്യമാണ്. സംസ്ഥാന ഗവൺമെന്റിനെ ആർക്കും വിശ്വാസമല്ലാതായിരിക്കുന്നു. സാമ്പത്തികമായി തകർന്നടിഞ്ഞ ഈ ഗവൺമെന്റിനെ നിലനിർത്താൻ ആർക്കും കഴിയില്ല. പിന്നെയും പ്രഖ്യാപനങ്ങൾ വരുന്നുണ്ട്. കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഡന്റൽ കോളേജ് തുടങ്ങുമെന്ന് ആറ് മാസങ്ങൾക്കു മുമ്പ് പ്രഖ്യാപിച്ചു. ബഹുമാന്യനായ ആരോഗ്യവകുപ്പുമന്ത്രിയുടെ ഒരു പ്രതീക്ഷയായിരുന്നു അത്. ഞങ്ങൾക്കൊക്കെ ആഗ്രഹമായിരുന്നു. മൂന്ന് തവണ ഡേറ്റുകൾ മാറ്റി. ആദ്യം ആഗസ്റ്റിൽ തുടങ്ങുമെന്ന് പറഞ്ഞു, പിന്നെ ഒക്ടോബറിൽ തുടങ്ങുമെന്ന് പറഞ്ഞു. പിന്നെ ഡിസംബറിൽ തുടങ്ങുമെന്ന് പറഞ്ഞു. പക്ഷേ ഇന്നും തുടങ്ങിയിട്ടില്ല. ഈ അദ്ധ്യയനവർഷവും തുടങ്ങാൻ പറ്റുകയില്ലെന്ന് ഇപ്പോൾ മനസ്സിലാക്കുന്നു. ഇങ്ങനെ പ്രഖ്യാപനങ്ങൾ മാത്രമായി നടക്കുന്ന ഒരു ഗവൺമെന്റ്, കേരളത്തിലെ ഒരു വിഭാഗം ജനങ്ങൾക്കും അതായത് കൃഷിക്കാർക്കോ, വ്യവസായികൾക്കോ, കച്ചവടക്കാർക്കോ, ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾക്കോ, ഇവിടത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കോ യാതൊരു പ്രയോജനവുമില്ലാതെ നാലേമുക്കാൽ വർഷം നഷ്ടപ്പെടുത്തിയ ഗവൺമെന്റ് നടത്തിയിട്ടുള്ള നയപ്രഖ്യാപനമാണിത്. ഇനിയുള്ള മൂന്നുമാസം കൊണ്ട് കേരളത്തിൽ ഒന്നും ചെയ്യാൻ കഴിയാത്ത ഈ ഗവൺമെന്റിനെ ഇറക്കിവിടാൻ ജനങ്ങൾ കാത്തിരിക്കുമ്പോൾ നയപ്രഖ്യാപനം കൊണ്ട് യാതൊരു പ്രയോജനവും ഇല്ല. അത് വായിച്ച ഗവർണർക്ക് നന്ദി പറയണമെന്ന് പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ഡോ. കെ. സി. ജോസഫ് : സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. പുതിയ സാമ്പത്തിക നയവും നമ്മുടെ ഗവൺമെന്റിനോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിഷേധാത്മകമായ സമീപനവും, രണ്ടുംകൂടി നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്കേൽപ്പിച്ച ആഘാതത്തിൽനിന്നും കരകയറാനും ഈ സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും അഞ്ചുവർഷം കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് അഭിമാനകരം തന്നെയാണ്. അതുകൊണ്ടാണ് ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നത്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അഞ്ചു വർഷത്തെ കാലാവധി പൂർത്തീകരിക്കുന്ന ഈ സന്ദർഭത്തിൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് കേരളത്തിലെ ജനങ്ങളുടെ മുന്നിൽവച്ച പ്രകടനപത്രികയിൽ പറഞ്ഞ എല്ലാ കാര്യങ്ങളും പൂർണ്ണമായും നടപ്പിലാക്കി. ഈ ഗവൺമെന്റിന്റെ ഓരോ ഡിപ്പാർട്ടുമെന്റിന്റെയും പ്രവർത്തനം വിലയിരുത്തിയാൽ അവിടെയെല്ലാം അഭിമാനകരമായ നേട്ടങ്ങൾ കാണാൻ കഴിയും. എന്നുമാത്രമല്ല കഴിഞ്ഞ കാലഘട്ടത്തിലെ യു. ഡി. എഫ്. ഗവൺമെന്റിന്റെ അഞ്ച് കൊല്ലത്തെ ഭരണവുമായി താരതമ്യപ്പെടുത്തിയാൽ എത്രയോ മഹത്തായ നേട്ടങ്ങൾ എൽ. ഡി. എഫ്. ഗവൺമെന്റിന് നേടിയെടുക്കാൻ കഴിഞ്ഞു എന്ന് കാണാം. അധികാര വികേന്ദ്രീകരണം നടപ്പാക്കുമെന്ന് കഴിഞ്ഞ പ്രകടന പത്രികയിൽ പറഞ്ഞുവെങ്കിൽ അത് നടപ്പാക്കുക മാത്രമല്ല പഞ്ചായത്തീരാജ് സംവിധാനം നടപ്പാക്കുകയും ആ പഞ്ചായത്തീരാജ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയത്തക്ക രീതിയിൽ പദ്ധതി വിഹിതത്തിന്റെ 40 ശതമാനം താഴെത്തലങ്ങളിൽ നൽകി കൊണ്ട് തദ്ദേശസ്ഥാപനങ്ങളെ സ്വയംപര്യാപ്തമായി പ്രവർത്തിക്കാൻ അനുവദിക്കുകയും ജനങ്ങൾക്കുവേണ്ടി, ജനങ്ങളുടെ ഇച്ഛാശക്തിക്കനുസരിച്ച് പ്രവർത്തിക്കാൻ അവയെ പ്രാപ്തമാക്കുകയും ചെയ്ത ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. വൈദ്യുതി ഉൽപ്പാദനരംഗത്തുണ്ടായ നേട്ടങ്ങൾ കുറച്ച് കാണാൻ കഴിയുമോ ? കഴിഞ്ഞ യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പവർകട്ട് കൊണ്ട് വ്യവസായ രംഗത്തുണ്ടായ വരുമാന നഷ്ടം നികത്തുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. ഇവിടെ ഈ ഗവൺമെന്റ് പവർകട്ട് ഇല്ലാതാക്കിയിരിക്കുന്നു. വ്യാവസായിക മേഖലയിൽ പവർകട്ട് ഇല്ലാതായിട്ട് വർഷങ്ങളായി. അത് ഈ ഗവൺമെന്റിന്റെ നേട്ടം തന്നെയാണ്. അത് വ്യാവസായിക രംഗത്തുള്ള നേട്ടങ്ങൾക്ക് സഹായകമായിത്തീരും. അടിസ്ഥാനപരമായി വൈദ്യുതി രംഗത്ത് നമുക്ക് വളർച്ച നേടാൻ കഴിഞ്ഞു. പാവപ്പെട്ടവരുടെ ഭവന നിർമ്മാണ രംഗത്ത് എത്രയോ നേട്ടങ്ങൾ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൈവരിക്കാൻ കഴിഞ്ഞു. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ച് വർഷം കൊണ്ട് ഭവന നിർമ്മാണ ബോർഡ് ആകെ എണ്ണായിരം വീടുകൾ തീർത്ത സ്ഥാനത്ത് ഈ ഗവൺമെന്റിന്റെ കാലത്ത് അഞ്ച് വർഷംകൊണ്ട് മൂന്ന് ലക്ഷത്തി അറുന്നൂറ് വീടുകൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് നിർമ്മിച്ച് കൊടുക്കാൻ ഭവന നിർമ്മാണ ബോർഡിന് മാത്രം കഴിഞ്ഞു. പഞ്ചായത്തീ രാജ് സംവിധാനത്തിലൂടെയും, എസ്. സി, എസ്. ടി വകുപ്പ് വഴിയും കൂടി അഞ്ച് ലക്ഷത്തിലേറെ വീടുകൾ ഈ പാവപ്പെട്ട ആളുകൾക്ക് നിർമ്മിച്ച് കൊടുക്കാൻ കഴിഞ്ഞു എന്നുള്ള ഈ ഗവൺമെന്റിന്റെ റിക്കാർഡ് അവഗണിച്ച് തള്ളുവാൻ കഴിയുമോ ?

നമ്മുടെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം, റോഡിന്റെ ഗുണമേന്മയിൽ വന്നിട്ടുള്ള മാറ്റം എന്നിവയും പരിഗണിക്കേണ്ടതുണ്ട്. ഇവിടെ കോൺട്രാക്ടർമാർക്ക് ബിൽ കൊടുക്കുന്നതിനുള്ള കുടിശ്ശികയെപ്പറ്റി പറയുമ്പോൾ ഈ കഴിഞ്ഞ അഞ്ച് വർഷക്കാലം ആ രംഗത്തുണ്ടായിട്ടുള്ള പ്രവർത്തനത്തിന്റെ വേഗതകൂടി കണക്കിലെടുക്കണ്ടേ ? ഓരോ പ്രവർത്തനവും ഏറ്റെടുത്ത് വർഷങ്ങളോളം പൂർത്തീകരിക്കാൻ കഴിയാതെ യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ നിന്നും പോയപ്പോൾ 400 കോടിയോളം രൂപ കോൺട്രാക്ടർമാർക്ക് കൊടുക്കാൻ ഉണ്ടായിരുന്നുവെങ്കിൽ ആ വികസന പ്രവർത്തനങ്ങൾ അതിവേഗത്തിൽ ഈ ഗവൺമെന്റ് പൂർത്തീകരിച്ചപ്പോൾ ആ കുടിശ്ശിക വർദ്ധിക്കും എന്നുള്ളത് സ്വാഭാവികമാണ്. കാരണം പണ്ട് അഞ്ച് കൊല്ലംകൊണ്ട് തീർത്തിരുന്ന വർക്ക് ഇപ്പോൾ രണ്ട് കൊല്ലംകൊണ്ട് പൂർത്തീകരിക്കുമ്പോൾ അതെല്ലാം കൂടി ഒന്നിച്ച് കുടിശ്ശികയായി വന്നിട്ടുണ്ട്. പക്ഷേ നമ്മുടെ ബഡ്ജറ്റിലുള്ള തുക മാത്രം നോക്കിനിൽക്കാതെ നബാർഡ് ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിൽ തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും മുഴുവൻ പണം സ്വരൂപിച്ചുകൊണ്ട് നമ്മുടെ റോഡ്നിർമ്മാണ രംഗത്ത് വലിയ കുതിച്ചുകയറ്റം നടത്താൻ, റെക്കാഡ് വേഗതയിൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ. എത്രയോ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. റോഡ്പണിക്ക് ടാർ കിട്ടാൻ താമസിച്ചുപോയി എന്നു പറഞ്ഞുകഴിഞ്ഞാൽ ഈ രംഗത്തുണ്ടായ നേട്ടം മറച്ചുവയ്ക്കാൻ സാധിക്കുമോ ? നമ്മുടെ വിദ്യാഭ്യാസ രംഗത്തിന്റെ കാര്യം. വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടം നമുക്ക് മറച്ചു വയ്ക്കുവാൻ കഴിയുമോ ? ശ്രീ. തോമസ് ചാഴികാടൻ പറഞ്ഞല്ലോ 32 എഞ്ചിനീയറിംഗ് കോളേജുകളുടെ കാര്യം. 32 കോളേജുകൾ എന്നുപറഞ്ഞാൽ അത് നാളെ തുടങ്ങും എന്നാണോ ? ഈ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ പ്രവർത്തനത്തിനിടയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി നയം രൂപീകരിക്കാൻവേണ്ടി ചർച്ചചെയ്യും ; നയം രൂപീകരിക്കും ; ആ നയത്തിന് അനുസരണമായി പ്രവർത്തിച്ച് മുന്നോട്ട് പോകും. ഇവിടെ യു.ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്ര കോളേജുകൾ തുടങ്ങി ? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ കണക്ക് പറഞ്ഞല്ലോ. വിദ്യാഭ്യാസ രംഗത്ത് കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കാൻ കഴിഞ്ഞ അഞ്ച് വർഷക്കാലം കൊണ്ട് ഈ ഗവൺമെന്റിനു കഴിഞ്ഞു. അങ്ങനെ ചെയ്തുവെന്ന് പറയാൻ നിങ്ങൾക്ക് എന്തെങ്കിലും ഉണ്ടോ ? സ്വാതന്ത്ര്യലബ്ധിക്കുശേഷം ഈ ഗവൺമെന്റ് വരുന്നതുവരെയുള്ള

2 P.M]

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ വർഷവും കൂടി കണക്കിലെടുത്താലും സെൽഫ് ഫൈനാൻസിംഗ് കോളേജുകളും ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള കോളേജുകളും എല്ലാം കൂടി കണക്കാക്കിയാലും 14 എഞ്ചിനീയറിംഗ് കോളേജുകൾ മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ അത് 32 ആയി വർദ്ധിച്ചിരിക്കുന്നു. കുറവാണോ ? 3709 സീറ്റുകൾ ഉണ്ടായിരുന്നത് ഏതാണ്ട് 9400 ആയി വർദ്ധിച്ചു. 32 കോളേജുകൾ ഇതിനോടകം നിലവിൽവന്നു. ഇപ്പോൾ ഗവൺമെന്റ് ഏതു ചെയ്താലും .....

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോരതന്നെ കൊതുകിന് കൗതുകം" എന്ന് പറഞ്ഞതുപോലെ ഏത് നല്ലകാര്യം ചെയ്താലും അതിൽ കുറ്റം കണ്ടുപിടിച്ച് വിമർശനം നടത്തുക എന്ന രീതി യാഥാർത്ഥ്യബോധമുള്ള, ജനങ്ങളോട് പ്രതിബദ്ധതയുള്ള പ്രതിപക്ഷത്തിന് ചേർന്ന ഒരു സമീപനമാണോ ? കൂടുതൽ കോളേജുകൾ വേണം വേണം എന്ന് പറയുന്ന സന്ദർഭത്തിലും ചില ആൾക്കാർ ഇതിനെ സംബന്ധിച്ച് ചില തെറ്റിദ്ധാരണകൾ പരത്താൻ ചില ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇപ്പോൾ പറയുന്നത് സ്വകാര്യമേഖലയെ കുറിച്ചാണ്. മാധ്യമങ്ങളിൽ മുഴുവൻ വന്നു. ഗവർണറുടെ നയപ്രഖ്യാപനപ്രസംഗം വന്നപ്പോൾ സ്വകാര്യ മേഖലയ്ക്ക് കൊടുക്കും എന്ന് പറഞ്ഞിട്ടില്ല അതുകൊണ്ട് ശ്രീ. പി. ജെ. ജോസഫിനേയും പാർട്ടിയേയും ഒതുക്കി എന്നാണ് പറയുന്നത്. സ്വകാര്യ മേഖലയ്ക്ക് കൊടുക്കില്ല എന്ന് നയപ്രഖ്യാപനത്തിൽ എവിടെയാണ് പറഞ്ഞിട്ടുള്ളത് ? എവിടെയും പറഞ്ഞിട്ടില്ല. കൊടുക്കണോ വേണ്ടയോ എന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി നയപരമായി ചർച്ചചെയ്ത് തീരുമാനിക്കും. അതിന് ഈ നയപ്രഖ്യാപന പ്രസംഗം തടസ്സമേയല്ല. ഇവിടെ കോളേജുകൾ വേണമെന്ന് വായ്തോരാതെ പറയുമ്പോഴും കോളേജുകൾ ആരംഭിക്കുന്നതിനുവേണ്ടി ശ്രീ. പി. ജെ. ജോസഫ് സ്വീകരിക്കുന്ന സമീപനത്തിൽ ചില സംശയങ്ങൾ ഉണ്ടെന്ന് വരുത്തുവാൻ, ദുരൂഹതയുണ്ടെന്ന് വരുത്തുവാൻ ഉള്ള കുപ്രചരണങ്ങൾ മാധ്യമങ്ങളിലൂടെ നടത്തുന്നത് നിങ്ങൾ തന്നെയല്ലേ ? ചില പ്രത്യേക സമുദായത്തിൽപ്പെട്ട ആളുകൾക്ക് കോളേജുകൾ നടത്തുവാൻ വേണ്ടിയാണ്, ശ്രീ. പി. ജെ. ജോസഫിന് അദ്ദേഹത്തിന്റെ സമുദായത്തിൽപ്പെട്ട ആളുകൾക്ക് കൊടുക്കാൻ വേണ്ടിയാണ് എന്നൊക്കെ പറഞ്ഞ് ഈ സംസ്ഥാനത്ത് തെറ്റിദ്ധാരണ വളർത്താൻ ശ്രമിക്കുന്നത് നിങ്ങൾ തന്നെയല്ലേ ? എത്രയോ സ്ഥലങ്ങളിൽ പോയി പറഞ്ഞിരിക്കുന്നു! ആ നിലയിൽ വന്നിട്ടുള്ള കോളേജുകളിൽ ശ്രീ. പി. ജെ. ജോസഫിന്റെ റോമൻ-സിറിയൻ കാത്തോലിക്ക സമുദായത്തിൽ ആകട്ടെ മൂന്നു കോളേജുകൾക്ക് മാത്രമേ അപേക്ഷകരുള്ളൂ. കത്തോലിക്കാ സമുദായം മൊത്തം എടുത്താൽ, മലങ്കരയും ലാറ്റിൻ കത്തോലിക്കായും കൂടി എടുത്താൽപ്പോലും, 5 അപേക്ഷകൾ മാത്രമാണ് ആ രംഗത്തുള്ളത്. മുസ്ലീം മേഖലയിൽ നിന്നും 5 അപേക്ഷകൾ ഉണ്ട്. ഈഴവ മേഖലയിൽ നിന്നും 4 അപേക്ഷകൾ ഉണ്ട്. വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന സ്കൂളുകളാകട്ടെ കോളേജുകളാകട്ടെ ഒക്കെ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഇവിടെ മുസ്ലീം കോർപ്പറേറ്റ് മാനേജുമെന്റുകൾ നേരത്തേ എത്രയുണ്ടായിരുന്നു ? ആർട്സ് കോളേജ് എത്രയാണുണ്ടായിരുന്നത് ? 14. അതേസമയം ക്രൈസ്തവ മാനേജുമെന്റിൽ 69 കോളേജുകൾ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ 14 കോളേജുകൾ ഉള്ളതിൽ എല്ലാം കോർപ്പറേറ്റ് ആണോ ? ശ്രീ. സൂപ്പി മാനേജുമെന്റായിട്ടുള്ള സ്കൂൾ മുസ്ലീം മാനേജുമെന്റിന്റെതാണോ ? കോർപ്പറേറ്റ് മാനേജുമെന്റ് മുസ്ലീം മാനേജുമെന്റിൽ കുറവാണ്. അതുകൊണ്ട് മുസ്ലീം മാനേജുമെന്റിൽ ശ്രീ. സൂപ്പി അപ്പെ ചെയ്താൽ അത് മുസ്ലീം സമുദായത്തിന്റെതല്ല. ബിഷപ്പു അപ്പെ ചെയ്താൽ അത് ക്രിസ്ത്യൻ മാനേജുമെന്റിന് എന്ന നിലയിലാണ് ഇവിടെ വ്യാഖ്യാനിക്കുന്നത്. ടി. കെ. എം. കോളേജ് കോർപ്പറേറ്റ് മാനേജുമെന്റാണോ ? കേരളാ മുസ്ലീം എഡ്യൂക്കേഷൻ സൊസൈറ്റി കോർപ്പറേറ്റ് മാനേജുമെന്റാണോ ? ഇവയൊക്കെത്തന്നെയാണ് എഞ്ചിനീയറിംഗ് കോളേജിന് അപേക്ഷിച്ചിരിക്കുന്നത്. എസ്.എൻ. ഡി. പി. യോഗം, കോർപ്പറേറ്റ് മാനേജുമെന്റാണോ ? വയനാടിൽ കോളേജിന് അപേക്ഷിച്ചിരിക്കുന്നത് എസ്. എൻ. ഡി. പി. യോഗമാണ്. പാമ്പനാറിൽ എഞ്ചിനീയറിംഗ് കോളേജിന് അപേക്ഷിച്ചിരിക്കുന്നത് എസ്. എൻ. ട്രസ്റ്റാണ്. ഇവിടെ ഒരു ദുരൂഹതയുമില്ല. വി. എസ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കൺവീനർ എന്നുള്ള നിലയിൽ ഞങ്ങൾ ആലോചിച്ച് കാര്യങ്ങളെക്കുറിച്ച് ആലോചിച്ച്, നയം ഉണ്ടാക്കി, ആ നയത്തിന്റെ അടിസ്ഥാനത്തിൽ, പൊതുവായ നയ സമീപനത്തിന്റെ അടിസ്ഥാനത്തിൽ ഈ കേരളത്തിലെ ജനങ്ങളുടെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഞങ്ങൾ ഭരിച്ചു പോകുമ്പോൾ അതിനകത്ത് സംശയം വരുത്തുവാൻ നിങ്ങൾ നടത്തുന്ന പ്രചരണം നിങ്ങളുടെ ഇരട്ടത്താപ്പ് സമീപനമാണ്. നിങ്ങളുടെ മോചനയാത്രയിലെ സമീപനവും ഇതുതന്നെയാണ്. അതിന് മുന്നേ പോകുന്നതാരാ ? അഴിമതിക്കെതിരായി സംസാരിച്ചു മുന്നോട്ടു പോകുവാൻ ശ്രീ. ജേക്കബ്, കൊലപാതക രാഷ്ട്രീയത്തിനെതിരെ പ്രസംഗിക്കാൻ ശ്രീ. എം. വി. രാഘവൻ. ഇങ്ങനെയാണല്ലോ നിങ്ങൾ പ്രസംഗത്തിന് പോകുന്നത്. ബാക്കിയുള്ളവരുടെ പേരൊന്നും ഞാൻ പറയുന്നില്ല. ഓരോ വിഷയങ്ങൾക്കും സ്പെഷ്യലൈസ് ചെയ്ത് നേതാക്കൾ മുന്നിൽ പോകുന്നുണ്ടല്ലോ. നിങ്ങളുടെ ഇരട്ടത്താപ്പു സമീപനം പ്ലസ് ടു-വിനെതിരെ സമരം സംഘടിപ്പിച്ച വേളയിലും നിങ്ങൾ ഇവിടെവന്നു പറഞ്ഞതല്ലേ, ഇവിടെ ദുരൂഹതയാണ്, വർഗ്ഗീയമാണ് എന്നൊക്കെ. ശ്രീ. പി. ജെ. ജോസഫ് എത്ര കൊല്ലമായി നിയമസഭയിൽ ഉണ്ട്, 30 വർഷത്തിനുമുമ്പ് നിയമസഭാംഗമായ നിരവധി തവണ മന്ത്രിയായ ശ്രീ. പി. ജെ. ജോസഫിനെ വർഗ്ഗീയവാദിയായി ചിത്രീകരിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് അദ്ദേഹം കഴിഞ്ഞ 5 വർഷക്കാലം നടത്തിയ സ്തുത്യർഹമായ പ്രവർത്തനങ്ങളുടെ ഈ സംസ്ഥാനത്ത് ഉണ്ടാക്കിയ നേട്ടങ്ങളുടെ മേന്മ ഇല്ലാതാക്കാൻ വേണ്ടി വർഗ്ഗീയ വാദിയായും. സാമുദായിക വാദിയായും ചിത്രീകരിച്ചതുകൊണ്ട് ഈ പ്രവർത്തനങ്ങളെ ഇല്ലായ്മപ്പെടുത്തുവാൻ കഴിയുമോ ? പ്ലസ് ടു അനുവദിച്ച സന്ദർഭത്തിൽ നിങ്ങൾ അതുതന്നെയല്ലേ ചെയ്തത് ? ആ നിലയിൽ നിങ്ങൾ എന്താണ് ചെയ്തത്, നിങ്ങൾ പ്രചരണം നടത്തിയില്ലേ ? ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അടക്കമുള്ള കോൺഗ്രസുകാർ ഇവിടെ ചില സമുദായക്കാർക്ക് കൂടുതൽ സ്കൂളുകൾ കൊടുത്തു എന്നുപറഞ്ഞു. ആകെ ഉള്ള ഹൈസ്കൂളുകൾ നോക്കി അതിന്റെ 25 ശതമാനത്തിന് മാത്രമാണ് പ്ലസ് ടു കൊടുത്തത്. അതേസമയം മുസ്ലീം മാനേജ്മെന്റുകളിൽ 44.4% സ്കൂളുകൾക്ക് പ്ലസ് ടു കോഴ്സ് അനുവദിച്ചു. ഈഴവ മാനേജ്മെന്റിൽ ആകെ

LIBRARY ARCHIVES Kerala Legislative Assembly

64.4% ഹൈസ്കൂളുകൾക്കും പ്ലസ് ടു കൊടുത്തു. മുസ്ലീം മാനേജ്മെന്റിൽ 14 കോളേജുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് 68 പ്ലസ് ടു സ്കൂളുകൾ കൊടുത്തു. 14 കോളേജുകളിൽ നിന്നും പ്ലസ് ടു ഡീ ലിങ്ക് ചെയ്തപ്പോൾ പകരം അനുവാദം കൊടുത്ത 68 സ്കൂളുകൾക്കാണ്. ഈഴവ മാനേജ്മെന്റിലും 14 കോളേജുകൾ ഡീ ലിങ്ക് ചെയ്തപ്പോൾ 67 സ്കൂളുകൾക്ക് പ്ലസ് ടു സംവിധാനം കൊടുത്തു. അതേസമയം 69 കോളേജുകളുള്ള ക്രൈസ്തവ മാനേജ്മെന്റിന് ആകെ 182 സ്കൂളുകളേ കൊടുത്തുള്ളൂ. ഒരു കോളേജിന് മൂന്ന് സ്കൂൾ. ആ നിലയിൽ നിക്ഷിപ്തമായ ഒരു സമീപനം സ്വീകരിച്ചുകൊണ്ട് പ്രകടനപത്രികയിൽ പറഞ്ഞതുപോലെ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസരണമായി ഇന്ത്യയിലെ മറ്റ് ഏത് സംസ്ഥാനത്തുള്ള കുട്ടികൾക്ക് ഒപ്പം മൽസരിക്കുവാൻ നമ്മുടെ പുതിയ തലമുറയെ പ്രാപ്തരാക്കുവാൻ കഴിയത്തക്കനിലയിൽ പാഠ്യപദ്ധതി പരിഷ്ക്കാരവും, സിലബസ് പരിഷ്ക്കരണവും ഒക്കെ നടത്തികൊണ്ട് വിദ്യാഭ്യാസ രംഗത്ത് കേരളത്തെ ഒന്നാം സ്ഥാനത്തേക്ക് എത്തിക്കുവാൻ ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ള ആ നേട്ടത്തെ നിങ്ങൾക്ക് കുറച്ചുകാണിക്കാൻ കഴിയുമോ ? അങ്ങനെ ഓരോ രംഗത്തും അധികാര വികേന്ദ്രീകരണ രംഗത്താകാം വൈദ്യുതി ഉൽപ്പാദന രംഗത്താകാം, മറ്റ് ഏത് രംഗം എടുത്ത് പരിശോധിച്ചാലും നമുക്ക് പ്രതികൂലമായ ഒത്തിരി സാഹചര്യങ്ങൾ ഉണ്ടായിരുന്നു. സാമ്പത്തിക നയംകൊണ്ട് നമ്മുടെ നാണ്യവിള മേഖല മുഴുവൻ തകർന്നു. നമ്മുടെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ നാണ്യവിളയിൽ നിന്നുള്ള വരുമാനം കുറഞ്ഞു. ആ വരുമാനം കുറഞ്ഞതിന്റെ പ്രതിഫലനം ഉണ്ടായി. കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള discretionary grant പോലും 50% കണ്ട് വെട്ടികുറയ്ക്കുവാൻവേണ്ടി ബി. ജെ. പി. ഗവൺമെന്റ് തയ്യാറായി. ഈ പ്രതികൂല സചര്യത്തിൽ നിന്നുകൊണ്ടാണ് ബഡ്ജറ്ററി എമൗണ്ട് മാത്രം നോക്കി നിൽക്കാതെ നമ്മുടെ മറ്റ് മേഖലകളിൽ നിന്ന് വിഭവം കണ്ടെത്തികൊണ്ട് എന്തെങ്കിലും ചെയ്യേണ്ടത്. കുടിശ്ശിക, കുടിശ്ശിക എന്നുമാത്രം പറഞ്ഞാൽ മതിയോ, കുടിശ്ശിക ഉണ്ടായെങ്കിലും, സാമ്പത്തിക പ്രയാസത്തിനിടയിലും കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഒരു കോട്ടവും വരുത്താതെ മറ്റ് ഏത് ഗവൺമെന്റിന്റെ കാലത്തും ഉണ്ടായതിനേക്കാൾ വേഗത്തിൽ, ചടുലമായി, വികസനരംഗത്ത് എല്ലാ തലങ്ങളിലും ഈ കേരളത്തെ മുന്നോട്ടു നയിക്കുവാൻ ശ്രീ. ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞ അഞ്ചുകൊല്ലമായി സാധിച്ചു എന്നുള്ള അഭിമാനബോധത്തോടുകൂടിത്തന്നെ ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഗവർണറുടെ നയപ്രഖ്യാപനപ്രസംഗത്തിന് ബഹുമാന്യനായ എന്റെ സുഹൃത്ത് ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തിയായിട്ട് എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആറ് നയപ്രഖ്യാപന പ്രസംഗങ്ങൾ ഈ സഭയിൽ നടന്നു. ആറിന്റെയും കോപ്പി എന്റെ കൈയിലുണ്ട്. ഞാൻ ഇതെല്ലാം വായിച്ചു. അപ്പുറത്തുള്ള ശ്രീ. ആനത്തലവട്ടം ആനന്ദൻ മുതൽ ഡോ. കെ. സി. ജോസഫ് വരെയുള്ളവർ വായിക്കാതെയാണ് പറഞ്ഞതെങ്കിൽ, ഞങ്ങൾ ഇത് വായിച്ചിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

വരുന്നത്. ഈ കഴിഞ്ഞ 15-ാം തീയതി നമ്മുടെ നിയമസഭയിൽ ബഹുമാനപ്പെട്ട ഗവർണ്ണർ സുഖ്ദേവ് സിംഗ് കാങിനെകൊണ്ട് ഈ ഗവൺമെന്റ് ഒരു അന്ത്യവിലാപ ഗാനം ആലപിച്ചു. ഈ വിലാപഗാനം ആലപിച്ചപ്പോൾ ഞങ്ങൾ പ്രതിപക്ഷത്തുള്ള ആളുകൾ കറുത്ത ബാഡ്ജ് ധരിച്ച് ഇവിടെ വന്നു. ഈ വിലാപഗാനം ആലപിക്കുവാൻ ഗവർണർ വന്നത് മുഴുവനും കറുത്ത കോട്ട് ധരിച്ചാണ്. അപ്പോൾ ഗവർണർക്കുപോലും അറിയാമായിരുന്നു തന്നെകൊണ്ട് പറയിപ്പിക്കുന്നത് വിലാപഗാനമാണെന്ന്. ഈ ഗവൺമെന്റിന്റെ അന്ത്യവിലാപഗാനമാണെന്ന് അറിയാവുന്നതുകൊണ്ടാണ് കറുത്ത കോട്ട് ധരിച്ച് അദ്ദേഹം ഇവിടെ വന്നത്. 1996 ജൂലൈ മാസം 12-ാം തീയതി ആദ്യത്തെ നയപ്രഖ്യാപനം 81 പാരഗ്രാഫ്, 1997 മാർച്ച് മാസം 6-ാം തീയതി 53 പാരഗ്രാഫ് അൽപ്പംകൂടി പുരോഗതി, പടവലങ്ങ പോലെ താഴോട്ട്, 1998 മാർച്ച് 13-ാം തീയതി 3-ാമത്തേത് 45 പാരഗ്രാഫ്, 1999 ജനുവരി മാസം 22-ാം തീയതി 36 പാരഗ്രാഫ്, 2000-ാമാണ്ട് ഫെബ്രുവരി മാസം 18-ാം തീയതി 43 പാരഗ്രാഫ് —അൽപ്പം പുരോഗതി. ഇപ്പോൾ ഏറ്റവും ഒടുവിലായി ഞാൻ പറഞ്ഞ അന്ത്യവിലാപനം ; അതിൽ 55 പാരഗ്രാഫ്. ഈ വിലാപഗാനത്തിന് നന്ദിപ്രമേയം അവതരിപ്പിക്കുവാൻ നമ്മുടെ ശ്രീ. അനിരുദ്ധനല്ലാതെ വേറെ ആർക്കെങ്കിലും കഴിയുമോ ? ഇവിടെ അപ്പുറത്തുനിന്ന് പ്രസംഗിച്ച ആളുകളുടെ തൊലിക്കട്ടി എന്താ ? അവിടെ കണ്ണൂരിൽ പിടിച്ചുകെട്ടിയ ചീങ്കണ്ണിയുടെ തൊലിക്കട്ടി ഇതിലൊക്കെ വളരെ താഴെയാണ്. ഇതുപോലെ തൊലിക്കട്ടിയുണ്ടോ ? ഈ സംസ്ഥാനത്താണോ ഇവർ ജീവിക്കുന്നത് ? ഗവർണറെകൊണ്ട് ഇവർ പറയിപ്പിച്ചത് എന്തൊക്കെയാ ? അങ്ങേക്കറിയാമല്ലോ. ഇവിടെ ഏറ്റവും ഒടുവിൽ ഡോ. കെ. സി. ജോസഫ് ചെയ്ത പ്രസംഗം ഞങ്ങൾ ഇടതുപക്ഷ മുന്നണി നയങ്ങൾ കൂട്ടായി ഇരുന്ന് ആലോചിച്ച് നടപ്പാക്കുന്ന ഗവൺമെന്റാണ് എന്നാണ്. ഡോ. കെ. സി. ജോസഫേ, നാണമില്ലേ നിങ്ങൾക്ക് ? ഇവിടെ 32 എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വകാര്യമേഖലയിൽ എൻ. ഒ. സി. കൊടുക്കുവാൻ ശ്രീ. പി. ജെ. ജോസഫ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി തീരുമാനം എടുത്തു. ഇടതുപക്ഷ മുന്നണി ആലോചിച്ച് എടുത്ത തീരുമാനമാണോ അത് ? അപ്പുറത്തുള്ള ആരെങ്കിലും ഒന്നുപറയണം. എന്നിട്ടോ മൂന്നുദിവസം കഴിഞ്ഞപ്പോൾ നമ്മുടെ മുഖ്യമന്ത്രി ശ്രീ. നായനാരുടെ അദ്ധ്യക്ഷതയിൽ കൂടിയ മന്ത്രിസഭായോഗം ആ തീരുമാനം റദ്ദ് ചെയ്തു. ഞാൻ ചോദിക്കട്ടെ ശ്രീ. ജോർജേ അത് ഇടതു പക്ഷമുന്നണിയുടെ തീരുമാനമാണോ ? നിങ്ങൾ ഒരുമിച്ച് കൂടിയിരുന്ന് ആലോചിച്ച് എടുത്ത തീരുമാനമാണോ ? എന്നിട്ട് പറയുന്നു ഞങ്ങൾ ഒരുമിച്ച് കൂടിയിരുന്ന് ആലോചിച്ച് എടുത്ത തീരുമാനമാണെന്ന്. പിന്നെ ഡോ. ജോസഫ് പറഞ്ഞു ഞങ്ങൾ ശ്രീ. പി. ജെ. ജോസഫിനെതിരെ ആരോപണം ഉന്നയിച്ചു എന്ന്. ആരാ ആരോപണം ഉന്നയിച്ചത് ? 1997-ൽ പ്ലസ് ടു അനുവദിച്ചപ്പോൾ ഞങ്ങളാരുമല്ല ആരോപണം ഉന്നയിച്ചത്. ശ്രീ. ലോനപ്പൻ നമ്പാടൻ അപ്പുറത്ത് ഇരിക്കുന്ന ആളല്ലേ. ശ്രീ. ജി. സുധാകരൻ ഇപ്പോൾ അവിടെ ഇല്ല. ശ്രീ. സുധാകരനും ഉന്നയിച്ചു. അന്ന് ഞങ്ങൾ ആരും ഉന്നയിച്ചില്ല. ഇപ്പോൾ രണ്ടാമത് ഉന്നയിച്ചപ്പോൾ ശ്രീ. നായനാർ എന്താ പറഞ്ഞത്, ഒരു കുഴപ്പവുമില്ല എന്നുപറഞ്ഞു. ഈ കഴിഞ്ഞ മൂന്നാം തീയതി കോട്ടയത്ത് മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുത്ത യോഗത്തിൽ, ശ്രീ. പി. ജെ. ജോസഫിന്റെ നിയമസഭാ പ്രവേശനത്തിന്റെ 25-ാം വാർഷികാഘോഷ പരിപാടിയിൽ എന്താ മുഖ്യമന്ത്രി പറഞ്ഞത്, പ്ലസ്ടു അനുവദിച്ച കാര്യത്തിൽ അഴിമതി ഉണ്ടായിട്ടുണ്ട്. പണം വാങ്ങിയ ആളുകളുടെ പേര് എന്റെ പാക്കറ്റിൽ ഉണ്ട്, എനിക്കറിയാം എന്ന്. ശ്രീ. ജോസഫ് വാങ്ങിയില്ല നാണമില്ലേ, എന്നിട്ട് ഇവിടെ വന്നുനിന്ന് പ്രസംഗം - ഞങ്ങൾ ഇടതുപക്ഷമുന്നണി, ഞങ്ങൾ ഇടതുപക്ഷ മുന്നണി എന്ന്. ഡോ. ജോസഫ് ഒന്നു പറഞ്ഞേ, ആരാ പണം വാങ്ങിയത് ? ഞങ്ങൾക്ക് അറിയണ്ടേ ? കേരളത്തിലെ ജനങ്ങൾക്ക് അറിയണ്ടേ? വേശ്യ ചാരിത്ര്യം പറയുന്നതുപോലെ ഒരു ഉളുപ്പും ഇല്ലാതെ വന്നുനിന്ന് അഴിമതിക്കെതിരെ പ്രസംഗിക്കുന്നു. ശ്രീ. ജേക്കബിന്റെ കാര്യം പറയാം അഞ്ചു കൊല്ലമായല്ലോ ശ്രീ. ടി. എം. ജേക്കബിനെ വേട്ടയാടാൻ നടക്കുകയല്ലേ ? ഒരു പുല്ലും ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞില്ലല്ലോ ? അഞ്ചു കൊല്ലമായി ഒരു തുമ്പുപോലും തൊടാൻ കഴിയാതെ ശ്രീ. ടി. എം. ജേക്കബിനെ വേട്ടയാടുന്നു. ഒരു ചാർജ് ഷീറ്റ് കൊടുക്കാൻ കഴിഞ്ഞോ നിങ്ങൾക്ക് ? എന്നിട്ട് പ്രസംഗിക്കുന്നു കൂച്ചുവിലങ്ങ് ഇടും. ചങ്ങലയിലിടും എന്ന് ഒന്നും ചെയ്യാൻ ഒക്കില്ല.

ശ്രീ. പി. ജെ. ജോയി : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൈയിൽ പണം വാങ്ങിയവരുടെ ലിസ്റ്റ് ഉണ്ടെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് കേരളാ കോൺഗ്രസുകാർ തമ്മിലുള്ള ലയനം വേണ്ടെന്നു വച്ചത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ജോണി നെല്ലൂർ : അത് ഏതായാലും മുഖ്യമന്ത്രി തന്നെ പറഞ്ഞു. ലിസ്റ്റ് അദ്ദേഹത്തിന്റെ പോക്കറ്റിൽ ഉണ്ടെന്ന്. അപ്പോൾ പിന്നീടുള്ള കാര്യങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ. ഏതായാലും ലയനത്തെ സംബന്ധിച്ച് .....

ശ്രീ. പി. സി. ജോർജ് : നമ്മുടെ ജോണിയല്ലേ പറഞ്ഞോട്ടെ എന്ന് വിചാരിച്ചു മിണ്ടാതിരിക്കുകയായിരുന്നു. അപ്പോൾ അങ്ങനെ തുടങ്ങിയാലോ, സർ, മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടുകൊണ്ടിരുന്ന വ്യക്തിയാണ് ഞാൻ, കണ്ടവൻ മാറിനിൽക്ക് കേട്ടവർ ചെയ്തോളാം എന്നു പറഞ്ഞതുപോലെ അഗസ്തി എന്തു വർത്തമാനമാണ് പറയുന്നത്. ഞങ്ങൾ ഇതു പറഞ്ഞുകൊണ്ടിരിക്കും. നിങ്ങൾ പേഴ്സണൽ ആയിട്ട് പിണങ്ങണ്ട എന്ന് എന്നോട് പറഞ്ഞ ആളാ, എന്നിട്ട് ഇവിടെ വന്നിരുന്നു വർത്തമാനം പറയുകയാണ്. ഇവിടെ വന്നിരുന്ന് അഗസ്തിനുണ പറഞ്ഞുകൊടുക്കുകയാണ്. ജോണീ, ആധികാരികമായി കേരളാ കോൺഗ്രസ് പാർട്ടിയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ പറയുന്നു, ധൈര്യമുണ്ടോ ജോണീ, ഞങ്ങളുടെ പാർട്ടിയുടെ എം. എൽ. എ.മാർ ആരെങ്കിലും ഏതെങ്കിലും ആവശ്യത്തിന് ഒരു രൂപ കൈക്കൂലി വാങ്ങിയതായി പറയാമെങ്കിൽ ആ നിമിഷം രാഷ്ട്രീയം നിറുത്തിവച്ച് വനവാസത്തിന് പോകാൻ തയ്യാറാണ്. ജോണീ, സത്യസന്ധമായിട്ട് പറയുകയാണ് ; ജോണിക്ക് എന്ത് അറിയാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : ഏതായാലും മുഖ്യമന്ത്രി പറഞ്ഞത് പി. സി. ജോർജിനെക്കുറിച്ചല്ല എന്ന് എനിക്ക് ബോദ്ധ്യമുണ്ട് അപ്പോൾ ജോർജ് ബേജാറാകേണ്ട കാര്യമില്ല. ഏതായാലും ഇവിടെ ഉണ്ടായ ആരോപണങ്ങൾ ആരോപണങ്ങളാണല്ലോ. അന്വേഷിക്കാൻ എന്താ ജോർജേ മടിക്കുന്നത് ? അന്വേഷിക്ക്, അന്വേഷിക്ക്, അന്വേഷിക്കാൻ തയ്യാറാകൂ. അല്ല, ഞങ്ങൾ അന്വേഷിക്കാം. ഏതായാലും നായനാർ അത് പോക്കറ്റിൽ കൊണ്ടുനടക്കും. ഏറിയാൽ എൺപത്തിയഞ്ചു ദിവസം. അതു കഴിയുമ്പോൾ ഞങ്ങൾ അന്വേഷിച്ചുകൊള്ളാം. സർ, നമ്മുടെ ഗവർണറെകൊണ്ട് ഇങ്ങനെയൊക്കെ പറയിക്കാമോ ? ഇവിടെ ക്രമസമാധാനം ഭദ്രം. ക്രമസമാധാനം ഭദ്രമെന്നല്ലേ പറഞ്ഞത്, എന്താണ് നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി ? കണ്ണൂരിൽ അഞ്ചു വയസുള്ള അസ്നയെന്ന പെൺകുട്ടി ജീവിക്കുന്ന രക്തസാക്ഷിയല്ലേ ? കാൽ നഷ്ടപ്പെട്ടിരിക്കുന്നു. നീതു എന്ന പെൺകുട്ടി, അങ്ങേയ്ക്ക് അറിയാമല്ലോ. അങ്ങയുടെ ജില്ലയിലല്ലേ? ബോംബ് പൊട്ടി മരിച്ചില്ലേ. ഇവിടെ വ്യാവസായ വളർച്ചയുണ്ടായി എന്ന് പറയുന്നു. എവിടെയാണ് വളർച്ചയുണ്ടായത് ? കുടിൽ വ്യവസായം പോലെ ബോംബ് നിർമ്മാണ ഫാക്ടറികൾ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉത്തരവാദപ്പെട്ട നേതാക്കന്മാർ ഉൾപ്പെടെയുള്ള ആളുകളുടെ വീടുകളിൽ ബോംബ് നിർമ്മാണ ഫാക്ടറികൾ പ്രവർത്തിക്കുന്നു അതല്ലേ വ്യവസായം ? എന്നിട്ട് പ്രസംഗിക്കുന്നു, വ്യവസായ വളർച്ച ഉണ്ട് എന്ന്. സർ, ഈ സംസ്ഥാനം ഇതുപോലെ ക്രമസമാധാനരംഗത്ത് തകർച്ചയിലേക്ക് നീണ്ട ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ ? എന്നിട്ട് ഇവിടെവന്ന് പ്രസംഗിക്കുന്നു, ഞാൻ എല്ലാം പറയുന്നില്ല സർ, നമ്മുടെ മനുഷ്യാവകാശ കമ്മിഷൻ പറഞ്ഞിരിക്കുന്നത് എന്താണ് ? അതിന്റെ പ്രഥമ റിപ്പോർട്ട് പറയുന്നു, പതിനഞ്ചു മാസംകൊണ്ട് 2455 മനുഷ്യാവകാശ ലംഘനക്കേസുകൾ കേരളത്തിൽ ഉണ്ടായിരിക്കുന്നു എന്ന്. അത് ആരാണ് ഉണ്ടാക്കിയത് ? ഭൂരിഭാഗവും പോലീസ്, പിന്നെ എക്സൈസ് ഡിപ്പാർട്ടുമെന്റ്. സർ, കുറ്റകൃത്യങ്ങളുടെ കാര്യത്തിലോ, നമ്മുടെ സംസ്ഥാനം രാജ്യത്ത് രണ്ടാം സ്ഥാനത്ത് എത്തിയിരിക്കുന്നു. എന്നിട്ട് ഇവിടെ പ്രസംഗിക്കുന്നു എല്ലാം ഭദ്രമെന്ന്. എത്ര ആളുകളാണ് കൊലചെയ്യപ്പെട്ടത് ! സ്ത്രീ പീഡനം. സൂര്യനെല്ലി ആയിരുന്നല്ലോ നിങ്ങളുടെ പ്രധാനപ്പെട്ട മുദ്രാവാക്യം. മെഴ്സിക്കുട്ടി അമ്മ മുതൽ ലതാദേവി വരെയുള്ള വനിതാ എം.എൽ.എ.മാർ ഉണ്ടല്ലോ. നിങ്ങൾക്ക് ഒരക്ഷരം മിണ്ടാൻ അവകാശമുണ്ടോ ? ഈ സംസ്ഥാനത്ത് ലോകത്തിൽ ആദ്യമായി ഒരു സ്ത്രീയുടെ ചാരിത്ര്യത്തിന് വിലയിട്ട ഗവൺമെന്റല്ലേ ഇത്. സൂര്യനെല്ലിയിലെ പെൺകുട്ടിക്ക് അമ്പതിനായിരം രൂപ വിലയിട്ട് കൊടുത്തു. സ്വാഗതം ചെയ്യുന്നു, നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് 33148 സ്ത്രീ പീഡനക്കേസുകൾ ഉണ്ടായില്ലേ ? നഷ്ടപരിഹാരം കൊടുക്കണ്ടേ ? ആ പെൺകുട്ടികളുടെ ചാരിത്ര്യത്തിന് വിലയില്ലേ ? കൊടുക്കണം, അമ്പതിനായിരം രൂപ വച്ച് ആ പെൺകുട്ടികൾക്ക് കൊടുക്കണം. സൂര്യനെല്ലിയിലെ പെൺകുട്ടിക്ക് ജോലി കൊടുത്തുവെങ്കിൽ ഈ പെൺകുട്ടികൾക്ക് ജോലി കൊടുക്കണ്ടേ ? എന്നിട്ട് പ്രസംഗിക്കുന്നു. സർ, നാദാപുരത്തെ കാര്യം ഞാൻ നേരിട്ടുപോയി കണ്ടറിഞ്ഞ ആൾ ആണ്. മനസാക്ഷിയുള്ള ആർക്കെങ്കിലും ചെയ്യാൻ കഴിയുന്ന കാര്യമാണോ ? എന്നിട്ട് അതിനെ ന്യായീകരിച്ചുകൊണ്ട് ഇവിടെ വന്ന് പ്രസംഗിക്കുന്നു.

സർ, സി.പി.ഐ.ക്കാരുടെ ഗതികേട് ഓർത്തിട്ട് എനിക്ക് സഹതാപം ഉണ്ട്. എങ്ങനെ പറയും സർ ? ദാ ഇരിക്കുന്നു നമ്മുടെ സഹപ്രവർത്തകൻ നാരായണൻ. നാരായണൻ നമ്മുടെ സ്പീക്കർക്ക് എഴുതികൊടുത്തു, സർ, എനിക്ക് വധഭീഷണിയുണ്ട്, എനിക്ക് പോലീസ് സംരക്ഷണം വേണമെന്ന്. ആരാ ഉപദ്രവിക്കുന്നത്, കോൺഗ്രസുകാരാണോ, ഞങ്ങളാണോ ലീഗ് ആണോ ? അപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശ്രീ. ജയരാജന്റെ പാർട്ടിക്കാരിൽ നിന്നുണ്ടായ ഭീഷണിയാണ്. 'എനിക്ക് പോലീസ് സംരക്ഷണം വേണമെന്ന് അദ്ദേഹം എഴുതിക്കൊടുത്തിരിക്കുന്നു. അനിരുദ്ധൻ വക്കീലേ, നിങ്ങൾ ഇത്ര അധഃപതിച്ചല്ലോ. സത്യത്തിൽ മനുഷ്യൻ ഇത്ര അധഃപതിക്കാൻ പാടില്ല. അഞ്ചുകൊല്ലംകൊണ്ട് കേരളം കട്ടുമുടിച്ച് ഖജനാവിൽ പണമില്ലാതാക്കി. ഏറ്റവും ഒടുവിൽ ഉണ്ടായ ഒരു ഉദാഹരണം മാത്രം പറയട്ടെ. കേരള മോചനയാത്രയെ ആക്ഷേപിച്ചവർ പറഞ്ഞല്ലോ..... കടന്നുവന്ന വഴിത്താരയിലൊക്കെ, പതിനായിരക്കണക്കിന് അമ്മമാർ, സഹോദരങ്ങൾ, കൃഷിക്കാർ ഒക്കെ കരഞ്ഞുകൊണ്ട് ഞങ്ങളോടു അവരുടെ ബുദ്ധിമുട്ടുകൾ പറഞ്ഞു. പാലക്കാട് വന്നപ്പോൾ വിധവയായ ഒരു സ്ത്രീ—കാർഗിൽ യുദ്ധത്തിൽ മരണപ്പെട്ട വർഗ്ഗീസ് എന്ന പട്ടാളക്കാരന്റെ ഭാര്യ, കരഞ്ഞുകൊണ്ടു പറഞ്ഞു, ആ വിധവയ്ക്ക് നമ്മുടെ ഗവൺമെന്റ് അഞ്ചു ലക്ഷം രൂപ പ്രഖ്യാപിച്ചു. ഒക്ടോബർ മാസം 13-ാം തിയതി ആ വിധവയുടെ വീട്ടിലേക്ക് കടന്നുചെന്നു, നമ്മുടെ രണ്ടു ബഹുമാന്യരായ മന്ത്രിമാർ. ശ്രീ. ശിവദാസമേനോനും ശ്രീ. കെ. ഇ. ഇസ്മയിലും, രണ്ടുമന്ത്രിമാർ കൊണ്ടുകൊടുത്ത ആ അഞ്ചു ലക്ഷം രൂപയുടെ ചെക്ക് ഇതുവരെയും മാറി കിട്ടിയില്ല എന്ന്. ഒക്ടോബർ മാസം 13-ാം തീയതി കൊടുത്തതാണ്. വണ്ടിച്ചെക്ക് കൊടുത്ത ഗവൺമെന്റ്, അതിർത്തി കാത്തുസൂക്ഷിക്കുന്ന പട്ടാളക്കാരന്റെ വിധവയ്ക്ക്. യുദ്ധത്തിൽ മരണമടഞ്ഞ പട്ടാളക്കാരന്റെ വിധവയ്ക്ക്പോലും വണ്ടിച്ചെക്ക് കൊടുത്ത ഒരു ഗവൺമെന്റാണ് ഇത്. സർ, നമ്മുടെ ഇൻഡ്യൻ ശിക്ഷാനിയമം അനുസരിച്ച് വണ്ടിച്ചെക്ക് കൊടുത്താൽ, അങ്ങ് എഴുതിക്കൊടുത്താലും ഞാൻ എഴുതിക്കൊടുത്താലും ജയിലിലാണ് നമ്മുടെ സ്ഥാനം. അങ്ങനെയെങ്കിൽ ഈ ധനകാര്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും സ്ഥാനമെവിടെയാണ് സർ ? ജയിലിൽ. ഇവിടെ ഘോരഘോരം പ്രസംഗിച്ചല്ലോ ഞങ്ങൾ വീട് പണിതു കൊടുത്തു എന്ന്. സർ, പാവപ്പെട്ടവർക്ക് വീടിന് ധനസഹായം കൊടുത്ത ചെക്കുമായിട്ട് ചെല്ലുമ്പോൾ പണമില്ല. പാവപ്പെട്ട ആളുകൾക്ക് കക്കൂസ് പണിയാൻ പണംകൊടുത്തു. ചെക്കുമായിട്ട് ചെല്ലുമ്പോൾ ട്രഷറിയിൽ പണമില്ല. ഏറ്റവും ദയനീയമായ ഒരു കാര്യം കൂടി പറയട്ടെ ; എവിടെ കൃഷിമന്ത്രി ? ഇവിടെ കർഷക രക്ഷാപദ്ധതി അനുസരിച്ച് കൃഷിക്കാരന് ഇൻഷ്വറൻസ് ഉള്ളതാണ്. മരത്തിൽനിന്ന് വീണു മരിച്ച ഒരു തൊഴിലാളിയുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് കമ്പനി ഒരു ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപയുടെ ചെക്ക് എഴുതി. നാലു മാസമായിട്ട് വച്ചിരിക്കുകയാണ്. കൊടുത്തിട്ടില്ല. കാരണമെന്തെന്ന് അറിയാമോ ? മന്ത്രി വന്ന് ഒരു ചടങ്ങ് നടത്തിക്കൊടുക്കണം. ആ തൊഴിലാളിയുടെ വീട്ടിൽ പട്ടിണിയാണ്. മന്ത്രി വന്ന് ചടങ്ങ് നടത്താൻ നാലുമാസമായിട്ട് ഒരു ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപയുടെ ചെക്ക് കാത്തിരിക്കുകയാണ്. എന്നിട്ട് ഇവിടെ വന്നിട്ട് പ്രസംഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയെപ്പറ്റി നിങ്ങൾക്ക് മിണ്ടാൻ അവകാശമുണ്ടോ ? സർ, കാർഷികമേഖലയെ തകർത്ത ഒരു ഗവൺമെന്റല്ലേ ഇത് ? എന്താണ് കൃഷിക്കാരുടെ അവസ്ഥയെന്ന് അങ്ങേയ്ക്കറിയാമല്ലേ ? കൃഷിക്കാരന്റെ കണ്ണിൽനിന്നും ചുടുചോരയാണ് ഒഴുകുന്നത്. പട്ടിണിയാണ്. സർ, പാലക്കാട് നെൽകൃഷിക്കാരുടെ വേദന ഞങ്ങൾ കണ്ടു. തൃശ്ശൂരിൽ വന്നപ്പോഴും കാണാൻ കഴിഞ്ഞു. കണ്ണൂരിലുള്ള എം. എൽ. എ. മാർ ഉണ്ടല്ലോ. കശുവണ്ടി കൃഷിക്കാർ വന്നുപറഞ്ഞു, കഴിഞ്ഞ പ്രാവശ്യം നാൽപ്പത്തിയഞ്ചു രൂപ മുതൽ അറുപത് രൂപവരെ വിലയുണ്ടായിരുന്നു. ഇപ്പോൾ 18 രൂപയാണ് കശുവണ്ടിയുടെ വില എന്ന്. വിയറ്റ്നാമിൽ നിന്ന് കശുവണ്ടി ഇറക്കുമതി ചെയ്യുകയാണ്, ഇവിടത്തെ മുതലാളിമാരെ രക്ഷിക്കാൻ. സർ, കശുവണ്ടി കൃഷിക്കാരുടെ സ്ഥിതി ഇതാണെങ്കിൽ വയനാട്ടിൽ വന്നപ്പോൾ കാപ്പിക്കുരു പറിക്കാൻപോലും അവിടെ ആളില്ല. നമ്മുടെ കൃഷിമന്ത്രിക്ക് അവിടെ ചെന്നിട്ട് കാപ്പിക്കുരു കണ്ടിട്ട് മനസിലായില്ല എന്നാണ് കേട്ടത്. അദ്ദേഹം ഒരു വീടിന് മുന്നിൽ ചെന്നപ്പോൾ അവിടെ കാപ്പിക്കുരു ഉണങ്ങാൻ ഇട്ടിരിക്കുന്നത് കണ്ടു, വീട്ടുടമയോട് ചോദിച്ചു ; ധാരാളം ആടുകളെ വളർത്തുന്നുണ്ടോ, നിങ്ങൾ ആട്ടിൻകാഷ്ടം ഉണക്കാൻ ഇട്ടിരിക്കുന്നതെന്താ എന്ന്. കാപ്പിക്കുരുവും ആട്ടിൻകാഷ്ടവും തിരിച്ചറിയാൻ പറ്റാത്ത കൃഷിമന്ത്രിയല്ലേ സർ ഈ സംസ്ഥാനത്തുള്ളത് ? നാളീകേരം ഇടാൻ ആളില്ല. നാളീകേരത്തിന് വിലയില്ല. ശ്രീ. ആന്റണി അധികാരത്തിൽ ഇരുന്നപ്പോൾ നാളീകേരത്തിന് ആറു രൂപ വിലയുണ്ടായിരുന്നു. അന്ന് അത് പോരാ എന്നുപറഞ്ഞു പ്രസംഗിച്ചു. എന്നിട്ട് ഇപ്പോൾ എന്താണ് സ്ഥിതി ? ഇപ്പോൾ നാളീകേരത്തിന് ഒന്നര രൂപ വില. എന്നിട്ട് കൃഷിക്കാരുടെ കൂടെയാണെന്ന് പ്രസംഗിക്കുന്നു. ഞാൻ ചോദിക്കട്ടെ റബ്ബർ കൃഷിക്കാരെ സംരക്ഷിക്കാൻ ഒരു അൻപത് കോടി രൂപ മാറ്റിവയ്ക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ ? എന്നിട്ട് പ്രസംഗിക്കുന്നു ഞങ്ങൾ കൃഷിക്കാരുടെ അപ്പോസ്തലന്മാരാണെന്ന്. ലജ്ജയില്ലാതെ ആളുകൾ ഇങ്ങനെ പറയുമോ. കേരളത്തെ ഇതുപോലെ തകർത്ത ഒരു ഭരണം, ഈ ഭരണത്തിന്റെ അന്ത്യവിലാപഗാനമാണ് ഇവിടെ ഗവർണർ ആലപിച്ചത്. അതിനകത്ത് ഒന്നുമില്ല, മാത്രമല്ല ഭരണഘടനാപരമായും ധാർമ്മികമായും ഇതുപോലുള്ള നയപ്രഖ്യാപനം നടത്താനുള്ള അവകാശം ഈ ഗവൺമെന്റിന് ഇല്ല. ഏറിയാൽ ഈ ഗവൺമെന്റിന്റെ കാലാവധി മെയ് 19-ാം തീയതി വരെയാണ്. വരുന്ന ഒരു കൊല്ലത്തേക്ക് നടപ്പിലാക്കുമെന്ന് പറഞ്ഞ് ഒരു നയപ്രഖ്യാപനം നടത്താൻ ഈ ഗവൺമെന്റിന് എന്താണ് അവകാശം ? ഇത് ഭരണഘടനാ ലംഘനമാണ്. ഭരണഘടനാ വിരുദ്ധമാണ്. ഇതിനകത്ത് ഒന്നുമില്ലാത്തതുകൊണ്ട് ഞാൻ അതേക്കുറിച്ച് പറയുന്നില്ല. സർ, എല്ലാ മേഖലകളും തകർത്ത ഒരു ഗവൺമെന്റാണ് ഇത്. ഇവിടെ ഇന്ന് രാവിലെ ശ്രീ. ജയരാജൻ ഒരു സബ്മിഷൻ അവതരിപ്പിച്ചു. എന്തായിരുന്നു ? ഡി. വൈ. എഫ്. ഐ. മെമ്പറായ ബിന്ദു എന്ന കുട്ടിയുടെ കാലിൽ ആർ. എസ്. എസ്. എന്നെഴുതി എന്ന്. ആരാണ് അതിന് തുടക്കം കുറിച്ചത്. ആരാണ് ഈ കുഴപ്പം ഉണ്ടാക്കിയത് ? ഈ സംസ്ഥാനത്ത് ആദ്യമായി മൃഗീയമായ രീതിയിൽ ഒരു കോളേജ് വിദ്യാർത്ഥിയെ കുനിച്ചു നിർത്തി ആ കുട്ടിയുടെ പുറത്ത് കഠാര മുനകൊണ്ട് എസ്. എഫ്. ഐ. എന്നെഴുതി കാട്ടാളത്തം ഇവിടെ നടപ്പിലാക്കിയത് എസ്.എഫ്.ഐ.ക്കാരാണ്. അതിന് നേതൃത്വം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയാണ്. നിങ്ങൾക്ക് ഇപ്പോൾ ആർ. എസ്. എസ്. എന്നെഴുതിയപ്പോൾ ദുഃഖം. നിങ്ങൾ ഈ സംസ്ഥാനത്ത് ഭരണം നടത്തുന്നവരല്ലേ ? ആര് ഇങ്ങനെ ചെയ്താലും അതിനെ എതിർക്കുന്നവരാണ് ഞങ്ങൾ. ഏതായാലും നിങ്ങൾ എസ്. എഫ്. ഐ. യുടെ യൂണിവേഴ്സിറ്റി കോളേജ് യൂണിയൻ പിരിച്ചുവിട്ടല്ലോ. സംസ്ഥാനത്ത് നിങ്ങൾ തുടങ്ങിവച്ച മാതൃക ആരെങ്കിലും അനുകരിച്ചാൽ അതിനെ നിയന്ത്രിക്കാൻ നിങ്ങളുടെ മുഖ്യമന്ത്രിക്ക് കഴിയുന്നില്ലെങ്കിൽ ഇവിടെ സബ്മിഷൻ ഉന്നയിച്ചിട്ട് കാര്യമുണ്ടോ ? കുറ്റവാളികളെ സംരക്ഷിക്കുന്ന സമീപനം കണ്ണൂർ ജില്ലയിൽ സ്വീകരിച്ചത് ആരാണ് ? ഈ ഗവൺമെന്റ് കുറ്റവാളികൾക്ക് സംരക്ഷണം കൊടുക്കുന്നു. ഈ സംസ്ഥാനത്തെ ഇത്രമാത്രം കുരുതിക്കളമായി മാറ്റിയ ഈ ഗവൺമെന്റ്, കുറ്റവാളികളെ സംരക്ഷിച്ചുകൊണ്ട് ഇവിടെ നിയമവാഴ്ച തകർത്ത ഈ ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ ഇവിടെ അവതരിപ്പിച്ച വിലാപഗാനം — ആ വിലാപഗാനത്തോടു യോജിക്കാത്തതുകൊണ്ട്, നന്ദിയില്ലാത്ത പ്രഖ്യാപനമായതുകൊണ്ട്, അതിനെ അനുകൂലിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഞാൻ ശക്തിയായി എതിർക്കുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. കഴിഞ്ഞ രണ്ട് സമ്മേളനങ്ങളിലും പ്രതിപക്ഷം സഭ ബഹിഷ്ക്കരിക്കുകയുണ്ടായി. ഇത്തവണ പ്രതിപക്ഷത്തെ മുൻനിര നേതാക്കന്മാർ സഭ ബഹിഷ്ക്കരിച്ചിരിക്കുകയാണ്. ഇവിടെ ജോണി നെല്ലൂർ പറഞ്ഞു ഗവർണ്ണറുടെ പ്രസംഗം ഒരു വിലാപഗാനമാണെന്ന്. സഭ ബഹിഷ്ക്കരിച്ച ശ്രീ. ജോണി നെല്ലൂരിന്റെ നേതാവ് ശ്രീ. ടി. എം. ജേക്കബ് അടക്കമുള്ള നേതാക്കന്മാർ കേരളത്തിൽ അങ്ങോളമിങ്ങോളം വിലാപഗാനം രചിച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ മാറ്റൊലിയാണ് ശ്രീ. ജോണി നെല്ലൂരിന്റെ പ്രസംഗത്തിലൂടെ ഇവിടെ കേട്ടത്. എന്തുകൊണ്ടാണ് പ്രതിപക്ഷ നേതാവടക്കം ഈ സഭ ബഹിഷ്കരിച്ചത് ? ഇപ്പോൾ സഭയ്ക്കു പുറത്തു പറഞ്ഞുകൊണ്ടു നടക്കുന്ന കാര്യങ്ങൾ സ്വതന്ത്രമായി സഭയ്ക്കകത്തു വന്ന് പറയാൻ കഴിയാത്തതു കൊണ്ടാണ്, ഈ സന്ദർഭത്തിൽ സഭ കൂടുന്നുവെന്ന് അറിഞ്ഞുകൊണ്ട്, വിമോചനയാത്രയുമായിട്ട് ഇറങ്ങിതിരിച്ചിരിക്കുന്നത്. ഇവിടെ ഗവർണറുടെ പ്രസംഗത്തിന് നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. അനിരുദ്ധൻ പറഞ്ഞു ശ്രീ. ആന്റണി ആഗ്രഹിക്കുന്നത് ശ്രീ. കരുണാകരനിൽ നിന്നുള്ള മോചനമാണ് എന്ന്. എന്റെയും ശ്രീ. കാർത്തികേയന്റെയുമൊക്കെ പഴയ നേതാവ് ശ്രീ. എം. എ. ജോൺ പറഞ്ഞു വാസ്തവത്തിൽ ശ്രീ. കരുണാകരനിൽ നിന്നും ശ്രീ. ആന്റണിയിൽനിന്നുമുള്ള മോചനമാണ് കോൺഗ്രസുകാർക്ക് ആവശ്യം എന്ന്. അങ്ങനെ അഭിപ്രായമുള്ള കോൺഗ്രസുകാരുണ്ട്. ശ്രീ. കാർത്തികേയന് ഒരു പരിധിവരെ ആഗ്രഹം കാണും. അതല്ല വിമോചന സമരമാണ് ഉദ്ദേശിക്കുന്നതെങ്കിൽ 'പാണ്ടൻ നായുടെ പല്ലിന് ശൗര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല.' പണ്ട് വിമോചന സമരം നടത്തിയപ്പോൾ കൂടെയുണ്ടായിരുന്ന ആരെങ്കിലും ഇപ്പോഴുണ്ടോ ? പ്ലസ് ടൂവിന്റെ പേരിൽ നിങ്ങൾ സമരം നടത്താൻ നോക്കിയല്ലോ. അപ്പോൾ എൻ. എസ്.എസ്. ജനറൽ സെക്രട്ടറി ശ്രീ. നാരായണപണിക്കർ പറഞ്ഞു, ആന്റണിയോട് ചേർന്ന് ഒരു സമരത്തിന് ഞാൻ ഇല്ല എന്ന്. അന്ന് വിമോചന സമരം നടത്തിയപ്പോൾ കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസുകാരെ നയിച്ചത് ശ്രീ. ആർ. ശങ്കർ ആയിരുന്നു. അദ്ദേഹം ഒരേസമയം കോൺഗ്രസിന്റെയും എസ്. എൻ. ഡി. പി. യുടെയും നേതാവായിരുന്നു. ഇന്ന് നിങ്ങൾ നടത്തുന്ന സമരത്തിൽ അവരാരെങ്കിലും ഉണ്ടോ ? ഇൻഡ്യയിലുടനീളം ക്രൈസ്തവ മത ന്യൂനപക്ഷത്തിനെതിരെ, മുസ്ലീം മത ന്യൂനപക്ഷത്തിനെതിരെ കടന്നാക്രമണം നടത്തികൊണ്ടിരിക്കുന്ന ആർ.എസ്.എസ്.നെതിരെ, ബി.ജെ.പി.യ്ക്ക് എതിരെ, അവരുടെ നയങ്ങൾക്കെതിരെ, ഒരക്ഷരം ഉരിയാടാൻ, നിങ്ങളോടൊപ്പം ചേർന്ന് സമരം നടത്താൻ ക്രൈസ്തവ മത ന്യൂനപക്ഷങ്ങളോ മുസ്ലീം മതന്യൂനപക്ഷങ്ങളോ വരുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ ? ബഹുമാനപ്പെട്ട തങ്കച്ചൻ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെ കേവലം ഒരു റിപ്പോർട്ടാണെന്ന് പറയുകയുണ്ടായി. കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഓരോ മേഖലയിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അക്കമിട്ട് ഗവർണർ നിരത്തിയിട്ടുണ്ട്. ഭാവിയിൽ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നുള്ളതിനെ സംബന്ധിച്ച് വസ്തുനിഷ്ഠമായി ചൂണ്ടികാണിച്ചിട്ടുണ്ട്. ഭാവിയിലേക്കുള്ള ദിശാനിർദ്ദേശം ഗവർണ്ണറുടെ പ്രസംഗത്തിലുണ്ട്. ട്രഷറിയുടെ പ്രവർത്തനത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട തങ്കച്ചൻ ഇവിടെ ആക്ഷേപിക്കുകയുണ്ടായി. എം.എൽ.എ.മാരുടെ ടി.എ. കിട്ടാത്തതിനെക്കുറിച്ച് പറയുകയുണ്ടായി. പൊതുവിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ എം. എൽ. എ. മാർ ഉൾപ്പെടെയുള്ളവർക്ക് അത് ബാധകമായിരിക്കണം എന്നുള്ള സമീപനമാണ് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഉള്ളത്. എന്തിനുവേണ്ടി അത് ചെയ്തുവെന്ന് വളരെ വിശദമായി ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞതുകൊണ്ട് അതിലേക്ക് വിശദമായി കടക്കുന്നില്ല. 1996-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 70 ശതമാനത്തോളം പവർകട്ടും അരമണിക്കൂർ ചാക്രിക ലോഡ്ഷെഡിംഗും ഉണ്ടായിരുന്നു. 1996-ൽ 1505.5 മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിച്ചിരുന്നതെങ്കിൽ ഇന്ന് 2462.6 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഈ അഞ്ച് വർഷക്കാലം കൊണ്ട് 957.1 മെഗാവാട്ട് വർദ്ധനവ് വൈദ്യുതി രംഗത്ത് വരുത്താൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണമെന്റിന് കഴിഞ്ഞു. എന്നാൽ ഐക്യ ജനാധിപത്യമുന്നണി ഭരിച്ച അഞ്ചു വർഷ കാലയളവുകൊണ്ട് കേവലം 14 മെഗാവാട്ടിന്റെ വർദ്ധനവ് മാത്രമാണുണ്ടായിട്ടുള്ളത്. ഈ നേട്ടം കണ്ടില്ലെന്ന് നടിക്കാൻ നിങ്ങൾക്ക് കഴിയുമോ ? അതുപോലെ തന്നെ പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിടം ഉണ്ടാക്കികൊടുക്കുന്ന കാര്യത്തിൽ റിക്കാർഡ് നേട്ടം കൈവരിക്കാൻ ഈ ഗവൺമെന്റിനാണ് കഴിഞ്ഞിട്ടുണ്ട്. തിരുകൊച്ചിയുടെ, തിരുവിതാംകൂറിന്റെ കേരളത്തിന്റെ ചരിത്രത്തിൽ പാർപ്പിട നിർമ്മാണ രംഗത്ത് ഇതുപോലെ നേട്ടം കൈവരിക്കാൻ കേരളത്തിലെ ഒരു ഗവൺമെന്റിനും കഴിഞ്ഞിട്ടില്ല. ശ്രീ. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ലക്ഷം വീട് പദ്ധതി നടപ്പിലാക്കിയത് വലിയ നേട്ടമായി നമ്മളെല്ലാം വിശേഷിപ്പിച്ചു കാരണം അത് ആദ്യത്തെ കാൽവെയ്പ് ആയിരുന്നു. ഇപ്പോഴോ 5.15 ലക്ഷം ഭവനരഹിതർക്ക് വീടുണ്ടാക്കി കൊടുക്കാൻ കഴിഞ്ഞു. ഭവന നിർമ്മാണ ബോർഡ്, ഭവന നിർമ്മാണ വകുപ്പ്, ഫിഷറീസ് വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്,

LIBRARY ARCHIVES Kerala Legislative Assembly

ത്രിതല പഞ്ചായത്ത് ഭരണ സംവിധാനം — ഇവ ചേർന്ന് ഇത്രയും ആളുകൾക്ക് പുതുതായി വീടുണ്ടാക്കി കൊടുത്തുവെന്നുള്ളത് വലിയ നേട്ടമാണ്. അതുപോലെതന്നെ പുതുതായി 1.26 ലക്ഷം ഹെക്ടർ ഭൂമി കൃഷിക്കായി ഉപയോഗിക്കാൻ കഴിഞ്ഞു. കാർഷിക സമ്പദ് വ്യവസ്ഥ തകർന്നുകൊണ്ടിരിക്കുന്നുവെന്ന് കരുതപ്പെടുന്ന ഒരു കാലയളവിൽ കൂടുതൽ ഭൂമി, 1.26 ലക്ഷം ഹെക്ടർ ഭൂമി കൂടുതലായി കൃഷി ഭൂമിയാക്കി മാറ്റാൻ കഴിഞ്ഞു എന്നുപറയുന്നത് കാർഷിക രംഗത്ത് ഈ ഗവൺമെന്റ് കൈവരിച്ച നേട്ടമാണ്. അതുപോലെ തന്നെ പ്രകൃതി സംരക്ഷണ രംഗത്ത്. വനസംരക്ഷണ രംഗത്ത് വമ്പിച്ച നേട്ടം ഉണ്ടാക്കിയ ഒരു ഗവൺമെന്റാണ് ഇത്. 9500 ഹെക്ടർ വനഭൂമി ഈ ഗവൺമെന്റ് ഓർഡിനൻസ് മുഖാന്തിരം ഏറ്റെടുത്തു. അതുപോലെതന്നെ അങ്ങേയ്ക്കറിയാം യാത്രാക്ലേശം പരിഹരിക്കുന്ന കാര്യത്തിൽ പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ കെ. എസ്. ആർ. ടി. സി. യുടെ പങ്ക് അടിവരയിട്ട് പറഞ്ഞ ഒരു ഗവൺമെന്റാണിത്. സാമ്പത്തിക ക്ലേശങ്ങളും ബുദ്ധിമുട്ടുകളും കെ. എസ്. ആർ. ടി. സി. യിലുള്ളപ്പോഴും ഗവൺമെന്റിനുണ്ടായിരുന്നപ്പോഴും ഹഡ്കോ മുഖാന്തിരവും ജില്ലാ ബാങ്ക് മുഖാന്തിരവും ലോൺ എടുത്തുകൊണ്ട് പുതുതായി കൂടുതൽ ബസുകൾ നിരത്തിലിറക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. സാധാരണ കെ.എസ്.ആർ.ടി.സി. ബസുകൾ കണ്ടിട്ടില്ലാത്ത മലപ്പുറം മേഖലയിലെ പല പ്രദേശങ്ങളിലും കെ.എസ്.ആർ.ടി.സി. ബസ് ഓടിക്കാനും അങ്ങനെ കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം വ്യാപകമാക്കാനും കഴിഞ്ഞ ഒരു ഗവൺമെന്റാണിത്. ഡീസൽ ബുദ്ധിമുട്ടുകൊണ്ട് ചില പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത് കെ. എസ്. ആർ. ടി. സി. യെ ട്രഷറി നിയന്ത്രണപരിധിയിൽ നിന്നും ഒഴിവാക്കാൻ ശാശ്വതമായ നടപടി സ്വീകരിക്കണമെന്നാണ്. സർ, എഞ്ചിനീയറിംഗ് കോളേജുമായി ബന്ധപ്പെട്ട പ്രശ്നം ഇവിടെ പറയുകയുണ്ടായി. എന്താണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സമീപനം ? സ്വകാര്യമേഖലയിലെ വിവിധ സാമുദായിക സംഘടനകളും മത സംഘടനകളും വിദ്യാഭ്യാസ രംഗത്ത് അനുഷ്ഠിച്ചിട്ടുള്ള മഹത്തായ സേവനങ്ങളെ ഞങ്ങൾ എല്ലാ അർത്ഥത്തിലും അനുകൂലിക്കുന്നു. ഹയർ സെക്കന്ററി സ്കൂൾ അനുവദിച്ചപ്പോൾ, പ്ലസ് ടു അനുവദിച്ചപ്പോൾ ആ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടുള്ള ഒരു സമീപനം ആണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചത്. പ്രബല സമുദായങ്ങൾക്ക് മാത്രമല്ല പിന്തള്ളപ്പെട്ട ന്യൂനപക്ഷ പിന്നോക്ക സമുദായങ്ങൾക്കുപോലും, ഒറ്റപ്പെട്ട് അവിടെയും ഇവിടെയും ഒന്നുരണ്ട് വിദ്യാലയങ്ങൾ മാത്രമുള്ള സമുദായങ്ങൾക്കുപോലും പ്ലസ് ടു സ്കൂളുകൾ അനുവദിച്ചുകൊണ്ട് ഇക്കാര്യത്തിൽ പരമാവധി സാമൂഹ്യനീതി പുലർത്താൻ ശ്രമിച്ച ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. പക്ഷേ വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും അടുത്തകാലത്ത് ഉണ്ടായികൊണ്ടിരിക്കുന്ന ചില പ്രവണതകളെ കണ്ടില്ലെന്നു നടിക്കാൻ അപ്പുറത്തിരിക്കുന്നവർക്കും ഇപ്പുറത്തിരിക്കുന്നവർക്കും കഴിയില്ല, ആരും അതിന് തയ്യാറാകരുതെന്നാണ് എനിക്ക് പറയാനുള്ളത്. വിദ്യാഭ്യാസത്തെ കേവലം ഒരു കച്ചവടചരക്കാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുന്ന സമീപനം ചില ആളുകൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കാലത്ത് സേവനം എന്ന മനോഭാവത്തോടുകൂടിയാണ് സ്വകാര്യ ഏജൻസികൾ ആ രംഗത്ത് കടന്നുവന്നത്. എന്നാൽ യാതൊരു മുതൽമുടക്കും ഇല്ലാതെ ദുഷ്ടലാക്കോടെ കച്ചവടം നടത്തി കൊള്ളലാഭം എടുക്കാം എന്ന മനസോടുകൂടി ചില ആളുകൾ ഈ രംഗത്ത് കടന്നുവന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെതന്നെയാണ് ആശുപത്രി സ്ഥാപനരംഗത്തും. ഈ രണ്ടു രംഗത്തും ഉള്ള നമ്മുടെ കഴിഞ്ഞ കാലനേട്ടങ്ങൾ കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം, കേരളത്തിന്റെ വളർച്ചയെ സംബന്ധിച്ചിടത്തോളം, ആധികാരികമായി പഠനം നടത്തിയിട്ടുള്ള എല്ലാ ആളുകളും വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും നാം കൈവരിച്ച നേട്ടങ്ങളെ ശ്ലാഘിക്കും. ഈ രംഗത്തുള്ള സേവനമാണ് അതിന് കാരണം. എന്നാൽ ദുഷ്ടലാക്കോടെ, കച്ചവടക്കണ്ണോടുകൂടി ഈ രംഗത്ത് കടന്നുവന്നുകൊണ്ട് വിദ്യാഭ്യാസ രംഗത്തേയും ആരോഗ്യരംഗത്തേയും വാണിജ്യവൽക്കരിക്കാൻ ആരു ശ്രമിച്ചാലും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അതിന് കൂട്ടു നിൽക്കുകയില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തുന്ന വിശദമായ ചർച്ചകൾ അതിന്റെ ഭാഗമാണ് എന്ന് ബന്ധപ്പെട്ട എല്ലാപേരെയും അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ഇവിടെ ഗവർണർ കേരളത്തിലെ ക്രമസമാധാനനിലയെ പ്രത്യേകം പ്രകീർത്തിച്ചത് ചില ആളുകൾക്ക് രുചിച്ചില്ല. ഞാൻ ഒന്ന് ചോദിച്ചോട്ടേ ! ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തല്ലേ വിഴിഞ്ഞത്തും പൂന്തുറയിലും ഒക്കെ കലാപമുണ്ടായത്? കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് അങ്ങനെ ഒരു സംഭവം ഉണ്ടായി എന്ന് ചൂണ്ടിക്കാണിക്കുവാൻ കഴിയുമോ ? പ്രശ്നം ഇല്ലാത്തതുകൊണ്ടല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽ വൈക്കത്തും ടി. വി. പുരത്തും വർഗ്ഗീയ സംഘർഷം മുറ്റിനിൽക്കുകയായിരുന്നു. എപ്പോഴും എന്തും സംഭവിക്കാം എന്ന അവസ്ഥ ആയിരുന്നു. അപ്പോൾ ഈ ഗവൺമെന്റ് സമചിത്തതയോടുകൂടി ബന്ധപ്പെട്ട എല്ലാ ആളുകളേയും കൂടി പ്രശ്നം കൈകാര്യം ചെയ്യാൻ ശ്രമിച്ചു. ചില ആളുകൾ, വർഗ്ഗീയവാദികൾ അവിടെ നിന്നുകൊണ്ട് പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചപ്പോഴും ആ പ്രശ്നത്തിൽ ആർക്കും ഒരു പോറൽപോലും ഏൽക്കാതെ പരിഹരിക്കാൻ കഴിഞ്ഞത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നേട്ടമാണ്. അതുപോലെതന്നെ നമുക്ക് അറിയാം, മാരാമണിൽ വർഷാവർഷം നടക്കുന്ന ക്രൈസ്തവ കൺവെൻഷൻ നടത്തിക്കുകയില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് ആർ.എസ്.എസ്.കാർ രംഗത്തുവന്നു ; ഹിന്ദു വർഗ്ഗീയ വാദികൾ രംഗത്തുവന്നു. ഞങ്ങൾ പറഞ്ഞു നടത്തും നടത്തിക്കും എന്ന്. ഒരു വിഘ്നവും കൂടാതെ നടത്തിയില്ലേ ? അതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. എന്നിട്ടിപ്പോൾ വിമോചനയാത്ര എന്തിനുവേണ്ടി ? അസത്യങ്ങൾ പ്രചരിപ്പിച്ചുകൊണ്ട്, മാർക്സിസ്റ്റ് വിരുദ്ധ പുകമറ സൃഷ്ടിച്ച്, ആ മാർക്സിസ്റ്റ് വിരുദ്ധ രാഷ്ട്രീയ പുകമറയുടെ മറവിൽ ബി.ജെ.പി. യുമായും ആർ.എസ്.എസുമായും ബാന്ധവം ഉണ്ടാക്കാനുള്ള ശ്രമത്തിലാണ് നിങ്ങൾ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് നിങ്ങൾക്ക് ഒരിക്കൽപ്പോലും ബി.ജെ. പി. മുന്നണി ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തികനയങ്ങളെ തള്ളിപ്പറയാൻ കഴിയാത്തത് ;

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ അത് തുടങ്ങി വച്ചതുകൊണ്ടും കൂടെയാണ്. ഇവിടെ ബഹുമാനപ്പെട്ട തങ്കച്ചൻ, കോൺഗ്രസ് തുടങ്ങിവച്ച സാമ്പത്തികനയങ്ങളെ അനുകൂലിക്കാനും പ്രകീർത്തിക്കാനും ഒരു ശ്രമം നടത്തിനോക്കി. സാധാരണ ഏലാ വക്കീലന്മാർ നടത്തുന്ന വാദമുഖങ്ങളാണ് അദ്ദേഹം ഉന്നയിക്കാൻ ശ്രമിച്ചത്. 1991-ൽ ഈ നയങ്ങൾ തുടങ്ങിയപ്പോൾത്തന്നെ ഇതിന്റെ ഫലം എന്തായിരിക്കുമെന്ന് ഈ നാട്ടിലെ ഇടതുപക്ഷമുന്നണി ശക്തികൾ ചൂണ്ടിക്കാണിച്ചിരുന്നു. മുൻകൂട്ടിത്തന്നെ അതിന്റെ തിക്തഫലം ഉണ്ടായിരിക്കുകയാണ്. അത് തിരുത്തണമെന്ന അഭിപ്രായം നിങ്ങളുടെ ഇടയിൽത്തന്നെ ചില ആളുകൾക്കുണ്ടെങ്കിൽപ്പോലും ബി. ജെ. പി. യുടെയും ആർ. എസ്. എസ്. ന്റെയും വോട്ടുകൾ കിട്ടാൻവേണ്ടി അത് പറയാൻ നിങ്ങൾ മടിക്കുകയാണ് എന്നതാണ് സത്യം. എന്താണ് സംഭവിച്ചത് ? 1991-ലാണ് ശ്രീ. മൻമോഹൻ സിംഗും ശ്രീ. നരസിംഹറാവുവും ഈ നയങ്ങൾ നടപ്പിലാക്കിയതെങ്കിലും അപ്രഖ്യാപിതമായി 1980 മുതൽ ശ്രീമതി ഇന്ദിരാ ഗാന്ധി പ്രധാനമന്ത്രി ആയിരുന്നപ്പോൾത്തന്നെ രഹസ്യമായി ഈ നയങ്ങൾ നടപ്പിലാക്കിത്തുടങ്ങിയിരുന്നു. ബഹുരാഷ്ട്ര കുത്തക കമ്പനികളെ യഥേഷ്ടം ഇന്ത്യയിലേക്ക് ഇറങ്ങിവരാനും ഇവിടെ തങ്ങളുടെ നിക്ഷേപങ്ങൾ നടത്താനും ഇഷ്ടംപോലെ സമ്പത്ത് കൊള്ളയടിച്ചുകൊണ്ടുപോകാനും ഉള്ള അവസരം അവർക്ക് നൽകിത്തുടങ്ങിയത് ആ കാലഘട്ടം മുതലാണ്. എം. ആർ. റ്റി. പി. ആക്ട് എന്ന Monopoly and Restricted Trade Practices Act - കുത്തക നിയന്ത്രണ വ്യാപാര നിയമം, 'ഫെറ' എന്ന Foreign Exchange Regulation Act- വിദേശ നാണയ വിനിമയ നിയന്ത്രണ നിയമം. ഇവയിൽ ഒക്കെ അയവുകൾ വരുത്തിക്കൊണ്ടുപോലും ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് യഥേഷ്ടം ഇവിടെ കടന്നുവരാൻ അവസരം നൽകിയത് ശ്രീമതി ഇന്ദിരാ ഗാന്ധിയുടെ കാലത്താണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അതു കഴിഞ്ഞ് രാജീവ് ഗാന്ധി വന്നപ്പോഴും 21-ാം നൂറ്റാണ്ടിലേക്ക് ഈ രാജ്യത്തെ നയിക്കാൻ എന്ന വ്യാജേന ഈ നയങ്ങളെ കുറേക്കൂടെ പ്രകടമായി നടപ്പിലാക്കിത്തുടങ്ങി. ഈ രാജ്യത്തെ കടക്കെണിയിൽ കൊണ്ടു ചെന്നെത്തിക്കും എന്ന് ആ അവസരത്തിൽത്തന്നെ ഞങ്ങൾ പറയുകയുണ്ടായി. 1991-ൽ ശ്രീ. നരസിംഹറാവുവും ശ്രീ. മൻമോഹൻസിംഗും നയം പ്രഖ്യാപിച്ചു കൊണ്ട് രാജ്യം കടക്കെണിയിൽ ആണെന്നു പറഞ്ഞു. സർ, ഇന്നലത്തെ "ഹിന്ദു" ദിനപത്രത്തിൽ ഡോക്ടർ അയ്യങ്കാരുടെ ഒരു പ്രസംഗം റിപ്പോർട്ട് ചെയ്തു വന്നിട്ടുണ്ട്. അതു ഞാൻ വായിക്കാം. "And I personally feel that the core industries cannot be thrown to the hands of the private sector. Take energy for example. Since 1991 when Dr. Manmohan Singh wanted the private sector to take care of the energy needs of the country, we haven't added much energy to the national grid." അപ്പോൾ വൈദ്യുതി ഉൽപ്പാദന രംഗത്ത് പ്രൈവറ്റ് ഏജൻസികളെ ക്ഷണിച്ചുകൊണ്ട് വന്ന് കോൺഗ്രസുകാർ തുടക്കം കുറിച്ചപ്പോഴും ബി. ജെ. പി. ഇപ്പോൾ അത് തുടങ്ങുമ്പോഴും ഉൽപ്പാദനരംഗത്ത് അവർക്ക് കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുതയിലേക്കാണ്

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ അയ്യങ്കാർ വിരൽ ചൂണ്ടുന്നത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ ഇലക്ട്രിസിറ്റി ബോർഡിനെ ശക്തിപ്പെടുത്തി ആ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുതന്നെ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും എന്നുള്ളതാണ് വസ്തുത. ആഗോളവൽക്കരണത്തിന്റെയും, ഉദാരവൽക്കണരത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും നയങ്ങളുടെ ആഘാത പ്രത്യാഘാതങ്ങൾ കൊണ്ട് ഇന്ത്യാ മഹാരാജ്യം നട്ടം തിരിയുമ്പോഴും അതിനെ ചെറുത്തു നിൽക്കാനും ബദൽ നയങ്ങളുടെ സമീപനങ്ങളിലൂടെ മുന്നോട്ടുപോകാനും കഴിയും എന്നും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തെളിയിച്ചിരിക്കുകയാണ്. ആ ഗവൺമെന്റിനുവേണ്ടി ഗവർണർ നടത്തിയ പ്രസംഗത്തിന് അവതരിപ്പിച്ച നന്ദിപ്രമേയത്തിനെ ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ : സമയം സ്വയം നിയന്ത്രിക്കുക, ഇല്ലെങ്കിൽ വളരെവളരെ നീണ്ടുപോകും.

ശ്രീ. സി. പി. ബാലൻ വൈദ്യർ : ഞങ്ങൾ സ്വയം നിയന്ത്രിക്കാം. പക്ഷേ ഇരട്ടിയും അതിൽ കൂടുതലും സമയം എടുത്ത് ഇവിടെ പല മെമ്പർമാരും പ്രസംഗിച്ചു.

മി. സ്പീക്കർ : അതുകൊണ്ടാണ് പറയുന്നത്. എന്നാൽപിന്നെ എല്ലാപേരും എടുക്കുക.

ശ്രീ. സി. പി. ബാലൻ വൈദ്യർ : അങ്ങ് പറയുന്നത് ഞാൻ അനുസരിക്കാം.

മി. സ്പീക്കർ : ഞാൻ ആദ്യം മുതലേ പറയുകയാണ്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : ഇതിനുമുമ്പ്, അനുവദിച്ചതിന്റെ ഇരട്ടിയിൽ കൂടുതൽ സമയം എടുത്തവരുണ്ട്. സാധാരണനിലയിൽ എനിക്ക് ഒരു പ്രത്യേക കൺസെഷൻ കിട്ടേണ്ടതാണ്.

സർ, ഈ നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് അപ്പുറത്തു നിന്നും ശ്രീ. തങ്കച്ചൻ മുതൽ അവസാനം പ്രസംഗിച്ച ശ്രീ. ജോണി നെല്ലൂർ വരെയുള്ളവർ ഇവിടെ കുറെ കാര്യങ്ങൾ പറഞ്ഞു. കാർഷികമേഖലയിലെ തകർച്ചയ്ക്ക് ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലായെന്നു പറഞ്ഞുകൊണ്ടാണ് ശ്രീ. ജോണി നെല്ലൂർ അവസാനിപ്പിച്ചത്. അദ്ദേഹം തയ്യാറാക്കികൊണ്ടുവന്ന കുറിപ്പ് മാറിപ്പോയിയെന്നാണ് എനിക്ക് തോന്നുന്നത്. മോചനയാത്രയിലെ പ്രസംഗത്തിന് തയ്യാറാക്കിയ വാചകമാണ് ഇവിടെ പറഞ്ഞത് എന്നാണ് എനിക്ക് തോന്നുന്നത്. കാർഷികമേഖലയിലെ തകർച്ചയിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ പങ്കിനെപ്പറ്റി കാര്യമായി അങ്ങ് എന്തെങ്കിലും പറഞ്ഞോ ? രോഗം മനസ്സിലാക്കാതെ ചികിൽസ നടത്തിയാൽ എവിടെയെത്തും ? അങ്ങ് കൃഷികാര്യ മന്ത്രിയായിരുന്ന ആളല്ലേ ? എന്താണ് നമ്മുടെ രാജ്യത്തിന്റെ സ്ഥിതി ? നിലക്കടല ക്വിന്റലിന് 1500 രൂപ ഉണ്ടായിരുന്നത് 460 രൂപയായി, പരുത്തിക്ക് 2500 രൂപയായിരുന്നത് 1600 രൂപയായി ചുരുങ്ങി. ഒരു

LIBRARY ARCHIVES Kerala Legislative Assembly

കിലോ റബ്ബറിന് 68 രൂപയായിരുന്നത് 26 രൂപയായും, കാപ്പിക്ക് 68 രൂപയായിരുന്നത് 20 രൂപയായും ഒരു ക്വിന്റൽ നെല്ലിന് 650 രൂപയായിരുന്നത് 450 രൂപയായും ആറ് രൂപയ്ക്ക് കിട്ടിയ തേങ്ങ രണ്ട് രൂപയായും വില കുറഞ്ഞില്ലേ. നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് ഉദാരവൽക്കരണ നയത്തെ അങ്ങും പിന്താങ്ങിയില്ലേ ? പ്രതിപക്ഷനേതാവ് ഇവിടെയില്ല. പ്രതിപക്ഷനേതാവ് ഇവിടെ മുഖ്യമന്ത്രിയായി വന്ന ഘട്ടത്തിൽ, അദ്ദേഹം പാർലമെന്റിൽ മന്ത്രിയായിരിക്കുമ്പോൾ എടുത്ത നടപടി ഒരു ശ്രദ്ധക്ഷണിക്കലിലൂടെ സഭയിൽ ഉന്നയിച്ച ആളാണ് ഞാൻ. അന്ന് ശ്രീ. ആന്റണി മന്ത്രിസഭയിൽ കേന്ദ്ര അംഗമായിരുന്നു. അദ്ദേഹം ഉൾക്കൊള്ളുന്ന കേന്ദ്ര ക്യാബിനറ്റ് സബ് കമ്മിറ്റി ധനകാര്യമന്ത്രി, കൃഷികാര്യമന്ത്രി, സിവിൽ സപ്ലൈസ് മന്ത്രി എന്ന നിലയിൽ ശ്രീമാൻ ആന്റണി ഉൾപ്പെടെ മൂന്ന് മന്ത്രിമാർ എടുത്ത തീരുമാനപ്രകാരം 3800 രൂപ ഒരു ക്വിന്റൽ കൊപ്രയ്ക്ക് ഇവിടെ വിലയുണ്ടായിരുന്ന ഘട്ടത്തിൽ മാർക്കറ്റ് വിലയേക്കാൾ കുറച്ച് 2150 രൂപ താങ്ങുവില പ്രഖ്യാപിച്ചു. കേന്ദ്ര ഗവൺമെന്റ് ഉത്തരവ് ഇറക്കി. ഉണ്ട കൊപ്രയ്ക്ക് 2350 രൂപയെന്ന്. അതിനെത്തുടർന്ന് കൊപ്രയുടെയും നാളികേരത്തിന്റെയുമെല്ലാം വിലയിടിയുന്ന അവസ്ഥയിലേക്ക് എത്തി. ഇത് 1993-ൽ അദ്ദേഹം കേന്ദ്ര ക്യാബിനറ്റിലിരുന്നപ്പോൾ എടുത്ത നടപടിയാണ്. ഇത് നിഷേധിക്കാൻ കഴിയുമോ ? അങ്ങ് പ്രതിപക്ഷനേതാവിനോട് ചോദിച്ചുനോക്കൂ. ഇതിനേക്കാൾ കർക്കശമായി ഇന്ന് ബി. ജെ. പി. ഗവൺമെന്റ് ഈ നയം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി ആന്ധ്രയിൽ 500 കൃഷിക്കാർ ആത്മഹത്യ ചെയ്തില്ലേ ? ഉത്തർപ്രദേശിലും കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിലും അടക്കം കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നില്ലേ ? നായനാർ ഗവൺമെന്റ് നടപടിയെടുക്കാത്തതുകൊണ്ടാണോ കർണാടകയിലെ കൃഷിക്കാർ ആത്മഹത്യ ചെയ്തത് ? ആന്ധ്രയിലെ കൃഷിക്കാർ എന്തിനാണ് ആത്മഹത്യ ചെയ്തത് ? യാഥാർത്ഥ്യബോധത്തോടെ, ഇതിന് ഇടവരുത്തിയിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനെതിരായി മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി അണിനിരക്കേണ്ടതാണ്. ബഹുമാനപ്പെട്ട തങ്കച്ചൻ ഉൾപ്പെടെയുള്ള അപ്പുറത്തിരിക്കുന്നവർക്ക് കൃഷിക്കാരോട് അൽപ്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ ഇന്ന് നാലര മണിക്ക് നടക്കുന്ന മനുഷ്യച്ചങ്ങലയിൽ കണ്ണിയാവാൻ വരണം. ഞങ്ങൾ കൊടി പിടിക്കുന്നില്ല. തങ്കച്ചൻ വരുമോ ?

ശ്രീ. പി. പി. തങ്കച്ചൻ : നിങ്ങൾ ഈ രാജ്യത്ത് മനുഷ്യനെ ചങ്ങലയ്ക്ക് ഇടുന്നു ; ഞങ്ങൾ അവരെ അതിൽനിന്നും മോചിപ്പിക്കുന്നു അതാണ് ഞങ്ങളുടെ പരിപാടി.

ശ്രീ. സി. പി. ബാലൻ വൈദ്യർ : മോചന യാത്ര നടത്തുകയാണ്. ഇപ്പോൾ തങ്കച്ചൻ പോയോ ? ഇപ്പോൾ ജോണി നെല്ലൂരൊക്കെ രണ്ടുമാസം കഴിഞ്ഞാൽ ഭരണത്തിൽ വരുമെന്ന പ്രതീക്ഷയിൽ അല്ലേ നടക്കുന്നത് ? 1996-ലെ തെരഞ്ഞെടുപ്പിലേക്ക് പോകുമ്പോൾ തങ്കച്ചൻ ഉൾപ്പെടെ വീണ്ടും തിരിച്ചുവരുമെന്ന് പ്രതീക്ഷിച്ചിരുന്നതാണ്. പക്ഷേ എന്തുണ്ടായി ? നമ്മൾ തമ്മിൽ അടുത്ത സുഹൃത്തുക്കളല്ലേ ? തങ്കച്ചന്റെ മനസ്സിലിരിപ്പ് എന്താണെന്ന് ഞാൻ മനസ്സിലാക്കിയ ആളാണ്. തങ്കച്ചൻ ആന്റണിയെ കുറെ കളിയെല്ലാം കളിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വന്നപ്പോൾ അപ്പുറത്ത് പലരും ആനപ്പുറത്ത് കയറിയിരുന്നിട്ടുണ്ട്. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി കഴിഞ്ഞ നാലേമുക്കാൽ കൊല്ലം കൊണ്ട് നടപ്പാക്കിയ ക്ഷേമനടപടികളുടെ ഫലമായി ഇതിനേക്കാൾ കൂടുതൽ സീറ്റ്നേടി ഈ സഭയിൽ വരും. അന്ന് ഗവർണർ വന്നപ്പോൾ പിടിച്ചിരുന്നതിനേക്കാൾ വലിയ കരിങ്കൊടി നിങ്ങൾ പിടിക്കേണ്ടിവരും. ഞങ്ങൾ പിടിപ്പിക്കും. നിങ്ങൾ എന്തെല്ലാം പ്രചാരവേലകളാണ് നടത്തുന്നത്. അതിന്റെ ഭാഗമായി ഇന്ന് നാദാപുരം സംഭവത്തെ സംബന്ധിച്ച് അടിയന്തിരപ്രമേയം അവതരിപ്പിച്ചില്ലേ ? അത് അവതരിപ്പിച്ച എന്റെ സ്നേഹിതൻ ബാവാ സാഹിബ് ഇവിടെയില്ല. അദ്ദേഹം അവിടെ നടന്ന എല്ലാ സമാധാന യോഗങ്ങളിലും പ്രസംഗം നടത്തുകയും അവിടെ പറയുകയും ചെയ്തതിന് തികച്ചും ഘടകവിരുദ്ധമായ പ്രസംഗമാണ് ഇവിടെ നടത്തിയത്. നാദാപുരത്തുണ്ടായ സംഘർഷം അവസാനിപ്പിക്കുന്നതിനു വേണ്ടി ശ്രീ. പി. കെ. കെ. ബാവാ സാഹിബ് നടത്തിയിട്ടുള്ള അവിടത്തെ പ്രവർത്തനത്തിനെ വിലമതിക്കുന്നു. അദ്ദേഹവും ആ നിയോജകമണ്ഡലത്തിലെ എം. എൽ. എ. ശ്രീ. സത്യൻ മൊകേരി, ശ്രീ. എ. കണാരൻ ഈ മൂന്നാളുകളും ചേർന്നുകൊണ്ട് ഒരുമിച്ചാണ് അവിടെ സമാധാനമുണ്ടാക്കാൻ പ്രവർത്തിച്ചത്. പക്ഷേ അവിടങ്ങളിലൊന്നും ഒരിക്കലും പറയാത്ത കുറെ കാര്യങ്ങളായിരുന്നു ബാവാ സാഹിബ് അടിയന്തിര പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ചത്. നാദാപുരം സംഭവത്തെ അൽപ്പത്തിനുവേണ്ടി, കുറച്ച് വോട്ടാക്കി മാറ്റുന്നതിനുവേണ്ടി, നടത്തുന്ന യു. ഡി. എഫ് ന്റെ സങ്കുചിത രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടായിപ്പോയി ; അത് വളരെ മോശമായിപ്പോയി. എന്താണ് സംഭവത്തിന്റെ തുടക്കമെന്നുള്ളതല്ല, തുടക്കം, പാറക്കടവ് അങ്ങാടിയിൽ മൂന്ന് ചെറുപ്പക്കാർ നടന്നു പോകുന്ന സമയത്ത് ഒരു മുയിപ്പു കണ്ട് തട്ടി, ഇത് എന്താണെന്ന് ചോദിച്ചു, മുയിപ്പു കണ്ട് തട്ടി പോയതല്ലേ, ഇത് പാറക്കടവാണെന്ന് അറിയില്ലേ എന്ന് ചോദിച്ചു. കുട്ടി അഹമ്മദ് കുട്ടി സാഹിബ് മനസ്സിലാക്കണം. ഇതൊക്കെ ഇവിടെ ഉണ്ടാകും. ചെക്കിയാട് പഞ്ചായത്തിലാണ് പാറക്കടവ്. അവിടെ ഇടതുപക്ഷജനാധിപത്യ മുന്നണി ഒരൊറ്റ വാർഡിലാണ് ജയിച്ചത്. പാറക്കടവ് അങ്ങാടിയിൽ സ്വതന്ത്രമായി ഒരു കാലത്ത് പൊതുയോഗംപോലും വയ്ക്കാൻ അനുവാദമില്ലായിരുന്നു. അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. നിർഭാഗ്യകരമായ ചില സംഭവങ്ങളുണ്ടായി. ആ സംഭവവുമായി ബന്ധപ്പെട്ട് അടികലശലുണ്ടായി. മുസ്ലീംലീഗിന്റെയും സി.പി.എം.ന്റെയും പ്രവർത്തകന്മാർ തമ്മിലാണ് അടികലശൽ ഉണ്ടായത്. സമാധാനയോഗം വിളിച്ചും ; ശ്രീ. സത്യൻ മൊകേരി എം. എൽ. എ. ഉൾപ്പെടെ മുസ്ലീം ലീഗിന്റെ മണ്ഡലം നേതാവ് പഴയ എം. എൽ. എ. ആയ പാണാടത്ത് കുഞ്ഞഹമ്മദ് ഉൾപ്പെടെയുള്ള ആളുകൾ പങ്കെടുത്ത് സമാധാന യോഗം നടന്നു, തീരുമാനമായി. ആ സമാധാനയോഗത്തിലെ തീരുമാനം ആദ്യം ആരാണ് ലംഘിച്ചത് ? ലീഗിന്റെ ഭാഗത്തല്ലേ ? തുടർന്ന് അപ്പുറത്തുപോയി വീണ്ടും തല്ലുണ്ടായി. സമാധാനയോഗത്തിലെടുത്ത തീരുമാനം മണിക്കൂറുകൾക്കകം ലംഘിച്ചത് അപ്പുറത്തുള്ളവരാണ്. ആ നിലയിലല്ല ഞങ്ങൾ അത് കൈകാര്യം ചെയ്തത്. സംഭവത്തിന്റെ തുടക്കം ആരെന്നോ, സമാധാന യോഗത്തിലെ തീരുമാനങ്ങൾ ആര് ലംഘിച്ച് എന്നോ നോക്കാതെ അതൊരു വർഗ്ഗീയ

LIBRARY ARCHIVES Kerala Legislative Assembly

കലാപമാക്കി മാറ്റുന്നതിനുവേണ്ടി ചില ദുഷ്ടശക്തികൾ രണ്ടു ഭാഗത്തുനിന്നും അവിടെ പ്രവർത്തിക്കുന്നുവെന്ന് മനസ്സിലാക്കി ആ നിലയിലേക്ക് കാര്യങ്ങൾ കൊണ്ടുപോകരുതെന്ന സമീപനമാണ് ഞങ്ങൾ അവിടെ എടുത്തത്. അവിടെ ആദ്യം എത്തിയ രാഷ്ട്രീയ നേതാവ് സി. പി.എം.-ന്റെ സംസ്ഥാന സെക്രട്ടറിയാണ്, ഞങ്ങളെല്ലാം ആ കൂട്ടത്തിലുണ്ടായിരുന്നു. ഈ നിലയിൽ ഒരു സമീപനം ഞങ്ങളുടെ ഭാഗത്തുനിന്നുമെടുത്തു. ആര് എന്ത് ചെയ്തുവെന്നുള്ളതല്ല ; ഇത് മറ്റ് നിലയിലേക്ക് വഴുതി പോകാതിരിക്കാൻ എല്ലാ വിഭാഗം ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന നിലയിൽ ഞങ്ങൾ സഹകരിച്ചു പ്രവർത്തിച്ചു. കുഴപ്പമുണ്ടാക്കാൻ ചില ചരിദ്രശക്തികൾ ശ്രമിക്കുന്നു. കോഴിക്കോട് ജില്ലയെ സംബന്ധിച്ചിടത്തോളം പ്രത്യേകതയുണ്ട്. കോഴിക്കോട് ജില്ലയിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കു നടന്ന കഴിഞ്ഞ തെരഞ്ഞെടുപ്പിനെക്കുറിച്ച് ശ്രീ. നാലകത്ത് സൂപ്പി സംസാരിക്കുമ്പോൾ പറയണം. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പരസ്യമായി ബി.ജെ.പി. യുമായി കൂട്ടുകെട്ടുണ്ടാക്കിയിട്ടുള്ള നിങ്ങളുടെ അവിടത്തെ അണികൾ അല്ലേ ? ഇത് ബാവാസാഹിബിന് നിഷേധിക്കാൻ കഴിയുകയില്ല. പെരുവയൽ പഞ്ചായത്ത്, മാവൂർ പഞ്ചായത്ത്, ജില്ലാ ഡിവിഷനിൽ കുളത്തറ ഡിവിഷൻ, ഫറൂക്ക് ഡിവിഷൻ എന്നിവിടങ്ങളിലൊക്കെ നിങ്ങൾ ബി.ജെ.പി. യുമായി കൂട്ടുകെട്ടുണ്ടാക്കി. കുളത്തറ ഡിവിഷനിൽ ബി.ജെ.പി.യുമായി മൽസരിച്ച സ്ഥാനാർത്ഥിക്കെതിരായി നോമിനേഷൻ കൊടുക്കാൻ പോലും ഐക്യജനാധിപത്യ മുന്നണി തയ്യാറായില്ല. ആര്യാടൻ മുഹമ്മദ് മനസ്സിലാക്കണം. ബി.ജെ.പി. സ്ഥാനാർത്ഥിക്കെതിരായി യു.ഡി.എഫ്.ന്റെ ഭാഗത്ത് ആരും നോമിനേഷൻ കൊടുത്തില്ല, ധാരണയുണ്ടാക്കി, അപ്പുറത്ത് ഫറൂക്ക് ഡിവിഷനിൽ കോൺഗ്രസ് (ഐ) മത്സരിച്ചു, അവിടെ ബി. ജെ.പി. നോമിനേഷൻ കൊടുത്തില്ല, പരസ്പര ധാരണ. കോഴിക്കോട് ജില്ലാ പഞ്ചായത്തിലേക്ക് ബി.ജെ.പി. ക്ക് അക്കൗണ്ട് തുറന്നു കൊടുക്കുന്നതിന് വേണ്ടി യു.ഡി.എഫ്. കരാറുണ്ടാക്കി.

പക്ഷേ എന്താണ് ? തെരഞ്ഞെടുപ്പ് കഴിഞ്ഞ് വോട്ട് എണ്ണിനോക്കിയപ്പോൾ പത്തൊൻപതിനായിരത്തി അഞ്ഞൂറ്റി ചില്വാനം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഇടതുപക്ഷജനാധിപത്യ മുന്നണി സ്ഥാനാർത്ഥി അവിടെ ജയിച്ചു.

3. P.M] ശ്രീ. ആര്യാടൻ മുഹമ്മദ് കണക്ക് എഴുതിക്കോ. വിശദമായ കണക്ക് വേണമെങ്കിൽ തരാം. അവിടെ ആറായിരത്തിൽ ചില്വാനം വോട്ട് അസാധുവായി. എന്താണു കാരണം? യു.ഡി.എഫ്.- കോൺഗ്രസിന്റെയും മുസ്ലീം ലീഗിന്റെയും നേതാക്കന്മാർ-ബി.ജെ.പി.ക്ക് വോട്ടു ചെയ്യാൻ പറഞ്ഞിട്ട് മനസാക്ഷി അനുവദിക്കാത്തതുകൊണ്ട് കുറച്ച് ആളുകൾ അവരുടെ വോട്ട് അസാധുവാക്കി. നിങ്ങളുടെ വോട്ടർമാർ, ഒരു വിഭാഗം ആളുകൾ ഇപ്പുറത്തും വോട്ടു ചെയ്തു. ഇതൊരു വസ്തുത. പെരുവയൽ പഞ്ചായത്തിലും മാവൂർ പഞ്ചായത്തിലും പരസ്യമായി നിങ്ങൾ സഖ്യമുണ്ടാക്കി, ഇടതുപക്ഷ ജനാധിപത്യമുന്നണി വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ആ രണ്ട് പഞ്ചായത്തിലും അധികാരത്തിൽ വന്നു. യു.ഡി.എഫ്. ആയിരക്കണക്കിനു വോട്ടോടുകൂടി ജയിക്കേണ്ട കോഴിക്കോട് കോർപ്പറേഷനിലെ ചില ഡിവിഷനുകളിൽ നാമമാത്രമായ വോട്ടുകളിൽ, ഡസൻ കണക്കായ വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് ജയിച്ചത്. മുസ്ലീം ന്യൂനപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽ ഗണ്യമായ ഒരു വിഭാഗം ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പം വരാനും ആ മുന്നണി ഉയർത്തുന്ന മതേതര സ്വഭാവത്തിന്റെ കൂടെ നിൽക്കാനും വോട്ടു ചെയ്യാനും തയ്യാറായി. നിങ്ങൾ വീണ്ടും അപ്പുറത്തേക്കു കൊണ്ടു പോകുന്നുവെന്നു മനസിലാക്കി ഇതിനെ തുരങ്കം വയ്ക്കുന്നതിനുവേണ്ടി എൻ.ഡി.എഫ്. എന്ന മുസ്ലീം വിഭാഗത്തിലെ തീവ്രവാദ സംഘടന നാദാപുരത്ത് സംഘടിതമായി ശ്രമിച്ചു. എന്റെ സ്നേഹിതൻ ബാവാ സാഹിബ് ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, അര മണിക്കൂർ അദ്ദേഹം അവിടെ നിന്നിട്ടും അദ്ദേഹത്തെ തിരിച്ചറിയാത്ത കുറച്ചാളുകൾ വന്നു എന്ന്. ബാവാ സാഹിബിനെ തിരിച്ചറിയാൻ കഴിയാത്ത ആളുകൾ ലീഗിനകത്തു വന്നു എന്നുപറഞ്ഞാൽ പരിശോധിക്കണ്ടേ ? ആ നിലയിലുണ്ടായി. എൻ.ഡി.എഫ്.-ലെ ഒരു പുതിയ വിഭാഗം ഈ സ്ഥിതിഗതികൾ മാറ്റുന്നതിന് സംഘടിതമായി അവിടെ പ്രവർത്തിച്ചു. സമാധാന യോഗത്തിൽ മുസ്ലീം ലീഗിന്റെ നേതാക്കന്മാർ തുറന്നു സമ്മതിച്ചതാണ്. ഞങ്ങൾക്ക് നിയന്ത്രിക്കാൻ കഴിയാത്ത തീവ്രവാദ വിഭാഗത്തിൽപ്പെട്ട കുറച്ചാളുകൾ ഉണ്ടെന്ന് അവർപോലും സമാധാന യോഗത്തിൽ തുറന്നു സമ്മതിച്ചതാണ്. അതുപോലെതന്നെ ആർ.എസ്.എസ്. വിഭാഗം. ഇതിന് പ്രതികാരം വീട്ടണം. മുസ്ലീം ലീഗിന്റെ ഏതാനും പ്രവർത്തകന്മാർ വരുത്തിവച്ച ഈ സ്ഥിതിഗതികൾക്ക് പകരം വീട്ടണം ; ഞങ്ങൾ സഹായിക്കാമെന്നു പറഞ്ഞു. ഈ രണ്ട് വിഭാഗവുമാണ് അവിടെ കുഴപ്പമുണ്ടാക്കിയത്. ഇത് അവിടത്തെ മുഴുവൻ സമാധാന ചർച്ചകളിലും വന്നതാണ്. പക്ഷേ ആ സ്ഥിതി മാറ്റിയത് ശ്രീ. ഉമ്മൻ ചാണ്ടി അവിടെ പോയപ്പോഴാണ്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. എ. കെ. ആന്റണിയും പോയി. അഹമ്മദ് സാഹിബ് വന്നു. അഹമ്മദ് സാഹിബ് എന്തുകൊണ്ട് ഇങ്ങനെ പറഞ്ഞുവെന്ന് എനിക്കറിയില്ല. അദ്ദേഹം ഇതിനെ, എൻ. ഡി.എഫ്. തീവ്രവാദ സംഘടന നടത്തിയ പ്രവർത്തനത്തെ, അതുപോലെ ആർ.എസ്.എസ്.ന്റെ പങ്കാളിത്തത്തെയൊന്നും കാണാൻ തയ്യാറാകാത്ത ഒരു നിലയിലേക്ക് വന്നു. അവിടെ നടന്ന അക്രമത്തെപ്പറ്റി പറഞ്ഞു, തല്ലേയുണ്ടായിരുന്നുള്ളൂ. ബാവാ സാഹിബുതന്നെ ഇവിടെ സമ്മതിച്ചല്ലോ ലൈസൻസുള്ള തോക്കുകൊണ്ട് വെടി വയ്ക്കാൻ. ലൈസൻസുള്ള തോക്ക് ആളെ വെടി വയ്ക്കാനുള്ളതാണോ ? ബോംബെറിഞ്ഞു എന്നു പറഞ്ഞു. ബോംബെറിഞ്ഞിട്ട് എന്തു പരിക്കുപറ്റി ? ഒരു ബോംബെറിഞ്ഞു, രണ്ടു ബോംബെറിഞ്ഞു, മൂന്നു ബോംബെറിഞ്ഞാൽ ലൈസൻസുള്ള തോക്കുകൊണ്ട് വെടി വയ്ക്കാമോ ? സൂപ്പി സാഹിബ് പ്രസംഗിക്കുമ്പോൾ പറയണം. ബോംബെറിഞ്ഞിട്ട് വീടിന് എന്തെങ്കിലും പരിക്കു പറ്റിയോ ? ആർക്കെങ്കിലും പരിക്കു പറ്റിയോ ? ഒന്നും വന്നിട്ടില്ലല്ലോ. സമാധാന യോഗത്തിൽ പോലും നിങ്ങളുടെ ആളുകൾക്ക് വരാൻ പറ്റിയില്ല. വെടിവച്ചുകൊല്ലുന്നത് അവിടെ ആദ്യത്തെ സംഭവമാണ്. ആ നിലയിൽ നടന്ന സംഭവത്തിൽ ഞങ്ങളുടെ ഒരു പ്രവർത്തകൻ കൊലചെയ്യപ്പെട്ടു. അതിനെ തുടർന്ന് അനിഷ്ടസംഭവമുണ്ടായി. മുസ്ലീം ലീഗിലെ അൽപ്പം പ്രായമുള്ള ഒരാൾ കൊല ചെയ്യപ്പെട്ടു. രണ്ടും ദാരുണ സംഭവങ്ങളാണ്. പക്ഷേ അത് ആളിക്കത്തിക്കാനല്ല നോക്കിയത്. ഞങ്ങളുടെ സന്തോഷ് എന്ന പ്രവർത്തകനെ നിങ്ങളുടെ ഭാഗത്തു നിന്നും വെടിവച്ചുകൊന്നിട്ടും ഞങ്ങൾ ആ സ്ഥലത്തുമാത്രം ഹർത്താൽ ആചരിച്ചു. പക്ഷേ നിങ്ങളുടെ ഭാഗത്ത് ഒരാൾ മരിച്ചപ്പോൾ ജില്ലാടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഹർത്താലിന് നിങ്ങൾ ആഹ്വാനം ചെയ്തു. നാദാപുരത്ത് രണ്ടോ, മൂന്നോ പഞ്ചായത്തിൽ ഒതുങ്ങിനിന്ന സംഭവം ജില്ലയിലാകെ ആളികത്തിക്കുന്നതിനു വേണ്ടി ഐക്യജനാധിപത്യമുന്നണിയുടെ നേതൃത്വം ബോധപൂർവം ശ്രമിച്ചു. ഇതിനെയെല്ലാം വിസ്മരിച്ചു കൊണ്ടല്ലേ ഇവിടെ സംസാരിച്ചത്. അവിടെ ഒരു പെൺകുട്ടി മരിച്ചു, ബോംബു സ്ഫോടനത്തിൽ എന്ന് ദേശാഭിമാനി പോലും റിപ്പോർട്ടു ചെയ്തു. കുഴപ്പങ്ങൾ ആളിക്കത്തിക്കാനല്ല ഞങ്ങൾ ശ്രമിച്ചത്. ആരും മരിക്കാൻ പാടില്ല. എല്ലാ കൊലപാതകവും തെറ്റാണ്, ഒഴിവാക്കപ്പെടേണ്ടതാണ്. അതിനെത്തുടർന്ന് അവിടെ നടന്ന അനിഷ്ട സംഭവങ്ങൾ എല്ലാം അങ്ങേയറ്റം അപലപനീയമാണ്. ഞങ്ങളാരും അതിനെ അനുകൂലിക്കുന്നില്ല. സത്യസ്ഥിതി കണ്ടെത്തണം. ബിജു എന്ന ഒരു കുട്ടി ബോംബു സ്ഫോടനത്തിൽ മരിച്ചപ്പോൾ ഞങ്ങളുടെ നേതൃത്വം ആലോചിച്ചുകൊണ്ട് അവിടെ കുഴപ്പങ്ങൾ ആളിക്കത്തിക്കത്തക്ക വിധത്തിൽ പത്ര റിപ്പോർട്ടുപോലും വരാതിരിക്കാൻ സ്ഫോടനം എന്ന വാക്കാണ് ദേശാഭിമാനി ഉപയോഗിച്ചത്. എല്ലാ പാർട്ടി നേതാക്കളുമായി കൂടിയാലോചിച്ച്, ഒന്നിച്ച് അവിടെ വിലാപയാത്രയും ശവസംസ്കാര ചടങ്ങുംവരെ നടത്തിയില്ലേ? വമ്പിച്ച ഭൂരിപക്ഷമുള്ള, മുസ്ലിം ലീഗിന്റെ സ്വാധീനമുള്ള പഞ്ചായത്തിൽ കനത്ത വില കൊടുത്തുകൊണ്ട് സമാധാനമുണ്ടാക്കാൻ ശ്രമിച്ചു. സമാധാനയോഗം നടന്ന് എല്ലാ തീരുമാനവും എടുത്തതിനുശേഷം വിഷ്ണുമംഗലം എന്ന സ്ഥലത്ത് 8 വീടിനു തീ വച്ചു എന്നാണ് ശ്രീ. പി. കെ. കെ. ബാവ പറഞ്ഞത്. മാർക്സിസ്റ്റുകാരുടെ വീടിന് മുസ്ലീം ലീഗുകാർ കാവൽ നിൽക്കുമെന്നു ബാവാ സാഹിബ് കൈരളി ചാനൽക്കാരോട് പറഞ്ഞു. ഞാൻ അതു കേട്ടു സന്തോഷിച്ചു. ഞാൻ ആ ചാനലിൽ ബാവാ സാഹിബ് പറയുന്നതു കണ്ട ആളാണ്. എം. കേളപ്പൻ പറഞ്ഞു മുസ്ലീം ലീഗുകാരുടെ വീടിന് മാർക്സിസ്റ്റുകാർ കാവൽ നിൽക്കുമെന്ന്. ഞങ്ങളുടെ ആളുകളുടെ വീടിനു കാവൽ നിൽക്കുമെന്ന് പറഞ്ഞത് ഞങ്ങൾ ആക്രമിക്കുന്നതു തടയാൻ അല്ലല്ലോ; നിങ്ങളുടെ ഭാഗത്തുള്ള ആളുകളുടെ ആക്രമണം തടയാനാണ്. ഈ നിലയിൽ സഹകരിച്ച് അവിടെ പ്രവർത്തിച്ചിട്ട് സമാധാനം ഉണ്ടാക്കാൻ ഒത്തൊരുമിച്ച് എല്ലാവരും ശ്രമിച്ചിട്ട് ഇന്നിവിടെ ഈ തരത്തിൽ വിലകുറഞ്ഞ, വോട്ടു നോടാനുള്ള രാഷ്ട്രീയ തന്ത്രത്തിന്റെ ഭാഗമാക്കി നാദാപുരത്തെ മാറ്റാൻ ശ്രമിച്ചത് മോശമായിപ്പോയി. മാത്രമല്ല, ഒരു സഹോദരിയുടെ ചാരിത്ര്യത്തെ വോട്ടായി മാറ്റാൻ നിങ്ങൾ പ്രചാരവേല നടത്തി. ബാവാ സാഹിബ് മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിൽ എന്താണ് പറഞ്ഞത്? ഞാനും ബാവാ സാഹിബ്ബും ഇംഗ്ലീഷ് വാക്ക് അധികം പറയില്ല. "Rape attempt" എന്നാണ് പറഞ്ഞത്. അവിടെ അത് എന്താക്കി മാറ്റി? 'Rape attempt' എന്നു പറഞ്ഞു. യു. ഡി. എഫ്. ന്റെ മോചനയാത്രയിൽ ഇതു സംബന്ധിച്ച് യു. ഡി. എഫ്. ന്റെ സംസ്ഥാന നേതാവ് അവിടെ പ്രസംഗിച്ചിട്ടുണ്ട്. വടകര പാർലമെന്റ് മെമ്പറെപ്പറ്റിയാണ് പറഞ്ഞത്. അവൾക്ക് ബലാൽസംഗം എന്താണെന്നറിയില്ല; ഞാൻ പഠിപ്പിച്ചുകൊടുക്കാം എന്നാണു പറഞ്ഞത്. അത്രത്തോളം അധഃപതിച്ച, തരംതാണ പ്രസംഗം വരെ നടത്തി. എന്റെ നിയോജകമണ്ഡലമായ കുന്നംമംഗലത്ത് പ്രസംഗിച്ചതാണ്. ആരാണ് നേതാവെന്ന് ഒക്കെ അറിയാം. ആന്റണി പങ്കെടുത്ത യോഗത്തിലാണ്. ആ നിലയിൽ എത്തി. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

മോചനയാത്രയും നടത്തുകയാണല്ലോ. വിമോചനസമരത്തിന്റെ നേതാവ് ശ്രീ. എ.കെ.ആന്റണി എന്ന് ഞങ്ങൾക്കറിയാം. ശ്രീ. ആര്യാടൻ മുഹമ്മദ് ഒരുപാട് പുസ്തകം വായിക്കുന്ന ആളല്ലേ ? മൊയ്നിഹാൻ എഴുതിയ പുസ്തകം ശ്രീ. ആര്യാടൻ വായിച്ചുകാണുമല്ലോ —1959-ലെ വിമോചന സമരത്തിൽ സി. ഐ. എ. യുടെ പണം വാങ്ങി തിന്നുകൊണ്ടാണ് നിങ്ങൾ വിമോചന സമരത്തിന് നേതൃത്വം കൊടുത്തത് എന്ന്. ഇന്ന് വിമോചനം മാറ്റി മോചനത്തിലേക്ക് പോയിട്ടുണ്ട്. ലക്ഷകണക്കിന് രൂപയല്ലേ ഓരോ സ്ഥലത്തും ! ഒരു ദിവസം ഞങ്ങൾ ട്രെയിനിൽ പോകുന്ന സമയത്ത് ഒരു എം. എൽ. എ. എന്നോടുപറഞ്ഞത് അയാളുടെ മണ്ഡലത്തിൽ ഒരു ലക്ഷത്തിലധികം രൂപ മോചന യാത്രയുടെ സ്വീകരണ പരിപാടിയുടെ പ്രചരണത്തിനു ചെലവാക്കി എന്നാണ്. ആളുടെ പേര് ഞാൻ ആര്യാടൻ മുഹമ്മദിനോട് രഹസ്യത്തിൽ പറഞ്ഞുതരാം. എവിടെ നിന്നുമാണ് ഈ ലക്ഷങ്ങൾ ചെലവാക്കുന്നത് ? 1959-ലെ വിമോചന സമരത്തിൽ സി. ഐ. എ. എന്ന ചാര സംഘടനയിൽ നിന്നുപോലും പണം വാങ്ങി പ്രവർത്തിച്ച കോൺഗ്രസ് (ഐ) എന്ന പാർട്ടി കേരളത്തെ അതുപോലുള്ള ഒരു പ്രവർത്തനത്തിലേക്ക് കൊണ്ടു പോകാൻ ശ്രമിക്കുന്നു. മൊയ്നിഹാന്റെ പുസ്തകമുണ്ടല്ലോ. ആ പുസ്തകം എടുത്ത് വായിച്ചു നോക്കൂ. ബി. ജെ.പി. യുമായുള്ള കൂട്ടുകെട്ടിനെ സംബന്ധിച്ച് എന്താണ് മുസ്ലീം ലീഗിന്റെ നേതൃത്വത്തിന് പറയാനുള്ളതെന്ന് അറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്, വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ. 1991-ൽ കേരളത്തിലെ 42 നിയോജകമണ്ഡലങ്ങളിൽ ഉണ്ടാക്കിയതുപോലുള്ള കൂട്ടുകെട്ടിലേക്ക് പോകാനാണ് നിങ്ങൾ ശ്രമിക്കുന്നത്. പക്ഷേ ഇവിടത്തെ ജനാധിപത്യ വിശ്വാസികളും മതേതര വിശ്വാസികളും ന്യൂനപക്ഷ വിഭാഗങ്ങളും ഈ അവിശുദ്ധ കൂട്ടുകെട്ടിനെതിരായി വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ വിധി എഴുതുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇതിനെപ്പറ്റി സൂപ്പി സാഹിബ് പ്രസംഗിക്കുമ്പോൾ പറയണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, മൊയ്നിഹാന്റെ പുസ്തകത്തിൽ കോൺഗ്രസ് പാർട്ടി പണം വാങ്ങി എന്നു പറഞ്ഞിട്ടുണ്ട് എന്നും അതുപോലെ പണം വാങ്ങിക്കൊണ്ടാണ് ഈ സംസ്ഥാനത്ത് മോചനയാത്ര നടത്തുന്നത് എന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് പാർട്ടി ഒരു ഘട്ടത്തിലും പണം വാങ്ങിയിട്ടില്ല, എന്നു മാത്രമല്ല, വിദേശ രാജ്യങ്ങളിൽനിന്നും പണം വാങ്ങിയ ചില പാർട്ടികളുണ്ട്. ആ പാർട്ടികൾ ഏതാണെന്നുള്ളത് പല പ്രസിദ്ധീകരണങ്ങളിലും വന്നതാണ്. സോവിയറ്റ് റഷ്യയിൽ നിന്നും പണം വാങ്ങിയ പാർട്ടി ഉണ്ട് ഈ രാജ്യത്ത്. അതുപോലെ കോൺഗ്രസ് പാർട്ടിക്കാരുടെയും പണം വാങ്ങിയിട്ടില്ല. അത് വളരെ തെറ്റായ കാര്യമാണ്. അതുപോലെയാണ് ഇന്ന് മോചനയാത്ര നടത്തുന്നത് എന്നു പറയുന്നത് ശരിയല്ല. അത് ഒരു പാർട്ടിയെക്കുറിച്ചാണ് പറഞ്ഞത്. അതിനുള്ള യാതൊരു രേഖയും ഇവിടെ ഹാജരാക്കിയിട്ടില്ല. അതുകൊണ്ട് അത് എക്സ്പഞ്ച് ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, മൊയ്നിഹാന്റെ പുസ്തകത്തിൽ വിമോചന സമരത്തിന് 10 കോടി രൂപ വാങ്ങിയതായി എഴുതിയിട്ടുണ്ട്. ഞാൻ രണ്ടുതവണ ഈ അസംബ്ലിയിൽ സമർപ്പിച്ചതാണ്. മൊയ്നിഹാന്റെ സെക്രട്ടറി ഇന്ദിരാ ഗാന്ധിക്ക് കൊണ്ടു കൊടുത്തിരിക്കുന്നു 10 കോടി രൂപ. ആ പുസ്തകം ഞാൻ വായിച്ചതാണ്. അത് വസ്തുതയാണ്.

ശ്രീ. പാലോട് രവി : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. 'വണ്ടേ നീ തുലയുന്നു, വിളക്കും നീ കെടുത്തുന്നു' എന്ന് കുമാരനാശാൻ പാടിയിട്ടുണ്ട്. കേരള ചരിത്രത്തിലെ ദയനീയവും വിനാശകരവും അപമാനകരവുമായ ഒരു ഭരണം നടത്തി പടിയിറങ്ങാൻപോകുന്ന ഒരു സർക്കാർ ജനങ്ങളുടെ മുമ്പിൽ നടത്തുന്ന പ്രായശ്ചിത്തവും കുമ്പസാരവുമാണ് ഈ നയപ്രഖ്യാപനം. നയപ്രഖ്യാപനത്തിന്റെ അവസാനം സമർത്ഥനായ ന്യായാധിപനായ നമ്മുടെ ഗവർണർ, കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളം എന്തായിരുന്നുവെന്ന് മനസ്സിലാക്കിയ അദ്ദേഹം നമുക്ക് ഒരു ഉറപ്പു തരുന്നുണ്ട്. 'ഈ കാളരാത്രികൾ അവസാനിക്കുകയാണ്, ഒരു പുതിയ അരുണോദയം വരുന്നു' എന്ന് അവസാനത്തെ പേജിൽ അദ്ദേഹം പറയുന്നുണ്ട്. കേരളത്തെ കേരളമല്ലാതാക്കിത്തീർക്കുന്ന പ്രക്രിയ നമ്മുടെ മുഖ്യമന്ത്രിയും കൂട്ടരും പൂർത്തിയാക്കിയ ബാക്കിപത്രമാണ് ഇവിടെ ഗവർണർ അവതരിപ്പിച്ചത്. മാർക്സിസ്റ്റ് പാർട്ടി അതു ചെയ്യും. കാരണം State will wither away എന്നാണ് Das Capital-ൽ പറഞ്ഞിരിക്കുന്നത്. സ്റ്റേറ്റ് കൊഴിഞ്ഞു പോകും. ഈ വർഗ്ഗ സമരങ്ങൾ നടന്നുനടന്ന് State will wither away എന്നു പറഞ്ഞതുപോലെ സ്റ്റേറ്റ് കൊഴിഞ്ഞുപോയിരിക്കുന്ന ആ പൊസിഷനിലേക്ക് നമ്മുടെ സംസ്ഥാനത്തെ കൊണ്ടെത്തിച്ചിരിക്കുകയാണ്. കാർഷിക കേരളമെന്ന സങ്കൽപ്പം ഇവിടെ ഇല്ലാതെയായി. 'നാണ്യവിളകളുടെ നാട്' എന്ന നമ്മുടെ സങ്കൽപ്പം ഇവിടെ ഇല്ലാതെയായി. ഇവിടെ വ്യവസായ കേരളം ഇല്ലാതെയായി. വിദ്യാഭ്യാസ കേരളം ഈ സംസ്ഥാനത്തിന് നഷ്ടമായി. ശാന്തിയുടെ കേരളമെന്ന് നാം അവകാശപ്പെട്ടിരുന്ന കേരളം ഇല്ലാതെയായി. നമ്മുടെ സാംസ്ക്കാരിക കേരളം എന്നന്നേയ്ക്കും നമുക്ക് ഇല്ലാതെയായി. ഇന്ന് കേരളം കടബാധ്യതകൊണ്ട് മുടിഞ്ഞു. പലിശകൊടുത്ത് നാം നശിക്കുന്നു. യാഥാർത്ഥ്യമല്ലേ ? സാമ്പത്തിക രംഗത്തും ഭരണരംഗത്തും ഇന്ന് ജനങ്ങളെ പരിഭ്രാന്തരാക്കി മാറ്റിയിരിക്കുന്നു. വിനാശകരമായ സാമ്പത്തിക ധനകാര്യ ഭൂചലനം ഈ സംസ്ഥാനത്ത് ഉണ്ടായിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി രാധാകൃഷ്ണൻ അപ്പുറത്ത് ഇരിപ്പുണ്ട്. പട്ടികജാതിക്കാരിയായ, ഒരു കോളനിയിൽ താമസിക്കുന്ന ഒരു സഹോദരി 19-12-2000-ന് മൂന്നു മാസക്കാലമായി താൻ കൂലിപ്പണിക്കു പോകുന്നില്ല, ചികിൽസയിലാണ് എന്നു പറഞ്ഞപ്പോൾ മന്ത്രി രാധാകൃഷ്ണൻ 2,000 രൂപയുടെ ഒരു ചെക്കുകൊടുത്തു. ഈ ചെക്കുമായി അവർ ട്രഷറിയിൽ കയറിയിറങ്ങി നടക്കുകയാണ്. അവരുടെ പേര് തങ്കമ്മ, പുന്നപുരത്ത് പുത്തൻവീട്, പൂവത്തൂർ, നെടുമങ്ങാട്. രണ്ടായിരം രൂപയുടെ ചെക്കാണ്. ഇവർ മരിച്ചതിനുശേഷം കിട്ടിയാൽ എന്തു പ്രയോജനം ? മൂന്നുമാസമായി ഇവർ കൂലിപ്പണിക്കു പോകുന്നില്ല. മരുന്നുവാങ്ങാൻ നിവൃത്തിയില്ലാ എന്നുപറഞ്ഞാണ് ബഹുമാനപ്പെട്ട മന്ത്രിയുടെയടുത്ത് കത്തുമായി ചെന്നത്. ആ ചെക്കിനുള്ള തുകപോലും നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ കഴിയുന്നില്ല. ശരിക്കും ഒരു ധനകാര്യഭൂചലനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരിക്കുകയാണ്. നമ്മുടെ ധനകാര്യവകുപ്പുമന്ത്രി ധനകാര്യം മറന്ന് എക്സൈസിൽ മുങ്ങി. ഈ സംസ്ഥാനത്ത് ധനകാര്യരംഗത്ത് ഒരു സ്വാധീനവും ഇല്ലാതായിപ്പോയി. ഞാൻ ധാരാളം ഓർഡറുകളൊന്നും ഇവിടെ വായിക്കാൻ ആഗ്രഹിക്കുന്നില്ല. 1999 നവംബർ 17-ാം തീയതി ഇവിടെ ഒരു ഓർഡറിറങ്ങി. ധനകാര്യവകുപ്പാണ് അതിറക്കിയത്. ഓർഡർ നമ്പർ. ജി. ഒ. (പി) 2278/99/ഫിനാൻസ്. അതിൽ പറഞ്ഞിരിക്കുന്നത് All expenditure shall be restricted only to budgeted amount. New posts in Government and Government Aided Schools and Colleges should not be created. New Public Sector Corporations should not be created. New subsidies should not be announced. No new vehicles should be purchased during this financial year. A target fixed for revenue collection for ..... ഇങ്ങനെ ഒരു ഓർഡറാണ് ഇറക്കിയത്. ആ ഓർഡർ ഇറക്കി ഓർഡറിന്റെ മഷിയുണങ്ങുന്നതിനു മുമ്പ് അടുത്ത ഓർഡർ നമ്മുടെ സെക്രട്ടേറിയറ്റിൽ നിന്നും ഇറക്കി. 17-11-1999-ലെ ജി. ഒ. (പി) നം. 2278/99 ഉത്തരവിന്റെ പരിധിയിൽ നിന്നും സഹകരണസ്ഥാപനങ്ങളെ ഒഴിവാക്കിക്കൊണ്ട് ഞങ്ങൾ ഉത്തരവിറക്കുന്നു — സഹകരണവകുപ്പു സെക്രട്ടറി. ഏറ്റവും കൂടുതൽ സാമ്പത്തിക ബാധ്യത ഏറ്റെടുത്തിരിക്കുന്ന ഒരു സംസ്ഥാനമാണിത്. സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുന്നു. ശമ്പളം കൊടുക്കാൻപോലും നിവൃത്തിയില്ല എന്നു കണ്ടുകൊണ്ട് സാമ്പത്തിക മേഖലയെയും നിയന്ത്രിക്കുന്ന ധനകാര്യവകുപ്പ് ഓർഡറിറക്കി ദിവസങ്ങൾ കഴിയുന്നതിനുമുമ്പ് സെക്രട്ടേറിയറ്റിൽ നിന്ന്, ധനകാര്യവകുപ്പ് അതിന്റെ വഴിക്കുപോകട്ടെ എന്നുപറഞ്ഞുകൊണ്ട്, സഹകരണവകുപ്പുസെക്രട്ടറി ഉത്തരവിറക്കി. ഞാനിവിടെ ചൂണ്ടിക്കാണിച്ചത് ഈ സാക്ഷരകേരളത്തിൽ ഇപ്പോൾ നടക്കുന്നത്, ശരിക്കുപറഞ്ഞാൽ രാക്ഷസഭരണമല്ലേ? ആലോചിക്കണം. കേരളം ഇന്ന് അക്ഷരാർത്ഥത്തിൽ മനുഷ്യത്വം മരവിച്ചുപോയ നിങ്ങളുടെ കിരാതഭരണത്തിന് സാക്ഷ്യം വഹിക്കുകയാണ്. ശ്രീമതി മെഴ്സി കുട്ടിയമ്മയ്ക്ക് കിരാതഭരണത്തിന്റെ അർത്ഥം ഞാൻ പറഞ്ഞുതരാൻ പോവുകയാണ്. നമ്മുടെ സഖാക്കൾ കാലത്തേ മാനവീയത്തിന്റെ മുഖം മൂടി ധരിച്ചാണ് രംഗപ്രവേശം ചെയ്യുന്നത്. രാത്രിയാകുമ്പോൾ നാദാപുരത്ത് കണ്ടതുപോലെ — എന്താണു സർ? ശ്രീ. ബാലൻ വൈദ്യരൊക്കെ ഇത്രയും സാത്വികൻമാരായി മാറിയോ? ശ്രീ. ബാലൻ വൈദ്യരൊക്കെ സഭയിൽ പ്രസംഗിക്കുന്നത് എത്രയോ വർഷങ്ങളായി കേൾക്കുന്നതാണ്. എന്തേ ബാലൻ വൈദ്യരുടെ സ്വരത്തിൽ മാറ്റമുണ്ടായത്? ഈ സഭയിൽ ഈറ്റപ്പുലിയെപ്പോലെ ആക്രോശിച്ചു ചാടിവീഴുന്ന ശ്രീ. ബാലൻ വൈദ്യർ ഒരു പൂച്ചക്കുട്ടിയെപ്പോലെ പ്രസംഗിക്കാൻ എങ്ങിനെയാണ് സാഹചര്യമുണ്ടായത്? നിങ്ങളുടെ മാനവീയത്തിന്റെ മുഖം നാദാപുരത്ത് പിച്ചിച്ചീന്തി. അതല്ലേ സത്യം? മാനവീയവും, മാർക്സിസവും മാനഭംഗവും കൂട്ടിയിണക്കുന്ന സ്ഥിതിയിലേക്ക് നമ്മുടെ സംസ്ഥാനം മാറുകയല്ലേ? ഇതിൽനിന്നൊക്കെ നിങ്ങൾക്ക് ഒഴിഞ്ഞുമാറാൻ കഴിയുമോ? സ്ത്രീപീഡനത്തിനെതിരായി ചന്ദ്രഹാസം ഇളക്കി പ്രചരണം നടത്തിയ പാർട്ടിയാണ് നിങ്ങളുടെ പാർട്ടി. 1996-ൽ നിങ്ങൾ ഈ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്നത് അത്തരത്തിൽ ചന്ദ്രഹാസമിളക്കിക്കൊണ്ടാണ്. നിങ്ങൾ എന്താണ് പ്രസംഗിക്കുന്നത് ? ന്യൂനപക്ഷങ്ങളെക്കുറിച്ച്, വർഗ്ഗീയ ചെന്നായ്ക്കളുടെ മുന്നിൽ നിന്നുകൊണ്ട് മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നവരാണ് തങ്ങളെന്ന് അവകാശപ്പെടുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ പൊയ്മുഖം ഇന്ന് നാദാപുരത്ത് തകർന്നുവീണില്ലേ ? മുഖ്യമന്ത്രിയുടെ പ്രസംഗം മുതൽ ഇവിടെ അവസാനം പ്രസംഗിച്ച ശ്രീ. ബാലൻ വൈദ്യരുടെ പ്രസംഗം വരെ എന്താണ് കാണിക്കുന്നത് ? ആ പൊയ്മുഖം ഇവിടെ തകർന്നുവീണില്ലേ ? കൊള്ളയും കവർച്ചയും കൊണ്ട് കെട്ടടങ്ങാത്ത മാർക്സിസ്റ്റ് രോഷം മുസ്ലീം സ്ത്രീകളുടെമാനം കവർന്നെടുത്തപ്പോഴെങ്കിലും കെട്ടടങ്ങിയോ ? ഇല്ല. ഇത് ഒളിച്ചുവയ്ക്കണമെന്നാണ് നിങ്ങൾ പറയുന്നത്. നിങ്ങൾ മാത്രമല്ല, ഉത്തരകേരളത്തിൽ മാത്രമല്ല, ഈ രാജ്യത്താകമാനം ആട്ടിൻതോലിട്ട ചെന്നായ്ക്കളായി ധാരാളം പേർ മാറുകയാണ്. ഓരോ ദിവസവും വന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത് ആ നിലയിലേക്ക് നമ്മുടെ രാജ്യം മാറിയിരിക്കുന്നുവെന്നാണ്. അതൊരു ഭാഗം. ഞാൻ രാക്ഷസഭരണം എന്നുപറഞ്ഞപ്പോൾ അവിടെയിരുന്ന് 'ഭോ' എന്നാക്കി. 40 പേരെ കൊലപ്പെടുത്തുകയും ലക്ഷങ്ങളെ ചത്തതിനൊപ്പമേ ജീവിച്ചിരിക്കിലും എന്ന അവസ്ഥയിലുമാക്കി ഇവിടത്തെ വിഷമദ്യ ദുരന്തം. അതിന്റെ ഉത്തരവാദികൾ ആരാണ് ? അതിനു ഉത്തരവാദികൾ കർണ്ണാടക്കാരാണോ, തമിഴ്നാടുകാരാണോ, പ്രതിപക്ഷക്കാരാണോ ? ശ്രീ. ടി. ശിവദാസമേനോനെ സഭയിൽ കാണുന്നില്ല. അദ്ദേഹം തേനും പാലും ഒഴുക്കുമെന്ന് പറഞ്ഞു. ഇത് 56 മാസംമുമ്പ് വാഗ്ദാനം ചെയ്തവരാണ് നിങ്ങൾ. എന്തായിരുന്നു നിങ്ങളുടെ പ്രകടനപത്രിക ? കേരളത്തിൽ തേനുംപാലും ഒഴുക്കിയോ നിങ്ങൾ ? 56 മാസത്തിനു മുമ്പ് ഞങ്ങളുടെ ഓരോരുത്തരുടെയും വീടുകളിൽ എത്തിച്ചു പ്രകടനപത്രിക. പ്രകടനപത്രികയുടെ 17-ാമത്തെ പേജിൽ മദ്യനയത്തെക്കുറിച്ച് പറയുന്നുണ്ട്. എന്താണ് പറഞ്ഞത് ? മറ്റ് മദ്യമെല്ലാം യഥേഷ്ടം വിൽക്കുവാൻ അനുവദിച്ചുകൊണ്ട് ചാരായം മാത്രം നിരോധിക്കുന്നത് പ്രായോഗികമല്ല എന്നത് വളരെ വ്യക്തമാണ്. നിരോധനം ഭാഗികമായിരുന്നാലും ഫലപ്രദമാണെങ്കിൽ വിദേശമദ്യംകൂടി നിരോധിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നു. ആ നിർദ്ദേശം സ്വീകരിക്കാതിരിക്കുവാൻ തക്ക ഒരു വിശദീകരണവും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഇതേവരെ വന്നിട്ടില്ല. നിങ്ങൾ വിദേശ മദ്യം നിരോധിക്കണമെന്ന് പറഞ്ഞ് വോട്ടുപിടിച്ചവരാണ്. വിദേശമദ്യം നിരോധിക്കണമെന്ന് പറഞ്ഞ് വോട്ടുപിടിച്ച നിങ്ങൾ ഇന്ന് വിദേശമദ്യം റീട്ടെയിലാക്കാൻ ശ്രമിക്കുകയാണ്, ഉത്തരവിറക്കികൊണ്ട്. വിദേശമദ്യം നിരോധിച്ചില്ലെങ്കിൽ ചാരായം നിരോധിക്കുന്നതുകൊണ്ട് അർത്ഥമില്ലെന്ന് പറഞ്ഞ് നാടുനീളെ പ്രസംഗിച്ചു നടന്നവരാണ് നിങ്ങൾ. അതിന് ഈ സഭയിൽ പ്രമേയം കൊണ്ടുവന്നവരാണ് നിങ്ങൾ. എന്നിട്ട് ഇപ്പോൾ നിങ്ങൾ വിദേശമദ്യം റീട്ടെയിലാക്കി മാറ്റിയിരിക്കുകയാണ്. കണ്ണൂരും കാസർകോടും ആളുകൾ തലയറ്റുവീണ് ചോരയൊഴുക്കിയപ്പോൾ തിരുവനന്തപുരത്തും കൊല്ലത്തും വിഷച്ചാരായം കുടിച്ച് നാൽപ്പതുപേർ മരിച്ചു. നമ്മുടെ സംസ്ഥാനത്ത് കുടിവെള്ളം എത്താത്ത കുഗ്രാമങ്ങളിൽപോലും വിഷച്ചാരായം എത്തിച്ചത് ആരുടെ ഒത്താശയോടെയാണ് ? എക്സൈസും ധനകാര്യവകുപ്പും ഒരു മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

കൈകാര്യം ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്തെ നാനാഭാഗത്തുമുള്ള ചെക്ക്പോസ്റ്റുകൾ ആരു കൈകാര്യം ചെയ്യുന്നു ? സ്പിരിറ്റ് കൊണ്ടുവരുന്നത് ഏതുവഴിയാണ് ? ധനകാര്യവും എക്സൈസും ഒരേ മന്ത്രി കൈകാര്യം ചെയ്യുന്നു. മണിച്ചൻമാരെയും ഹയറുന്നീസമാരെയും സൃഷ്ടിച്ചത് നിങ്ങളുടെ 56 മാസത്തെ ഭരണം കൊണ്ടല്ലേ ? ഇപ്പുറത്ത് ഇരിക്കുന്നവരുടെ ഭരണം കൊണ്ടാണോ ഇവരെ സൃഷ്ടിച്ചത് ? ഓരോരോ ഗോഡൗണുകൾ ചെക്കുചെയ്യാൻ പോലീസിനു നിർദ്ദേശം കൊടുത്തിരുന്നുവെങ്കിൽ ആയിരമായിരം ഗോഡൗണുകളിൽ വ്യാജ സ്പിരിറ്റ് ശേഖരിച്ചുവച്ചിരിക്കുന്നത് കണ്ടെത്തുവാൻ കഴിയുമായിരുന്നു. 50 എണ്ണം ആയപ്പോൾ മുഖ്യമന്ത്രി നിർദ്ദേശം നൽകി, മതിയെന്ന്. എവിടെയൊക്കെ പരിശോധിച്ചോ അവിടെയൊക്കെ വ്യാജചാരായവും സ്പിരിറ്റും ശേഖരിച്ചു വച്ചിരിക്കുകയായിരുന്നു. ചാരായം ഒഴുക്കി മദ്യമുതലാളിമാർ കോടികൾ സമ്പാദിച്ചപ്പോൾ പാവപ്പെട്ടവർ എല്ലുംതോലുമായി. പാവപ്പെട്ടവന്റെ പാർട്ടി തടിച്ചുകൊഴുത്തു. രാഷ്ട്രീയ പാർട്ടിയായ കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് വ്യവസായ സാമ്രാജ്യമായി മാറികഴിഞ്ഞിരിക്കുന്നു. ടൂറിസ്റ്റ് കോംപ്ലക്സ്, അമ്യൂസ്മെന്റ് പാർക്ക്, മസാജ് കേന്ദ്രങ്ങൾ, വൈരക്കൽ നിർമ്മാണശാല, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി, കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് എന്നിങ്ങനെ പോകുന്നു ഭരണത്തിന്റെ മറവിൽ സഹകരണമേഖലയെ ചൂഷണം ചെയ്ത് മാർക്സിസ്റ്റ് പാർട്ടി പടുത്തുയർത്തിയ വ്യവസായ സംരംഭങ്ങൾ. റവന്യൂ ഭൂമി അനധികൃതമായി കൈയേറി പാർട്ടി കോളനികളും പാർട്ടി ഓഫീസുകളും കെട്ടി. റവന്യൂ പുറമ്പോക്ക് പാർട്ടിക്കാർക്കും പോഷകസംഘടനകൾക്കും പതിച്ചുകൊടുക്കുന്നതും ഭരണത്തിന്റെ ഒരു പുത്തൻ ശൈലിയായി മാറി. ഭരണക്കാർക്ക് ഇത്രമാത്രം അസഹിഷ്ണുതയുള്ള ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. നിങ്ങൾ കമ്മ്യൂണിസം പ്രസംഗിക്കുന്നവരല്ലേ ? ഉഷ പരാതി നൽകി, ഓടികൊണ്ടിരുന്ന ബസിൽവച്ച് തന്നെ പീഡിപ്പിച്ചു എന്ന്. എന്നിട്ട് സർവീസ് സംഘടന ചെയ്തത് എന്താണ് ? പീഡിപ്പിച്ചവരെ തടഞ്ഞുനിർത്തുകയായിരുന്നില്ല, അവരെ അറസ്റ്റ് ചെയ്യിപ്പിക്കുകയായിരുന്നില്ല. എന്നെ പീഡിപ്പിച്ചു എന്ന് ഒരു സഹോദരി ഈ സംസ്ഥാനത്ത് ഉറക്കെ പറഞ്ഞപ്പോൾ, വനിതാ കമ്മീഷനു കത്തെഴുതിയപ്പോൾ, മുഖ്യമന്ത്രിക്ക് കത്തെഴുതിയപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ കൊടിപിടിക്കുന്ന യൂണിവേഴ്സിറ്റി സംഘടന അവരെ മാനസികമായി തകർത്തു. അവരെ ആക്ഷേപിച്ചു. സർക്കാർ ജീവനക്കാർക്ക് സമരം ചെയ്യാനും സമരം ചെയ്യാതിരിക്കാനുമുള്ള അവകാശമുണ്ട് ; right to differ-ഉണ്ട്. അതു ഭരണഘടനയിൽ പറഞ്ഞിരിക്കുന്നതാണ്. എപ്പോഴും ഭരണഘടനയെ പരാമർശിച്ച് പറയുന്ന ആളാണല്ലോ നമ്മുടെ മുഖ്യമന്ത്രി. നിയമം അലംഘനീയമാണ്. എൽ. ഡി. എഫ്. ആഹ്വാനം ചെയ്ത പണിമുടക്ക് ദിവസം സർക്കാരിനുവേണ്ടി ജോലി ചെയ്യുവാൻ കയറിയ ജീവനക്കാരെ മാർക്സിസ്റ്റ് സംഘടനയിലുള്ളവർ ഗുരുതരമായി മർദ്ദിച്ചു. മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ അംഗവും ഉണ്ടായിരുന്നു. മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ അംഗത്തെ പോലീസ് അറസ്റ്റുചെയ്തോ ? ജോലിചെയ്യുവാൻ വേണ്ടി ഓഫീസിലെത്തിയവരെ സംരക്ഷിക്കേണ്ട സർക്കാർ അവരെ ക്രൂരമായി ശിക്ഷിച്ചു. എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യാവകാശങ്ങളെയും അവർ കാറ്റിൽപ്പറത്തി. പണിമുടക്കാത്ത ജീവനക്കാരെ അറസ്റ്റു ചെയ്തു. അവരെ ആശുപത്രിയിൽകൊണ്ടുപോയി പകർച്ചവ്യാധിയുള്ള തടവുകാരെ ചികിത്സിക്കുന്ന സെല്ലിൽ അടച്ചില്ലേ ? അടിയന്തിരാവസ്ഥയിലെ നടപടികളെപ്പോലും ലജ്ജിപ്പിച്ചവരല്ലേ നിങ്ങൾ ? അടിയന്തിരാവസ്ഥയെ ലജ്ജിപ്പിച്ച നിങ്ങൾ പണിമുടക്ക് ദിവസം ആഫീസിൽ ഹാജരായ ഒരു സംഘടനയിൽ വിശ്വസിച്ചിരുന്ന സെക്ഷൻ ഓഫീസറെയും അണ്ടർ സെക്രട്ടറിയെയും ജോയിന്റ് സെക്രട്ടറിയെയും ക്രൂരമായി മർദ്ദിച്ചു. അന്ന് മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരുമെല്ലാം ഓഫീസിൽ പോയില്ലേ ; അന്ന് കാബിനറ്റ് യോഗം നടന്നില്ലേ ; അന്ന് ഗവൺമെന്റ് സെക്രട്ടറിമാർ എല്ലാപേരും വന്നല്ലോ ? എന്നിട്ട് സെക്രട്ടേറിയറ്റിൽ ജോലിക്കുവന്നവരെ മർദ്ദിപ്പിച്ചു പകർച്ചവ്യാധിയുള്ള തടവുകാരെ ചികിത്സിപ്പിക്കുന്ന സെല്ലിൽ താമസിപ്പിച്ചു. അടിയന്തിരാവസ്ഥയിലെ ക്രൂരതയെക്കുറിച്ച് നിങ്ങൾ പറയുന്നവരല്ലേ ; മനുഷ്യാവകാശം സംരക്ഷിക്കുവാൻ നിങ്ങൾ നിയോഗിച്ച ആളാണ് ശ്രീ. ബലരാമൻ. ശ്രീ. ബലരാമൻ ആരാണെന്ന് ശ്രീ. എൻ. അനിരുദ്ധനു പറഞ്ഞുകൊടുക്കേണ്ട കാര്യമില്ല. എന്താണ് ശ്രീ. ബലരാമന്റെ അവസ്ഥ ? എന്റെ വീട്ടിൽ അക്രമം നടന്നു ; അക്കാര്യത്തിൽ എനിക്ക് നീതികിട്ടിയില്ല എന്ന് മനുഷ്യാവകാശ കമ്മീഷൻ അംഗം. മനുഷ്യാവകാശ കമ്മീഷൻ അംഗമായ ശ്രീ. ബലരാമന്റെ കവടിയാറിലുള്ള വീട് തുറന്ന് മലംവിതറിയ സംഭവം വിവാദമാകുന്നു. ഇതേപ്പറ്റി പോലീസിനു പരാതി നൽകിയിട്ട് അഞ്ചു ദിവസം കഴിഞ്ഞിട്ടും നടപടി ഉണ്ടായില്ല എന്ന് ശ്രീ. ബലരാമൻ പറഞ്ഞു. എന്റെ വീട് ആക്രമിച്ചതിനേക്കാൾ എനിക്ക് ദുഃഖം ഒരു പൗരന് കിട്ടേണ്ട നീതി ലഭിച്ചില്ല എന്നതാണ്. പറഞ്ഞത് ആരാണ് ? എന്റെയും നിങ്ങളുടെയും മനുഷ്യാവകാശം സംരക്ഷിക്കുന്നതിനും, അതു നിലനിർത്തുന്നതിനും നിയോഗിക്കപ്പെട്ട ശ്രീ. ബലരാമനാണ് ഇതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. അതിലെ രസകരമായ കാര്യം, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗത്തിന്റെ വീട് ആക്രമിച്ച സംഭവത്തിനു കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷനെ മാർക്സിസ്റ്റ് പാർട്ടി സംഘടന കുറ്റക്കാരാക്കുവാൻ ശ്രമിക്കുന്നു ; കുറ്റം നിഷേധിക്കുന്നു. ജനുവരി 10-ന്റെ സമരത്തെ അക്രമവുമായി ബന്ധപ്പെടുത്താൻ ശ്രമം നടക്കുന്നു. പണിമുടക്കിയ ജീവനക്കാരുടെ സംഘടനയേയും പോലീസിനേയും പ്രതിചേർക്കാനാണ് ശ്രമം. മനുഷ്യാവകാശ കമ്മീഷൻ ചീഫ് സെക്രട്ടറിക്കും സിറ്റി പോലീസ് കമ്മീഷണർക്കും ഓരോ നോട്ടീസ് അയച്ചു. ഇതാണ് നിങ്ങൾ ഭരിക്കുമ്പോൾ മനുഷ്യാവകാശ കമ്മിഷന്റെപോലും സ്ഥിതി. മനുഷ്യാവകാശ കമ്മീഷൻ അംഗത്തിന്റെ സ്ഥിതിതന്നെ ഇതാണ്. ഞാൻ യൂണിവേഴ്സിറ്റി കോളേജിലെ സംഭവം ഇവിടെ പറയുന്നില്ല. നമ്മുടെ വിദ്യാർത്ഥി സംഘടന ചെയ്ത കാര്യം ഞാൻ ഇവിടെ പറയുന്നില്ല. മാർക്സിസ്റ്റ് പ്രതികാരത്തിന്റെ ഏറ്റവും വലിയ തെളിവല്ലേ പറശ്ശിനിക്കടവിൽ നടന്ന സംഭവം ? നിങ്ങൾ ശ്രീ. എം. വി രാഘവനോട് എന്ത് പ്രതികാരവും കാണിച്ചോളൂ. പാമ്പിനോടും മുതലയോടും പക്ഷികളോടു പോലും നിങ്ങളുടെ പ്രതികാരം പ്രകടിപ്പിക്കാതിരിക്കാൻ കഴിഞ്ഞില്ല. അതല്ലേ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശൈലി ? 1942 -ൽ കണ്ണൂരിൽ പട്ടിണി ജാഥ നടത്തിയ എ. കെ. ഗോപാലനെ ഞങ്ങൾക്കറിയാം. ഞങ്ങൾ വായിച്ചിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ബോണക്കാട്ടെ തൊഴിലാളികൾ മാസങ്ങളായി കൂലിയില്ലാതെ, റേഷൻ വാങ്ങുവാൻ നിവൃത്തിയില്ലാതെ, പട്ടിണികൊണ്ട് മരിച്ചപ്പോൾ അതു ചൂണ്ടിക്കാട്ടി വാദിച്ച ഞങ്ങളെ, തെരഞ്ഞെടുക്കപ്പെട്ട മന്ത്രിമാർ — മുഖ്യമന്ത്രി അടക്കം — എന്താണ് പറഞ്ഞത് ? പട്ടിണിമരണത്തിന്റെ കരിനിഴൽ വീശുന്ന കേരളം ഇന്ന് കടംകൊണ്ട് ആത്മഹത്യയുടെ മുനമ്പിൽ നിൽക്കുകയല്ലേ ? നിങ്ങളിൽ ചിലർ ഇവിടെ വെല്ലുവിളി നടത്തി. ശ്രീ. സി. പി. ബാലൻ വൈദ്യർ പറഞ്ഞു തെരഞ്ഞെടുപ്പിൽ നമുക്ക് കാണാമെന്ന്. നിങ്ങൾക്ക് അത്ര വലിയ ആത്മവിശ്വാസം ഉണ്ടെങ്കിൽ ശ്രീ. വി. എസ്. അച്ചുതാനന്ദനെ മലമ്പുഴയിൽ നിർത്താൻ തീരുമാനിച്ചത് എന്തിനാണ് ? വളരെ നന്നായി. അച്ചുതാനന്ദന്റെ രാഷ്ട്രീയ മോഹങ്ങളെ മാരാരിക്കുളത്ത് മുക്കിയത് ഞങ്ങളല്ല. നിങ്ങൾ ഓർമ്മിക്കണം. കുളത്തിൽനിന്ന് പുഴയിലേക്ക് പോകുമ്പോൾ വലിയ രക്ഷാവലയം സൃഷ്ടിക്കുവാൻ മറന്നുപോകരുത് എന്നാണ് എനിക്ക് അപ്പുറത്തിരിക്കുന്നവരോട് പറയുവാനുള്ളത്. മാത്രമല്ല കുളത്തിൽ നിന്ന് പുഴയിലേക്ക് പോകുമ്പോൾ നമ്മുടെ ടൂറിസം മന്ത്രിമാരുടെ കീഴിൽ ലൈഫ് ഗാർഡുകളുണ്ട്. ശ്രീ. ശിവദാസമേനോന്റെ നേതൃത്വത്തിൽ അഞ്ചാറ് ലൈഫ് ഗാർഡുകളെ കൂടി ആ പുഴയിൽ നിന്ന് ഇദ്ദേഹത്തെ രക്ഷിക്കുവാൻവേണ്ടി പറഞ്ഞയയ്ക്കുന്നത് നന്നായിരിക്കും എന്നുകൂടി ഞാൻ പറയുകയാണ്.

മി. സ്പീക്കർ : പ്ലീസ്,.....പ്ലീസ്,.....

ശ്രീ. പാലോട് രവി : വയലാർ, പുന്നപ്ര രണഭൂമിയിൽ നിന്ന് വീരപ്പൻ ഒളിച്ചിരിക്കുന്നു എന്ന് അവകാശപ്പെടുന്ന വാളയാറിനടുത്തുള്ള മലമ്പുഴയിലേയ്ക്ക് ആരെ പേടിച്ചാണ് ഈ പലായനം ? അത്ര വലിയ ആത്മവിശ്വാസം ജനങ്ങൾക്ക് ഉള്ളതുകൊണ്ടാണോ ? വർക്കലയും മാരാരിക്കുളവും കായംകുളവും ശ്രീ. അച്ചുതാനന്ദന് സുരക്ഷിതമല്ലെങ്കിൽ പിന്നെ എങ്ങനെയാണ് മാർക്സിസ്റ്റ് പാർട്ടി ഇവിടെ ജനാധിപത്യമെന്ന് ചൂണ്ടിക്കാണിക്കുന്നത്. നിങ്ങൾക്ക് വർക്കലയിൽ വിശ്വാസമില്ല. നിങ്ങൾക്ക് മാരാരിക്കുളത്ത് വിശ്വാസമില്ല, നിങ്ങൾക്ക് കായംകുളത്ത് വിശ്വാസമില്ല. ഇവിടെ എല്ലാപേരെയും വെല്ലുവിളിച്ചു നിൽക്കുന്ന നിങ്ങൾ, എന്തിനാണ് അങ്ങോട്ടു പലായനം നടത്തുന്നത് ?

മി. സ്പീക്കർ : പ്ലീസ്,.....പ്ലീസ്,.....

ശ്രീ. പാലോട് രവി : എല്ലാം തകർന്ന ഒരു തറവാടിന്റെ സ്ഥിതിയാണ് ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിന്. നമ്മുടെ സംസ്ഥാനത്തെ മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കട്ടെ, ഗുജറാത്ത് ഭൂകമ്പത്തിന് ദുരിതാശ്വാസമായി രണ്ടുകോടി രൂപ വാഗ്ദാനം ചെയ്തു. ഈ പ്രഖ്യാപിച്ച തുക രൊക്കമാണോ അതോ കടമാണോ എന്നുകൂടി ദയവായി പറയണം. ഇന്ന് ചങ്ങല ദിവസമാണ്. ഇന്ന് അങ്ങേയ്ക്ക് ചങ്ങലയ്ക്ക് പോകേണ്ട ദിവസമാണ്. ഇന്ന് മനുഷ്യച്ചങ്ങല തീർക്കുകയല്ലേ ; ഒരുപാട് ചങ്ങല പൊട്ടിച്ചെറിഞ്ഞു നിങ്ങൾ. ഇന്ന് തീർക്കുന്ന ചങ്ങലയിൽ കേരളത്തിലെ ജനങ്ങൾ നിങ്ങളെ വരിഞ്ഞുമുറുക്കും. അതിനു യാതൊരു സംശയവുമില്ല. ആ ചങ്ങലയിൽ നിങ്ങളെ കെട്ടും. ആ ദൃഢവിളംബരവുമായിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണിയുടെ മോചനയാത്ര നീങ്ങുന്നത്. കേരളത്തിലെ ജനങ്ങൾക്ക് നിങ്ങളെ തളയ്ക്കുവാൻ ആ മോചനയാത്ര മതി. അതുകൊണ്ടാണ് സാമ്പത്തികമായും സാമൂഹികമായും സാംസ്ക്കാരികമായും വ്യാവസായികമായും കാർഷികമായും തകർന്ന് തരിപ്പണമായ കേരളത്തിന്റെ ഈ വിലാപകാവ്യത്തെ ഞങ്ങൾ എതിർക്കുന്നത്. ഈ നന്ദിപ്രമേയത്തെ ഒരിക്കൽ കൂടി എതിർക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഞാൻ നന്ദിപ്രമേയത്തെ സർവ്വാത്മനാ പിൻതാങ്ങുകയാണ്. ഗവർണറുടെ നയപ്രഖ്യാപനപ്രസംഗത്തിന്റെ രണ്ടാമത്തെ പാരഗ്രാഫിൽ ഇൻഡ്യയിലുണ്ടായ ഏറ്റവും ഗുരുതരമായ ഒരു പ്രശ്നം, ഇൻഡ്യയിലെ മുഴുവൻ ജനങ്ങളേയും ദുഃഖത്തിലാഴ്ത്തിയിട്ടുള്ള പ്രശ്നം വിശദീകരിച്ചുക്കൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. ഗുജറാത്തിലെ ഭൂകമ്പദുരിതത്തിൽപ്പെട്ട പതിനായിരക്കണക്കിന് മനുഷ്യരുടെ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. ഇവിടെയിപ്പോൾ പ്രസംഗം അവസാനിപ്പിച്ച എന്റെ സുഹൃത്ത് പാലോട് രവി മനുഷ്യച്ചങ്ങല സൃഷ്ടിക്കുന്നതിനെതിരായിട്ട് പ്രസംഗിച്ച് അവസാനിപ്പിക്കുകയാണ് ചെയ്തത്. രണ്ടു പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഞങ്ങൾ മനുഷ്യച്ചങ്ങല സൃഷ്ടിക്കുന്നത്. ഒന്ന്, വർഗ്ഗീയതയ്ക്കെതിരായി എല്ലാ ജനാധിപത്യ ശക്തികളേയും അണിച്ചേർക്കുക, അത് ഇന്ന പാർട്ടി, ഇന്ന വിഭാഗം എന്നു പ്രത്യേകിച്ച് ചൂണ്ടിക്കാണിച്ചിട്ടില്ല. രണ്ട്, ഇൻഡ്യ അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി — അതിന്റെ ഭാഗമായി കേരളത്തിന്റെ കാർഷികമേഖലയുൾപ്പെടെയുള്ള മേഖലകളിലെ സ്ഥിതി. ഇതു രണ്ടിലും പ്രതിഷേധിക്കാൻ താൽപ്പര്യമുള്ള. അപ്പുറത്തിരിക്കുന്നവർക്കും മനുഷ്യച്ചങ്ങലയിൽ ചേരാം. എന്നാൽ മനുഷ്യച്ചങ്ങലയെ പരിഹസിക്കുകയും അപഹസിക്കുകയുമൊക്കെ ചെയ്യുന്ന എന്റെ സുഹൃത്ത് ശ്രീ. പാലോട് രവി ഉൾപ്പെടെയുള്ള യു.ഡി.എഫ്.കാരോട് എനിക്ക് പറയാനുള്ളത്, ഇന്ന് വർഗ്ഗീയതയുടെ അപകടം എവിടെ എത്തിച്ചേർന്നിരിക്കുന്നു എന്നുള്ളതിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൃഷ്ടാന്തം ഗുജറാത്ത് ദുരന്തവുമായി ബന്ധപ്പെട്ട ദുരിതാശ്വാസപ്രവർത്തനത്തിൽ കാണാൻ സാധിക്കും എന്നാണ്. അക്കാര്യം ഇവിടെ പ്രസംഗിച്ച യു.ഡി.എഫ്.-ന്റെ ഒരു നേതാവിനും കാണാൻ സാധിക്കുന്നതല്ല. കാരണം, വർഗ്ഗീയവൽക്കരണം എങ്ങനെയാണെന്ന് സാധാരണ പറയുന്നതിന്റെ അപ്പുറത്താണ് ദുരിതാശ്വാസ പ്രവർത്തനത്തിലെ വർഗ്ഗീയവൽക്കരണം. ഗുജറാത്തിലെ സംഭവം സംബന്ധിച്ച് പത്രങ്ങളൊക്കെ റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ വായിച്ചുകാണുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. സംഘ്പരിവാറിനെയാണ് അവിടെ സെൻട്രൽ ഗവൺമെന്റായാലും സംസ്ഥാന ഗവൺമെന്റായാലും ദുരിതാശ്വാസ പ്രവർത്തനത്തിന് ഏൽപ്പിച്ചിട്ടുള്ളത്. വിദേശത്തുനിന്നും ഇൻഡ്യയ്ക്കുള്ളിൽനിന്നും വരുന്ന സഹായത്തിന്റെ ഭാഗമായിട്ടുള്ള സമ്പത്തും സാധനങ്ങളും തട്ടിപ്പറിക്കുക എന്നുള്ളതാണ് അവർ നടത്തിയിട്ടുള്ള പ്രധാനപ്പെട്ട പ്രവർത്തനം. അതു തിരിച്ചുകിട്ടാൻ വേണ്ടി വിദേശത്തുനിന്നും വന്നവർ തന്നെ നടത്തിയിട്ടുള്ള സമരങ്ങളെ സംബന്ധിച്ച് പത്രങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

വരികയുണ്ടായി. ചുരുക്കിപറഞ്ഞാൽ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കക്കാർ, പട്ടികജാതിക്കാർ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ എന്നിവർ താമസിക്കുന്ന സ്ഥലങ്ങളിലുണ്ടായ ഭൂകമ്പത്തിന്റെ കെടുതി പരിഹരിക്കുന്നതിന് ദുരിതാശ്വാസ പ്രവർത്തനമില്ല. ഭക്ഷണം കൊടുക്കുമ്പോൾ ജാതി നോക്കി, മതം നോക്കി, പേര് നോക്കി കൊടുക്കുന്നു. അങ്ങനെയല്ലാതെ അവർക്ക് ഭക്ഷണമില്ല. ഇതാണ് ഇൻഡ്യ അഭിമുഖീകരിക്കുന്ന ഗുരുതരമായ അവസ്ഥയുടെ ചെറിയൊരു സാമ്പിൾ. ദുരിതമനുഭവിക്കുന്നവരോട് വർഗ്ഗീയശക്തികളും വിഘടനവാദ പ്രസ്ഥാനത്തിന്റെ വക്താക്കളും ആർ.എസ്.എസ്സ്.കാരുൾപ്പെടെയുള്ളവരും എടുത്തു കൊണ്ടിരിക്കുന്ന നിലപാട് ഇതാകുമ്പോൾ ആ കാര്യത്തെപ്പറ്റി ഒരൊറ്റ അക്ഷരം പറയാൻ മുസ്ലീം ലീഗിലെ നേതാക്കന്മാരും ഇല്ല, ന്യൂനപക്ഷത്തിന്റെ താൽപ്പര്യം പറയുന്ന ആളുകളുമില്ല, യു.ഡി.എഫ്-ന്റെ ജനാധിപത്യ മതേതരത്വം ചൂണ്ടിക്കാണിച്ചുകൊണ്ടിരിക്കുന്ന കോൺഗ്രസുകാരുമില്ല എന്നുള്ള ദുരന്തമാണ് നമ്മൾ അഭിമുഖീകരിച്ചുക്കൊണ്ടിരിക്കുന്ന അവസ്ഥ. നിങ്ങൾ അവരുമായിട്ട് യോജിക്കണം, അവരുമായി സന്ധി ചേരണം.

<u>ശ്രീ. കെ. സി. ജോസഫ്</u> : ആദ്യം പറഞ്ഞത് ശ്രീമതി സോണിയാ ഗാന്ധിയാണ്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u> : സോണിയാ ഗാന്ധി പോയി. എന്നാൽ അവർ ഇക്കാര്യം പറഞ്ഞോ ? പറഞ്ഞില്ല. ആരും പറഞ്ഞില്ല. അവിടെ ദുരിതാശ്വാസം തന്നെ വർഗ്ഗീയവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. അങ്ങനെയൊരു ഗുരുതരമായ കാര്യം ഇൻഡ്യയിൽ നടക്കുന്നു. ഇൻഡ്യയിൽ പാതിരിമാർക്കെതിരായി, അച്ചൻമാർക്കെതിരായി, കന്യാസ്ത്രീകൾക്കെതിരായി കടന്നാക്രമണം നടന്നുകൊണ്ടിരിക്കുമ്പോൾ ഇവിടെ എവിടെയെങ്കിലുമുണ്ടായ ചില ഒറ്റപ്പെട്ട സംഭവങ്ങളെ ചൂണ്ടിക്കാണിച്ച് ഊതിവീർപ്പിച്ച് വർഗ്ഗീയ കലാപം, ഇവിടെ കുഴപ്പം എന്നു പറയുന്നതിന്റെ പിന്നിലെ ലാക്ക് എന്താണെന്നാണ് മനസ്സിലാക്കേണ്ടത്. ഒരൊറ്റ കാര്യം മാത്രമേയുള്ളൂ. നിങ്ങൾക്ക് സമുദായത്തിന്റെ പ്രശ്നമില്ല. ലീഗിനും സമുദായത്തിന്റെ പ്രശ്നമില്ല. പിന്നോക്കസമുദായക്കാർ, ന്യൂനപക്ഷ ജനവിഭാഗങ്ങൾ അക്രമിക്കപ്പെടുന്നു, വർഗ്ഗീയവൽക്കരണത്തിന്റെ ഭാഗമായി കടന്നാക്രമണത്തിന് വിധേയരാകുന്നു. അവർക്ക് യാതൊരു തരത്തിലുള്ള ആനുകൂല്യങ്ങളും കൊടുക്കാതെ ദുരിതാശ്വാസപ്രവർത്തനത്തിൽ ഒറ്റപ്പെടുത്തി നിർത്തുന്നു എന്നു പറയുമ്പോൾ അതിനെതിരായിട്ട് ഒരക്ഷരം പറയാൻ മുസ്ലീം ലീഗുൾപ്പെടെ തയ്യാറല്ല. എന്നിട്ട് ഇവിടെ വന്ന് നാദാപുരം തുടങ്ങിയ കാര്യങ്ങളോരോന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. വളരെയേറെ അപമാനകരമായ ഒരു രീതിയാണ് നിങ്ങളിപ്പോൾ എടുത്തുകൊണ്ടിരിക്കുന്നത്. കേരളത്തിലെ അഞ്ചു കൊല്ലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്തെ സമാധാനത്തിന്റെ തുരുത്തായിട്ട് കേരളത്തെ നിലനിർത്തി മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട് എന്ന് അഭിമാനത്തോടുകൂടി പറയാൻ ഞങ്ങൾക്കു സാധിക്കും. അത് കേരളത്തിലെ ജനങ്ങൾക്ക് മനസിലാക്കാൻ സാധിച്ചിട്ടുള്ളതാണ്, അത് അനുഭവവേദ്യമാണ്. ശ്രീ. പാലോട് രവിയോ ശ്രീ. ജി. കാർത്തികേയനോ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിച്ചുണ്ടാക്കാൻ സാധിക്കുന്നതല്ല അത്. ഇവിടെയൊരു വർഗ്ഗീയകലാപമുണ്ടായി എന്നു പറയാനാണ് ഇപ്പോൾ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വർഗ്ഗീയകലാപമുണ്ടായി എന്നുപറയാൻവേണ്ടി സംഭവങ്ങളുണ്ടാക്കുകയാണ്. അതിന് നിന്നു കൊടുക്കുകയായിരുന്നു മുസ്ലീം ലീഗ് ചെയ്തുകൊണ്ടിരുന്നത്. അതാണ് ഇപ്പോഴത്തെ ഏറ്റവും പ്രധാനപ്പെട്ട സംഭവം. ചില സ്ഥലങ്ങളിൽ ലീഗുകാർ കടുത്ത കടന്നാക്രമണം നടത്തിയിട്ടുണ്ട്. അതിന് ഉദാഹരണമാണ് തളിപ്പറമ്പ്. ഒരു ചെറുപ്പക്കാരനായ ഓട്ടോ ഡ്രൈവറെ യാതൊരു പ്രകോപനവുമില്ലാത്ത, ഒരു പ്രശ്നവുമില്ലാത്ത ഒരു ദിവസം ഉച്ചയ്ക്ക് ഓട്ടോറിക്ഷ ട്രിപ് പിടിച്ച് വിജനമായ സ്ഥലത്തുകൊണ്ടുപോയി മൃഗീയമായി വെട്ടിക്കൊന്നു. ലീഗിലെ തീവ്രവാദി വിഭാഗത്തിനെ ശ്രദ്ധിക്കണമെന്ന് ഞങ്ങൾ പറഞ്ഞു. അവരാണ് കൊലപാതകം നടത്തിയിട്ടുള്ളതെന്ന് പറഞ്ഞപ്പോൾ മുസ്ലീം ലീഗിൽ തീവ്രവാദികളില്ല എന്നാണ് മുസ്ലീംലീഗ് നേതാക്കൾ പറഞ്ഞത്. മുസ്ലീം ലീഗിൽ തീവ്രവാദികളില്ലെങ്കിൽ മുസ്ലീംലീഗു തന്നെയാണെന്ന് ഞങ്ങൾ പറയുകയുണ്ടായി. എല്ലാവരെയും പിടിച്ചു. ഒന്നൊഴിയാതെ എല്ലാവരെയും പിടിച്ചു. പിടിച്ചപ്പോൾ എന്താണ് സ്ഥിതി? എല്ലാവരും എൻ. ഡി. എഫ് -ന്റെയും ലീഗിന്റെയും ആളുകൾ. ഇതാണ് രീതി. പന്നിയൂരും ഇതിന്റെ ഭാഗം തന്നെയാണ്. എൻ.ഡി.എഫ്.-ന്റെ മറ്റു വ്യത്യസ്തങ്ങളായിട്ടുള്ള രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളുകളും ഇടപെട്ടിട്ടുണ്ട്. അവർ ഇടപെട്ട് ചില കുഴപ്പങ്ങളുണ്ടാക്കിയിട്ടുണ്ട്, പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. പ്രശ്നത്തിനെ ന്യായീകരിച്ചുവരല്ല കമ്മ്യൂണിസ്റ്റുകാർ. സമാധാനയോഗം അവിടെ വിളിച്ചുചേർത്തപ്പോൾ അവിടെയുണ്ടായ സംഭവങ്ങളെ ഞങ്ങൾ ശക്തിയായി എതിർത്തു, അപലപിച്ചു, തള്ളിപ്പറയുകയും ചെയ്തിട്ടുണ്ട്. അത്തരമൊരു നിലപാട് ഞങ്ങൾ എടുത്തിട്ടുണ്ട്. നിങ്ങൾ ആ നിലപാട് എടുക്കുമോ? ഞങ്ങൾ ശരിയായ നിലപാട് എടുത്തു. തളിപ്പറമ്പിലെ കൃഷ്ണനെ കൊലപ്പെടുത്തിയ മുഴുവൻ പ്രതികളേയും കൃത്യമായി കണ്ടെത്തി. അവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ലോക്കപ്പിലുമാണ്. പന്നിയൂർ സംഭവത്തിന്റെ ഭാഗമായിട്ട് മുഴുവൻ കേസുകളുമെടുത്തിട്ടുണ്ട്. കേസുകളിലെ മിക്കവാറും പ്രതികളെയും പിടിച്ചിട്ടുണ്ട്. അതിൽ യാതൊരു രാഷ്ട്രീയവും നോക്കിയിട്ടില്ല. എല്ലാവരെയും പിടിക്കുന്ന നിലപാട് എടുത്തു എന്നുള്ളതാണ് ക്രമസമാധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തുരുത്തായിട്ട് വന്നത്. പ്രധാനമന്ത്രിക്ക് വിശ്രമിക്കാൻ പറ്റുന്ന ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായി കുമരകം മാറിയത് ആ പശ്ചാത്തലത്തിലാണ്. സമാധാനപരമായ ഒരു അന്തരീക്ഷം അഞ്ചു കൊല്ലക്കാലം നിലനിർത്താൻ കഴിഞ്ഞു എന്നു പറയുന്നത് വരുന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് പ്ലസ് പോയിന്റാണ് എന്നുള്ളതുകൊണ്ടാണ്. അതിനെ മൈനസ് പോയിന്റാക്കാൻ വേണ്ടി ചില ആളുകൾ കച്ചകെട്ടി പുറപ്പെട്ടിരിക്കുകയാണ്. വർഗ്ഗീയകലാപം നിങ്ങൾ തന്നെ ഉണ്ടാക്കുമോയെന്നാണ് ഇപ്പോൾ ഭയപ്പെടുന്നത്. അതാണ് യു.ഡി.എഫ്. -കാരെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട പ്രശ്നം. നിങ്ങൾ തന്നെ കുഴപ്പമുണ്ടാക്കാൻ വേണ്ടി വർഗ്ഗീയകലാപമുണ്ടാക്കാൻ വേണ്ടി ശ്രമിക്കുന്നു എന്നുള്ളതാണ് ഇതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട കാര്യം. മുസ്ലീം ലീഗിന്റെ നേതാവാണ് ശ്രീ. ഇ. അഹമ്മദ്. ന്യൂനപക്ഷ വിഭാഗങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യമൊന്നും അവർക്ക് പ്രശ്നമില്ല. കണ്ണൂർ ജില്ലയിൽ കച്ചവടം നടത്തികൊണ്ടിരുന്ന ഒരു ചെറുപ്പക്കാരനെ ആർ.എസ്.എസ്സുകാർ കൊന്നു. മിനിഞ്ഞാന്ന് ലീഗുകാർ പോലീസ് സ്റ്റേഷനിൽ മാർച്ച് നടത്തി. എന്തിനാണ് ? ആരാണ് കൊന്നതെന്നു പറയാൻ ധൈര്യമില്ല. അവിടെ കൊല നടത്തിയത് ആർ. എസ്. എസ്. ആണ്. ആർ.എസ്.എസുകാർ മുസ്ലീം ചെറുപ്പക്കാരനെ കൊലപ്പെടുത്തിയ കാര്യം പറയാൻ ഇപ്പോഴും ധൈര്യം വന്നിട്ടില്ല. എന്നിട്ട് നാദാപുരത്തിന്റെയും പന്നിയൂരിന്റെയും പേരും പറഞ്ഞ്, അവിടെയും ഇവിടെയുമുണ്ടായ ചില ഒറ്റപ്പെട്ട സംഭവത്തെ അടിസ്ഥാനപ്പെടുത്തി വമ്പിച്ച രീതിയിൽ അവയെ പർവതീകരിച്ച് യു. ഡി. എഫ്. കാർ പറയുന്നതിനിടയിൽ ഒപ്പിട്ടു കൊടുക്കുന്ന, മനസ്സില്ലാ മനസോടെ ഒപ്പിട്ടു കൊടുക്കുന്ന ബാവാ സാഹിബ് ഉൾപ്പെടെയുള്ള ആളുകളുടെ ഒരു പുതിയ ചിത്രമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ********ഞാൻ ആഗ്രഹിക്കുകയാണ് .....(ബഹളം)..... ഞാൻ വെറുതെ പറയുകല്ല. *******ഞാൻ വെറുതെ പറഞ്ഞതല്ല (..... ബഹളം.....) ഞാൻ പിൻവലിക്കുന്നില്ല. എന്തിനാണ് പിൻവലിക്കുന്നത് ? എനിക്ക് ആ അഭിപ്രായമുണ്ട്. ********തന്നെയാണ്. (.....ബഹളം.....) അദ്ദേഹത്തിന്റെ ലാക്ക് ഞങ്ങൾക്ക് അറിയാം. (.....ബഹളം .....) ആഗ്രഹം ഞങ്ങൾക്കറിയാം. മുസ്ലീം ലീഗിന്റെ പ്രതിനിധിയായിട്ട് പോകും, എന്നിട്ട് കോൺഗ്രസും ബി.ജെ.പി.യും ചേർന്ന് ഐക്യപ്രസ്ഥാനമുണ്ടാക്കുമ്പോൾ അതിന്റെയൊപ്പം നിൽക്കാൻവേണ്ടി ലീഗ് മുന്നോട്ട് വരുമ്പോൾ അതിന്റെയൊരു അത്താണിയായി അവർ കാണുന്നത് ബി. ജെ. പി. യെയാണ്. അതുകൊണ്ടാണ് ലീഗും ബി. ജെ. പി. യും കോൺഗ്രസും ചേർന്നുകൊണ്ട് ഈ രീതിയിലുള്ള നിലപാട് എടുത്തുകൊണ്ടിരിക്കുന്നത് എന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ....ബഹളം.... അതുപോലെ വളരെ പ്രധാനപ്പെട്ട വേറൊരു പ്രശ്നമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന മോചനയാത്ര .....ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : സർ, ഈ സഭയിൽ മെമ്പറല്ലാത്ത ********ആക്ഷേപിക്കുന്ന ആ പരാമർശം ഈ സഭയ്ക്ക് യോജിച്ചതല്ല. ആ പരാമർശം പിൻവലിക്കണം, അത് ഓർഡറിലല്ല. അത് രേഖയിൽ നിന്നും നീക്കം ചെയ്യണം ....ബഹളം....

മി. സ്പീക്കർ : ********സംബന്ധിച്ച് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ പ്രസംഗത്തിൽ വന്ന പരാമർശം രേഖയിൽ നിന്നും നീക്കം ചെയ്യുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : *******കേരളത്തിൽ വർഗ്ഗീയകലാപം ഉണ്ടാക്കാൻവേണ്ടി കച്ചകെട്ടി ഇറങ്ങിപ്പുറപ്പെട്ട ശക്തികൾക്ക് പിന്തുണ നൽകുന്ന രീതിയിലുള്ള നിലപാടാണ് ഇന്ന് കോൺഗ്രസ് (ഐ) യും ബി. ജെ. പി. യും അതുപോലെതന്നെ ആർ. എസ്. എസ്.-ഉം എല്ലാം എടുത്തുകൊണ്ടിരിക്കുന്നത്. .....ബഹളം.....

***ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ : ആ വിഷയം കഴിഞ്ഞു. .....ബഹളം..... അദ്ദേഹം രണ്ടാമത് വേറെ രൂപത്തിലാണ് വിശദീകരിച്ചത്.....ബഹളം.....

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, എന്നെ പ്രസംഗിക്കാൻ അനുവദിക്കണം. .....ബഹളം.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ സഭയിൽ അംഗമല്ലാത്ത ഒരാൾ, അതും പാർലമെന്റ് മെമ്പറായിരിക്കുന്ന ഒരാൾ, ഈ സഭയിലെ കീഴ്വഴക്കം, ഞാൻ ഒരു റൂളിംഗ് അങ്ങയെ ഓർമ്മപ്പെടുത്തുകയാണ്. ശ്രീ. വർക്കല രാധാകൃഷ്ണന്റെ റൂളിംഗ് മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി, അതുപോലെ പരേതനായ ഡി.ജി.പി. കൃഷ്ണൻനായർ ആ രണ്ടാളെക്കുറിച്ചും പരാമർശം വന്നതിന് നൽകിയതാണ്. അതിവിടെ വീണ്ടും ആവർത്തിച്ചു. ********അത് പാടില്ല. .....ബഹളം..... ഇപ്പോഴിത് രേഖയിൽ കിടക്കില്ലേ ?

മി. സ്പീക്കർ : അത് ആവർത്തിച്ചുവെന്ന് ചെയർ കരുതുന്നില്ല. ..... ബഹളം.....

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : വർഗ്ഗീയ കലാപങ്ങളുണ്ടാക്കാനുള്ള ഭൗതിക പശ്ചാത്തലം സൃഷ്ടിക്കുന്നത് ഈ പറയുന്ന കോൺഗ്രസും ശ്രീ. ഇ. അഹമ്മദ് ഉൾപ്പെടെയുള്ള ലീഗും ബി. ജെ. പി. യും ചേർന്ന് ആണ് എന്നാണ് ഞാൻ പറഞ്ഞത്. അതുതന്നെയാണ് ഞാൻ ആവർത്തിച്ചു പറയുന്നത് .....ബഹളം..... കോൺഗ്രസും ബി.ജെ.പി.യും ലീഗും ചേർന്ന് കേരളത്തിന്റെ സമാധാനപരമായ അന്തരീക്ഷം തകർക്കാൻവേണ്ടി ഇവിടെ വർഗ്ഗീയ കലാപമുണ്ടാക്കാനുള്ള ബോധപൂർവമായ പ്രവർത്തനം സംഘടിപ്പിക്കുന്നു എന്നുള്ളതാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. ആ പറഞ്ഞത് ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. അത് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതനുസരിച്ച് രേഖയില്ലെങ്കിൽ വേണ്ട, അത്രതന്നെ. രണ്ടാമത്തെ കാര്യം വിമോചനയാത്രയുമായി ബന്ധപ്പെട്ടുള്ളതാണ്. മോചനയാത്ര എന്നു പറയുകയും വിമോചനയാത്ര നടത്തുകയും ചെയ്യുകയാണ്. വിമോചന യാത്ര നടത്തിക്കൊണ്ടിരിക്കുന്ന പല നേതാക്കന്മാരുടെയും ധാരണ തങ്ങൾ ഇങ്ങനെ ജയിച്ച് ജയിച്ച് മുന്നേറിക്കൊണ്ടിരിക്കുന്നു എന്നാണ്. കുറെ വണ്ടികൾ അവിടെ നിന്നും ഇവിടെനിന്നുമെല്ലാം പിടിച്ചു വാങ്ങി ജാഥയുടെ മുമ്പിൽ നിർത്തി, അതുപോലെതന്നെ പൊതുയോഗമൊക്കെ കാണുമ്പോൾ ചില ആളുകൾ വല്ലാതെ ആവേശം വന്ന് സ്റ്റേജെല്ലാം പൊളിഞ്ഞുപോകുന്ന അവസ്ഥവരെ ഉണ്ടാക്കി. തുടർന്നിവിടെ എത്തുമ്പോൾ കാണുന്നത് 5% ആളുകൾ കാണികളും ബാക്കി 95% ആളുകൾ നേതാക്കന്മാരുമായിട്ടുള്ള അവസ്ഥയാണ്. അതുസംബന്ധിച്ച് ഇന്നലേയും ഇന്നും മാതൃഭൂമി പത്രത്തിൽ എഴുതിയിട്ടുണ്ട്. അത് കോൺഗ്രസുകാരും വായിക്കുന്നത് തന്നെയാണ്. ഏതായാലും വിമോചന ജാഥയെപ്പറ്റി എനിക്കു പറയാനുള്ളത് ഒരൊറ്റ കാര്യം മാത്രമാണ്. നിങ്ങളെല്ലാം ഇപ്പോൾ

******ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അസ്വസ്ഥമായിരിക്കുന്നതിന് ഒരേയൊരു കാരണം മാത്രമേയുള്ളൂ. ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും 5 കൊല്ലത്തേയ്ക്ക് തിരിച്ചുവരാനുള്ള സാദ്ധ്യത രാഷ്ട്രീയമായിട്ട് കേരളത്തിലുണ്ടെന്ന് ഞങ്ങളേക്കാളും നന്നായിട്ട് അറിയാവുന്നവർ നിങ്ങളാണ്. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് നിങ്ങളിപ്പോൾ മോചനയാത്ര നടത്തുന്നത്. ആ യാത്രയൊന്നും ക്ലച്ച് പിടിക്കാതെ പോകും. 1957-ലെ സഖാവ് ഇ.എം.എസ്.ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിനെ അട്ടിമറിക്കാൻ വേണ്ടി അമേരിക്കൻ സി.ഐ.എ. പണം ചെലവാക്കിയിട്ടുണ്ട്. 1996 മുതൽ ഇങ്ങോട്ട് 2001 വരെയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനേയും പശ്ചിമ ബംഗാളിൽ തുടർച്ചയായി മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനേയും തകർക്കുന്നതിനുവേണ്ടി എല്ലാ അർത്ഥത്തിലുമുള്ള പ്രക്ഷോഭങ്ങളും സമരങ്ങളും നടത്താൻ കോടികണക്കിന് രൂപ ഇതേ രീതിയിൽ അമേരിക്കൻ സി. ഐ. എ. ചെലവാക്കിയിട്ടുണ്ട്. അതുരണ്ടും ചെലവാക്കിയതിന്റെ ഭാഗമായി ആനുകൂല്യങ്ങൾ പറ്റിയവരാണ് ഈ പറയുന്ന ഒരു പ്രധാനപ്പെട്ട വിഭാഗം ആളുകൾ. എന്നുപറഞ്ഞാൽ അത് നിങ്ങൾ തന്നെയാണ്. പ്രത്യേകിച്ച് പറഞ്ഞാൽ അത് രേഖയിൽ നിന്നും നീക്കം ചെയ്യാൻ പറയുമെന്നതു കൊണ്ടാണ് ഞാനതു പറയാത്തത്. അന്ന് വിമോചന സമരം നടത്താൻവേണ്ടി പണം വാങ്ങിയവരുണ്ട്. അങ്ങനെ വാങ്ങിയ പണം തനിക്കു കിട്ടി എന്ന് ശ്രീ. വയലാർ രവി പച്ചയായി, പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. വിമോചന സമരം നടത്താൻവേണ്ടി ഞങ്ങൾക്ക് അന്ന് അമേരിക്കൻ സി. ഐ. എ. യിൽ നിന്നും പണം കിട്ടിയിരുന്നുവെന്ന് പ്രസംഗിച്ചത് വേറെയാരുമല്ല. കമ്മ്യൂണിസ്റ്റുകാരനും ഇടതുപക്ഷക്കാരനുമല്ല, പ്രസംഗിച്ചത് ശ്രീ. വയലാർ രവിയാണ്.....ബഹളം..... അത് പത്രത്തിൽ വന്നതാണ്. അതിന് രേഖയുണ്ട്. പത്രം വായിക്കണം .....ബഹളം..... ഞാൻ അതു പറയാനല്ല വന്നത്.....ബഹളം..... അത് മുഖ്യമന്ത്രിതന്നെ ഇവിടെ പറഞ്ഞിട്ടുള്ളതാണ്.....ബഹളം.....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : അദ്ദേഹം ഒരു പാർലമെന്റ് മെമ്പറാണ്. ഞാനും കൂടിയുണ്ടായിരുന്ന വേദിയിലിരുന്നാണ് അദ്ദേഹം പ്രസംഗിച്ചത് .....ബഹളം.....

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ശ്രീ. ഇ. കെ. നായനാർ സാക്ഷിയാണ്. അദ്ദേഹം കൂടെ ഉണ്ടായിരുന്നവേദിയിൽ വച്ചാണ് പ്രസംഗിച്ചത്. പിന്നെ അതിലും വലിയ തെളിവെന്താണ് വേണ്ടത് ? ശ്രീ. വയലാർ രവി സംഖ്യ പറഞ്ഞില്ലായെങ്കിലും അമേരിക്കൻ സി.ഐ.എ. യിൽ നിന്നും പണം കിട്ടിയെന്നുള്ളത് സത്യമാണ്. അതുപോലെ കേരള മോചനയാത്രക്കും പണം കിട്ടിയെന്ന് ഞാൻ പറയാത്തത് രേഖയിൽ നിന്നും മാറ്റപ്പെടുമെന്നുള്ള ഒറ്റക്കാരണം കൊണ്ടാണ്. വിമോചനയാത്രയും എല്ലാ രീതിയിലുള്ള യാത്രയും നടത്തിയിട്ട് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തേയും ഈ ഗവൺമെന്റിനേയും അടുത്ത തെരഞ്ഞെടുപ്പുവരുമ്പോൾ താഴെയിറക്കാൻ കഴിയുമെന്ന ഒരു പ്രതീക്ഷയും നിങ്ങൾക്കില്ല. അതുകൊണ്ടാണല്ലോ നിങ്ങൾക്ക് ഉത്ക്കണ്ഠയുള്ളത് ? അതുകൊണ്ടാണ് സഖാവ് വി. എസ്. അച്ചുതാനന്ദൻ എവിടെയാണ്

LIBRARY ARCHIVES Kerala Legislative Assembly

മൽസരിക്കാൻ പോകുന്നത്, ഏതു സ്ഥലത്താണ് എന്നെല്ലാമുള്ള ഗവേഷണം നടത്തികൊണ്ടിരിക്കുന്നത്. ഞങ്ങളത് ശരിയായ രീതിയിൽ കൈകാര്യം ചെയ്യും, നിശ്ചയമായും ജയിക്കുന്ന സ്ഥാനാർത്ഥികളെ മണ്ഡലങ്ങളിൽ നിർത്തും. അതിന്റെ അടിസ്ഥാനത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി 5 കൊല്ലക്കാലം വീണ്ടും അധികാരത്തിൽ വരാനുള്ള എല്ലാ സാഹചര്യങ്ങളും നിലവിലുണ്ട്. അങ്ങനെ പറയുമ്പോൾ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത് ഇവിടെ ട്രഷറി ഇങ്ങനെയായിരിക്കുന്നു, അങ്ങനെയായിരിക്കുന്നു എന്നാണ്. ഇന്ത്യൻ പ്രധാനമന്ത്രി കുമരകത്ത് വന്നപ്പോൾ മലയാളമനോരമ അതിന്റെ ഫ്രണ്ട് പേജിൽ എഴുതിയ മുഖപ്രസംഗം ബഹുമാനപ്പെട്ട യു. ഡി. എഫ്. നേതാക്കൾ വായിക്കണം. ഞങ്ങൾ മലയാള മനോരമയെ ശക്തിയായി വിമർശിക്കാറുണ്ട്. പക്ഷേ അന്ന് എഴുതിയത് വായിക്കണം. അന്ന് ശ്രീ. വാജ്പേയിക്ക് തുറന്ന കത്തായി എഴുതിയ ഏറ്റവും പ്രധാനപ്പെട്ട ആ മുഖപ്രസംഗത്തിൽ പറഞ്ഞതെന്താണ് ? ശ്രീ. ഇ. കെ. നായനാരുടെ കുഴപ്പംകൊണ്ടാണ് എല്ലാം സംഭവിക്കുന്നത് എന്നാണല്ലോ സാധാരണ പറയുക ? അതുപോലെ തന്നെ അടയ്ക്കയെപ്പറ്റിയും റബ്ബറിനെപ്പറ്റിയും നാളികേരത്തെപ്പറ്റിയും ഇങ്ങനെതന്നെയാണ് പറയുന്നത്. ഇതിന്റെയെല്ലാം ഭാഗമായി എത്രയെത്ര കൃഷിക്കാരുണ്ട്. എത്രയെത്ര ഉൽപ്പാദിപ്പിക്കുന്നുണ്ട്. എല്ലാം കൂടി ചേർന്ന് കേരളത്തിലെ കൃഷിക്കാരന് 14,000 കോടി രൂപ നിങ്ങളുടെ നയത്തിന്റെ ഫലമായി നഷ്ടം വന്നിരിക്കുന്നുവെന്ന് മലയാളമനോരമ വ്യക്തമായി പറയുകയുണ്ടായി. കേരളത്തിലെ കൃഷിക്കാരന്റെ പെട്ടിയിൽ വരേണ്ടുന്ന 14,000 കോടി രൂപ യഥാർത്ഥത്തിൽ ഇല്ലാതായി. അങ്ങനെ വന്നാൽ കേരളത്തിലെ കൃഷിക്കാരന്റെ, ഇടത്തരക്കാരന്റെ, ചെറുകിടക്കാരന്റെ എല്ലാം പെട്ടി പൂട്ടിയാൽപിന്നെ ശ്രീ. ടി. ശിവദാസമേനോന്റെ പെട്ടിമാത്രം തുറന്നുവയ്ക്കുമെന്നാണോ ധരിച്ചുവച്ചിരിക്കുന്നത് ? 14,000 കോടി രൂപയുടെ സമ്പത്ത് ഈ കേരളത്തിന്റെ ഭാഗമായി ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാരന്റെ കൈയിൽനിന്നും തട്ടിപ്പറിക്കുന്ന കേന്ദ്രനയത്തിന്റെ ഫലമായി ഈ രാജ്യം ഇന്ന് ഗുരുതരമായ പ്രതിസന്ധിയിലേക്ക് പോകുമ്പോൾ ആ പ്രതിസന്ധി കാണാൻ നിങ്ങളുണ്ടോ ? മോചനയാത്രയിൽ അത് പ്രസംഗിക്കുന്നുണ്ടോ ? ഇവിടുത്തെ പാവപ്പെട്ട കൃഷിക്കാരന്റെ പ്രശ്നങ്ങൾ ഉന്നയിക്കുന്നുണ്ടോ ? നിങ്ങൾക്ക് എന്ത് രാഷ്ട്രീയമാണ് പറയാനുള്ളത് ? ഒരു രാഷ്ട്രീയവും നിങ്ങൾക്ക് പറയാനില്ല.. ഒരു രാഷ്ട്രീയ പ്രവർത്തനവും നിങ്ങൾക്കില്ല. അഞ്ചുകൊല്ലം കൂടുമ്പോൾ തെരഞ്ഞെടുപ്പു പ്രവർത്തനമല്ലാതെ ഈ നാട്ടിൽ എന്ത് പ്രവർത്തനമാണ് നിങ്ങൾക്കുള്ളത് ? അതെല്ലാം ഞങ്ങളുടെ ഇടതുപക്ഷജനാധിപത്യ പാർട്ടികളും പാർട്ടി പ്രസ്ഥാനങ്ങളുമാണ് കൈകാര്യം ചെയ്യുന്നത്. ഈ നാട്ടിലെ മുഴുവൻ രാഷ്ട്രീയ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നത് ഇടതുപക്ഷജനാധിപത്യ പാർട്ടികളാണ്. നിങ്ങൾക്കൊരു രാഷ്ട്രീയ പ്രവർത്തനവുമില്ല. നിങ്ങൾക്ക് ബൂത്തു കമ്മിറ്റി ഉണ്ടാക്കലും അതിന്റെ പ്രവർത്തനങ്ങളും മാത്രമേയുള്ളൂ. അതും ഇലക്ഷൻ വരുമ്പോൾ മാത്രമേയുള്ളൂ. അപ്പോൾ ഈ രീതിയിലുള്ള ഒരു ജാഥ അങ്ങോട്ടു പുറപ്പെടും. ആ ജാഥയിൽ ജനങ്ങളുമായി ബന്ധപ്പെട്ട ഒരു മുദ്രാവാക്യവും നിങ്ങൾ വയ്ക്കുന്നില്ല. കൃഷിക്കാരെ ബാധിക്കുന്ന പ്രശ്നങ്ങൾ നിങ്ങൾ മുന്നോട്ടു വയ്ക്കുന്നില്ല. എന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ സാമ്പത്തിക കുഴപ്പത്തിന്റെയെല്ലാം ചുറ്റുവട്ടത്തിൽ ഉയർന്നു നിൽക്കുന്ന കേരളത്തെ ഇടിച്ചു താഴ്ത്താൻ വേണ്ടിയുള്ള ബോധപൂർവമായ പ്രവർത്തനം ഇപ്പോൾ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രയാസങ്ങളുണ്ടാകും. കേരളം മാത്രമല്ല ഒരുപാട് സംസ്ഥാനങ്ങൾ, ഇൻഡ്യയും ഇന്ന് പ്രയാസങ്ങളിലാണ്. ആറും ഏഴും മാസം ശമ്പളം കൊടുക്കാത്ത അവസ്ഥ ധാരാളം സംസ്ഥാനങ്ങളിൽ തുടരുകയാണ്. ഈ പശ്ചാത്തലത്തിൽ ശരിയായ മാനേജുമെന്റിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ധനകാര്യവകുപ്പ് മുന്നോട്ട് പോയിട്ടുണ്ട് എന്നുള്ളതാണ് സത്യം. പ്രയാസങ്ങൾ ഇപ്പോഴുമുണ്ട്. അതുകൊണ്ട് ഇന്നത്തെ ഈ പരിതസ്ഥിതിയിൽ കേരളത്തിന്റെ മാത്രമല്ല ഇന്ത്യയുടേയും ലോകത്തിന്റെയുമൊക്കെ കാര്യങ്ങളെടുത്താൽ, ...ഇറാക്കിൽ ശക്തിയായ കടന്നാക്രമണം ആരംഭിച്ചിരിക്കുകയാണ്. ഇറാക്കിനെതിരെ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കടന്നാക്രമണം ആരംഭിച്ചിരിക്കുകയാണ്. അതിന് യാതൊരു ന്യായീകരണവുമില്ല. യുദ്ധനിയമവുമില്ല. എല്ലാ അർത്ഥത്തിലും രാജ്യത്തെ ആക്രമിക്കുന്ന, കടന്നാക്രമിക്കുന്ന സാമ്രാജ്യത്വ ശക്തികൾക്കെതിരെയുള്ള ചെറുത്തു നിൽപ്പിനുള്ള ഒരു തുരുത്താണ് കേരളം. ജനകീയാസൂത്രണവും അധികാരവികേന്ദ്രീകരണവുമുൾപ്പെടെ നിരവധി ജനോപകാരപ്രദങ്ങളായിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള കേരളാ ഗവൺമെന്റ്, പെയ്തിറങ്ങുന്ന ദുരന്തത്തിന്റെ നടുവിൽ അതിനെ പ്രതിരോധിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു തുരുത്തായിട്ട്, ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് പറഞ്ഞതു പോലെ, നിൽക്കുന്നുണ്ട്. അതിനു വേണ്ടി കേരളം ഇനിയും മുന്നോട്ടു പോകുന്നതാണ്. അതിന് ഉതകുന്നതാണ് ഈ നയപ്രഖ്യാപന പ്രസംഗം എന്നുള്ളതുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും തന്നെ ഞാൻ ആവർത്തിക്കുന്നില്ല. ശ്രീ. പി. പി. തങ്കച്ചൻ മുതൽ അപ്പുറത്തിരിക്കുന്ന ശ്രീ. പാലോട് രവി വരെയുള്ളവരുടെ പ്രസംഗങ്ങളൊക്കെ ഞാൻ ശ്രദ്ധാപൂർവം കേട്ടു. ശ്രീ. പി. പി. തങ്കച്ചൻ വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങൾക്കൊന്നും അഭിപ്രായ പ്രകടനം നടത്തിയില്ല. ഇവിടെ പ്രതിപക്ഷത്തുള്ള മെമ്പർമാർ വളരെ തെറ്റായതും വസ്തുതകൾക്കു വിരുദ്ധവുമായിട്ടുള്ള പല കാര്യങ്ങളും പെരുപ്പിച്ചു പറഞ്ഞുവെന്നല്ലാതെ യഥാർത്ഥത്തിലുള്ള പ്രശ്നങ്ങളിലേക്ക് ഈ സഭയുടെ ശ്രദ്ധ തിരിക്കാനോ അല്ലെങ്കിൽ പോരായ്മകൾ ചൂണ്ടിക്കാണിക്കാനോ തുനിഞ്ഞില്ല എന്നുള്ള ഒരു അഭിപ്രായം കൂടി ഞാനിവിടെ പറയുന്നു. പാർലമെന്റ് മെമ്പർമാരുടെ കോൺഫറൻസ് വിളിച്ച് കൂട്ടി കാര്യങ്ങൾ ചർച്ച ചെയ്യാൻ തീരുമാനിച്ചാൽ അത് ബഹിഷ്ക്കരിക്കുക എന്നത് യു. ഡി. എഫ് - ന്റെ ഒരു സ്ഥിരം തീരുമാനമാണ്. നിയമസഭാ സമ്മേളനം ഇപ്രാവശ്യം ഒഴികെ തുടർച്ചയായി അവർ ബഹിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ ഏതു വികസന പ്രവർത്തനങ്ങൾ വന്നാലും അതിനോട് മുഖം തിരിച്ചു നിൽക്കുക, അതല്ലെങ്കിൽ തെറ്റായ രീതിയിൽ വളച്ചൊടിച്ച് അതിനെ പ്രചരിപ്പിക്കുക എന്നത്

LIBRARY ARCHIVES Kerala Legislative Assembly

പതിവാണ്. ഇത് രാഷ്ട്രീയമായ ഉദ്ദേശ്യം കണ്ടുകൊണ്ട്, തെരഞ്ഞെടുപ്പ് ലക്ഷ്യംവച്ചുകൊണ്ട് ആയിരിക്കാം. ബി.ജെ.പി.യുമായി ഒരു രാഷ്ട്രീയ ബന്ധം കോൺഗ്രസ് അഖിലേന്ത്യാടിസ്ഥാനത്തിൽത്തന്നെ ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടാക്കുന്നു എന്നുപറഞ്ഞാൽ അതു നിഷേധിക്കുവാൻ നിങ്ങൾക്ക് കഴിയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. കേരളത്തോടൊപ്പം തെരഞ്ഞെടുപ്പു നടക്കാൻ പോകുന്ന ബംഗാളിൽ 19 കോൺഗ്രസിന്റെ എം.എൽ.എ. മാർ, രണ്ട് എ.ഐ.സി.സി. മെമ്പർമാർ, എ.ഐ.സി.സി.യുടെ പ്രധാനപ്പെട്ട ചില നേതാക്കൾ ബി.പി.സി.സി.യുടെ വൈസ് പ്രസിഡന്റ് എന്നിവർ സൗഹൃദറോയിയുടെ നേതൃത്വത്തിൽ കോൺഗ്രൺസിന്റെ അഖിലേന്ത്യാ പ്രസിഡന്റിന് കൊടുത്ത അന്ത്യശാസനം എല്ലാ പത്രങ്ങളിലും അച്ചടിച്ചു വന്നതാണ്. നാലു കാര്യം അതിൽ പറഞ്ഞിട്ടുണ്ട്. അതിലൊന്ന് കോൺഗ്രസ്, ബി.ജെ.പി. മമതാ മഹാസഖ്യവുമായിട്ട് ചേരണം എന്നാണ്. അതിന് കഴിയുന്നില്ലെങ്കിൽ അവിടത്തെ കോൺഗ്രസ് കമ്മിറ്റിയെ പിരിച്ചുവിടണം. അതിനും കഴിയുന്നില്ലെങ്കിൽ പുതിയൊരു പാർട്ടി ഇവരെല്ലാം കൂടി രൂപീകരിക്കണം എന്നാണ്. അതും അല്ലെങ്കിൽ തൃണമൂൽ കോൺഗ്രസുമായിട്ട് ഒരു ബന്ധമുണ്ടാക്കണം. ഇതെല്ലാം കൂട്ടി വായിച്ചാൽ ഒന്നാണ്. ഇപ്പോൾ അവസാനം അംഗീകരിച്ചത് ഏതാണ് ? മമതാബാനർജിയുമായി ധാരണ ഉണ്ടാക്കിക്കൊള്ളാൻ കോൺഗ്രസിന്റെ നേതൃത്വം അനുവദിച്ചിരിക്കുന്നു. നിഷേധിക്കാൻ കഴിയുന്നതല്ലല്ലോ. കോൺഗ്രസിന്റെ ചുമതലപ്പെട്ട വർക്കിംഗ് കമ്മിറ്റി മെമ്പർ, രാജ്യത്തെ മുഴുവൻ പത്രങ്ങളിലും അച്ചടിച്ചു വന്നതാണ് ; മാധ്യമങ്ങളിൽ വന്നതാണ് ; നാളെ കാണാൻ പോകുന്നതാണ്. കോൺഗ്രസിന്റെ അവിടെയുള്ള 32 എം.എൽ.എ. മാരിൽ 19 എം.എൽ.എ. മാർ, മഹാഭൂരിപക്ഷം നിങ്ങളുടെ എം.എൽ.എ.മാർ, തൃണമൂൽ കോൺഗ്രസിന്റെ സഖ്യവുമായി ചേർന്ന് മൽസരിക്കണമെന്ന് ശക്തിയായി ആവശ്യപ്പെട്ടിരിക്കുകയാണ്. അല്ലെങ്കിൽ തങ്ങൾ അവിടെ പാർട്ടി പിരിച്ചു വിടുമെന്നാണ് പറഞ്ഞിരിക്കുന്നത്. പുതിയ പാർട്ടിയുണ്ടാക്കി മമതയുമായി ബന്ധമുണ്ടാക്കും. അതുകൊണ്ട് ഇപ്പോൾ അവസാനം അനുമതി കൊടുത്തിരിക്കുകയാണ്. കേരളത്തിലും ഈ വിധത്തിലുള്ള ചർച്ച നടക്കുകയല്ലേ ? ബേപ്പൂരും വടകരയുമൊക്കെ നമ്മുടെ മുമ്പിൽ ഒരു പാഠമായി നിൽക്കുകയാണ്. കോൺഗ്രസ് ബി. ജെ. പി. യുമായി ബന്ധമുണ്ടാക്കി, വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ കുറച്ചു സീറ്റുകളിലെങ്കിലും ബി.ജെ.പി.ക്ക് വിജയിച്ച് ഈ നിയമസഭയിൽ വരാൻ. ഞങ്ങൾ പറഞ്ഞ കാര്യം തന്നെ വീണ്ടും പറയുകയാണ്. കുറച്ചു സീറ്റുകളിലെങ്കിലും ധാരണ ഉണ്ടാക്കി. ബി.ജെ.പി.ക്ക് അക്കൗണ്ട് തുറക്കാൻ അവസരമുണ്ടാക്കാനുള്ള ചർച്ച നിങ്ങളുടെ പല നേതാക്കന്മാരും നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ. ബി. വിജയകുമാർ വലിയ ആവേശത്തിലല്ല അവിടെ ഇരിക്കുന്നത്. ഞാൻ രാവിലെ മുതൽ ശ്രദ്ധിക്കുന്നതാണ്. തിരുവനന്തപുരം ഈസ്റ്റ് മണ്ഡലം ഇപ്പോൾ എല്ലാ പത്രങ്ങളിലും ഏതാണ്ട് ഒരുപോലെ, ബി.ജെ.പി.ക്ക് കൊടുക്കാൻ തീരുമാനിച്ച മട്ടിലാണ് വാർത്തകൾ വരുന്നത്. കാസർകോട് ജില്ലയിലും തിരുവനന്തപുരം ഈസ്റ്റ് ഉൾപ്പെടെയുള്ള മണ്ഡലങ്ങളിലും അത്തരമൊരു രാഷ്ട്രീയ കൂട്ടുകെട്ട് ഉണ്ടാകാതെ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തോൽപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയില്ല എന്നുള്ള ഒരു തിരിച്ചറിവ് നിങ്ങൾക്കുണ്ടായി. അതാണ് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഇവിടെ സൂചിപ്പിച്ചത്. ഇതൊക്കെ ഈ കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ, ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ കഴിഞ്ഞപ്പോൾ, മൊത്തം കൂട്ടിനോക്കുമ്പോൾ മഹാഭൂരിപക്ഷം സീറ്റുകളിൽ എൽ.ഡി.എഫ്.-ന് ഇപ്പോഴും ജനങ്ങളുടെ ഭൂരിപക്ഷമുണ്ട്. അപ്പോൾ തിരിച്ചു വരണമെങ്കിൽ മോചനയാത്ര നടത്തിയതുകൊണ്ടുമാത്രം പറ്റുമോ ? ശ്രീ. ആന്റണിയുടെ രഥയാത്ര ആരുടെ മോചനത്തിനാണ് ? ഞാൻ ഒരു പ്രമുഖ പത്രത്തിലെ എഡിറ്റോറിയൽ വായിക്കാം. അങ്കമാലിയിലെ കല്ലറയെ സാക്ഷി നിർത്തിയായിരുന്നു 1957-കളിൽ കോൺഗ്രസ് വിമോചനസമരം നടത്തിയത്. വ്യവസ്ഥാപിതമായി തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണകൂടത്തിനെതിരെ നടത്തിയ ആ ജനാധിപത്യ ധ്വംസന പ്രക്ഷോഭം വിജയിച്ചത് ഡൽഹിയിൽ ഭരണം കോൺഗ്രസിന്റെ കൈയിലായിരുന്നതുകൊണ്ടാണ്. ആ പഴയ കാലത്തിന്റെ ദുർഗ്ഗന്ധമാണ് ഇപ്പോൾ ശ്രീ. ആന്റണിയുടെ മോചനയാത്രയിലുടനീളം പരന്നിരിക്കുന്നത്. മോചനയാത്ര അക്ഷരാർത്ഥത്തിൽ ശ്രീ. എൽ. കെ. അദ്വാനിയുടെ രഥയാത്രയെ ഓർമ്മിപ്പിക്കുന്നതാണ്. സുമോയുടെ പുറത്ത് വച്ചുകെട്ടിയ രഥമായിരുന്നല്ലോ അദ്വാനിയുടേത്. ശ്രീ. ആന്റണിയുടെ കാർ രഥവും അത്തരത്തിലുള്ള ഒന്നുതന്നെയായിരുന്നു. ആന്തരികമായി ഈ രഥങ്ങൾക്ക് എന്തെങ്കിലും ബന്ധമുണ്ടോ എന്ന് ഇനിയും അജ്ഞാതമാണ്. കേരള-ബംഗാൾ നിരീക്ഷണത്തിന് 20 ലക്ഷം ഡോളറുമായി കുപ്രസിദ്ധ അമേരിക്കൻ ചാര സംഘടനയായ സി. ഐ. എ., കേരളത്തിലേക്കും പശ്ചിമബംഗാളിലേക്കും നിരീക്ഷകരെ അയയ്ക്കുന്നു. അടുത്ത് നടക്കാൻ ഇരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും അധികാരത്തിൽ വരുന്നതു തടയുന്നതിനാണ് ഈ നീക്കം. ഇതിനായി 20 ലക്ഷം ഡോളർ ചെലവഴിക്കാനും അമേരിക്കയിലെ ഡാങ്കില ആസ്ഥാനമായി പ്രവർത്തിക്കുന്ന സി. ഐ. എ. തീരുമാനിച്ചിട്ടുണ്ട്. സി. ഐ. എ. യുടെ കുൽസിത പ്രവർത്തനങ്ങൾ തുറന്നു കാട്ടാൻ കുരിശുയുദ്ധം നടത്തുന്ന മറ്റൊരു സി.ഐ.എ. ഏജന്റാണ് ഈ വിവരം പുറത്തുവിട്ടത്. കഴിഞ്ഞ ആഴ്ച ബി.ജെ.പി. യുടെ മുൻ അഖിലേന്ത്യാ പ്രസിഡന്റും ബി.ജെ.പി. യുടെ അര ഡസൻ ഉന്നതരായ നേതാക്കന്മാരും കോഴിക്കോട് വന്ന് ബി. ജെ. പി. യുടെ സംസ്ഥാന കൗൺസിൽ കൂടി എടുത്ത തീരുമാനങ്ങൾ വള്ളി പുള്ളി വിടാതെ ശ്രീ. സി. കെ. പത്മനാഭൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമസഭയിലേക്ക് വരും, അക്കൗണ്ട് തുറക്കും—അപ്പോൾ ഇതെല്ലാം കൂട്ടി നോക്കുമ്പോൾ, ശ്രീ. ആന്റണിയുടെ മോചനയാത്രയായാലും, ശ്രീ. അദ്വാനിയുടെ രഥയാത്രയായാലും ബി.ജെ.പി. യുടെ കോഴിക്കോട് യാത്രയായാലും സി.ഐ.എ.യുടെ ഈ പ്രവർത്തനവും നിങ്ങളുടെ ബംഗാളിലെ സുഹൃത്തുക്കൾ പരസ്യമായി നടത്തുന്ന പ്രവർത്തനങ്ങളുമെല്ലാം ആകമാനം ഒന്നു വായിച്ചു നോക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ പരാജയപ്പെടുത്താൻ, വരുന്ന തെരഞ്ഞെടുപ്പിൽ അത്തരം ഒരു മുന്നണിക്കുവേണ്ടി നിങ്ങളുടെ കൂട്ടത്തിൽ ചുമതലപ്പെട്ട ആൾക്കാർ നടത്തുന്ന പ്രസ്തുത ചർച്ചകൾ വ്യക്തമായും വിശദമായും ഞങ്ങളൊക്കെ മനസ്സിലാക്കുന്നുണ്ട് എന്നെങ്കിലും നിങ്ങൾ അറിയുക. ഞാൻ ഗവൺമെന്റിനെ സംബന്ധിച്ചുള്ള കാര്യങ്ങളൊക്കെ നേരത്തേ പറഞ്ഞു. ഇവിടെ ജോണി നെല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കുന്നുണ്ടല്ലോ ? ഇവിടെ വന്ന് പുളു പറയുന്നതിനൊക്കെ ഒരു മര്യാദ വേണ്ടേ ? കർഷകരക്ഷാ സുരക്ഷാ പദ്ധതി - കേരളത്തിലുള്ള കർഷകർക്ക് അപകടം പറ്റിയാൽ അവരെ സഹായിക്കാൻ, മരണപ്പെട്ട എത്രയോ കർഷകരുടെ കുടുംബങ്ങൾക്ക് ഈ സംഖ്യ കൊടുത്തു. ഞങ്ങളൊക്കെ ഞങ്ങളുടെ മണ്ഡലങ്ങളിൽ കൊടുത്തു. പച്ച നുണയല്ലേ ഇവിടെ പറഞ്ഞത് ? അതുപോലെ കേരളത്തിൽ എത്ര പദ്ധതികൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ടു വന്നു.! ഞാൻ കണക്കുകളിലേക്ക് പോകുന്നില്ല. ഒരു കാര്യം ഇവിടെ പറയാതിരിക്കുന്നതു ശരിയല്ലാത്തതുകൊണ്ട് പറയുകയാണ്. പച്ചക്കറികൃഷിയെക്കുറിച്ച്, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവിടെയുണ്ടോ ? ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ നിയോജകമണ്ഡലത്തിലുള്ള ഒരു ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മുസ്ലീം ലീഗിന്റെ ഒരു സഹോദരിയാണ് കഴിഞ്ഞ ദിവസം തൃശൂർ ഠൗൺ ഹാളിൽ വച്ച് ഒരു ലക്ഷം രൂപയുടെ അവാർഡ് വാങ്ങിയത്. നമ്മുടെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ കയ്യിൽനിന്ന്, ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെയും ഞങ്ങളുടെയുമൊക്കെ അടുത്തുനിന്നാണ് വാങ്ങിയത്. കേരളത്തിൽ കൂത്താട്ടുകുളം, അങ്ങനെ എത്രയോ സ്ഥലങ്ങളിൽ നിന്ന്. എല്ലാം എൽ. ഡി. എഫ്ന്റെ ആളുകളൊന്നുമല്ല. പലതും യു.ഡി.എഫ്. ന്റെ ആൾക്കാർ തന്നെയാണ്. കേരളത്തിലെ പച്ചക്കറികൃഷിയുടെ കാര്യം എടുത്താൽ, ആയിരം കോടി രൂപയുടെ വർദ്ധനവ്, പച്ചക്കറി ഉൽപ്പാദനത്തിൽ ഈ സ്റ്റേറ്റിനുണ്ടായിട്ടില്ലേ ? എത്ര തൊഴിൽ ദിനങ്ങളുണ്ടായി ? പ്രൊഡക്ഷൻ എത്ര വർദ്ധിച്ചു ? എത്ര ഹരിത സംഘങ്ങളുണ്ടായി ? എത്ര വിദ്യാർത്ഥികൾ അതിൽ പാർട്ടിസിപ്പേറ്റു ചെയ്തു ; എത്ര കോളേജുകൾ പങ്കാളികളായി, എത്ര അദ്ധ്യാപകർ ബന്ധപ്പെട്ടു. ശ്രീ. പി. പി. തങ്കച്ചൻ പ്രസംഗിച്ചപ്പോൾ പറഞ്ഞു ഞങ്ങളുടെ ഗവൺമെന്റ് വന്നതുമുതൽ എല്ലാത്തിനും വില കുറഞ്ഞുവെന്ന്. എന്തുകൊണ്ടാണ് വില കുറഞ്ഞത് ? ഇവിടെ ഏതു കാർഷിക ഉൽപ്പന്നങ്ങളുടേതായിരുന്നാലും, വിലക്കുറവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സംബന്ധിച്ച് ഒരു ഡിബേറ്റിന് നിങ്ങൾ തയ്യാറുണ്ടോ ? വിശദമായി അതൊക്കെ പഠിക്കാൻ തയ്യാറുണ്ടോ ? ഞങ്ങൾ എന്തെങ്കിലും പറഞ്ഞാൽ ഉടൻ 'ഗാട്ട്' പ്രശ്നം വരും. നിങ്ങളുടെ ചില നേതാക്കന്മാർ, ഒറ്റപ്പെട്ടതാണെങ്കിലും, പാർലമെന്റിലും പുറത്തുമൊക്കെ പ്രസംഗിക്കുന്നുണ്ട്. കാർഷിക മേഖലയുടെ ഈ തകർച്ച 1991-92 മുതൽ ഉണ്ടായതല്ലേ ? അതിന്റെയൊക്കെ കണക്കുകളുണ്ട്. എത്ര വേണമെങ്കിലും പറയാം. സമയക്കുറവ് കൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല.

ഭക്ഷ്യസുരക്ഷ വളരെ ഗൗരവമുള്ള പ്രശ്നമാണല്ലോ. ഇവിടെ റേഷൻ നിർത്തലാക്കുന്നു Below poverty line-അല്ലെങ്കിൽ വരുമാനത്തിന്റെ പരിധി. അതുപോലുള്ള പരിധികൾവച്ച് റേഷൻ സമ്പ്രദായം എന്തായാലും കേരളത്തിൽ അവസാനിക്കുന്നു ; ഇൻഡ്യാ രാജ്യത്ത് അവസാനിക്കുന്നു. എഫ്.സി.ഐ.യിൽ 50 ദശലക്ഷം ടൺ ഭക്ഷ്യ സാധനങ്ങൾ കെട്ടിക്കിടക്കുന്നു- ഇത് കേന്ദ്ര
4 P.M.] സർക്കാരിന്റെ തന്നെ റിപ്പോർട്ടുകളിലുള്ളതാണ്. 10 ദശലക്ഷം ടൺപോലും ഭക്ഷ്യധാന്യം നമുക്ക് റേഷനായിട്ട് കൊടുക്കാൻ വേണ്ടി വരുന്നില്ല ; കാരണം ചെലവാകുന്നില്ല. ഓപ്പൺ മാർക്കറ്റിലെ വിലയും റേഷൻ വിലയും തമ്മിൽ വ്യത്യാസമില്ലല്ലോ. സബ്സിഡി നിർത്തലാക്കിയതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി എഫ്.സി.ഐ.യിൽ ഭക്ഷ്യധാന്യം കെട്ടിക്കിടക്കുന്നു. എഫ് സി. ഐ. യിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യമെല്ലാം ചെലവാകാതെ കോഴിത്തീറ്റയും കാലിത്തീറ്റയും ആക്കിമാറ്റി അതും വിറ്റുപോയില്ലെങ്കിൽ അവസാനം കടലിൽ കെട്ടിത്താഴ്ത്താനാണ് തീരുമാനം. ഇത് എന്നുമുതൽ തുടങ്ങിയതാണ് ? ധാരാളം പേപ്പർ കട്ടിംഗുകൾ എന്റെ കൈവശമുണ്ട്. അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രസ്താവനകൾ. 1992-1993-ലെ ശ്രീ. ടി. എച്ച്. മുസ്തഫയുടെ പ്രസ്താവന, മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരന്റെ പ്രസ്താവന. ആദായ നികുതി നൽകുന്നവർക്ക് റേഷൻ ഇല്ല. സബ്സിഡി ഏപ്രിൽ മാസം മുതൽ ആർക്കും ഇല്ല. Government may restrict ration subsidy ഇതൊക്കെ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ്. 11,000 രൂപയ്ക്ക് മേൽ വരുമാനമുള്ളവർക്ക് റേഷൻ സബ്സിഡി ഇല്ല. റേഷൻ സബ്സിഡി ദരിദ്രർക്ക് മാത്രമാക്കുന്നു. ഉയർന്ന വരുമാനക്കാർക്കും റേഷൻ കൊടുക്കാതിരിക്കാൻ ശുപാർശ. ഇതെല്ലാം നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് പത്രങ്ങളിൽ വന്നതാണ്. റേഷൻ സബ്സിഡി പകുതിയാക്കി, മന്ത്രിസഭാ യോഗത്തിനുശേഷം മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ പ്രസ്താവിച്ചു. റേഷൻ അരി ; അഞ്ചുതരം കാർഡുകൾ, ശ്രീ. ടി. എച്ച്. മുസ്തഫ. ഇതിനൊക്കെ പുറമെ ശ്രീ. എ. കെ. ആന്റണി കേന്ദ്രത്തിൽ മന്ത്രിയായിരുന്നപ്പോൾ, ഭക്ഷ്യ സിവിൽ സപ്ലൈസിന്റെ ചുമതലയുണ്ടായിരുന്നപ്പോൾ, പറഞ്ഞത്. നിങ്ങളുടെ 1998-ലെ പ്രകടനപത്രികയിൽ വളരെ ക്ലിയറായി എഴുതിവച്ചിരിക്കുകയാണ്. കോൺഗ്രസിന്റെ എ. ഐ. സി. സി. പ്രസിദ്ധീകരിച്ച പ്രകടനപത്രികയിൽ 1998-ൽ പേജ് 43-ൽ Public Distribution system- The Congress will ensure that only the poor and the needy .....ഇതെല്ലാം ബി. ജെ. പി. യുടെ പ്രകടന പത്രികയിലും പറഞ്ഞിട്ടുണ്ട്. അതുപോലെ എ. ഐ. സി. സി. യുടെ സുവർണ ജൂബിലി റെസല്യൂഷൻ പേജ് 23-ലും ഇതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. പൊതുവിതരണ സമ്പ്രദായം വഴി എല്ലാ വിഭാഗം ജനങ്ങൾക്കും സബ്സിഡിയോടുകൂടി ഭക്ഷ്യധാന്യങ്ങളും മറ്റും വിതരണം നടത്തുന്നത് അർത്ഥ ശൂന്യമാണ്. ഇപ്പോൾ അവസാനമായി ശ്രീ. രാജഗോപാലും പറഞ്ഞത് ഇതുതന്നെയാണ്. അദ്ദേഹം കഴിഞ്ഞ മൂന്ന് മാസങ്ങൾക്കുമുമ്പ് തിരുവനന്തപുരത്ത് വച്ച് ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു, 'റേഷൻ — കാലഹരണപ്പെട്ട ആശയം' ; മന്ത്രി ശ്രീ. രാജഗോപാൽ. ഇതെല്ലാം കൂട്ടി വായിക്കുമ്പോൾ 1991-1992 മുതൽ ആരംഭിച്ച് നടപ്പാക്കിവരുന്ന കോൺഗ്രസ് തുടങ്ങിവച്ച് ബി. ജെ. പി. ശക്തിപൂർവം ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയത്തിന്റെ ഫലമായി നമ്മുടെ കാർഷിക മേഖല, പൊതുവിതരണ സമ്പ്രദായം, നമ്മുടെ പബ്ലിക് സെക്ടർ — മൊത്തത്തിൽ നമ്മുടെ സാമ്പത്തിക രംഗമാകെ തകരാറിലാണ്. അതാണ് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത്. ഇതിന്റെയൊക്കെ ഫലമായി നമ്മുടെ രാജ്യത്ത് വരുമാനത്തിൽ ഒരുപാട് ചോർച്ച ഉണ്ടായിക്കൊണ്ടിരിക്കുന്നു. നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നു. നെല്ലിന്റെ ഉൽപ്പാദന രംഗത്ത് വർദ്ധനവുണ്ടാകുന്നു. കേരളത്തിന്റെ കാർഷിക മേഖലയിൽ അത്രമാത്രം നമ്മൾ ശ്രമിച്ചതിന്റെ ഫലമായി വളരെയേറെ മുന്നോട്ടുപോയി. പക്ഷേ ഇപ്പുറത്ത് വില കുറഞ്ഞതിന്റെ ഫലമായി നമ്മുടെ വരുമാനത്തിൽ വലിയ ചോർച്ച സംഭവിക്കുകയല്ലേ ? അത്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കി, തിരിച്ചറിഞ്ഞ് അതിനെതിരെ പോരാട്ടം നടത്തുകയാണ് ഞങ്ങൾ ചെയ്യുന്നത്. ഇന്ന് മനുഷ്യച്ചങ്ങലയെക്കുറിച്ച് പറഞ്ഞല്ലോ. ഞങ്ങൾ അടുത്തയാഴ്ച തൊട്ട് കാമ്പയിൻ തുടങ്ങുകയാണ്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലും ശ്രീ. പി. കെ. വി. യുടെ നേതൃത്വത്തിലും ശ്രീ. വീരേന്ദ്രകുമാറിന്റെ നേതൃത്വത്തിലും ശ്രീ. കടന്നപ്പള്ളിയുടെ നേതൃത്വത്തിലുമായി ജനകീയ പ്രക്ഷോഭണം നടത്താൻ പോകുകയാണ്. വിമോചന സമരമൊന്നുമല്ല. നിങ്ങൾ നടത്തുന്ന വിമോചന യാത്രയല്ല. ജനകീയമായി ജനങ്ങളെ അണിനിരത്തി ഈ നയങ്ങൾക്കെതിരെ ശക്തമായി പോരാടുന്നതിനുവേണ്ടിയാണ്. നിങ്ങൾ ഈ നയത്തിനെതിരായി ഒരു വാക്ക് പ്രസംഗിക്കുന്നുണ്ടോ ? ഈ നയങ്ങൾക്കെതിരായി നിങ്ങൾ എവിടെയും പ്രസംഗിക്കുന്നില്ല. ഇവിടെയും പ്രസംഗിക്കുന്നില്ല ; ജാഥകളിലും പ്രസംഗിക്കുന്നില്ല. ഞങ്ങൾ ജനങ്ങളെ അണിനിരത്തി സമരം ചെയ്യുകയാണ് ; പൊതുപണിമുടക്ക്, പ്രക്ഷോഭണങ്ങൾ നടത്തുകയാണ്. കോൺഗ്രസുകാരായ ഐ. എൻ. റ്റി. യു.സി. തൊഴിലാളികളൊക്കെ ഇതിനോടൊപ്പം വരുന്നുണ്ട്. കാരണം ഇത് ജീവൽ പ്രശ്നമാണ്, ജനങ്ങളുടെ പ്രശ്നമാണ്, തൊഴിലാളികളുടെ പ്രശ്നമാണ്, കൊച്ച് കുഞ്ഞുങ്ങളുടെ കഞ്ഞികുടി മുട്ടുന്ന പ്രശ്നമാണ്. നിങ്ങൾക്ക് അതിൽ വേവലാതി ഇല്ല. ഈ ഗവൺമെന്റിന് എതിരായി പ്രസംഗിച്ചാൽ മതി. അതുകൊണ്ട് 28 മുതൽ കേരളത്തിന്റെ തെക്കേയറ്റത്തു നിന്നും ശ്രീ. പിണറായി വിജയൻ തുടങ്ങി ശ്രീ. പി. കെ. വി. യും ശ്രീ. വീരേന്ദ്രകുമാറും, ശ്രീ. കടന്നപ്പള്ളിയും, ശ്രീ. പ്രേമചന്ദ്രനും ശ്രീ. ഫ്രാൻസിസ് ജോർജ്ജും ഒക്കെ നയിക്കുന്ന ഞങ്ങളുടെ പ്രക്ഷോഭ പ്രചരണ ജാഥ തുടങ്ങുകയാണ്. ഫെബ്രുവരി മാസം 7-ാം തീയതി കേരളത്തിലുടനീളം ഈ സാമ്പത്തിക നയങ്ങൾക്കെതിരായി, ഈ സാമ്പത്തിക നയം തിരുത്താനുള്ള സന്ധിയില്ലാത്ത ഒരു സമരം നടത്തും. കേരളത്തിലെ മുഴുവൻ ജനങ്ങളേയും അണിനിരത്തിക്കൊണ്ട് ആ സമരം നിങ്ങൾ കാണണം, മനസിലാക്കാൻ തയ്യാറാകണം. ടൂറിസത്തെക്കുറിച്ച് ഇവിടെ രാവിലെ ചോദ്യോത്തര സമയത്ത് പറഞ്ഞു. ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് ഇൻഡ്യാ ടുഡേയിൽ പല ഭാഷകളിലും പറഞ്ഞിട്ടുണ്ട്. പാവപ്പെട്ട ആളുകൾക്ക് വീടുണ്ടാക്കി കൊടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് ശ്രദ്ധേയമായ കാര്യമാണ് ചെയ്തിട്ടുള്ളത്. നാലഞ്ച് ലക്ഷം പേർക്ക് വീടുണ്ടാക്കി കൊടുത്തു. അപ്പുറത്ത് നിന്ന് പ്രസംഗിച്ചവർ പറഞ്ഞു വീട് വയ്ക്കാൻ പൈസ കിട്ടുന്നില്ലെന്ന്. ഭൂമി ഇല്ലാത്തവർക്ക് മിച്ചഭൂമി വിതരണം ചെയ്തു. പട്ടയം ഇല്ലാത്ത ഭൂമിക്ക് പട്ടയം കൊടുത്തു, പട്ടയ വിതരണം നടത്തി, മലയോരക്കാർക്ക് പട്ടയ വിതരണം നടത്തി, മത്സ്യത്തൊഴിലാളികളുടെ പട്ടയ വിതരണം നടന്നുകൊണ്ടിരിക്കുകയല്ലേ ? അങ്ങനെ മൂന്ന് മൂന്നര ലക്ഷത്തോളം പേർക്ക് പട്ടയം കൊടുത്തില്ലേ? അടുത്ത ഒരാഴ്ചയ്ക്കുള്ളിൽ 60,000 പേർക്ക് കേരളത്തിലെ റവന്യൂ വകുപ്പുമന്ത്രി വിവിധ ജില്ലകളിലായി പട്ടയം കൊടുക്കുന്നതാണ്. ഇലക്ഷൻ മുന്നിൽ കണ്ടുകൊണ്ടൊന്നുമല്ല. നടപടികൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമാണ്. പാവപ്പെട്ട ആളുകൾക്ക്, ദുർബല വിഭാഗങ്ങൾക്ക്, പിന്നോക്ക വിഭാഗങ്ങൾക്ക് ലക്ഷക്കണക്കിന് വീടല്ലേ വച്ചുകൊടുത്തത് ? കേരളത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെടുന്ന ഒരാളിനു പോലും വീടില്ലാതിരിക്കുകയില്ല എന്നു പറയാനുള്ള ആർജ്ജവം ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനുണ്ടായി, മന്ത്രിക്കുണ്ടായി. അതുപോലെ എത്രയെറേ അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്! ഇങ്ങനെ കേരളത്തിൽ എല്ലാ രംഗത്തും പുരോഗതിയുടെ കുതിച്ചുചാട്ടം ഉണ്ടാകുമ്പോൾ ട്രഷറിയിൽ പണമില്ലാത്ത പ്രതിസന്ധിയുണ്ടാകും. ആ പ്രതിസന്ധി മുറിച്ച് കടക്കാൻ ആലോചിക്കണം. ഈ പ്രതിസന്ധി മുറിച്ച് കടക്കേണ്ടി വരുമ്പോൾ ചില പ്രശ്നങ്ങളുണ്ടാകും. ഇവിടെ എം.എൽ.എ.മാർക്ക് ടി.എ. കിട്ടിയില്ലെന്ന് ശ്രീ. പി. പി. തങ്കച്ചൻ പറയുകയുണ്ടായി. പാവപ്പെട്ട തൊഴിലാളികളുടെയും കൃഷിക്കാരുടേയും കാര്യം നടക്കട്ടെ. എം. എൽ. എ. മാരുടെ ടി.എ. രണ്ടാഴ്ച കഴിഞ്ഞാലും നമുക്ക് സഹിക്കാം. അത് സഹിക്കുക. ഒരു പണപ്പെട്ടിയിൽ പണം സൂക്ഷിച്ച് വച്ചാൽ ഒരു പൈസയും എടുക്കാതിരുന്നാൽ, ചെലവാക്കാതിരുന്നാൽ മൊത്തം പണവും ഇരിക്കും. ആർക്കും ഒരു ചായ വാങ്ങി കൊടുക്കാതിരിക്കുക, വീട്ടിൽ ഒരു ആഘോഷം നടത്താതിരിക്കുക, കല്യാണം നടത്താതിരിക്കുക, ഇങ്ങനെ സൂക്ഷിച്ച് സൂക്ഷിച്ച് വയ്ക്കുന്ന പിശുക്കൻമാരുണ്ട്. പത്ത് പൈസ ചെലവാക്കില്ല. അടുക്കി അടുക്കി വയ്ക്കും. സ്നേഹമുള്ളവർ അയൽക്കാരെ ഒരാവശ്യം വരുമ്പോൾ വിളിക്കും, പരിപാടി വന്നാൽ വിളിക്കും, ചായ കൊടുക്കും, സന്തോഷം കാണിക്കും, വീട് പണിയും, കക്കൂസ് കെട്ടും, കിണർ കുഴിക്കും, മോട്ടോർ വയ്ക്കും, തെങ്ങിൻ തൈ വയ്ക്കും, ആ തെങ്ങിൻ തൈകൾ നനയ്ക്കും, കുട്ടികളെ കല്യാണം കഴിപ്പിച്ചയയ്ക്കും. കുട്ടികളുടെ വിദ്യാഭ്യാസം നടത്തിക്കും. അപ്പോൾ ചെലവുണ്ടാകും. അപ്പോൾ പ്രവർത്തിക്കുന്നവർക്ക് ചെലവ് ഉണ്ടാകും. പ്രവർത്തിക്കുന്ന ഒരു സർക്കാരിന്റെ മുമ്പിൽ, നിരവധി വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഒരു സർക്കാരിന്റെ മുമ്പിൽ ചെലവുകളുണ്ടാകും. ആ പ്രതിസന്ധി മുറിച്ചുകടക്കാൻ, വികസന പ്രവർത്തനങ്ങൾക്ക് ഒന്നുകൂടി വേഗത കൂട്ടാൻ പുതിയ അവസരങ്ങൾ ഉപയോഗപ്പെടുത്തി മുന്നോട്ട് പോകാൻ കഴിയണം. ആ കാര്യത്തിൽ എൽ. ഡി. എഫ്. ആയാലും യു.ഡി.എഫ്. ആയാലും ജനങ്ങളുടെ കൂട്ടായ പിൻതുണയോടുകൂടിയ ഈ നയങ്ങൾ തിരുത്താൻ കഴിയണം. ഈ കാര്യങ്ങളിലാണ് ഗവർണറുടെ പ്രസംഗത്തിലും ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിലും ഊന്നി നിൽക്കുന്നത്. അതുതന്നെയാണ് ഇൻഡ്യയുടെ പ്രസിഡന്റ് കഴിഞ്ഞ ദിവസം ആഹ്വാനം ചെയ്തതും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മുഴങ്ങിക്കേട്ടതും എന്നുകൂടി പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

<u>ശ്രീ. നാലകത്ത് സൂപ്പി</u> : സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ടുള്ള പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ നാലേ മുക്കാൽ കൊല്ലത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തന വൈകല്യങ്ങളേയും പരാജയങ്ങളേയും ചൂണ്ടിക്കാട്ടിയ ഒന്നായിരുന്നു ഈ നയപ്രഖ്യാപനപ്രസംഗം. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകാൻ ഏതാനും ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേ ഗവർണർ ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് പ്രസക്തിയില്ല എന്ന് എല്ലാവർക്കുമറിയാം. പത്രങ്ങളൊക്കെ അത് സൂചിപ്പിച്ചതുമാണ്. നാലേമുക്കാൽ കൊല്ലം ഈ ഗവൺമെന്റ് എന്തു ചെയ്തു എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു പരാമർശംപോലും നയപ്രഖ്യാപന പ്രസംഗത്തിൽ ഉണ്ടായില്ല. നേരത്തേ ശ്രീ. ജോണി പറഞ്ഞതുപോലെ കഴിഞ്ഞ എല്ലാ നയപ്രഖ്യാപനപ്രസംഗങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

ആവർത്തിച്ചതിലുപരി നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക-വ്യാവസായിക രംഗങ്ങളിലെ തകർച്ച. നിത്യോപയോഗ സാധനങ്ങളുടെ വില കൂടുതൽ ഇതൊക്കെ പരിഹരിക്കുന്നതിനുള്ള ഒരു നിർദ്ദേശവും ഇതിലില്ല. ഭരണസ്തംഭനം എന്ന് ഒറ്റവാക്കിൽ പറഞ്ഞാൽ അതായിരിക്കും ശരി എന്നാണ് എനിക്ക് തോന്നുന്നത്— ആ ഒരു ഭരണ സ്തംഭനത്തിലേക്ക് സംസ്ഥാനത്തെ എത്തിച്ചതിന് അതിന്റേതായ കാരണങ്ങൾ ഉണ്ട്. തൊഴിൽദാന പദ്ധതികളും ക്ഷേമപ്രവർത്തനങ്ങളും പാടേ മുടങ്ങി. പാർട്ടിക്കകത്തും മുന്നണിക്കകത്തുള്ള അധികാര വടംവലി. ആര് എന്ത് എപ്പോൾ ചെയ്യണം എന്നതിനെ സംബന്ധിച്ച വടംവലി വളരെ പ്രകടമായി ഈ അടുത്ത ദിവസങ്ങളിൽ കാണുകയാണ്. അതിന്റെയൊക്കെ ഒരു മുഖമുദ്ര എന്നതിലുപരി ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒന്നുമില്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത്ര കടുത്ത സാമ്പത്തിക പ്രതിസന്ധി കേരളത്തെ സംബന്ധിച്ചിടത്തോളം ഇതിന് മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. എല്ലാവരും എഴുതി. ധനകാര്യ വകുപ്പുതന്നെ ക്യാബിനറ്റിൽ നോട്ട് എഴുതി. ഈ ഗുരുതരാവസ്ഥയിൽ നിന്നും കേരളത്തെ രക്ഷപ്പെടുത്താൻ ചില മാർഗ്ഗങ്ങൾ അവർ നിർദ്ദേശിക്കുകയുണ്ടായി. അതൊന്നും ആരും സ്വീകരിച്ചില്ല. എല്ലാവരും തന്നിഷ്ടംപോലെ തോന്നിയതുപോലെ കാര്യങ്ങൾ നടത്തി. ഗവൺമെന്റ് പാപ്പരായി. സർക്കാർ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും പണമില്ലാത്ത അവസ്ഥയിലേക്ക് എത്തിച്ചേർന്നു. പിന്നെ ഗവർണറെക്കൊണ്ട് പലതും പറയിപ്പിച്ചു. നിങ്ങളുടെ പതിവ് എന്നതിലുപരി മറ്റൊന്നും ഇവിടെ കണ്ടില്ല. ക്രമസമാധാനനിലയെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ ഗർജ്ജിക്കുകയാണ്. എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പോയി. ഇത് കേൾക്കേണ്ടിയിരുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയി. എനിക്കറിയാം അദ്ദേഹത്തിന് ഇവിടെയിരിക്കാൻ പ്രയാസമുണ്ടാകും. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ പരാമർശിച്ചത് പാറക്കടവിലും നാദാപുരത്തും ഉണ്ടായ സംഭവത്തിന് പിന്നിൽ **********ആണെന്നാണ്. ഏതാനും മാസങ്ങൾക്കു മുമ്പ് കണ്ണൂർ ജില്ലയിൽ ബി. ജെ. പി.യും മാർക്സിസ്റ്റു പാർട്ടിയും ക്രിക്കറ്റ് മൽസരം എന്നതുപോലെ മൽസരിച്ച് കൊലപാതകങ്ങളും അക്രമങ്ങളും അഴിച്ചുവിട്ടപ്പോൾ ഈ പറയുന്ന ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർക്ക് അടക്കം, നിങ്ങളുടെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ അടക്കം, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അടക്കം പോലീസിന്റെ കനത്ത സന്നാഹം ഇല്ലാതെ കണ്ണൂർ ജില്ലയിൽ നടക്കാൻ പറ്റാതിരുന്ന ഘട്ടത്തിൽ, ആ കാര്യത്തിൽ മദ്ധ്യസ്ഥത വഹിച്ച ആളാണ് ബഹുമാനപ്പെട്ട ഇ. അഹമ്മദ് സാഹിബ്. ശ്രീ. അഹമ്മദിന്റെ വരവും കാത്തു കൊണ്ട് കണ്ണൂർ ടി. ബി. യിൽ മണിക്കൂറുകളോളം നിങ്ങൾ ഇരുന്നു എന്നതാണ് സത്യം. അത് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഞങ്ങൾ വർഗ്ഗീയ കലാപം ഉണ്ടാക്കുകയാണോ ? മാർക്സിസ്റ്റു പാർട്ടിയും ബി. ജെ. പി.യും പരസ്പരം കഴുത്തറുക്കുന്ന സംഭവം ..... ഈ സംസ്ഥാനത്തിന്റെ സമാധാനത്തെ

***ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ബാധിക്കുന്ന, ഈ രാജ്യത്തിലെ ജനങ്ങളുടെ സ്വൈര ജീവിതത്തെ ബാധിക്കുന്ന പ്രശ്നമാണ്. ആ പ്രശ്നത്തിന് പരിഹാരം കാണണമെന്നുള്ളതുകൊണ്ട് ഞങ്ങളുടെ അഭിവന്ദ്യനായ സംസ്ഥാന പ്രസിഡന്റ് ബഹുമാനപ്പെട്ട പാണക്കാട് സെയ്ദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിർദ്ദേശപ്രകാരമാണ് പ്രിയപ്പെട്ട ശ്രീ. ഇ. അഹമ്മദ് സാഹിബ് മദ്ധ്യസ്ഥത വഹിക്കാൻ തയ്യാറായത്. ശ്രീ. ഒ. രാജഗോപാലിനെയും ശ്രീ. സി. കെ. പത്മനാഭനേയും ശ്രീ. പിണറായി വിജയനേയും ശ്രീ. കോടിയേരി ബാലകൃഷ്ണനേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ഒക്കെ ഒരു മേശയ്ക്ക് ചുറ്റും ഇരുത്തി സംസാരിച്ച് ആ പ്രശ്നം തീർത്തത്, നിങ്ങൾക്ക് മാനമായി കണ്ണൂർ ജില്ലയിൽ അന്ന് നടക്കാൻ അവസരം ഉണ്ടാക്കിതന്നത് പ്രീയപ്പെട്ട ശ്രീ. ഇ. അഹമ്മദ് സാഹിബ് ആണ്. അത് വിസ്മരിച്ചുകൊണ്ട് സഖാവ് ഗോവിന്ദൻ മാസ്റ്റർ ഇത് പറയേണ്ടിയിരുന്നില്ല. എന്നാണ് ആ കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. മുഖ്യമന്ത്രിയുണ്ടെങ്കിൽ അദ്ദേഹം മറുപടി പറയേണ്ടതാണ്. നിഷേധിക്കാൻ സാധിക്കുമോ ? പിന്നെ നാദാപുരത്തെക്കുറിച്ച് വളരെ മുമ്പേ സി. എച്ച്. പറഞ്ഞിട്ടുണ്ട് "മനുഷ്യന്റെ തലയ്ക്കും തെങ്ങിന്റെ കുലയ്ക്കും വിലയില്ലാത്ത സ്ഥലമാണ് നാദാപുരം" എന്ന്. ശ്രീ. സത്യൻ മൊകേരിക്ക് അറിയില്ലേ നാദാപുരത്തെ സംഭവങ്ങൾ ? എന്തുകൊണ്ട് പ്രസംഗിച്ചില്ല ? അവിടെ ഞങ്ങളാണോ കുഴപ്പം ചെയ്തത് ? മുസ്ലീങ്ങളാണോ കുഴപ്പം ചെയ്തത് ? പഞ്ചായത്ത് - മുനിസിപ്പൽ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനു ശേഷം കാസർകോട് ജില്ലയിൽ വ്യാപകമായ അക്രമം ഉണ്ടായി, മുസ്ലീങ്ങൾക്കെതിരായി കോൺഗ്രസിനെതിരായി, യു.ഡി.എഫ്. നെതിരായി. പോലീസ് എന്തെങ്കിലും ഒരു കടുത്ത നടപടി ആ അക്രമത്തിനെതിരായി നടത്തിയിരുന്നെങ്കിൽ നാദാപുരത്ത് ഈ അക്രമസംഭവങ്ങൾ ഉണ്ടാകുമായിരുന്നോ ? അവിടെ സ്പൊൺടേനിയസ് ആയിട്ട് ഉണ്ടായതല്ല അക്രമങ്ങൾ ; വളരെ പ്ലാൻ ചെയ്ത് ഉണ്ടാക്കിയതാണ്. സംഭവത്തിന്റെ തുടക്കം ചെറുതായിരിക്കാം. പക്ഷേ ശ്രീ. എ. കണാരനും ശ്രീ. ഗോവിന്ദൻ മാസ്റ്റർക്കും ഇതറിയില്ലേ ? നാദാപുരം നിഷ്പ്രയാസം കത്തും. ആ നാദാപുരം കത്തുമ്പോൾ അതിന്റെ പിന്നിൽ വർഗ്ഗീയം വരും. മുസ്ലീംലീഗിനോട് മാർക്സിസ്റ്റു പാർട്ടിക്ക് രാഷ്ട്രീയമായി വിരോധമുണ്ടെങ്കിൽ, അല്ലെങ്കിൽ എതിർപ്പുണ്ടെങ്കിൽ ആ എതിർപ്പ് അവിടെയുള്ള മുസ്ലീങ്ങളോട് ആകരുത്. നിഷേധിക്കാൻ സാധിക്കുമോ ? വിവിധ പാർട്ടികൾ മുസ്ലീങ്ങളെ ആക്രമിച്ചില്ലേ, കൊള്ളയടിച്ചില്ലേ ? ബലാൽസംഗം ചെയ്യാൻ ശ്രമിച്ചില്ലേ ? ലീഗിനോട് വിരോധമുണ്ട് ; നമുക്കറിയാം. നിങ്ങളൊക്കെ മുസ്ലീംലീഗിനെ നക്കിക്കൊല്ലാൻ ശ്രമിച്ചു. നിങ്ങൾ പല രീതിയിൽ പ്രലോഭനങ്ങൾ നടത്തി. സാധിച്ചില്ല. അപ്പോൾ നിങ്ങൾ തീരുമാനിച്ചു നക്കിക്കൊല്ലാൻ കിട്ടിയില്ലെങ്കിൽ ഞെക്കി കൊല്ലുക എന്ന്. ആ സമീപനമല്ലേ മാർക്സിസ്റ്റുകാർ സ്വീകരിച്ചത് ? ആ പ്രവണതയാണ് മാർക്സിസ്റ്റു പാർട്ടി കണ്ണൂർ ജില്ലയിലും കാസർകോടും അവസാനമായി കോഴിക്കോട് ജില്ലയിലും നാദാപുരത്തും സ്വീകരിച്ചത്. നിഷേധിക്കാൻ സാധിക്കുമോ ? അവിടെ പാവപ്പെട്ട നിരപരാധികളായ, ഗൾഫിൽ ജോലിചെയ്ത് സമ്പാദിച്ച് കഷ്ടപ്പെട്ട് ജീവിക്കുന്ന ആളുകളുടെ ഭാര്യമാരും കുട്ടികളുമാണുള്ളത്. നാദാപുരത്തും ചെക്കിയാടും പാറക്കടവിലുമൊക്കെ വീടുകളിൽ പുരുഷന്മാർ ആരുംതന്നെയില്ല. ഗൾഫ് മേഖലയിൽ പോയി

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്വാനിച്ച് കഷ്ടപ്പെട്ട് പണമുണ്ടാക്കി തങ്ങളുടെ കുട്ടികളുടെ ജീവൻ, അവരുടെ വിദ്യാഭ്യാസം ഇതൊക്കെ ദൂരെനിന്ന് ആ പുരുഷന്മാർ നോക്കി കാണുകയാണ്. അവരൊക്കെ വളരെയധികം പ്രയാസപ്പെട്ടു. ഈ സംഭവം നിഷേധിക്കാൻ സാധിക്കുമോ ? പോലീസിന് നിയന്ത്രിക്കാൻ സാധിച്ചോ ? ഒരു സംഭവം ഉണ്ടായി. ആ സംഭവങ്ങളുടെ പരമ്പര എന്തുകൊണ്ട് തുടർന്നു ? അവിടെ കനത്ത പോലീസ് സംവിധാനം ഉണ്ട്. പാവപ്പെട്ട ആളുകളെ റൗഡികൾ വളഞ്ഞപ്പോൾ അവരുടെ രക്ഷയ്ക്കുവേണ്ടി പോലീസുകാർ വന്നില്ല. സഹായത്തിന് പോലീസുദ്യോഗസ്ഥർ എത്തിയില്ല എന്നു പറഞ്ഞാൽ നമ്മുടെ സംസ്ഥാനത്തിന്റെ ക്രമസമാധാന നില എവിടെച്ചെന്നെത്തി നിൽക്കുന്നു ? കൊലപാതകം ഉണ്ടായി. വെടിവയ്പിൽ സന്തോഷ് മരിച്ചു. ആരും കൊന്നതല്ല. ആ സന്ദർഭത്തിൽ അവിടെ ഉണ്ടായതാണ്. ഇതിന് പകരമായി 70 വയസ്സുള്ള മൊയ്തുഹാജിയെ കൊന്നു. അതല്ലേ നിങ്ങൾ ചെയ്തത് ? അതു മാത്രമല്ല ; ഒന്നും അറിയാത്ത നിരപരാധിയായ ആൾക്കാരെ ഫോൺ ചെയ്യാനും ടി. വി. കാണാനുമായി ദിവസവും ചെല്ലുന്ന മാർക്സിസ്റ്റുകാരുടെ ആൾക്കാരാണ് വീട്ടിൽ ചെന്ന് ആക്രമിച്ചത്. അവരാണ് ബലാൽസംഗത്തിന് ശ്രമിച്ചത് ; അവരാണ് കഴുത്തിനു നേരെ വാൾ ചൂണ്ടിക്കൊണ്ട് പറയുന്നത് വയ്ക്കെടീ പണം, വയ്ക്കെടീ സ്വർണ്ണം എന്ന്. ഇതൊക്കെ കേരള സംസ്ക്കാരത്തിന്റെ മാന്യതയ്ക്ക് യോജിച്ചതാണോ ? എന്ത് വിരോധം കൊണ്ടായിരുന്നു ആ പ്രവർത്തനം നിങ്ങൾ നടത്തിയത് ? പോലീസിനെ നിഷ്ക്രിയമാക്കി. അതൊക്കെ കഴിഞ്ഞ് സമാധാന ചർച്ചയ്ക്ക് നിങ്ങൾ സഹായിച്ചു. അഹമ്മദ് സാഹിബ് മാർക്സിസ്റ്റുകാരന്റെ വീട്ടിൽ കാവലിരുന്നത് തെറ്റാണോ ? അങ്ങനെ ഒരു സംഭവം ഉണ്ടാകുമ്പോൾ അത് ആളികത്തിക്കാനല്ല അവസാനിപ്പിക്കാനാണ് ശ്രമിക്കേണ്ടത്. അതിന്റെ ഭാഗമായി സമാധാന ചർച്ചകളിൽ ഞങ്ങൾ സഹകരിച്ചു ഞങ്ങളുടെ പാർട്ടി തീരുമാനപ്രകാരം ചില നേതാക്കന്മാരും വന്നു. ശ്രീ. അഹമ്മദ് സാഹിബ് രണ്ടുവട്ടം വന്നു. ബഹുമാനപ്പെട്ട തങ്ങൾ രണ്ടുവട്ടം വന്നില്ലേ ? നേതാക്കന്മാർ ഇവിടെ ചർച്ച ചെയ്തില്ലേ ? ശ്രീ. ഇ. അഹമ്മദ് സാഹിബാണ് സമാധാന ചർച്ചകൾക്ക് നേതൃത്വം കൊടുത്തത്. അല്ലായെന്ന് പറയാൻ പറ്റില്ല. അത് ഒരു ദൗർബല്യമായി കാണരുത്. നാദാപുരത്തുണ്ടായ സംഭവങ്ങളെ സംബന്ധിച്ചിടത്തോളം സമാധാന ചർച്ച നടന്നു എന്നതുകൊണ്ട് സംഭവിച്ചതൊന്നും സംഭവിച്ചതല്ലാതാകുമോ ?

ഇനിയും അത് ആവർത്തിക്കാതിരിക്കാൻ നിങ്ങൾ ശ്രദ്ധിക്കണം ; നിങ്ങളുടെ പാർട്ടി അണികൾക്ക് നിർദ്ദേശം കൊടുക്കണം. ഈ രാജ്യത്തെ ജനങ്ങൾ അത് മനസിലാക്കി പ്രതികരിക്കുകയും വേണം. അതുകൊണ്ടാണ് ഞങ്ങൾ ഇത് നിയമസഭയിൽ പറയുന്നത്. പൊതുവേദികളിൽ പറയുന്നത്, മോചനയാത്രയിൽ പറയുന്നത്. മോചനയാത്രയെക്കുറിച്ചൊക്കെ നിങ്ങൾ പറഞ്ഞുവല്ലോ. ആ മോചനയാത്ര ഇവിടെ അവസാനിക്കുന്നതോടുകൂടി, നിങ്ങൾ രാജിവയ്ക്കേണ്ട കാര്യമൊന്നും ഇല്ല. നിങ്ങളുടെ ഭരണം ഏതാനും ദിവസം കൊണ്ട് അവസാനിക്കാൻ പോകുകയാണ്. പക്ഷേ ആ മോചനയാത്ര, അതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. നിങ്ങളുടെയൊക്കെ മണ്ഡലങ്ങളിൽ വന്നതാണ്. ശ്രീ. ദാസൻ, ശ്രീ. ടി. കെ. ഹംസ, ശ്രീ. എളമരം കരീം-ഇവർക്കൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

അറിയാം, ശ്രീ. എ. കെ. ആന്റണി നേതൃത്വം കൊടുക്കുന്ന ആ മോചനയാത്രയെ പതിനായിരക്കണക്കിന് ആളുകൾ ആഹ്ലാദത്തോടുകൂടി സ്വീകരിച്ചു. എല്ലായിടത്തും വെറുതെയല്ല പറയുന്നത്, നിങ്ങൾ മാത്രം കണ്ടില്ല, നിങ്ങൾക്ക് അന്ധതയാണ്. നിങ്ങൾ കാണില്ല. വലിയൊരു ആരവം, ഞങ്ങളൊക്കെ ഇനി ആ മോചനയാത്ര അവസാനിപ്പിക്കുകയാണ് എന്നുപറഞ്ഞാൽപോലും സാധിക്കില്ല. അടുത്ത തെരഞ്ഞെടുപ്പിൽ വിജയിക്കുമെന്ന് നിങ്ങൾ വെല്ലുവിളിച്ചല്ലോ. കോഴിക്ക് മുല വരുന്ന ഒരു കാലഘട്ടമുണ്ടെങ്കിൽ അടുത്ത തെരഞ്ഞെടുപ്പിൽ നിങ്ങൾ വിജയിക്കും. അങ്ങനെ ഉണ്ടാകുമോ ? ഉണ്ടാകില്ലല്ലോ. അന്നുമാത്രമേ അടുത്ത തെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് പാർട്ടി വിജയിക്കുകയുള്ളൂ. ഒരു സംശയവും വേണ്ട. ഞാൻ വെല്ലുവിളിക്കുകയാണ്. നിങ്ങൾ തെരഞ്ഞെടുപ്പിൽ ജയിക്കണമെങ്കിൽ വേറെ മാർഗ്ഗങ്ങൾ ആലോചിക്കണം. അതാണ് നിങ്ങൾ ആലോചിക്കുന്നത്. അത് എനിക്കറിയാം. പക്ഷേ അത് നടക്കില്ല. കേരളത്തിലെ ജനങ്ങൾ നിങ്ങളെ ഒറ്റപ്പെടുത്തി, കേരളത്തിലെ ജനങ്ങൾ നിങ്ങളെ പരാജയപ്പെടുത്തും. അഴിമതിക്കാരേയും മാർക്സിസത്തെ വ്യഭിചരിക്കുന്നവരേയും തറപറ്റിക്കണമെന്ന് സി.പി.എം. വിമതരുടെ ഒരുപാട് പത്രികകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ : ആയിക്കോട്ടെ, തോൽപ്പിക്കും എന്നല്ലേ ഇപ്പോൾ നിങ്ങളുടെ പ്രസംഗം. താഴക്കോട് ആരാണ് ഇപ്പോൾ പഞ്ചായത്ത് പ്രസിഡന്റ്; പെരിന്തൽമണ്ണയിൽ ആരാ പഞ്ചായത്ത് പ്രസിഡന്റ് ?

ശ്രീ. നാലകത്ത് സൂപ്പി : ഞാനൊന്നു ചോദിക്കട്ടെ, താഴക്കോട് പഞ്ചായത്തിൽ നിങ്ങൾ എങ്ങനെയാ ജയിച്ചത് ? ഒരു പഞ്ചായത്തിൽ 10-ലക്ഷം രൂപ ചെലവഴിക്കുക എന്നുള്ളത് ഊഹിക്കാൻ സാധിക്കുമോ ? ഞാൻ ചോദിക്കട്ടെ, സഖാവ് ഏലംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാട്, - അദ്ദേഹത്തോട് എനിക്ക് ബഹുമാനമാണ്- ഈ രാജ്യത്ത് ഒരു പ്രത്യയശാസ്ത്രത്തിന് നേതൃത്വം കൊടുത്ത, ഇന്ത്യാരാജ്യത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത ആളാണ്. എന്റെ മണ്ഡലത്തിലാണ് ഏലംകുളം പഞ്ചായത്ത്. ആ ഏലംകുളം പഞ്ചായത്തിൽ, സാക്ഷാൽ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ജനിച്ച പഞ്ചായത്തിൽ, മാർക്സിസ്റ്റ് പാർട്ടിയുടെ ഈറ്റില്ലമായ പഞ്ചായത്തിൽ, അവിടെ പഞ്ചായത്ത് പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ മാർക്സിസ്റ്റ് പാർട്ടിക്ക് മുസ്ലീം ലീഗിന്റെ സഹായം വേണ്ടിവന്നു. അവിടെ നിങ്ങൾ അടവുനയം പ്രയോഗിച്ചല്ലോ ? മലപ്പുറം ജില്ലയിലും നിങ്ങൾ അടവുനയം പ്രയോഗിക്കാൻ നോക്കി. ഏലംകുളം പഞ്ചായത്തിൽ മുസ്ലീംലീഗിന്റെ സഹായമില്ലാതെ മാർക്സിസ്റ്റ് പാർട്ടിക്ക് ഭരിക്കാൻ സാധിക്കില്ല എന്നുള്ള അവസ്ഥവരെ എത്തി. അതാണ് അവിടെ പരീക്ഷിച്ചത്. അതാണ് അവിടെ സൂപ്പി ചെയ്തത്. താഴക്കോട് ലക്ഷക്കണക്കിന് ഉറുപ്പിക നിങ്ങൾ കൊണ്ടുകൊടുത്തു. ഇനി നിങ്ങൾ ചെയ്യാൻ പോകുന്നത് പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞു. വോട്ടേഴ്സ് ലിസ്റ്റിൽ നിങ്ങൾ തിരിമറി നടത്തി. ലക്ഷക്കണക്കിന് ഉറുപ്പിക കൊടുത്തു, പലയിടത്തും പര്യടനം നടത്തി. ഏലംകുളത്തേത് വേറെ. ബി.ജെ.പി. യുമായി ധാരണയുണ്ടാക്കി. കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ

ഉപ്പള ജില്ലാ ഡിവിഷനിൽ ബി.ജെ.പി.ക്കും മാർക്സിസ്റ്റ് പാർട്ടിക്കും ഒരു സ്ഥാനാർത്ഥിയല്ലേ ഉണ്ടായിരുന്നുള്ളൂ, നിഷേധിക്കാൻ സാധിക്കുമോ ? ഒരൊറ്റ സ്ഥാനാർത്ഥി. അവിടെ മുസ്ലീം ലീഗിന്റെ സ്ഥാനാർത്ഥിയായ മാധവൻ എന്ന ആളാണ് ജയിച്ചത്. മാർക്സിസ്റ്റുകാർ ആർക്കാ വോട്ട് ചെയ്തത് ? അപ്പോൾ അതൊന്നും പറയണ്ട. ശ്രീ. ബാലൻ വൈദ്യർ ഇവിടെ ഉണ്ടല്ലോ, കോഴിക്കോട് ജില്ലയിൽ ബി.ജെ.പി. യുമായി മുസ്ലീം ലീഗിന് യാതൊരു ബന്ധവും ഉണ്ടായിട്ടില്ല. അങ്ങനെ ഒരു ബന്ധവും ഉണ്ടാക്കുന്ന പ്രശ്നവുമില്ല. ഉണ്ടായിട്ടില്ല, എന്നുമാത്രമല്ല നിങ്ങളുടെ പ്രചരണത്തിനുവേണ്ടി പറഞ്ഞതാണ്. ബി.ജെ.പി. യുമായി ബന്ധമുണ്ടെന്ന് ഒരിക്കലും ആരും പറഞ്ഞിട്ടില്ല. ഇല്ലാത്ത കാര്യം നിങ്ങൾ ആവർത്തിച്ചു പറഞ്ഞതാണ്. ബി.ജെ.പി. യുമായി ഞങ്ങൾ ബന്ധപ്പെടുന്ന പ്രശ്നമില്ല. 'ഓടുന്ന നായ്ക്ക് ഒരു മുഴം മുമ്പേ' എന്ന അടവ് സ്വീകരിച്ചുകൊണ്ട് വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ ബി. ജെ. പി. യുമായി ധാരണയുണ്ടാക്കാനും ഏതെങ്കിലും ഒരു സീറ്റ് വാങ്ങിക്കൊടുത്ത് ഒരു അക്കൗണ്ട് തുറക്കാൻ ബി.ജെ.പി.ക്ക് സൗകര്യം ഉണ്ടാക്കികൊടുക്കാനും മാർക്സിസ്റ്റു പാർട്ടി ശ്രമിക്കുന്നു. അതുകൊണ്ടാണ് നിങ്ങൾ ഞങ്ങളുടെ പേരിൽ ആരോപണം ഉന്നയിക്കുന്നത്. കാസർഗോഡ് തുടങ്ങാൻ പോകുന്നു, പലയിടത്തും ആലോചനകൾ നടക്കുന്നു. നിങ്ങളാണ് ബി.ജെ.പി.യുമായി സഹകരിക്കാൻ പോകുന്നത്, ഞങ്ങളല്ല ; യു.ഡി.എഫ്. അല്ല. ഇത് ഈ രാജ്യത്തെ ജനങ്ങൾക്കറിയാം. വരുന്ന നാളുകളിൽ കാണാൻ പോകുന്നതാണ്. ഏതായാലും വരുന്ന തെരഞ്ഞെടുപ്പിൽ ജയിക്കാമെന്ന പൂതിവേണ്ട. അതിന് നിങ്ങൾ കുറേ അട്ടിമറി നടത്താൻ ശ്രമിക്കുന്നുണ്ട്. വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പേര് ചേർക്കാൻ സമയമുണ്ടായില്ല. ഞങ്ങളൊക്കെ എഴുതികൊടുത്തു. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഇപ്പോൾ 19,000 പുതിയ അപേക്ഷകർ ഉണ്ടായിരുന്നു. ഫോട്ടോ എടുത്തു, ആളുകൾ ഹാജരായി. വോട്ടർമാർ ലിസ്റ്റിൽ വരുമെന്ന് ഉറപ്പായി. മാർക്സിസ്റ്റ് പാർട്ടിയിലെ അനുകൂലിക്കുന്ന ഇലക്ഷൻ കമ്മീഷൻ ഉദ്യോഗസ്ഥന്മാർ വോട്ടേഴ്സ് ലിസ്റ്റിൽനിന്ന് പേരുകൾ പറഞ്ഞുകൊണ്ട് വെട്ടി അയ്യായിരത്തിൽ ചിലാനം ആക്കി കുറച്ചു. അതിലും ഭൂരിപക്ഷം നിങ്ങൾ തന്നെ, സി.പി.എം. കാരാ. ഞങ്ങൾ എഴുതികൊടുത്ത വോട്ടേഴ്സ് ലിസ്റ്റിലെ മുഴുവൻ ആളുകളുടെ പേരും വെട്ടി. മംഗള മണ്ഡലത്തിൽ, നിലമ്പൂർ മണ്ഡലത്തിൽ — എല്ലാ മണ്ഡലത്തിലും, മലപ്പുറം ജില്ലയിൽ വ്യാപകമായി ഈ രീതിയിൽ സൂത്രത്തിൽ യു.ഡി.എഫ്. -ന്റെ വോട്ടർമാരെ വോട്ടേഴ്സ് ലിസ്റ്റിൽ നിന്നും മാറ്റി. ഇനി രണ്ടാമത് അവരുടെ പേര് ചേർക്കാൻ അവകാശമുണ്ടോ ? ഈ രാജ്യത്തെ പൗരന്മാരാണ്, അവർക്ക് വോട്ട് ചെയ്യാൻ അവകാശം ഉണ്ടോ ? അവസരം ഉണ്ടോ ? അത് തടയാൻ പോകുകയാണ്. ബി.ജെ.പി. യുമായി കൂട്ടുകെട്ട് ഞങ്ങൾ നടത്തിയിട്ടില്ല. നിങ്ങൾ കാസർഗോഡ്, കോഴിക്കോട്, നിലമ്പൂർ ഒക്കെ നടത്തിയത് ഞാൻ പറഞ്ഞുതരാം. അവിടെയൊക്കെ മാർക്സിസ്റ്റ്-ബി.ജെ.പി. കൂട്ടുകെട്ടാണ് ഉണ്ടായത്. അതൊക്കെ സത്യങ്ങളാണ്, നമ്മൾ കണ്ടതാണ്. ഇനി അത് പരിശോധിക്കേണ്ട ആവശ്യമുണ്ടെങ്കിൽ പരിശോധിക്കാവുന്നതാണ്. നിങ്ങൾക്ക് മുസ്ലീംലീഗുകാരോട് വിരോധമുണ്ടെങ്കിൽ ഈ രാജ്യത്തെ പാവപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മുസ്ലീം സമുദായത്തിലെ ആളുകളെ ഈ രീതിയിൽ ആക്രമിക്കാൻ നോക്കരുത്. നാദാപുരത്ത് ഉണ്ടായിരുന്നത് എൽ.ഡി.എഫ്.-ഉം, ആർ. എസ്. എസ്. ഉം ആണ്. ആ പ്രസ്താവന ബഹുമാനപ്പെട്ട ബാലൻ വൈദ്യർ മാത്രമാണ് ഇന്ന് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് മാർക്സിസ്റ്റ് പാർട്ടിയും ലീഗും തമ്മിലാണെന്നാ. ശ്രീ. പിണറായി വിജയൻ ആദ്യം പറഞ്ഞതും, ശ്രീ. വൈദ്യർ ഇപ്പോൾ പറഞ്ഞതും— അതിൽ ഏതാണ് ശരി? അപ്പോൾ ഒരു സംഭവം ഉണ്ടായാൽ അതിനെ വർഗ്ഗീയവൽക്കരിച്ചുകൊണ്ട് ഞങ്ങളെ അറ്റാക്ക് ചെയ്യുന്ന സ്വഭാവം, അതിന്റെ പേരിൽ പാവപ്പെട്ട മുസ്ലീം സമുദായം തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ സംരക്ഷണബോധം ഇല്ലാതാക്കുകയും പിന്നീട് ഞങ്ങളാണ് നിങ്ങളെ സംരക്ഷിച്ചത് എന്നുപറഞ്ഞ് മാർക്സിസ്റ്റ് പാർട്ടി ഓടിവരികയും, വർഗ്ഗീയലഹള ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, ഞാൻ ഈ നന്ദി പ്രമേയത്തെ അനുകൂലിക്കുകയാണ്. കേരളം മാത്രമല്ല, ഭാരതവും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴാണ് കാലാവധി പൂർത്തീകരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വരാൻപോകുന്ന ഒരു വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള നയപ്രഖ്യാപനം ഈ സഭയിൽ വച്ചത്. ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയുടെ വിശദാംശങ്ങളെക്കുറിച്ച് വളരെ വിശദമായി പറയേണ്ടതില്ല എന്നുതന്നെയാണ് ഞാൻ കരുതുന്നത്. അതിരൂക്ഷമായ ഒരു സാമ്പത്തിക പശ്ചാത്തലത്തിൽ വളരെ ഗൗരവബുദ്ധിയോടുകൂടി, എങ്ങനെയാണ് ഈ കൊച്ചുകേരളത്തെ മുന്നോട്ടുനയിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഒരു നയപ്രഖ്യാപനമാണ് നടത്തിയത്. ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് അപ്പുറത്തുനിന്ന് ചർച്ച തുടങ്ങിയ ബഹുമാന്യനായ പി. പി. തങ്കച്ചൻ കുരുടൻ ആനയെ കണ്ടതുപോലെയാണ് ഈ നയപ്രഖ്യാപനത്തെ കാണുന്നത്. അദ്ദേഹത്തിന് ഒന്നും കാണാൻ കഴിഞ്ഞില്ല. പറഞ്ഞ് പറഞ്ഞ്, അദ്ദേഹം പുതിയ തീസിസുപോലും അവതരിപ്പിച്ചു. അദ്ദേഹം സമർത്ഥിച്ചത് രാജ്യത്തിന്റെ ഇറക്കുമതി നയംമൂലം ഭാരതത്തിനോ കേരളത്തിനോ ഒരു നഷ്ടവും ഉണ്ടായിട്ടില്ല, ഇന്ന ഇന്ന കാർഷികോൽപ്പന്നങ്ങളുടെ വില അങ്ങനെ കുതിച്ചുകയറുകയാണ് എന്നാണ്. അജ്ഞത വളരെ അനുഗ്രഹമാണെന്ന് കേട്ടിട്ടുണ്ട്. പക്ഷേ അത് ഇത്രത്തോളം ആകാമോ എന്നാണ് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ തോന്നിയത്. ഒരുപക്ഷേ അദ്ദേഹം അജ്ഞത നടിക്കുന്നു; നടിക്കുകയാണെങ്കിൽ അതൊരു ക്രിമിനൽ കുറ്റമാണ്. മനോരമ പത്രമാണല്ലോ നിങ്ങളുടെ ബൈബിൾ, ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധ മനോരമ പത്രത്തിലേക്ക് ക്ഷണിക്കുകയാണ്. എല്ലാ ദിവസവും വായിക്കുമല്ലോ. നമ്മുടെ പ്രധാനമന്ത്രി കുമരകത്ത് ഉണ്ടായിരുന്ന സമയത്ത് 'ശ്രീ. വാജ്പേയിക്ക് ഖേദപൂർവം' എന്ന ഹെഡിംഗിൽ മനോരമ ഫ്രണ്ട് പേജിൽ ഒരു എഡിറ്റോറിയൽ എഴുതി. ആ എഡിറ്റോറിയലിൽ ഇറക്കുമതി നയം എങ്ങനെയാണ് കേരളത്തെ തകർച്ചയിലേക്ക് നയിക്കുന്നത് എന്ന് വളരെ മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്. ഇവിടെ ശ്രീ. പി. പി. തങ്കച്ചൻ സഭയിൽ പ്രസംഗിക്കുകയാണ്, കേരളവും ഭാരതവും അങ്ങനെ കുതിച്ചുയരുകയാണ് എന്ന്. ഇരുട്ടുകൊണ്ട് ഓട്ട അടച്ചു എന്നതു കൊണ്ട് ഇവർക്ക്

രക്ഷപ്പെടാൻ കഴിയുമോ ? ഇന്ന് ശ്രീമാൻ എ. കെ. ആന്റണി നടത്തുന്ന മോചന യാത്രയിൽ അദ്ദേഹത്തിന്റെ ഏക മുദ്രാവാക്യം "ക്ലിഫ് ഹൗസിൽ നിന്ന് ശ്രീ. ഇ. കെ. നായനാരെ പുറത്താക്കുക എന്നത് മാത്രമാണ്. വേറെ ഒന്നുമില്ല. ഞാൻ അദ്ദേഹത്തിന്റെ ഇന്റർവ്യൂകൾ ടി. വി. യിൽ കേൾക്കുന്നുണ്ട്, കാണുന്നുണ്ട്. കടിപിടി കൂട്ടുന്ന കീരിയേയും പാമ്പിനേയും, അണ്ണാനേയും, ഓന്തിനേയും എല്ലാംകൂടി യോജിപ്പിക്കാൻ വേണ്ടി ശ്രീ. ആന്റണി കണ്ടെത്തിയ ഒരു മാർഗ്ഗമാണ് മോചനയാത്ര. ഈ തമ്മിലടിയിൽനിന്നും പിടലപ്പിണക്കത്തിൽ നിന്നും രക്ഷപ്പെടാനുള്ള ഒരേ ഒരു മോചന മുദ്രാവാക്യമാണ് 'ക്ലിഫ് ഹൗസിൽ നിന്ന് ശ്രീ. നായനാരെ ഇറക്കുക' എന്നത്. ഇതല്ലാതെ മറ്റെന്ത് മുദ്രാവാക്യമാണ് നിങ്ങൾക്കുള്ളത് ? കേരളത്തിന്റെ ഏതു പ്രശ്നമാണ് നിങ്ങൾ സജീവമായി കേരളത്തിലെ ഈ മോചനയാത്രയിൽ കൂടി ഉന്നയിക്കുന്നത് ? ഓരോ ദിവസവും പറയുന്നുണ്ടല്ലോ ; ഇന്നലേയും അദ്ദേഹം പറഞ്ഞു ; എന്റെ ഊണിലും ഉറക്കത്തിലുമുള്ള ഏക മുദ്രാവാക്യം അധികാരം തിരികെപ്പിടിക്കുക എന്നതാണ് എന്ന്. അധികാര രാഷ്ട്രീയം തലയ്ക്കുപിടിച്ച് ഭ്രാന്തായി അന്ധതയിലേക്ക് പോയ ഒരു ഐക്യജനാധിപത്യ മുന്നണിയെയാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെയോ, ഇൻഡ്യയിലെയോ ഏതെങ്കിലും ഒരു ജനകീയ പ്രശ്നം ഇവരെ അലട്ടുന്നുണ്ടോ ? ഇപ്പോൾ ഏറ്റവും ഒടുവിൽ നമ്മൾ ഗുജറാത്തിൽ കണ്ടത് ഭാരതത്തിലെ, ഈ ലോകത്തിലെ മനുഷ്യമനസ്സാക്ഷിയുള്ള മുഴുവൻ ആളുകളെയും ഒരുപോലെ ഞെട്ടിച്ച സംഭവമാണ്. പതിനായിരകണക്കിന് ആളുകളുടെ ജീവനും, സ്വത്തിനും നാശം സംഭവിച്ചു. അതിനെത്തുടർന്നുണ്ടായ ദുരിതാശ്വാസ പ്രവർത്തനങ്ങളെ എങ്ങനെയാണ് സംഘ് പരിവാർ കാണുന്നത് ? അവിടേയും വർഗ്ഗീയം. കിട്ടുന്ന ആശ്വാസ നിധികളൊക്കെ തട്ടിപ്പറിച്ച് ഹിന്ദുവർഗ്ഗീയവാദികൾക്ക് മാത്രം നൽകുന്ന തരത്തിലേക്ക് വർഗ്ഗീയത അന്ധതയിലേക്ക് എത്തുമ്പോൾ, അതൊരു കരാളമായ ഭീകരമായ രൂപംപൂണ്ട് ഇന്ത്യയിലെ ജനാധിപത്യ വിശ്വാസികളേയും മതേതര വിശ്വാസികളേയും അവഹേളിക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ ഉയർന്നുനിൽക്കുമ്പോൾ വർഗ്ഗീയതയെക്കുറിച്ച് കമാ എന്നൊരക്ഷരം നിങ്ങൾ ഉരിയാടുന്നുവോ ?

സർ, എങ്ങനെ അധികാരത്തിലേക്ക് കടക്കാം എന്നതിന്റെ അണിയറ ഒരുക്കങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ബി. ജെ. പി. യുമായി കൂട്ടുചേർന്ന് എങ്ങനെയും കേരളത്തിൽ അക്കൗണ്ട് തുറക്കുമെന്ന് ശ്രീ. സി. കെ. പത്മനാഭൻ അധികാരത്തിൽ വരാൻ ഞങ്ങൾ ആരുമായും കൂട്ടുകൂടുമെന്ന് ശ്രീ. ശങ്കരനാരായണൻ. ഇത് രണ്ടിന്റെയും അർത്ഥമെന്താണ്? അധികാരത്തിൽ വരാൻ ആരുമായും കൂട്ടുകൂടുമെന്ന് ശ്രീ. ശങ്കനാരായണൻ ; എങ്ങനെയും ഞങ്ങൾ അക്കൗണ്ട് തുറക്കുമെന്ന് ശ്രീ. സി. കെ. പത്മനാഭൻ ; എവിടെയാണ് കിടപ്പ്! നിങ്ങൾക്ക് എവിടെയാണ് രാജ്യത്തെക്കുറിച്ച് ഉൽക്കണ്ഠയുള്ളത് ? രാജ്യത്തെ മതന്യൂനപക്ഷങ്ങളെ നോക്കിയിട്ട് സുദർശനൻ കേരളത്തിന്റെ മണ്ണിൽ വന്നു പ്രഖ്യാപിച്ചു, നിങ്ങൾ സ്വദേശിയായിക്കൊള്ളണമെന്ന്. എന്താണ് ഇതിന്റെ അർത്ഥം ? രാജ്യത്തെ മത വിശ്വാസികളെല്ലാം സ്വദേശിയായിക്കൊള്ളണമെന്നു പറഞ്ഞാൽ അതിന്റെ പച്ചമലയാളം നിങ്ങൾ ഹിന്ദുത്വവാദികൾ ആയിക്കൊള്ളണമെന്നാണ്. ഹിന്ദുത്വവാദികൾ ആയിക്കൊള്ളണമെന്ന് രാജ്യത്തെ മതന്യൂനപക്ഷങ്ങളോട്

LIBRARY ARCHIVES Kerala Legislative Assembly

പച്ചയായി പറയുന്ന വർഗ്ഗീയവാദികൾക്കെതിരെ 'കമാ' എന്നൊരക്ഷരം ഉരിയാടാൻ ഈ മോചനയാത്രയിൽ എ. കെ. ആന്റണി തയ്യാറായോ ? ശ്രീ. എ. കെ. ആന്റണി തയ്യാറല്ല എന്നു മാത്രമല്ല എങ്ങനെയാണ് തിരിച്ച് അധികാരത്തിൽ വരികയെന്നത് മാത്രമാണ് അദ്ദേഹത്തിന്റെ ചിന്ത. ജനകീയ പ്രശ്നങ്ങളും രാജ്യം നേരിടുന്ന പ്രശ്നങ്ങളും ഇവർക്ക് ഒരു പ്രശ്നമേയല്ല. ഇവരെ ഉണ്ണിലും ഉറക്കത്തിലും അലട്ടുന്നത് എങ്ങനെ ക്ലിഫ് ഹൗസിൽ കടന്നുകൂടാം എന്ന ചിന്തയാണ്. അതുമാത്രമല്ല രാജ്യത്തിന്റെ പ്രശ്നം. ജനകീയപ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള വ്യക്തമായ കാഴ്ചപ്പാടോടുകൂടി കേരളത്തിലെയും ഭാരതത്തിലെയും ജനങ്ങളെ മുന്നോട്ടു നയിക്കുന്നവർക്കു മാത്രമേ ഭാരതത്തിന്റേയും കേരളത്തിന്റേയും രാഷ്ട്രീയ ഭാവിയിൽ സ്ഥാനമുള്ളൂ എന്ന് തെളിയിക്കുന്നതാണ് കേരളത്തിന്റെയും ഭാരതത്തിന്റെയും വർത്തമാനകാല രാഷ്ട്രീയം. ആ കാര്യത്തിൽ നിങ്ങളുടെ നിലപാട് എന്താണ് ? നിങ്ങൾക്ക് ഇക്കാര്യത്തിലുള്ള സമീപനമെന്താണ് ? എന്താണ് നിങ്ങളുടെ കാഴ്ചപ്പാട് ? ഇതുപറയാതെ ഇരുട്ടുകൊണ്ട് ഓട്ട അടച്ച് നക്കാപ്പിച്ച കാര്യങ്ങൾ പറഞ്ഞ് പോകുന്നതിൽ കാര്യമില്ല. ഇവിടെ ഇപ്പോൾ ശ്രീ. സൂപ്പി പ്രസംഗിച്ചപ്പോൾ മുസ്ലീങ്ങൾക്ക് എതിരാണ് സി.പി.ഐ.(എം) എന്നു പറഞ്ഞു. സർ, ആരെയെങ്കിലും ആക്രമിച്ച് ഒതുക്കാമെന്നത് ഒരു യാഥാർത്ഥ്യമാണെങ്കിൽ കേരളത്തിന്റെ ഭൂപടത്തിൽ ഉണ്ടാകാതെ പോകുമായിരുന്ന ഒരു പാർട്ടിയായിരുന്നേനെ സി.പി.ഐ.(എം) ; എത്രമാത്രം തീഷ്ണമായ ആക്രമണമാണ് അത് നേരിട്ടത്. തുടക്കം മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇന്നേവരെയുള്ള ചരിത്രം എടുത്തു പരിശോധിച്ചാൽ എത്രയോ തീഷ്ണമായ ആക്രമണത്തെയാണ് ഈ പാർട്ടി നേരിട്ടിട്ടുള്ളത് എന്ന് കാണാം. അതിനെയെല്ലാം അതിജീവിച്ച് ഉയർന്നു വന്നിട്ടേയുള്ളൂ, മാർക്സിസ്റ്റ് പാർട്ടി. അതിന് ജീവിക്കുന്ന ഒരു ഉദാഹരണമാണ് ഈ പാർട്ടി എന്നിരിക്കേ ആക്രമണംകൊണ്ട് ഒരാളെ ഇല്ലായ്മ ചെയ്യാൻ കഴിയുകയില്ല എന്ന് തിരിച്ചറിയുന്ന ഈ പാർട്ടി മുസ്ലീങ്ങളെ ഇല്ലാതാക്കാൻ വേണ്ടി നാദാപുരത്ത് ആക്രമിക്കുന്നോ ? ഇത് ആരെ ബോദ്ധ്യപ്പെടുത്താനാണ് സർ ? ഇത് പറഞ്ഞ് ആരേയും ബോദ്ധ്യപ്പെടുത്താൻ കഴിയുകയില്ല എന്നുമാത്രമല്ല രാജ്യത്ത് ശാന്തിയും സമാധാനവും ഉറപ്പാക്കുന്നതിന് രക്തസാക്ഷിത്വം വരിച്ച് പ്രവർത്തിക്കുന്ന പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി, നിങ്ങൾ അത് മറക്കണ്ട. നിങ്ങൾ ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാൻ നുണപ്രചരണം നടത്തുകയാണ്. ഇന്ന് ആകെയുള്ള ലക്ഷ്യം നുണപ്രചരണം ഒരു കലയാക്കി മാറ്റുക എന്നതാണ്. എന്ത് അസംബന്ധവും പറയാൻ മടി കാട്ടാതിരിക്കുക. സൂപ്പിയുടെ പ്രസംഗം അതാണ്. "നിങ്ങൾ നക്കിക്കൊല്ലാൻ നോക്കി, ഇപ്പോൾ ഞെക്കിക്കൊല്ലുന്നു" എന്നാണ് അദ്ദേഹം പറഞ്ഞത്. നിങ്ങളെ നക്കേണ്ട കാര്യവുമില്ല, ഞെക്കേണ്ട കാര്യവുമില്ല. അന്തസ്സായി ജനകീയപ്രശ്നങ്ങൾ ഉയർത്തികൊണ്ട് പോരാട്ടം നടത്തുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കേരളത്തിന്റെ മണ്ണിൽ വേരുണ്ട്. കേരളത്തിന്റെ മണ്ണിലെ വേരാണ് ഈ പ്രസ്ഥാനത്തിന്റെ സമ്പത്തെന്നിരിക്കെ ആരെയെങ്കിലും ഞെക്കിയോ ആരെയെങ്കിലും നക്കിയോ ഈ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് മുന്നോട്ടുപോകേണ്ട കാര്യമില്ല എന്ന യാഥാർത്ഥ്യം തിരിച്ചറിയണം. ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

നുണപ്രചരണ വേല സംഘടിപ്പിച്ച് ആളെ തെറ്റിദ്ധരിപ്പിച്ച് ആടിനെ പട്ടിയാക്കി അങ്ങനെ മുതലെടുത്തുകളയാമെന്ന വ്യാമോഹമൊന്നും നിങ്ങൾക്കാർക്കും വേണ്ട. ഇത് 1957 അല്ല. ശ്രീ. ജോയി അന്ന് നിങ്ങൾ അങ്കമാലിയിലെ കല്ലറയും അതുപോലെ തെക്ക് ഫ്ളോറിയെക്കുറിച്ചുമൊക്കെ വിലാപകാവ്യം രചിച്ചപ്പോൾ നിങ്ങൾക്ക് ജനങ്ങളെ കിട്ടി. ഇപ്പോൾ 57 പോയി വർഷം എത്ര പിന്നിട്ടു, ഇത് 2001-ആണ്. ഇന്ന് ആളെ കിട്ടുകയില്ല. നുണ പറഞ്ഞാൽ ആളെ കിട്ടുമായിരുന്നെങ്കിൽ പിന്നെ ഈ പ്രസ്ഥാനങ്ങൾ രാജ്യത്തിന്റെ ഭൂമുഖത്ത് ഉണ്ടായിരിക്കുമായിരുന്നോ ? അതുകൊണ്ട് നുണയെന്ന വ്യവസായമാണ് നിങ്ങൾക്ക് പ്രധാനപ്പെട്ടതെങ്കിൽ ആ വ്യവസായം കേരളത്തിന്റെ ഭൗതിക സാഹചര്യത്തിൽ തഴച്ചുവളരില്ല എന്ന മുന്നറിയിപ്പ് തരാൻ മാത്രമാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നത്. കേരളത്തിലെ കഴിഞ്ഞ അഞ്ചു വർഷത്തെ നേട്ടമെടുത്തു നോക്കൂ. ഇപ്പോൾ മോചനയാത്രയിൽ അത് മിണ്ടുന്നില്ല. മനോരമ പറയുന്നത് എന്താണ് ? കടുത്ത സാമ്പത്തിക പ്രതിസന്ധി ; ചെക്കുകൾ മടങ്ങുന്നു, കഥകൾ മെനയുകയാണ്. ഞങ്ങൾ ഒന്നു ചോദിക്കട്ടെ, 1991-ൽ കേരളത്തിൽ ആകെയുണ്ടായിരുന്ന കടബാദ്ധ്യത 3700 കോടി രൂപയാണ്. നിങ്ങൾ 1996-ൽ അധികാരം വിട്ടൊഴിയുമ്പോൾ എത്രയായിരുന്നു കടബാദ്ധ്യത? പതിനോരായിരം കോടിരൂപ. 1991-ൽ മൂവായിരത്തി എഴുന്നൂറ് കോടി രൂപയാണ് കേരളത്തിന്റെ സാമ്പത്തിക ബാദ്ധ്യതയെങ്കിൽ 1996-ൽ നിങ്ങൾ അധികാരം വിട്ടൊഴിയുമ്പോൾ പതിനോരായിരം കോടി രൂപ. അന്ന് അഞ്ചുവർഷത്തെ നിങ്ങളുടെ പദ്ധതി അടങ്കൽ എത്രയായിരുന്നു ? അയ്യായിരം കോടി രൂപ. അയ്യായിരം കോടി രൂപയുടെ എട്ടാം പഞ്ചവൽസരപദ്ധതി നിങ്ങൾ നടപ്പിലാക്കിയപ്പോൾ എണ്ണായിരം കോടി രൂപയുടെ കട ബാദ്ധ്യത വന്നു. നിങ്ങൾ അധികാരം വിട്ടൊഴിയുന്ന വർഷത്തെ തനതുകടം തന്നെ നാലുകോടി ചില്വറ. എന്നിട്ട് മിച്ചം എന്ന കള്ളക്കണക്കുണ്ടാക്കി എഴുതിവച്ചപ്പോൾ മാണിയുടെ മിച്ചമെന്നും കമ്മിയെന്നും പറയാവുന്ന ആ ബഡ്ജറ്റ് നാലു കോടിയുടെ മിച്ചം വച്ചപ്പോൾ ആ വർഷം മാത്രം ആയിരത്തിലേറെ കോടി രൂപയുടെ ബില്ലുകൾ കൊടുക്കാനുണ്ടായിരുന്നു. അങ്ങനെ ഒരു കള്ളക്കണക്കുവച്ചിട്ടല്ലേ നിങ്ങൾ പോയത് ? ഇപ്പോൾ ഞങ്ങൾ സമ്മതിക്കുന്നു. ഇരുപത്തിയോരായിരം കോടി രൂപയുണ്ട് കേരളത്തിന്റെ ബാദ്ധ്യത. ഇരുപത്തിയോരായിരത്തിന്റെ ബാദ്ധ്യത വരുമ്പോൾ—അഭിമാനപൂർവം ഞങ്ങൾ പറയുകയാണ് 1996-2001-ൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ള പഞ്ചവൽസര പദ്ധതിയെന്നു പറയുന്നത് പതിനാറായിരത്തി ഒരുന്നൂറ് കോടി രൂപയുടേതാണ്. നിങ്ങൾ അയ്യായിരം കോടിരൂപയുടെ പദ്ധതികൾ നടപ്പിലാക്കിയപ്പോൾ എണ്ണായിരം കോടിയിൽപരം രൂപ കടം. ഇപ്പോൾ മൂല്യത്തകർച്ചയുടെ നടുവിൽ പതിനാറായിരത്തിൽപ്പരം കോടിരൂപയുടെ പദ്ധതികൾ നടപ്പിലാക്കിയപ്പോൾ പതിനായിരം കോടിരൂപയേ കടമുള്ളൂ. ഇന്ന് കേരളത്തിൽ വലിയ തകർച്ചയാണ്. ഈ കടത്തിൽ വരുന്ന ആറായിരം കോടി രൂപ ജനകീയാസൂത്രണത്തിനുവേണ്ടി മാറ്റിവച്ചതാണ്. ജനകീയാസൂത്രണം റവന്യൂ ചെലവായിട്ടാണ് വരുന്നതെന്ന് ആർക്കാണ് അറിയാത്തത് ? ആയിരത്തി നാന്നൂറ് കോടിയോളം രൂപ ഉദ്യോഗസ്ഥരുടെ ശമ്പളപരിഷ്ക്കരണത്തിനാണ്.

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചാം ശമ്പള പരിഷ്ക്കരണം, ഇതിന് ആയിരത്തി നാന്നൂറ് കോടി രൂപ. നാലായിരം കോടിരൂപ കേരളത്തിലെ ഇലക്ട്രിസിറ്റി രംഗത്തുമാത്രം ഈ കഴിഞ്ഞ നാലേമുക്കാൽ കൊല്ലം കൊണ്ട് വിനിയോഗിച്ചതാണ്. ആയിരത്തിലേറെ മെഗാവാട്ട് ആയി, ഇപ്പോൾ വീണ്ടും കൂടി, ഈ വർഷത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത് 207 മെഗാവാട്ട് ആണ്. ഈ വർഷം മൂന്നുപദ്ധതികൾ പൂർത്തീകരിക്കുമ്പോൾ 207 മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നത്. എഴുപത് ശതമാനത്തിന്റെ വർദ്ധനവ്. വൈദ്യുതിയുൽപ്പാദനരംഗത്ത് നേട്ടമല്ലേ? വ്യവസായ രംഗത്ത് നൂറുശതമാനം പവർകട്ടും നാലോ അഞ്ചോ മണിക്കൂർ ഇരുളിലും ആക്കിയിരുന്ന കേരളത്തെ വെളിച്ചത്തിലേക്ക് നയിച്ചുകൊണ്ട് ഈ നാലേമുക്കാൽ വർഷം കൊണ്ട് നാലായിരം കോടിരൂപ ആണ് ഇടതുപക്ഷ ജനാധിപത്യമുന്നണി വൈദ്യുതി രംഗത്ത് ചെലവഴിച്ചത്. അത് നേട്ടമല്ലേ, അല്ല എന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? നിങ്ങൾ ഇപ്പോൾ പൊതുവിതരണത്തെക്കുറിച്ച് മിണ്ടുന്നില്ലല്ലോ. 1996-ലെ നിങ്ങളുടെ പ്രശ്നം മുഴുവൻ വിലക്കയറ്റത്തെ കുറിച്ചായിരുന്നു. ഇപ്പോൾ കേരള മോചനയാത്രയിൽ ആന്റണി വിലക്കയറ്റത്തെക്കുറിച്ച് 'കമാ' എന്നൊരക്ഷരം മിണ്ടുന്നില്ല. വിലക്കയറ്റം നിയന്ത്രിക്കാൻ ഫലപ്രദമായ നടപടി സ്വീകരിച്ച ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. 1991-1996 കാലയളവിൽ പൊതുവിതരണ സമ്പ്രദായത്തിന് എത്രകോടി രൂപയാണ് നിങ്ങൾ നീക്കിവച്ചത്? 13 കോടി രൂപ ലോൺ ആണ് നിങ്ങൾ നീക്കിവച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ നാലേമുക്കാൽ വർഷത്തിനിടയിൽ രണ്ടായിരം കോടി രൂപ ഗ്രാന്റായി കൊടുത്തു. ചുമ്മാതല്ല വില നിയന്ത്രിച്ചിരിക്കുന്നത്. കോടിക്കണക്കിന് രൂപ സബ്സിഡിയായി ഈ രംഗത്ത് നൽകിക്കൊണ്ട്, നൂറോളം പുതിയ മാവേലി സ്റ്റോറുകൾ തുറന്നുകൊണ്ട് ഈ ഗവൺമെന്റ് ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിച്ചതിന്റെ ഭാഗമായാണ് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെട്ടതും വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞതും. നിങ്ങൾക്ക് ഇത് നിഷേധിക്കാൻ കഴിയുമോ? നിങ്ങൾ 13 കോടി രൂപ ലോൺ ആയിട്ട് കൊടുത്തു. ഇരുന്നൂറോളം കോടി രൂപ ഗ്രാന്റ് നൽകിക്കൊണ്ട് പൊതുവിതരണസമ്പ്രദായം ശക്തിപ്പെടുത്തിയ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ നിങ്ങൾക്ക് എങ്ങനെയാണ് കുറ്റം പറയാൻ കഴിയുക? പരമ്പരാഗത മേഖലയെടുക്കൂ, കശുവണ്ടി വ്യവസായ രംഗത്ത് 1991-1996-ലെ സ്ഥിതിയെന്തായിരുന്നു! നിങ്ങൾ അഞ്ചുവർഷം കൊണ്ട് 157 ദിവസത്തെ തൊഴിൽ കൊടുത്തു. ഒരു വർഷം പന്ത്രണ്ടു ദിവസം. സർ, 1995 വർഷത്തിലെ തിരുവോണത്തിന് കാഷ്യൂ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ബോണസ് ലഭിക്കുന്നതിനുവേണ്ടി ജയിലിൽ കിടന്ന ആളുകളാണ് ഞാൻ അടക്കമുള്ളവർ. കശുവണ്ടി മേഖലയിലെ പത്തുനൂറിലേറെ തൊഴിലാളികൾക്ക് ബോണസു വേണമെന്ന് ഞങ്ങൾ പറഞ്ഞതിന്റെ പേരിൽ, ശ്രീ. കരുണാകരനും ശ്രീ. ആന്റണിയും തമ്മിലടിക്കുന്ന കാലത്ത്, ഞാനടക്കമുള്ളവരെ പിടിച്ച് ജയിലിലിട്ടു. ഇന്ന് ആ സ്ഥിതിയുണ്ടോ സർ? ഇന്ന് ഒരാഴ്ച മുമ്പേ ബോണസ് കിട്ടും. ഈ വർഷം 230 ദിവസമാണ് കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ. നിങ്ങൾ ആരെയാണ്

LIBRARY ARCHIVES Kerala Legislative Assembly

മോചിപ്പിക്കാൻ പോകുന്നത് ? ഏത് തൊഴിലാളിയുടെ മുന്നിലാണ് നിങ്ങളുടെ മോചനം ? പന്ത്രണ്ടു ദിവസം തൊഴിൽ കിട്ടിയ തൊഴിലാളികളുടെ മുമ്പിൽ, ഇരുന്നൂറ്റിമുപ്പതു ദിവസം തൊഴിൽ കൊടുത്ത ഇടതുമുന്നണിയെ ആണോ നിങ്ങൾ മോചിപ്പിക്കാൻ പോകുന്നത് ? നിങ്ങളുടെ മോചനം എവിടെയെന്ന് തൊഴിലാളികൾ തീരുമാനിക്കും. കാഷ്യൂ കോർപ്പറേഷന്റെ മുപ്പതു വർഷത്തെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇരുന്നൂറിനുമേൽ ദിവസം തൊഴിൽ കൊടുക്കാൻ കഴിഞ്ഞത്. ഇത് ആന്റണിക്കോ, ഐക്യജനാധിപത്യമുന്നണിക്കോ നിഷേധിക്കാൻ കഴിയുന്ന കാര്യമാണോ ? ഇരുന്നൂറോളം കോടി രൂപയാണ് കാപ്പക്സും കാഷ്യൂഡെവലപ്പ്മെന്റ് കോർപ്പറേഷനും പ്രവർത്തിക്കാനായിട്ട് കൊടുത്തിട്ടുള്ളത്. ഇനി അത്യാവശ്യം പണം വേണം. കടുത്ത സാമ്പത്തിക പ്രതിസന്ധിയാണെങ്കിലും, വ്യക്തമായ ദിശാബോധമുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഏത് പ്രതിസന്ധിക്കിടയിലും പട്ടിണികിടക്കുന്ന തൊഴിലാളികളെ സംരക്ഷിക്കാൻ ജനങ്ങളോടൊപ്പമുണ്ടെന്നുള്ളതിന്റെ തെളിവായാണ് ഈ പ്രതിസന്ധിക്കു നടുവിലും ഈ മേഖലയിൽ കൈവരിച്ച പുരോഗതി ചൂണ്ടിക്കാണിച്ചത്. കയർ മേഖലയോ ? കയർത്തൊഴിലാളികൾക്ക് നിങ്ങൾ കഴിഞ്ഞ പ്രാവശ്യം എത്ര രൂപയാണ് പെൻഷൻ കൊടുത്തത്? ഒരു വർഷത്തിൽ മൂന്നുമാസം. ആകെ ഒരു വർഷമെടുത്താൽ കയർത്തൊഴിലാളികൾക്ക് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഒരു കൊല്ലത്തിൽ രണ്ടും മൂന്നും മാസമാണ് പെൻഷൻ കിട്ടുന്നത്. ഇപ്പോഴോ 12 മാസമാണ് കൊടുക്കുന്നത്. 127 കോടി രൂപയാണ് ആ മേഖലയിൽ റിബേറ്റിനത്തിൽ സഹകരണസംഘങ്ങൾക്കായി നാലേമുക്കാൽ വർഷം കൊണ്ട് കൊടുത്തത്. ആ കയർത്തൊഴിലാളികളുടെ മുന്നിലാണ് നിങ്ങളുടെ മോചനം. എവിടെയാണ് മോചനമെന്നത് കയർത്തൊഴിലാളികൾ ജീവിതാനുഭവത്തിലൂടെ തിരിച്ചറിയുന്നതാണ്. കൈത്തറി മേഖലയോ ? കൈത്തറി മേഖലയിൽ നിങ്ങൾ 65 കോടി രൂപ കുടിശ്ശിക റിബേറ്റ് ഇനത്തിൽ ഉള്ളതുപോലും കൊടുക്കാത്തവരാണ്. ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആ 65 കോടി രൂപ കൊടുക്കുക മാത്രമല്ല 127 കോടി രൂപ ഇപ്പോൾ പുതുതായും കൊടുത്തു. അങ്ങനെ കൈത്തറി മേഖലയും കൈത്തറി സൊസൈറ്റികളും സുഗമമായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. അവിടത്തെ പ്രശ്നങ്ങളെല്ലാം തീർന്നു എന്നല്ല ഞങ്ങൾ പറയുന്നത്. പക്ഷേ കുറെയേറെ മുന്നോട്ട് പോകാൻ കഴിഞ്ഞു. കൈത്തറി തൊഴിലാളികളുടെ മുന്നിൽ നിങ്ങളുടെ മോചന യാത്രയുടെ അർത്ഥമെന്താണ് ? ജീവിതാനുഭവങ്ങളിൽക്കൂടിയാണ് തൊഴിലാളികൾ ഏത് മുന്നണിയെ പിന്തുണയ്ക്കണമെന്ന് തിരിച്ചറിയുന്നത്. മത്സ്യത്തൊഴിലാളികളുടെയോ ? മത്സ്യത്തൊഴിലാളികൾക്ക് 25,000 രൂപയാണ് നിങ്ങളുടെ കാലത്ത് അപകടമരണത്തിന് ആശ്വാസധനമായി നൽകിയിരുന്നത്. ഇപ്പോൾ അത് എത്രയാണെന്ന് അറിയാമോ ? രണ്ടരലക്ഷം രൂപയാണ് കൊടുക്കുന്നത്. ഒരു ലക്ഷം രൂപ ക്ഷേമനിധി വഴിയും ഒന്നരലക്ഷം രൂപ ഇൻഷ്വറൻസ് വഴിയും. ജീവിച്ചിരിക്കുന്ന തൊഴിലാളികൾക്ക് ഒട്ടേറെ ആശ്വാസ പദ്ധതികൾ ഉണ്ട്. അപകടത്തിൽ മരിച്ചു പോകുന്നവരുടെ ആശ്രിതർക്ക് 25,000 രൂപ കൊടുത്ത സ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി രണ്ടരലക്ഷം രൂപയാണ് കൊടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ വീട് വയ്ക്കുന്നതിന് കൊടുത്തിരുന്ന 35,000 രൂപ ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെ 40,000 രൂപയാക്കി ഉയർത്തി. മൂന്നരലക്ഷം ആളുകൾക്കാണ് പട്ടയം കൊടുത്തത്. റവന്യൂ മന്ത്രിയോട് ചോദിച്ചു നോക്കൂ. ഇനി പട്ടയം കൊടുക്കാനുള്ളവർക്ക് മുഴുവൻ 3 മാസത്തിനുള്ളിൽ കൈവശാവകാശരേഖയോ പട്ടയമോ കൊടുക്കും. ആ പ്രദേശത്ത് വീട് വയ്ക്കുന്നത് എങ്ങനെയാണെന്ന് അറിയാമോ ? ഈ ഗവൺമെന്റ് പട്ടയം കൊടുത്തതുകൊണ്ടാണ് അവർ വീട് വയ്ക്കുന്നത്. നിങ്ങളുടെ കാലത്ത് കഴിയുമായിരുന്നോ ? ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികൾക്ക് പട്ടയമോ കൈവശരേഖയോ കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള മുഴുവൻ ആളുകൾക്കും ഈ വരുന്ന 3 മാസത്തിനുള്ളിൽ കൊടുക്കും. നിങ്ങളിതൊന്നും വായിച്ചു നോക്കിക്കാണുകയില്ല. ശ്രീ. ജോണി നെല്ലൂർ 3 ദിവസമായി ഈ നയപ്രഖ്യാപനം വായിക്കുകയാണ്. എന്ത് വായനയാണ് ? ഓരോ മേഖല എടുത്തു നോക്കിയാലും അദ്ധ്വാനിക്കുന്നവരുടെ, പണിയെടുക്കുന്നവരുടെ വികാരം എന്തെന്ന് തിരിച്ചറിയുന്ന ഈ ഗവൺമെന്റ് അവരുടെ വികാരം അനുസരിച്ച്, അവർക്ക് ആശ്വാസം എത്തിക്കാനുള്ള പ്രതിജ്ഞാബദ്ധതയാണ്, രാഷ്ട്രീയ ഇച്ഛാശക്തിയാണ് ഈ നയപ്രഖ്യാപന രേഖയിലൂടെ പ്രകടമാക്കുന്നത്. അതുപോലെ കർഷകരുടെ കാര്യം എടുത്തു നോക്കാം. 20 ഹെക്ടർ വരെ റബ്ബർകൃഷിയുള്ള കർഷകരെ ടാക്സിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇറക്കുമതി നയംമൂലം നട്ടെല്ല് ഒടിയുന്ന റബ്ബർ കൃഷിക്കാരുടെ പ്രശ്നം ശ്രീ. തങ്കച്ചന് ഒരു പ്രശ്നമല്ലല്ലോ. 5 ഏക്കർ വരെ കൃഷി ചെയ്യുന്നവർക്ക് വൈദ്യുതി ഫ്രീ. അതു കൂടുതൽ വ്യാപിപ്പിക്കാനാണ് ഇതിനകത്ത് പറയുന്നത്. കോൺഗ്രസുകാർ ഇതൊന്നും നോക്കിയാൽ കാണുകയില്ല. നിങ്ങളുടേത് അപാരമായ കണ്ണ് തന്നെ. എന്തായാലും നിങ്ങൾ കണ്ണട വയ്ക്കണം. ഒന്നു സൂക്ഷിച്ചുനോക്കിയാൽ കേരളം നേരിടുന്ന പ്രശ്നമെന്താണ്, അതിന് പരിഹാരം എന്താണെന്ന് ഇതിനകത്ത് കാണാം. ഭൂചലനത്തിന്റെ പശ്ചാത്തലത്തിൽ ജിയോളജി വകുപ്പിനേയും മൈനിംഗ് വകുപ്പിനേയും ഗവേഷണ സ്ഥാപനങ്ങളേയും മറ്റ് വിവിധങ്ങളായ ഏജൻസികളേയും കൂട്ടി യോജിപ്പിച്ചുകൊണ്ട് കേരളം ഇന്ന് നേരിടുന്ന ഈ ഭീഷണിയെ എങ്ങനെ അതിജീവിക്കാൻ കഴിയുമെന്ന കാഴ്ചപ്പാടടക്കം ഇതിനകത്ത് ഉണ്ട്. നിങ്ങൾ നോക്കിയാൽ ഇതൊന്നും കാണുകയില്ല. ഗുജറാത്തിൽ നടന്ന, നാടിനെ നടുക്കിയ, ജനലക്ഷങ്ങളെ നടുക്കിയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ 400 കിലോമീറ്റർ ദൂരത്തിൽ ഉണ്ടാകുന്ന ചലനങ്ങൾ മനസിലാക്കി, ആ ഭീഷണി എങ്ങനെ അതിജീവിക്കാം എന്ന് കണ്ടുകൊണ്ട് ഈ പ്രശ്നങ്ങളുടെ നടുവിൽ തയ്യാറാക്കിയ നയപ്രഖ്യാപന രേഖ..... ഭൂചലനത്തിന്റെ ഭീഷണി അതിജീവിക്കാൻ ഗവേഷണ സ്ഥാപനങ്ങളേയും വിവിധ ഏജൻസികളേയും കൂട്ടി യോജിപ്പിച്ചു കൊണ്ട് തയ്യാറാക്കിയ സമഗ്രമായ ഒരു കാഴ്ചപ്പാടടങ്ങുന്ന ഒരു പ്രഖ്യാപനമാണ് ഈ നയപ്രഖ്യാപന പ്രസംഗം. ഇതൊന്നും നിങ്ങൾക്ക് കാണാൻ കഴിയാതെ പോയത് ഞങ്ങളുടെ കുഴപ്പം കൊണ്ടല്ല. അധികാരം ലഭിക്കാത്തതിന്റെ അന്ധത അനുഭവിക്കുന്ന, കണ്ണിന് കാഴ്ച നഷ്ടപ്പെട്ടുപോയ ഐക്യജനാധിപത്യമുന്നണിക്ക് ഇതിനപ്പുറം ഒന്നും പറയാൻ കഴിയുകയില്ല. അവർ അന്ധതയിലാണ് ; ആര്

LIBRARY ARCHIVES Kerala Legislative Assembly

വിചാരിച്ചാലും രക്ഷിക്കാനാകാത്ത ദുരിതത്തിലാണ് അവർ അകപ്പെട്ടിരിക്കുന്നത് എന്നുള്ളതുകൊണ്ട്, വ്യക്തമായ ലക്ഷ്യബോധത്തോടുകൂടി, കേരളത്തിന്റെയും ഭാരതത്തിന്റെയും ഭാവിയെ ലാക്കാക്കി വ്യക്തമായ ദിശാബോധത്തോടുകൂടി നീങ്ങുന്ന ഈ മുന്നണി ഗവൺമെന്റിന്റെ നയപ്രഖ്യാപന രേഖയായതുകൊണ്ട് ഇതിനെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്. ഗവർണറെക്കൊണ്ട് പ്രസംഗിപ്പിച്ച ഈ നയപ്രഖ്യാപന പ്രസംഗം ഒരു കോൺസ്റ്റിറ്റ്യൂഷണൽ മോക്കറിയാണ്. കാരണം എന്താണ് ? നയപ്രഖ്യാപന പ്രസംഗം ഭരണഘടനാവ്യവസ്ഥയനുസരിച്ച് ചെയ്യേണ്ടതാണ്. അത് ചെയ്യുമ്പോൾ, വേണ്ടപോലെ ചെയ്യണ്ടേ സർ ? ഇതൊരു മോക്കറിയാണ്, ഗോഷ്ടിയാണ്. ഭരണഘടനയോട് കാണിച്ച ഗോഷ്ടിയാണ്. അതാണ് മംഗളം ദിനപ്പത്രത്തിൽ പറയുന്നത്, നയം വ്യക്തമാക്കാത്ത നയപ്രഖ്യാപനം, ദീപികയുടെ എഡിറ്റോറിയലിൽ പയുന്നത്, "എങ്കിലും അനുചിതമായ പരാമർശങ്ങളും ആക്ഷേപാർഹമായ നിശബ്ദതയും കൊണ്ട് നയപ്രഖ്യാപനം തീർച്ചയായും ശ്രദ്ധ പിടിച്ചുപറ്റുന്നുണ്ട്. സർക്കാരുകളുടെ നാമമാത്രമായ തലവൻമാരായ ഗവർണറെക്കൊണ്ട് നാവിൽ കൊള്ളാത്തത് പ്രസംഗിപ്പിക്കുന്ന ഏർപ്പാട് ഇങ്ങനെ ഒരു അവസരത്തിൽപോലും ഒഴിവാക്കിയില്ല എന്നുള്ളത് ഖേദകരം തന്നെയാണ്." മലയാള മനോരമയിൽ പറയുന്നത്, "പ്രഖ്യാപനങ്ങൾക്ക് പോലും പഞ്ഞം, ക്ഷീണിച്ച സർക്കാരിന്റെ ചിത്രം, അതേ സമയത്ത് വൈരുദ്ധ്യാത്മകതയാണ്, ഭരണഘടനയോട് പ്രതിബദ്ധതയില്ലാത്തതാണ്. പക്ഷേ ഗവർണറെകൊണ്ട് 8-ാം ഖണ്ഡികയിൽ പറയിപ്പിച്ചിരിക്കുന്നത് "നമ്മുടെ ഭരണ ഘടനയ്ക്ക് അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശ്രമങ്ങളെ സംബന്ധിച്ച് വിവിധ ഭാഗങ്ങളിൽ നിന്നും ഉത്ക്കണ്ഠ രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ പാർലമെന്ററി ജനാധിപത്യ സംവിധാനം ശക്തിപ്പെടുത്തുക എന്നതാണ് ഇന്നത്തെ ആവശ്യം." ഞാൻ അത്ഭുതപ്പെട്ടുപോയി. കമ്മ്യൂണിസ്റ്റ് ആചാര്യനായിരുന്ന ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ തത്വശാസ്ത്രത്തിൽ നിന്നും മാർക്സിസ്റ്റ് പാർട്ടി പിന്നോട്ട് പോവുകയാണോ? പിന്നോട്ട് പോയിരിക്കുകയാണെന്ന് സമ്മതിക്കാതിരിക്കാൻ നിർവാഹമില്ല. അതുകൊണ്ടാണ് സഖാവ് പി. ഗോവിന്ദപ്പിള്ള ജനുവരി 20-ാം തീയതി പറഞ്ഞത് ; ഇടതു പാർട്ടികൾ താൽക്കാലികമായ ലാഭത്തിന് വേണ്ടി പാർലമെന്ററി വ്യാമോഹത്തിന് അടിമപ്പെട്ടുപോയിട്ടുണ്ട് എന്ന്. അതു സത്യമല്ലേ? ഇപ്പോൾ ശ്രീ. ഗോവിന്ദൻ മാസ്റ്റർ പ്രസംഗിച്ചത് ഞങ്ങൾ എന്ത് ചെയ്തും അടുത്ത തെരഞ്ഞെടുപ്പിൽ അധികാരം പിടിച്ചെടുക്കാനുള്ള സംവിധാനം ഉണ്ടാക്കുമെന്നാണ്. അതിന് ഇപ്പോൾ നിങ്ങൾക്കുള്ള പേടിയെന്താണ് ? ഒരൊറ്റ പേടിയെയുള്ളൂ. ആന്റണിയുടെ കേരള മോചനയാത്ര. ശ്രീ. ആന്റണിയുടെ കേരള മോചനയാത്ര കടന്നുപോകുമ്പോൾ ഭയപ്പെടുന്ന നിങ്ങൾക്ക് ശ്രീ. ആന്റണിയുടെ മോചനയാത്ര ഇല്ലായിരുന്നെങ്കിൽ ഇവിടെ പ്രസംഗിക്കാൻ നിങ്ങൾക്ക് വിഷയമുണ്ടാകുമായിരുന്നില്ല. ശ്രീ. ആന്റണിക്ക് മുമ്പ് രണ്ട് ജനമുന്നേറ്റ യാത്ര നിങ്ങൾ നടത്തിയില്ലേ ?ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ബേബിയുടെയും പടമുന്നേറ്റമായിരുന്നു ; ധന മുന്നേറ്റമായിരുന്നു. ശ്രീ. പി. ബാലൻ വൈദ്യർ പറഞ്ഞു, ഞങ്ങളുടെ മോചന ജാഥയിൽ പണം ഒഴുകുകയാണെന്ന്. ശ്രീ. എം. എ. ബേബി നയിച്ച ജാഥ ഞാൻ കണ്ടു. എവിടെ നിന്ന് കൊണ്ടുവന്ന ആളുകളാണ് എന്ന് എനിക്കറിയില്ല. ആലപ്പുഴയിൽ ഉള്ളവരല്ലായിരുന്നു. വെൽ ഡ്രസ്ഡ്, പണത്തിന്റെയും മസ്സിൽപവറിന്റെയും പ്രകടനം കാണാമായിരുന്നു. ഇങ്ങനെ രണ്ട് ജാഥ നടത്തി ക്ലച്ച് പിടിക്കാത്തപ്പോൾ ശ്രീ. എ. കെ. ആന്റണിയുടെ ജാഥ കണ്ട് അവർ അങ്കലാപ്പിലായിരുന്നു. ഇപ്പോൾ ആറ് ജാഥകൾ നടത്താൻ പോവുകയാണ്. ക്ലച്ച് പിടിക്കാത്തവർക്ക് ക്ലച്ച് പിടിക്കാത്ത ഒരു സാഹചര്യമാണിത്. ഇവിടെ പറഞ്ഞല്ലോ, വളരെ ഗംഭീരമായ ഒരു ഭരണമാണ് കഴിഞ്ഞ 5 വർഷം നടത്തിയതെന്ന്. ആ 5 വർഷത്തെ ഭരണമൊന്ന് വിലയിരുത്തണം സർ. ഇവിടെ 3-ാമത്തെ പാരായിൽ പറഞ്ഞിരിക്കുന്നത് "കേരളത്തെ പുരോഗതിയുടെയും സമൃദ്ധിയുടെയും പാതയിലെത്തിച്ചുകൊണ്ട് എന്റെ ഗവൺമെന്റ് അതിന്റെ ഇപ്പോഴത്തെ കാലാവധി ജയാഘോഷത്തോടെ നിസ്സംശയം പൂർത്തിയാക്കുന്നതാണ് എന്നാണ്. വാസ്തവത്തിൽ ഇങ്ങനെ പറയാൻ നിങ്ങൾക്ക് നാണമുണ്ടോ ? ഇവിടെ വിദ്യാഭ്യാസ മന്ത്രി പറഞ്ഞു ഡി. പി. ഇ. പി. യിലെ കുട്ടികൾ, അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ അച്ഛൻ, അമ്മ, പക്ഷി എന്നൊക്കെ എഴുതിയെന്ന്. ഞങ്ങളുടെയൊക്കെ കാലത്ത് ഒന്നാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഇതൊക്കെ എഴുതിയിട്ടുള്ളത്. ഇപ്പോൾ അത് രണ്ടാം ക്ലാസിലേക്ക് കൊണ്ടുപോയിരിക്കുന്നു. പുരോഗതി താഴോട്ടു കൊണ്ടുപോയിരിക്കുകയാണ്. ഞങ്ങൾ ഒന്നാം ക്ലാസിൽ പഠിച്ചപ്പോൾ അച്ഛൻ, അമ്മ, പറ, പന എന്നൊക്കെ എഴുതിയവരാണ്. ഇപ്പോൾ രണ്ടാം ക്ലാസിൽ പോയപ്പോഴാണ് അവർ എഴുതുന്നത്. ഞങ്ങൾ ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ ഇതൊക്കെ സുന്ദരമായിട്ട് തന്നെ എഴുതി. ഇപ്പോൾ എഴുത്തില്ല. അതു മാത്രമാണോ ? പിന്നെ ശിശുക്ഷേമ സമിതി. പിള്ളേരെ പഠിപ്പിക്കുക മാത്രമല്ല, നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് ; ശിശുക്ഷേമം കൂടി നിങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. അവിടെ ആരൊക്കെയാണ് ആജീവനാന്ത അംഗങ്ങൾ ? മണിച്ചൻ, കൊച്ചനിയൻ, സുനിൽദത്ത്, ഹയറുന്നീസ എന്നിവരാണ്. ഇതൊക്കെ അവിടെ ഇരിക്കുന്നവർക്ക് ഓർമ്മ ഉണ്ടാവുകയില്ല. പണ്ട് പാർലമെന്റിലേക്കും അസംബ്ലിയിലേക്കും ഒരുമിച്ച് തെരഞ്ഞെടുപ്പ് നടത്തുമ്പോൾ രണ്ട് പെട്ടി വയ്ക്കുമായിരുന്നു. ഒന്ന് അസംബ്ലിയിലേക്ക് വോട്ട് ചെയ്യാൻ. അതുകഴിഞ്ഞ് രണ്ടാമത് പാർലമെന്റിലേക്കുള്ള ബാലറ്റ് പേപ്പർ വാങ്ങിയിട്ടു വേണം പാർലമെന്റിലേക്ക് വോട്ട് ചെയ്യാൻ. ഇപ്പോൾ ശിശുക്ഷേമ സമിതിയിലും രണ്ട് പെട്ടി വച്ചാണ് വോട്ടിംഗ് നടത്തിയിരിക്കുന്നത്. ഹൈക്കോടതി പറഞ്ഞു, പോലീസിന്റെ സാന്നിധ്യത്തിൽ ആദ്യത്തെ പെട്ടിയിൽ വോട്ട് ചെയ്യണം എന്ന്. എന്തിനെന്നറിയാമോ ? നിങ്ങളെ ആജീവനാന്തം അംഗങ്ങളായതിന് മുമ്പുള്ള പഴയ അംഗങ്ങൾ ഉണ്ടല്ലോ. പിന്നെ മണിച്ചനും സെറ്റിനും മാർക്സിസ്റ്റ് പാർട്ടിയുടെ ആളുകൾക്കുംകൂടി രണ്ടാമത്തെ പെട്ടിയിൽ ചെയ്യാൻ പറഞ്ഞിരിക്കുന്നു. അത് പണപ്പെട്ടി. ക്രമസമാധാനം വളരെ മെച്ചമാണ് എന്നല്ലേ ഇവിടെ പറഞ്ഞത് ?.എന്റെ സുഹൃത്തേ, 21-2-2000-ലെ, 13-ാം സമ്മേളനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

തന്ന ക്വസ്റ്റ്യൻ ആൻസർ ബുക്ക്. ആ ക്വസ്റ്റ്യൻ ആൻസർ ബുക്കിൽ, 90-ാം നമ്പർ ക്വസ്റ്റ്യൻ.....ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പോലീസുകാർ പ്രതികളായി എത്ര കേസുകൾ ഉണ്ടായിട്ടുണ്ട് ? ഉത്തരം: 653 എണ്ണം. ഇന്നത്തെ ക്വസ്റ്റ്യൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ പ്രതികളായിട്ട് എത്ര കേസുകൾ ഉണ്ടായിട്ടുണ്ട് ? 813 എണ്ണം. എന്നുവച്ചാൽ ഒരു കൊല്ലം കൊണ്ടുള്ള വർദ്ധനവ് 160 കേസുകൾ. പോലീസുകാരെ പ്രതികളാക്കിയുള്ള കേസുകൾ 160 എണ്ണം വർദ്ധിച്ചു. ഇന്നു രാവിലെ തന്നതാണ് ഇതൊക്കെ റിപ്പോർട്ട് ചെയ്ത കേസുകൾ. അപ്പോൾ റിപ്പോർട്ട് ചെയ്യാത്ത കേസുകളുടെ അവസ്ഥ എന്തായിരിക്കും ? 6-3-2000-ൽ നടന്ന ബോംബ് സ്ഫോടനം.... ബോംബ് സ്ഫോടനം 282. മരിച്ചവർ 72. അംഗഭംഗം വന്നവർ 14. പരിക്കേറ്റവർ 252. അത് കഴിഞ്ഞ് പാലത്തിനടിയിലൂടെ വെള്ളം എത്ര ഒഴുകിപ്പോയി. മനോരമയുടെ നവംബർ 13-ാം തീയതിയിലെ..... പ്രിയപ്പെട്ട സഹോദരി മെഴ്സിക്കുട്ടിയമ്മയെ കാണുന്നില്ല. ഈ ബൈബിൾ വായന കേൾക്കാൻ ആരും ഇഷ്ടപ്പെടുന്നില്ല. അവരെല്ലാം ചങ്ങലയ്ക്ക് പോയിരിക്കുകയാണ്. സി.പി.ഐ. (എം) നിയന്ത്രണത്തിലുള്ള കെട്ടിടത്തിൽ ബോംബ് പൊട്ടി 5 പേർക്ക് പരിക്ക്. സ്ഫോടനം, സ്ഫോടകവസ്തു കൈകാര്യം ചെയ്തപ്പോൾ എന്ന് പോലീസ് നിഗമനം- നവംബർ 13. സി. പി. ഐ. ഓഫീസിൽ സ്ഫോടനം. ബോംബ് കൈമാറുന്നതിനിടെ. നവംബർ 16. പോലീസ് രാഷ്ട്രീയം കളിച്ച്, ബോംബ് കേസിൽ തിരിമറി. ഇതൊക്കെ ഈ സമയത്ത് ഉണ്ടാകുന്നതാണ്. ജനുവരി 18 - ബോംബ് സ്ഫോടനം- സ്കൂൾ വിദ്യാർത്ഥിയുടെ വിരലറ്റു. തലശ്ശേരി എരിഞ്ഞോളി പാലത്തിനടുത്ത് ആൾപാർപ്പില്ലാത്ത വീട്ടിൽ ബോംബ് പൊട്ടി രണ്ടു വിദ്യാർത്ഥികൾക്കു പരിക്കേറ്റു. നിർമ്മാണത്തിനിടയ്ക്ക് സ്ഫോടനം എന്ന് പോലീസ് പറഞ്ഞു. അപ്പോൾ എവിടെവരെ എത്തിയിരിക്കുന്നു സ്ഥിതിഗതികൾ? അത് കഴിഞ്ഞ് വേറെ ഉണ്ടായില്ലേ ? ഇവിടെ കണ്ണൂർ പ്രശ്നത്തെ സംബന്ധിച്ച് അടിയന്തിര പ്രമേയം വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത് ? ബാലകൃഷ്ണൻ മാഷിനോടും ജയകൃഷ്ണൻമാഷിനോടും ഒപ്പം രണ്ടെണ്ണത്തിനെ കൊന്നു. C P M-ലെ കുഞ്ഞികൃഷ്ണനോടൊപ്പം മൂന്നെണ്ണത്തിനെ കൊന്നു. അത് കഴിഞ്ഞ് തലശ്ശേരിയിൽ 24 മണിക്കൂറിനുള്ളിൽ നടത്തിയ കൊലപാതകങ്ങൾ എത്രയെന്നറിയാമോ ? നാലെണ്ണം. റിക്കോർഡ് എടുത്തില്ലേ സാർ ? അത് മാത്രമോ ? തലശ്ശേരിയിൽ എ.എസ്.പി.യെ ബോംബെറിഞ്ഞില്ലേ ? അക്രമം അമർച്ച ചെയ്യാൻ എത്തിയ പോലീസിന്റെ നേരെ മാർക്സിസ്റ്റുകാരും ബി. ജെ. പി. ക്കാരും ബോംബ് ആക്രമണം നടത്തിയില്ലേ ? പോലീസിന്റെ വാൻ കത്തിച്ചില്ലേ? കണ്ണൂരിൽ ഇപ്പോൾ ബോംബിന് വില എത്രയെന്നറിയാമോ ? 100 രൂപ. അവിടെ ആരാണ് പറഞ്ഞത്.....ഞങ്ങൾക്ക് രാഷ്ട്രീയ പ്രവർത്തനം ഇല്ല. കോൺഗ്രസുകാർക്ക്. ഐക്യജനാധിപത്യമുന്നണിക്ക് രാഷ്ട്രീയ പ്രവർത്തനം ഇല്ല. ഇവർക്കേ ഉള്ളൂ. ഇടതുപക്ഷത്തിനേ ഉള്ളൂ. അവർ പ്രതിപക്ഷത്തിരുന്നാൽ ദിവസവും സമരം. ഭരണത്തിൽ ഇരുന്നാൽ പിടിച്ചു പറിയും. ബോംബ് നിർമ്മാണം ഇപ്പോൾ കുടിൽ വ്യവസായത്തിലേയ്ക്കു പോയിരിക്കുകയാണ്. അത് മാത്രമാണോ ? രാഷ്ട്രീയ കൊലപാതകങ്ങൾ. ഒരു വർഷത്തിനുമുമ്പുള്ള

LIBRARY ARCHIVES Kerala Legislative Assembly

കണക്ക് 47. വിദ്യാർത്ഥികളുടെ കൊല. 52 വിദ്യാർത്ഥികളെ കൊലപ്പെടുത്തി. അതിൽ ആറു വിദ്യാർത്ഥികളുടേത് രാഷ്ട്രീയ കൊലപാതകങ്ങൾ ആയിരുന്നു. എന്നിട്ട് ഇപ്പോഴും തീർന്നോ സർ ? സി.പി.എം. നേതാവിന്റെ വീട്ടിൽ അയൽവാസിയെ കഴുത്തറുത്തു കൊന്നു. ഫോട്ടോ സഹിതമാണ് പത്രത്തിൽ വാർത്ത വന്നത്. ജനുവരി 13-നാദാപുരത്ത് സമാധാന ശ്രമങ്ങൾക്കിടയിൽ തീ വയ്പ്. ഇതാണ് സർ അവരുടെ പോക്ക്. അത് മാത്രമാണോ സർ ? എങ്കിൽ സഹിക്കാമായിരുന്നു. ഈ യുവാക്കൾ മനുഷ്യച്ചങ്ങലയ്ക്ക് കൈപിടിക്കുവാൻ പോയിരിക്കുകയാണ്. യുവാക്കളും കൊച്ചു പിള്ളേരും ഇപ്പോൾ എന്താണ് ചെയ്യുന്നത് ? ചാപ്പ കുത്തൽ. നമ്മുടെ റവന്യൂ മന്ത്രി ഇരിപ്പുണ്ട്. യൂണിവേഴ്സിറ്റി യുവജനോൽസവത്തിൽ ചാപ്പ കുത്തലിന്റെ മൂകാഭിനയം നടത്തി. മൂകാഭിനയം കാണിച്ച് ഫസ്റ്റ് പ്രൈസ് കിട്ടി. ഫസ്റ്റ് പ്രൈസ് കിട്ടിയാൽ മാർക്സിസ്റ്റുകാർക്ക് സഹിക്കാൻ കഴിയുമോ? അവർ പ്രൈസ് കിട്ടിയവർ വിജയാഹ്ലാദത്തോടെ പുറത്തിറങ്ങിവന്നപ്പോൾ അടി കൊടുത്തു. ഞാൻ ഈ റിപ്പോർട്ട് വായിക്കാം. "ചാപ്പ കുത്തൽ അവതരിപ്പിച്ച് മർദ്ദനമേറ്റ വിദ്യാർത്ഥി പരാതി നൽകി." കായംകുളം -"ചാപ്പകുത്തൽ മൂകാഭിനയം അവതരിപ്പിച്ച് ഒന്നാം സ്ഥാനം നേടിയ എം.എസ്.എം. കോളേജിലെ ടീം ആഹ്ലാദപ്രകടനം നടത്തുന്നതിനിടയിൽ അവർക്ക് മർദ്ദനമേറ്റു." ബഹുമാനപ്പെട്ട രാജേന്ദ്രൻ ശ്രദ്ധിക്കണേ! മർദ്ദനമേറ്റ ആർട്സ് ക്ലബ് സെക്രട്ടറിയും എ.ഐ.എസ്.എഫ്. നേതാവുമായ എ. ഷിജിയെ ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മൂകാഭിനയം അല്ലേ നടത്തിയത് ? ആ കുട്ടി മൂകാഭിനയം നടത്തി. ഫസ്റ്റ് പ്രൈസ് അടിച്ചപ്പോൾ അതിനുപോലും സഹിഷ്ണുത ഇല്ലാത്ത മാർക്സിസ്റ്റുകാർ..... സർ, ഇന്നത്തെ പത്രത്തിൽ കണ്ടില്ലേ ? പടം ഉണ്ട്. അന്ധ വിദ്യാർത്ഥികളെ മർദ്ദിച്ച് അവശരാക്കിയിരിക്കുന്നു. അവരുടെ പടമുണ്ട്. യൂണിവേഴ്സിറ്റിയിലെ അന്ധവിദ്യാർത്ഥികളെയാണ്. മാനവീയം തുടങ്ങിയത് എന്തിനായിരുന്നു ? നവംബർ 8-ാം തീയതിയിലെ മനോരമ..എസ്. എഫ്. ഐ. ക്കാർ പരീക്ഷാഹാൾ പൂട്ടി, എഞ്ചിനീയറിംഗ് പരീക്ഷ മുടക്കി. ഇവർ എന്തുതന്നെ ചെയ്യില്ല ? അതു മാത്രമാണോ 'നേതാവിനു വേണ്ടി ആൾമാറാട്ടം നടത്തി പരീക്ഷയെഴുതിയ എസ്. എഫ്. ഐ. പ്രവർത്തകൻ പിടിയിൽ' ഡിസംബർ 20-ന്. അത് കഴിഞ്ഞ് ജനുവരി 23. കോളേജിൽ വാളുകളുമായി വിദ്യാർത്ഥി പ്രകടനം. തൃശൂർ കേരളവർമ്മ കോളേജിൽ വിദ്യാർത്ഥികൾ വാളുകളുമായി പ്രകടനം നടത്തി. 17ന് എസ്. എഫ്. ഐ., എ. ബി. വി. പി. സംഘട്ടനം നടന്ന കോളേജിൽ സംഘർഷാന്തരീക്ഷം നിലനിൽക്കുകയാണ്. ഇരുവിഭാഗവും കൊലവിളി നടത്തി. വിദ്യാർത്ഥികൾ ക്ലാസ് മുറികളിൽ നിന്നും ഇറങ്ങി ഓടി. ഇതല്ലേ സർ കേരളത്തിലെ സമാധാന നിലയുടെ അവസ്ഥ ? ഇതിൽ പോലീസിന്റെ അവസ്ഥ എന്താ ? പോലീസ് ധൈര്യമായിട്ട് ഇവിടെ എന്തെങ്കിലും ചെയ്യുമോ ? നവംബർ 15....."പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം തടസപ്പെടുത്താൻ സി. പി. എം. ശ്രമിക്കുന്നു". ഇതല്ലേ രാഷ്ട്രീയ പ്രവർത്തനം ? ദിവസവും ഉള്ള രാഷ്ട്രീയ പ്രവർത്തനം. മനോരമ 17.... മുഖം നോക്കാതെ നടപടി എടുത്ത് അനഭിമതനായി. കണ്ണൂർ.... കക്ഷി രാഷ്ട്രീയത്തിന്റെ പേരിൽ ജില്ലയിൽ ചോരപ്പുഴ ഒഴുക്കുന്നതു തടയാൻ കർശന നടപടി എടുത്ത ഡി. ഐ. ജി. ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒടുവിൽ സ്ഥലം മാറ്റം. ഞാൻ കഴിഞ്ഞ അഞ്ചു കൊല്ലമായി ഇപ്പോഴാണ് പൂർണ്ണ എം. എൽ. എ. ആയി വന്നിരിക്കുന്നത്. ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ഞാൻ പറഞ്ഞത് ഈ നയപ്രഖ്യാപനം കോൺസ്റ്റിറ്റ്യൂഷണൽ മോക്കറിയാണ്. യാതൊരു കൂറും ഇവിടെ നേതൃത്വം കൊടുക്കുന്ന സി. പി. എം. ന് ഇല്ല. കൂറില്ലാത്തത് മറ്റൊന്നും കൊണ്ടല്ല. എന്തു പറഞ്ഞാലും നടത്തിക്കാനുള്ള അവസരം അവർക്ക് കിട്ടിയില്ല എന്നുള്ളത് വളരെ വ്യക്തമായിട്ടുള്ളതാണ്. ഇപ്പോൾ എല്ലാപേരും ഇറങ്ങിപ്പോയിരിക്കുകയും ചെയ്യുന്നു.

ശ്രീ. കെ. സി. ജോസഫ് : അങ്ങ് പറഞ്ഞു, കഴിഞ്ഞ അഞ്ചുകൊല്ലം കൂടി ആദ്യമായിട്ടാണ് എം. എൽ. എ. ആയത് എന്ന്. കഴിഞ്ഞ ഇലക്ഷനിൽ മാരാരിക്കുളത്തെ കുളത്തിൽ മുങ്ങിയ അച്ചുതാനന്ദൻ മലമ്പുഴയിലെ പുഴയിൽ പൊങ്ങുമെന്ന് കേട്ടു. അത് ശരിയാണോ സർ ? അദ്ദേഹം വീണ്ടും ഇപ്രാവശ്യം സുരക്ഷിതകേന്ദ്രം നോക്കി മലമ്പുഴയിലേക്ക് പോകുന്നുണ്ട്.

ശ്രീ. പി. ജെ. ഫ്രാൻസീസ് : അദ്ദേഹം എവിടെ നിന്നെങ്കിലും ഒന്നു ജയിച്ചു കൊള്ളട്ടെ. അത് ഒരു ആവശ്യമാണ്. അദ്ദേഹം മുഖ്യമന്ത്രി ആകണം എന്നുള്ളത് ഞാനും ആഗ്രഹിക്കുന്നതാണ്. ഒക്കെ പോകട്ടെ സാർ, ഏറ്റവും ഗതികേട്.....ഈ സർക്കാരിന്റെ അവസ്ഥ എന്താണ് ?

ശ്രീ. ഇ. എം. അഗസ്തി : സർ, കഴിഞ്ഞ പ്രാവശ്യം അങ്ങ് ഇടതുപക്ഷ ജനാധിപത്യമുന്നണി സംസ്ഥാന കൺവീനറായ ശ്രീ. വി. എസ്. അച്ചുതാനന്ദനുമായി മൽസരിച്ചു. അച്ചുതാനന്ദനെ പരാജയപ്പെടുത്തി. ഇപ്പോൾ അദ്ദേഹം മലമ്പുഴയിൽ മൽസരിക്കാൻ പോവുകയാണ്. അങ്ങു ആ പാത പിൻതുടർന്ന് കഴിഞ്ഞ പ്രാവശ്യത്തെ മൽസരം ആവർത്തിക്കാൻ മലമ്പുഴയിലേക്ക് മാറാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. ജെ. ഫ്രാൻസീസ് : സർ, എനിക്ക് ഭയമാണ്. കാരണമെന്താണെന്നു വച്ചാൽ അഞ്ചുവർഷം കോടതിയിൽ കയറിയിറങ്ങാൻ എനിക്ക് പറ്റില്ല. എന്റെ സമ്പത്ത് മുഴുവൻ നശിച്ച് ഞാൻ പാപ്പരായിരിക്കുകയാണ്. പക്ഷേ പാർട്ടി അവിടെത്തന്നെ നിന്നു മൽസരിക്കണമെന്ന് എന്നോട് പറഞ്ഞാൽ മൽസരിക്കും. അല്ലാതെ വേറൊരിടത്തു പോകാൻ ഞാൻ സന്നദ്ധനല്ല. ഇന്ന് സർക്കാരിന്റെ അവസ്ഥ എന്താണ് ? സർക്കാരിനെതിരെ 500-ഓളം കോടതി അലക്ഷ്യകേസുകളുണ്ട്. പിന്നെ ഗുരുദേവ പ്രതിമ തകർത്തു എന്നു പറഞ്ഞു. ഗുരുദേവ പ്രതിമ തകർക്കൽ കേസന്വേഷണം സി. ബി. ഐ. ഉപേക്ഷിച്ചു. ഞങ്ങൾ ഇന്നൊരു ചോദ്യം ചോദിച്ചു. 135-ാം നമ്പർ ചോദ്യത്തിന് മറുപടി തന്നില്ല. ഇതാണ് ഇവിടത്തെ അവസ്ഥ. ഞങ്ങൾ മറ്റൊരു ചോദ്യം ചോദിച്ചു. നാദാപുരത്ത് തിരുവംപറമ്പിൽ നടന്ന സംഭവത്തെക്കുറിച്ച് ശ്രീ. പി. കെ. കെ. ബാവ പറഞ്ഞു. ഇതിനുമുമ്പ് ഈ സംസ്ഥാനത്ത് അങ്ങനെ വല്ലതും നടന്നിട്ടുണ്ടോ എന്നറിയാനാണ് ചോദ്യം. ശ്രീ. കെ. സി. വേണുഗോപാലും ശ്രീ. ഡൊമിനിക് പ്രസന്റേഷനും കൂടി കൊടുത്ത ചോദ്യമാണ്.

5.P.M.]

LIBRARY ARCHIVES Kerala Legislative Assembly

മുൻഗവൺമെന്റിന്റെ കാലത്ത് നടന്ന രാഷ്ട്രീയ സംഘട്ടനങ്ങളോ, മറ്റേതെങ്കിലും അക്രമങ്ങളോ സംബന്ധിച്ച് സ്ത്രീകളേയും കുട്ടികളേയും കൂട്ട ബലാൽസംഗം ചെയ്ത എന്തെങ്കിലും സംഭവം ഉണ്ടോ? ഇല്ല എന്നാണ് മറുപടി. ഇപ്പോൾ അതും നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ വിക്ടിം റീഹാബിലിറ്റേഷൻ സ്കീം ഉണ്ട്. കലാപങ്ങളിൽ പരിക്കുണ്ടാകുന്നവർക്ക് കാശ് കൊടുക്കുന്നു. അത് നേരത്തേ മാർക്സിസ്റ്റു പാർട്ടിയും ബി. ജെ. പി. യും ഏർപ്പെടുത്തിയതാണ്. അതിന് ഇപ്പോൾ സർക്കാരിന്റെ അംഗീകാരം കൂടി കൊടുക്കുകയാണ്. പരിക്കേൽക്കുന്നവരുടെ ചികിൽസയ്ക്ക് പാർട്ടിക്കും പ്രത്യേക ഫണ്ട്. പാർട്ടി കലാപങ്ങളിൽ പരിക്കേറ്റ് ആശുപത്രിയിൽ എത്തുന്നവരെ സഹായിക്കാൻ സി. പി. എം. നും ബി.ജെ.പി.ക്കും പ്രത്യേക ഫണ്ടുകൾ. ബി. ജെ. പി. യിൽ പീഡിത സഹായഫണ്ടെന്ന പേരിലുള്ള പ്രത്യേക അക്കൗണ്ടിൽ നിന്ന് അക്രമത്തിൽ പരിക്കേൽക്കുന്നവരുടെ ചികിൽസയ്ക്കും കൊലചെയ്യപ്പെടുന്നവരുടെ ആശ്രിതർക്കും നഷ്ടപരിഹാരമായി പണം എത്തുന്നു. അതുകൊണ്ട് വിക്ടിം റീഹാബിലിറ്റേഷൻ സ്കീം എന്നുള്ളത് മാറ്റിക്കൊണ്ട് അതിന് criminal rejuvenation സ്കീം എന്നു പേരു കൊടുക്കുകയാണെങ്കിൽ കുറെക്കൂടി നന്നായിരിക്കും. ഞാൻ ഒരുപാട് പേപ്പർ കട്ടിംഗുകൾ കൊണ്ടുവന്നു. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. എനിക്ക് ഈ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് കൂടി ചില കാര്യങ്ങൾ പറയാനുണ്ട്. ഇന്നത്തെ നക്ഷത്രചിഹ്നമിടാത്ത 49-ാം നമ്പർ ചോദ്യമെന്നു പറയുന്നത് "ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഓരോ വർഷവും സർക്കാരിന്റെ വരവും ചെലവും എത്ര വീതമായിരുന്നു" എന്നതാണ്. 1996-97-ൽ 6.83 കോടി രൂപ. 1997-98-ൽ 1416 കോടി രൂപ. 1998-99-ൽ 1513 കോടി രൂപ. 1999-2000-ൽ 2971 കോടി രൂപ. ഇവർ ഭരണം ഏറ്റെടുക്കുമ്പോൾ കഴിഞ്ഞകാല സർക്കാരുകൾ വരുത്തിയ പൊതുക്കടം 1113.54 കോടി രൂപയായിരുന്നു. ഇപ്പോൾ അത് 27,000 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഞാൻ ഒരു കാര്യംകൂടി പറഞ്ഞവസാനിപ്പിക്കാം. നമ്മുടെ ആരോഗ്യവകുപ്പിന് മരുന്നു വാങ്ങാൻ കാശില്ല. മരുന്നു കമ്പനികളാരും മരുന്നു കൊടുക്കുന്നില്ല. ഇന്നത്തെ നക്ഷത്രചിഹ്നമിടാത്ത 206-ാം നമ്പർ ചോദ്യത്തിന് ഉത്തരം പറഞ്ഞിരിക്കുന്നത് ഏകദേശം 13 കോടിയോളം രൂപ ആരോഗ്യവകുപ്പ് ഡയറക്ടറും 5,94,07,967 രൂപ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും നൽകാനുണ്ട് എന്നാണ്. കൂടാതെ 17 കോടിയോളം രൂപ ആരോഗ്യവകുപ്പ് ഡയറക്ടറും 4,94,87,204 രൂപ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും നൽകാനുണ്ട്. അങ്ങനെ 40,88,95,241 രൂപ മരുന്നു വാങ്ങിയ വകയിൽ കൊടുക്കാനുണ്ട് എന്നാണ്. അതുകൊണ്ട് ഒരൊറ്റ മരുന്നു കമ്പനിയും നമ്മുടെ ആശുപത്രികളിൽ മരുന്നു കടം കൊടുക്കുന്നില്ല. അവിടെ ആകെ തകരാറിലാണ്. അതുപോലെ സ്വാതന്ത്ര്യസമര സേനാനികൾക്ക് നൽകുന്ന പെൻഷൻ തുക 3000 രൂപയായി വർദ്ധിച്ചിട്ടുണ്ട്. അത് എല്ലാവരോടും പറഞ്ഞു. 3000 രൂപ കൊടുക്കുന്നു എന്ന്. ഇന്നത്തെ നക്ഷത്രചിഹ്നമിടാത്ത 60-ാം നമ്പർ ചോദ്യമെന്നു പറയുന്നത് സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള സംസ്ഥാന പെൻഷനെ സംബന്ധിച്ചാണ്. 2000 രൂപയിൽനിന്ന് 3000 രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്നും 3-8-2000 മുതലാണ് വർദ്ധനവെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ആ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ച തുക സ്വാതന്ത്ര്യസമര സേനാനികൾക്ക് ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നതിന് 'ഉണ്ട് ; നടപടി സ്വീകരിച്ചിട്ടുണ്ട്' എന്നും മറുപടി പറയുന്നുണ്ട്. എന്നാൽ ആ കാശ്പോലും കൊടുക്കുന്നില്ല. അതുപോലെ കെ. എസ്. ആർ. ടി. സി. യുമുണ്ട്. 115 കോടി രൂപ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് കൊടുക്കാനുണ്ട്. കളക്ഷൻ ദിവസവും ട്രഷറിയിൽ കൊണ്ടിടുകയാണ്. കള്ളുവ്യവസായ ക്ഷേമനിധിക്കാർ പറയുന്നത് അവർ കാശ് ട്രഷറിയിൽ ഇടുകയില്ലെന്നാണ്. അതുപോലെ കെ. എസ്. ഇ. ബി. യിൽ ഗുജറാത്ത് ഫണ്ടിന് കാശ് പിരിച്ചു. സർക്കാരിനെ വിശ്വാസമില്ലാത്തതുകൊണ്ട് അവർ നേരിട്ട് അയയ്ക്കുകയാണ് ചെയ്തത്. അപ്പോൾ ഈ സർക്കാരിന്റെ ഡിപ്പാർട്ടുമെന്റുകൾക്ക് സർക്കാരിനെ വിശ്വാസമില്ലാത്ത സാഹചര്യം വരുത്തിയിട്ട് നല്ല ഭരണമായിരുന്നു എന്നു പറഞ്ഞ് ജനങ്ങളുടെ മുമ്പിൽ ചെല്ലാൻ സാധിക്കുകയില്ല. അതുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

മി. സ്പീക്കർ : ഇന്നത്തെ ചർച്ച അവസാനിച്ചു. ബാക്കി നാളെ. ഓർഡർ, ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2001 ഫെബ്രുവരി മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.06-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly